*Issused on 24-4-1989*

# PROCEEDINGS

of the

# KERALA LEGISLATIVE ASSEMBLY

**Fifth Session**

Monday, 26th March 1984

# OFFICIAL REPORT

Vol. LX—No. 12

**Price: 50 P.**

LIBRARY ARCHIVES Kerala Legislative Assembly

©
Government of Kerala
1989

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1989.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| I | ചോദ്യോത്തരങ്ങൾ : | |
| | (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ | 1349—1370 |
| | (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ | 1370—1386 |
| | (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ | 1386—1418 |
| II | ചരമോപചാരം : | 1418 |
| | ശ്രീ. ജോൺ മാഞ്ഞൂരാന്റെ നിര്യാണം സംബന്ധിച്ച്. | |
| III | അടിയന്തിര പ്രമേയം : | 1419—1426 |
| | സി. പി. ഐ. (എം) നേതാവ് ശ്രീ. വി. കെ. ഗോപാലനെ കൊലപ്പെടുത്തിയത് സംബന്ധിച്ച്. | |
| IV | ശ്രദ്ധക്ഷണിക്കൽ : | |
| | (1) സ്കൂളുകളുടെ മെയിന്റനൻസ് ഗ്രാന്റ് നിർത്തലാക്കിയതുമൂലമുളവായിട്ടുള്ള ഗുരുതരാവസ്ഥ. | 1426—1428 |
| | (2) ഗവൺമെന്റ് സർവ്വീസിലേക്ക് പി. എസ്. സി. തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള കാലതാമസം. | 1428—1431 |
| V | സബ്മിഷൻ : | |
| | (1) ശ്രീ. കെ. ആർ. ചന്ദ്രമോഹനന്റെ— കടയ്ക്കാവൂർ പോലീസ് സ്റ്റേഷനതിർത്തിയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ സംബന്ധിച്ച്— | 1431—1432 |
| | (2) ശ്രീ. എ. സി. ഷൺമുഖദാസിന്റെ— എം. എൽ. എ. മാർ സഞ്ചരിച്ചിരുന്ന കാറിനെ പോലീസ് പിൻതുടർന്നതിനെ സംബന്ധിച്ച്— | 1432—1433 |
| VI | ധനകാര്യം : | 1433—1516 |
| | 1984-85 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാലു മാസത്തേക്കുള്ള ധനാഭ്യർത്ഥന. | |




LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഏഴാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1984 മാർച്ച് 26, തിങ്കൾ

വാല്യം LX ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1984 മാർച്ച് 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

## 1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

സ്വർണ്ണത്തൊഴിലാളി പഠന കമ്മിററി റിപ്പോർട്ട്

* 197. [229] ശ്രീ. വി. എം. സുധീരൻ :
,, ഉമ്മൻ ചാണ്ടി :
,, പി. പി. തങ്കച്ചൻ :
,, സ്ററീഫൻ പാദുവ :
,, കെ. കെ. രാമചന്ദ്രൻ മാസ്ററർ :
,, കെ. രാഘവൻ മാസ്ററർ :
,, തച്ചടി പ്രഭാകരൻ :
,, രമേശ് ചെന്നിത്തല :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. ശ്രീനിവാസൻ :
,, ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണത്തൊഴിലാളി പഠന കമ്മിററി റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പ്രസിദ്ധീകരിക്കുവാൻ നടപടി എടുക്കുമോ ;

(സി) സ്വർണ്ണത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്വർണ്ണത്തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അതിനുള്ള കമ്മിററിയെ നിയമിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ,

(എ) ഉണ്ട്.

(ബി) പരിഗണിക്കാം.

(സി) സ്വർണ്ണത്തൊഴിലാളികളിൽ ആർട്ടിസാൻസ് വിഭാഗം കേരള ഷോപ്സ് ആൻറ് എസ്ററാബ്ലിഷ്മെൻറിന്റെ പരിധിയിൽ വരുന്നവയാണ്. ഇത്തരത്തിലുള്ള ജീവനക്കാരുടെ മിനിമം വേതനം പുതുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) തൽക്കാലം ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സ്വർണ്ണത്തൊഴിലാളികളുടെ വളരെക്കാലമായിട്ടുള്ള ഒരാവശ്യമായിരുന്നു ഈ സമ്പാദ്യ പദ്ധതി. അവരുടെ തൊഴിലവസരങ്ങൾ കാര്യമായി നഷ്ടപ്പെടുന്നുവെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് അത് ഗവൺമെൻറിൽ നിരോധിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പരാജയപ്പെടുത്തുന്നതിന് ഇന്ന് ഡപ്പോസിററ് സ്കീം വൻകിട ആൾക്കാർ നടത്തുന്നതുകൊണ്ട് ഈ തൊഴിലാളികൾക്ക് വളരെയധികം തൊഴിൽ നഷ്ടപ്പെടുന്നു. അവർക്ക് ഈ തൊഴിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് വളരെയധികം തടസ്സമുണ്ടായിട്ടുണ്ട്. അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മിററിയുടെ പഠനത്തിൽ ഇത് ഉൾപ്പെട്ടു കാണുന്നില്ല. അങ്ങനെ ഒരു ഗ്രിവെൻസ് ഉണ്ടെങ്കിൽ ഗവൺമെൻറ് അടിയന്തിരമായി പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സ്വകാര്യ വ്യക്തികൾ നടത്തുന്ന ഈ ഡപ്പോസിററ് സ്കീം മാററി ഫിനാൻഷ്യൽ എൻറർപ്രൈസസ് വഴി അതിനു തുല്യമായ ഒരു പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം അവരുടെ യൂണിയൻ (സ്വർണ്ണത്തൊഴിലാളി സംഘടന) ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ പഠിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനമായ കെ. എഫ്. സി. വഴി ഇതുപോലെയുള്ള സ്കീം നടത്തുന്നത് തൊഴിലാളികൾക്ക് മെച്ചമായിരിക്കും. ഇങ്ങനെ ഒരു പരിപാടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : തൊഴിലാളികളുടെ സംരക്ഷണത്തിന് ഇത് ആവശ്യമാണെങ്കിൽ ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ കാര്യം പരിഗണിക്കാവുന്ന ഒരു വിഷയമാണ്. അതിനെപ്പററി നിശ്ചയമായും പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : കരകൗശല കോർപ്പറേഷൻ, ആർട്ടിസാൻസ് വികസന കോർപ്പറേഷൻ എന്നീ രണ്ടു കോർപ്പറേഷനിലും സ്വർണ്ണാഭരണ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം ഒരു പ്രധാന ട്രേഡായിട്ട് അംഗീകരിച്ചിട്ടുണ്ട്. അതിനെ പരിഗണിച്ച് ഈ രണ്ട് കോർപ്പറേഷനിലും സ്വർണ്ണത്തൊഴിലാളികളുടെ പ്രതിനിധികൾക്ക് പ്രാതിനിധ്യം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശിവദാസൻ : ഇതിന്റെ പരിധിയിൽപ്പെടുത്തി മറുപടി പറയാൻ വിഷമമാണ്.

ശ്രീ. സ്ററീഫൻ പാദുവ : സ്വർണ്ണത്തൊഴിലാളികളുടെ പഠന കമ്മിററി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചെന്ന് പറയുന്നു. അതിന്റെ പ്രധാനപ്പെട്ട ശുപാർശകൾ എന്തൊക്കെയാണെന്ന് പറയാമോ ?

ശ്രീ. കെ. ശിവദാസൻ : ആർട്ടിസാൻസിനെ ഷോപ്പ്സ് ആന്റ് എസ്ററാബ്ലിഷ്മെന്റിൽപ്പെടുത്തി മിനിമം വേജസ് ഇപ്പോൾത്തന്നെ നിലവിലുള്ളതിനാൽ ഷോപ്പ്സ് ആന്റ് എസ്ററാബ്ലിഷ്മെന്റ് മിനിമം വേജസ് പുതുക്കുന്ന സമയത്തുതന്നെ ആർട്ടിസാൻസിന്റെ മിനിമം വേജസ് പുതുക്കിയാൽ മതിയാകും. ഇപ്പോൾ 100 ആർട്ടിസാൻസ് ആണ് ഉള്ളതെന്നാണ് റിപ്പോർട്ട്. സഹകരണാടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് ലവലിൽ സ്വർണ്ണാഭരണം ഉണ്ടാക്കി വിൽക്കുന്നത് അഭികാമ്യമായിരിക്കും. സ്വർണ്ണത്തൊഴിലാളികളുടെയും ആർട്ടിസാൻസിന്റെയും കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും മററുമായി വെൽഫെയർ സ്കീം നടപ്പിലാക്കണമെന്നതാണ്. Low Income Group ഹൗസിംഗ് സ്കീമനുസരിച്ച് വീടുകൾ അലോട്ട് ചെയ്യുമ്പോൾ അവർക്ക് മുൻഗണന നൽകേണ്ടതാണ്. ഹാൻഡിക്രാഫ്ററ്സ് കോർപ്പറേഷനിൽ ഇവർക്ക് പ്രാതിനിധ്യം നൽകണം. കൈത്തറി മുതലായ മേഖലകളിലുള്ള തൊഴിലാളികൾക്ക് ഉള്ളതുപോലെയുള്ള വെൽഫെയർ സ്കീം ഏർപ്പെടുത്തണം. കേരളത്തിൽ ഒരു ഗോൾഡ് റിഫൈനറി സ്ഥാപിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഇവയൊക്കെയാണ് പ്രധാന ശുപാർശകൾ.

ശ്രീ. കെ. രാഘവൻ മാസ്ററർ: സ്വർണ്ണത്തൊഴിലാളികളെ മിനിമം വേജസ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ കൂലി കാലാകാലങ്ങളിൽ പരിഷ്ക്കരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : സ്വർണ്ണത്തൊഴിലാളികളെ സംബന്ധിക്കുന്ന പ്രധാന പ്രശ്നം ഇവിടെ സ്വർണ്ണ നിയന്ത്രണ ആക്ട് വന്നതിനുശേഷം ഇവരുടെ സേവന–വേതന വ്യവസ്ഥകളിൽ ഗണ്യമായ മാററം വന്നിട്ടുണ്ട്. ഇതനുസരിച്ച് ലൈസൻസ് ഡീലേഴ്സ് 953 ഉള്ളപ്പോൾ ആർട്ടിസാൻസ്, ഇന്ന് അവർ നിയമിക്കുന്ന വിഭാഗം കേവലം നൂറായി കുറഞ്ഞിട്ടുണ്ട്. അതേസമയം സർട്ടിഫൈഡ് ഗോൾഡ്സ്മിത്ത് 17252 പേർ ഉണ്ട്. 17252 പേർക്ക്, ഈ വിഭാഗക്കാർക്ക് ഇൻഡസ്ട്രീയൽ ഡിസ്പ്യൂട്ട് ആക്ടിലെയും മററും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അവർ സെൽഫ് എംപ്ലോയീസ് ആയതുകൊണ്ട് അവർക്ക് ഈ ആക്ടിന്റേയും മററ് ബെനിഫിററ് കൊടുക്കുന്നതിന് കഴിയുമോ എന്നുള്ളതാണ് അവരെ അലട്ടുന്ന ഏററവും വലിയ പ്രശ്നം. അതുകൊണ്ട് മിനിമം വേജസ് പരിഷ്ക്കരിക്കുന്നതുകൊണ്ട് ഈ 100 പേർക്ക് പ്രയോജനം കിട്ടുമെന്നല്ലാതെ മററുള്ളവർക്ക് യാതൊന്നും കിട്ടാൻ നിവൃത്തിയില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : 1981-ൽ ആർട്ടിസാൻസ് കമ്മിററിയുടെ ശുപാർശയനുസരിച്ച് ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുകയുണ്ടായി. ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന് വളരെ പരിമിതമായ സാമ്പത്തികശേഷി മാത്രമാണുണ്ടായിരുന്നത്. ഇന്ന് കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കുകളിലുമായി 25,000 രൂപയുടെ കോമ്പസിററ് ലോൺ ആയി ഏകദേശം രണ്ടുകോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇവർക്ക് കോമ്പസിററ് ലോണനുസരിച്ച് കമ്മിററി പറഞ്ഞ ശുപാർശയനുസരിച്ച് ഇൻറർ സബ്സിഡിയും മററ് കാര്യങ്ങളും നൽകുന്നതിന് ഗവൺമെൻറ് അടിയന്തിരമായി ശ്രമിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അത് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെൻറ് ആലോചിക്കേണ്ടതാണ്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : അന്യ സംസ്ഥാനങ്ങളിൽ സ്വർണ്ണത്തൊഴിലാളികളുടെ കൂലി കുറവായതുകൊണ്ട് അവിടത്തെ കച്ചവടക്കാർ റെഡിമെയ്ഡ് സാധനങ്ങൾ ഉണ്ടാക്കി ഇവിടെക്കൊണ്ടുവന്ന് വിൽക്കുന്നുണ്ട്. അതിനാൽ ഇവിടെയുള്ളവർക്ക് തൊഴിലില്ലാതെയാകുന്നുയെന്നുള്ളതുകൊണ്ട് അത് ഇവിടേക്ക് കൊണ്ടുവരുന്നതിന് എന്തെങ്കിലും തടസം സൃഷ്ടിച്ച് അല്ലെങ്കിൽ അതിന് പുതിയ ഡ്യൂട്ടിയോ വല്ലതും തീരുമാനിച്ച് ആ തടസം നിൽക്കുന്നതിനെ കുറവുചെയ്തുകൊണ്ട്, അതിനെ തടയുന്നതിന് വല്ല നിയമവും ഉണ്ടാക്കാൻ നടപടി ഉണ്ടാകുമോ ?

ശ്രീ. കെ. ശിവദാസൻ : ഈ സർട്ടിഫൈഡ് ഗോൾഡ് സ്മിത്ത് നിയമമനുസരിച്ച് നെഗോഷ്യേററഡ് വേജസ് മാത്രമാണ് ഇപ്പോൾ നിലവിലുളളത്. ഇതുകൊണ്ട് ഇങ്ങനെ ഒരു പ്രശ്നമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. കെ. കെ. ശ്രീനിവാസൻ : സെൻട്രൽ ഗവൺമെൻറിൻെറ ഗോൾഡ് കൺട്രോൾ ആക്ടനുസരിച്ച് തൊഴിലുടമകൾക്കും തൊഴിലാളിയുമായുള്ള ബന്ധത്തിന് വളരെയേറെ പരിമിതികളുണ്ടെന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് സ്വർണ്ണ വ്യാപാരികൾ സ്വർണ്ണത്തൊഴിലാളികളുടെ വീടുകളിലും കടകളിലും വച്ച് പണികഴിപ്പിക്കുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ? ഇവരെക്കൂടി ഇൻഡസ്ട്രീസ് ഡിസ്പ്യൂട്ട് ആക്ടിൻെറ പരിധിയിൽപ്പെടുത്തി ഗുണം കിട്ടുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. ശിവദാസൻ : ഇത് സ്വർണ്ണത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏററവും ഗുരുതരമായ ഒരു പ്രശ്നമാണ്. സ്വർണ്ണനിയന്ത്രണ ഉത്തരവ് വരുന്നതിനു മുമ്പ് കടകളിൽവച്ച് പണിയുന്നവരെ തൊഴിലാളികളായി അംഗീകരിക്കുകയും മുതലാളി–തൊഴിലാളി ബന്ധം ഉണ്ടായിരിക്കുകയും ചെയ്തു. പക്ഷേ ഈ ആക്ട് വന്നതിനു ശേഷം ഇതിലെ സർട്ടിഫൈഡ് ഗോൾഡ് സ്മിത്ത് എന്ന പദത്തിൻെറ നിർവ്വചനത്തിൻെറ മറവിൽ അവരെയെല്ലാം സെൽഫ് എംപ്ലോയിസ് ആയി മാററിയതുകൊണ്ട് ഈ നിയമം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ആക്ടിന് വിധേയമായവരുടെ ലേബറിന് സംരക്ഷണം നൽകുന്നത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഗവൺമെൻറിന് അതിനെപ്പററി എന്തുചെയ്യാനൊക്കുമെന്നുള്ളത് ആലോചിക്കുന്നതാണ്.

ശ്രീ. ബെന്നി ബഹനാൻ : സ്വർണ്ണത്തൊഴിലാളികൾക്ക് പണിയായുധങ്ങൾ വാങ്ങുന്നതിന് സ്വന്തം ജാമ്യത്തിൽ ബാങ്ക് ലോണും ഇൻഡസ്ട്രിയൽ ലോണും മററ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ ?

ശ്രീ. കെ. ശിവദാസൻ : ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ : ഈ ഗോൾഡ് കൺട്രോൾ ആക്ടനുസരിച്ച് നൂറോളം ആർട്ടിസാൻസ് മാത്രമാണ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ വരുന്നത് എന്ന് മന്ത്രിയുടെ ഉത്തരത്തിൽ സൂചിപ്പിച്ചു. അതേസമയത്ത് 17,252-ഓളം വരുന്ന സർട്ടിഫൈഡ് ഗോൾഡ്സ്മിത്ത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ വരുന്നില്ല എന്നു പറഞ്ഞു. അവർക്ക് ന്യായമായ അവകാശങ്ങൾ ലഭിക്കുന്നതിന് അവരെക്കൂടി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരത്തക്ക നിലയിൽ ഈ ആക്ടിൽ മാററം വരുത്തുവാൻ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഗോൾഡ് കൺട്രോൾ ആക്ടനുസരിച്ച് സർട്ടിഫൈഡ് ഗോൾഡ്സ്മിത്ത് സെൽഫ് എംപ്ലോയീസ് എന്നാണ് ഡിഫൈൻ ചെയ്തിരിക്കുന്നത്. ഹൈക്കോടതി വിധിയും ഇങ്ങനെയാണ് വന്നിരിക്കുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ ഗൗരവതരമാണ്. ഈ ഗോൾഡ് കൺട്രോൾ ആക്ടിന് വിധേയമായവരാരൊക്കെയാണെന്നു നോക്കി അക്കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സംസ്ഥാനത്തിൽ ആകെ എത്ര സ്വർണ്ണത്തൊഴിലാളികൾ ഉണ്ട്. മുതലാളിമാരുടെ കീഴിൽ ജോലി ചെയ്യുന്നവർ, പല കോൺട്രാക്ടും എടുത്ത് ജോലി ചെയ്യുന്നതുകൊണ്ട് അവർക്ക് വ്യക്തമായ ഒരു കണക്കില്ല. അവരുടെ വ്യക്തമായ ഒരു കണക്ക് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ആ കണക്ക് സ്ഥാപിച്ചെടുക്കാൻ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഇതിന് കണക്കുകൾ ഉള്ളതാണ്. കാരണം ലൈസൻസ് ഉണ്ടെങ്കിലേ ഒക്കുകയുള്ളു. സർട്ടിഫൈഡ് ഗോൾഡ്സ്മിത്ത് 17,252 പേരും ആർട്ടിസാൻസ് 100 പേരുമാണുള്ളത്.

ശ്രീ. ടി. കെ. ഹംസ : ഈ സ്വർണ്ണക്കടക്കാർ പണിക്കൂലിയുടെ പേരിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന സംഖ്യ സ്വർണ്ണത്തൊഴിലാളികൾക്ക് പൂർണ്ണമായും കിട്ടുന്നില്ലെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഇവിടെ അവർ ചെയ്യുന്നത് സർട്ടിഫൈഡ് ഗോൾഡ്സ്മിത്തുമായി ഒരു കരാർ ഉണ്ടാക്കുകയാണ് ; ഇത്ര സ്വർണ്ണം കൊടുത്തിട്ട് ഇത്ര ഉരുപ്പടി ഉണ്ടാക്കണമെന്നുള്ളതാണ് കരാർ. ആ കരാറിന്റെ അടിസ്ഥാനത്തിൽ ഉള്ള കൂലിയും അതിനാവശ്യമായി വരുന്ന സാധനങ്ങളും (രസം, കരി) ഒക്കെ സർട്ടിഫൈഡ് ഗോൾഡ്സ്മിത്ത് വാങ്ങിക്കും. ആ കരാറിന്റെ അടിസ്ഥാനത്തിലുള്ള കൂലി മാത്രമേ ഈ സർട്ടിഫൈഡ് ഗോൾഡ്സ്മിത്തിന് ഇപ്പോൾ ലഭിക്കുന്നുള്ളു.

## പഞ്ചായത്തു ജീവനക്കാർക്ക് നൽകിയ വാഗ്ദാനങ്ങൾ

* 198. [230] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
ഡോക്ടർ എ. സുബ്ബ റാവു :
ശ്രീ. എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ :

,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു ജീവനക്കാരുടെ പണിമുടക്ക് പിൻവലിച്ചപ്പോൾ മുഖ്യമന്ത്രിയും പഞ്ചായത്തു വകുപ്പുമന്ത്രിയും ജീവനക്കാർക്കു നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവ ഉടനടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) പഞ്ചായത്തു ജീവനക്കാരുടെ സമരത്തോടനുബന്ധിച്ച് നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങളെല്ലാംതന്നെ ഇതിനകം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ശേഷിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ തുടർന്നു വരികയാണ്.

ഡോക്ടർ എ. സുബ്ബറാവു : പഞ്ചായത്തു ജീവനക്കാരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ് ? അവർ പണിമുടക്ക് പിൻവലിക്കുമ്പോൾ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കൊടുത്ത വാഗ്ദാനങ്ങൾ എന്തൊക്കെയാണ് ?

ശ്രീ. സി. എം. സുന്ദരം : വാഗ്ദാനങ്ങൾ എന്നു പറഞ്ഞ് ഒന്നുമില്ല. അവരുടെ പ്രൊമോഷൻ സാദ്ധ്യതകൾ ആരായുന്നതിനുവേണ്ടി ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിററി ഇപ്പോൾ അവരുടെ പ്രൊമോഷൻ സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ : മന്ത്രി ഇവിടെ പറഞ്ഞു അവർക്ക് വാഗ്ദാനങ്ങളൊന്നുമില്ലെന്ന്. പഞ്ചായത്തു ജീവനക്കാർ പണിമുടക്കാൻ കാരണമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാൻ തയ്യാറാകുമോ ?

മി. സ്പീക്കർ : ഡിമാൻറ് ധാരാളമുണ്ടെങ്കിൽ മുഴുവൻ വായിക്കണ്ട. മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീ. സി. എം. സുന്ദരം : ധാരാളമുണ്ട്.

ശ്രീ. എം. കെ. കേശവൻ : അതിൽ പ്രധാനപ്പെട്ട കാര്യം പറഞ്ഞാൽ മതി.

ശ്രീ. സി. എം. സുന്ദരം : പ്രധാനപ്പെട്ട ഒരു കാര്യം ഈ പ്രൊമോഷൻ സാദ്ധ്യതകളാണ്.

ശ്രീ. എം. കെ. കേശവൻ : അന്ന് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കൂടി ചേർന്ന് അവർക്ക് കൊടുത്തിട്ടുള്ള ഉറപ്പ് നടപ്പിലാക്കുവാൻ എത്ര കാലതാമസം വേണ്ടിവരും ?

ശ്രീ. സി. എം. സുന്ദരം : അത് കമ്മിററിയുടെ പ്രവർത്തനത്തിന്റെ ദൈർഘ്യം പോലെയിരിക്കും.

ശ്രീ. വി. കെ. രാജൻ : ഇവിടെ പഞ്ചായത്തു ജീവനക്കാരുടെ സമരത്തിന് ഒത്തുതീർപ്പുണ്ടായി എന്നു പറഞ്ഞു. പഞ്ചായത്തിൽ നിരവധി ജീവനക്കാരുണ്ട്. ഏത് വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രശ്നങ്ങളാണ് ചർച്ച ചെയ്തത് ? അതിൽ ഏതു വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ് ഈ പ്രൊമോഷൻ കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. സുന്ദരം : കണ്ടിജൻസി ജീവനക്കാരുടെ.

ശ്രീ. കെ. ഇ. ഇസ്മയിൽ : പഞ്ചായത്തു ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങളിൽ മുഖ്യമായ വിഷയം പഞ്ചായത്തു ജീവനക്കാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്നാണ്. അത് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ മുഖ്യമായ കാരണം പഞ്ചായത്താഫീസിലും പഞ്ചായത്തുവകുപ്പിലും ഒരേ സമയത്ത് ജോലിയിൽ പ്രവേശിക്കുന്ന രണ്ട് ജീവനക്കാർക്ക് രണ്ടു തരം ആനുകൂല്യങ്ങളും രണ്ടു തരം നടപടികളുമാണുള്ളത്. അത് ഏകീകരിക്കണമെന്നാണ് അവർ ആവശ്യപ്പെട്ടത്. ആ കാര്യത്തിൽ ഗവൺമെന്റ് എന്തു തീരുമാനമെടുത്തു ? വ്യത്യസ്തമായ രീതി ഏകീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ടോ ; എന്താണ് അതിന് തടസ്സം ?

ശ്രീ. സി. എം. സുന്ദരം : പഞ്ചായത്തു ജീവനക്കാർ കോമൺ സർവ്വീസിലുള്ളവരാണ്, സർക്കാർ ജീവനക്കാരുടെ അതേ രീതിയിലാക്കി മാററാൻ നയപരമായ കാര്യമായതുകൊണ്ട് പ്രായോഗികമല്ല. അതുകൊണ്ട് ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : പഞ്ചായത്ത് കോമൺ സർവ്വീസ് വന്നപ്പോഴും അതിനുശേഷവുമുള്ള ഈ പ്രൊമോഷന്റെ കാര്യത്തിൽ എല്ലാ നിയമങ്ങളേയും ലംഘിച്ചുകൊണ്ട് അടുത്തകാലത്ത് ഗവൺമെന്റിൽ നിന്ന് എക്സംപ്ററ് ചെയ്തിരുന്ന ആളുകളെ റിവർട്ട് ചെയ്തുകൊണ്ട് പത്തു നാൽപ്പത് ആളുകൾക്കുവേണ്ടി ആയിരത്തോളം ആളുകളെ റിവർട്ട് ചെയ്തുകൊണ്ടുള്ള ഒരു ഓർഡർ ഇറക്കിയിട്ടുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹൈക്കോടതിയുടെ വിധിക്കുപോലും അത് എതിരാണെന്നുള്ള വസ്തുത മനസ്സിലാക്കി അത് തിരുത്താനാവശ്യമായ നടപടിയെടുക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഈ ചോദ്യത്തിൽ വരുന്നില്ല.

ശ്രീ. ഇ. ജെ. ലൂക്കോസ് : 25 വർഷം സർവ്വീസുള്ള കോർപ്പറേഷനിലേയും മുനിസിപ്പാലിററിയിലേയും ക്ലാസ് 4 ജീവനക്കാർക്ക് ഗ്രേഡ് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 25 വർഷം സർവ്വീസുള്ള പഞ്ചായത്തിലെ ക്ലാസ് 4 ജീവനക്കാർക്കുകൂടി ഗ്രേഡ് നൽകുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കുമോ ?

ശ്രീ. സി.എം. സുന്ദരം : അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും ഏററവും നല്ല പഞ്ചായത്തുകളേയും ജീവനക്കാരേയും തെരഞ്ഞെടുത്തതിനു ശേഷം എന്തുകൊണ്ടാണ് അവർക്ക് അവാർഡുകളും സർട്ടിഫിക്കററും പ്രോൽസാഹനവും നൽകാത്തതെന്ന് പറയാമോ ?

ശ്രീ. സി. എം. സുന്ദരം : ഈ കമ്മിററിയുടെ പരിധിയിൽ അത് വരുന്നില്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : പഞ്ചായത്തുകളിൽ മാനേജർമാരായി പ്രവർത്തിക്കുന്ന ആളുകൾ നിശ്ചിതമായ ഒരു ടെസ്ററ് പാസായില്ല എന്ന സാങ്കേതികമായ കാരണം പറഞ്ഞ് അവരെയെല്ലാം റിവർട്ട് ചെയ്തതിന്റെ ഫലമായി ഈ സാമ്പത്തിക വർഷം അവസാനിക്കുന്ന കാലഘട്ടത്തിൽ തീർക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ മുഴുവൻ പഞ്ചായത്തിലും അവതാളത്തിലായിരിക്കുന്നു എന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം : അവർക്ക് രണ്ടു കൊല്ലക്കാലം ടെസ്ററ് പാസാകാൻവേണ്ടി സമയം കൊടുത്തിരുന്നു.

ശ്രീ. ഇ. പത്മനാഭൻ : കഴിഞ്ഞ സമരത്തിലുണ്ടായ ഒത്തുതീർപ്പിലെ ചില പ്രശ്നങ്ങൾ ഇനിയും പരിഹരിക്കാനുണ്ടെന്നു പറഞ്ഞു. ഇതിൽ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് സമാനമായ മററു ജീവനക്കാർക്കു ലഭിക്കുന്നതു പോലെയുള്ള ക്ഷാമബത്ത ഇതുവരെ കൊടുത്തു തുടങ്ങിയിട്ടില്ല. അത് കൊടുക്കാനുള്ള നടപടിയുണ്ടാകുമോ ? അതുപോലെ മററു ജീവനക്കാർക്കുള്ള പ്രൊമോഷൻ വ്യവസ്ഥകളെ സംബന്ധിച്ച് ഉടനടി ഉത്തരവുണ്ടാകാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എം. സുന്ദരം : ആ വക കാര്യങ്ങളെല്ലാം പ്രത്യേക കമ്മിററി രൂപീകരിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയാൽ വേണ്ടതു ചെയ്യും.

ശ്രീ. എ. കെ. പത്മനാഭൻ : പഞ്ചായത്തു ജീവനക്കാരുടെ പണി മുടക്കിനോടനുബന്ധിച്ച് അന്ന് ചാർജ് ചെയ്ത കേസുകളൊന്നും ഇന്നും പിൻവലിച്ചിട്ടില്ല. ജീവനക്കാർ അധികവും ഇപ്പോൾ കോടതികളിലാണ് നികുതി പിരിപ്പിക്കേണ്ട മാസത്തിൽ പോകേണ്ടിവരുന്നത്. അതുകൊണ്ട് ആ കേസുകൾ അടിയന്തിരമായി പിൻവലിക്കാനുള്ള നടപടി ഗവൺമെൻറ് കൈക്കൊള്ളുമോ ?

ശ്രീ. സി. എം. സുന്ദരം : ആ കേസുകളുടെ സ്വഭാവമനുസരിച്ച് പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : പഞ്ചായത്തിലെ ജീവനക്കാരെ നേരിട്ട് പഞ്ചായത്ത് നിയമിക്കുകയും പി. എസ്. സി. നിയമിക്കുകയും ചെയ്തതനുസരിച്ച് ഇന്നുവരെ അവരുടെ ഒരു ഗ്രഡേഷൻ ലിസ്ററു തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ഗ്രഡേഷൻ ലിസ്ററ് ഇല്ലാത്തതുകൊണ്ട് അവരുടെ പ്രൊമോഷനുകളേയും മററു കാര്യങ്ങളേയും ബാധിക്കുന്നതുകൊണ്ട് ഒരു ഗ്രഡേഷൻ ലിസ്ററ് അടിയന്തിരമായി തയ്യാറാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. സുന്ദരം : സ്വീകരിക്കാം.

ശ്രീ. കെ. ടി. കുമാരൻ : പഞ്ചായത്തിലെ ഫുൾടൈം തൂപ്പുകാരുടെ ശമ്പള സ്കെയിൽ എന്താണ് ? അതിനനുസൃതമായിട്ടുള്ള ക്ഷാമബത്ത അവർക്ക് നൽകുന്നുണ്ടോ ? ഇല്ലെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അതെല്ലാം തന്നെ കമ്മിററി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ററി. പി. പീതാംബരൻമാസ്ററർ : ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്കൊക്കെ കമ്മിററി പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. ഈ കമ്മററിയിൽ ആരൊക്കെയാണുള്ളത് ?

ശ്രീ. സി. എം. സുന്ദരം : ഈ കമ്മററിയിൽ കമ്മീഷണർ ആൻറ് സെക്രട്ടറി, ലോക്കൽ അഡ്മിനിസ്ട്രേഷൻ, ഫിനാൻസ് ഡിപ്പാർട്ടുമെൻറിൻേറയും ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൻേറയും റെപ്രസെൻേററീവ്, ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവരാണ് ഉള്ളത്.

ശ്രീ. എം. കുഞ്ഞിരാമൻനമ്പ്യാർ : പഞ്ചായത്തുകൾക്ക് ആണ്ടുതോറും നൽകിവരുന്ന വിവിധയിനം ഗ്രാൻറുകൾ മാർച്ച് 31-ന് മുമ്പായിട്ടാണ് നൽകാററ് പതിവ്. ഈ കഴിഞ്ഞവർഷം അത് 31-ന് മുമ്പായിട്ട് കൊടുത്തില്ല.

ഈ വർഷവും ഇതുവരെ കൊടുത്തില്ല എന്നുള്ള വസ്തുത മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പഞ്ചായത്തുകളുടെ വിഷമത പരിഹരിക്കുന്നതിന് ഈ വർഷത്തിലേക്കുള്ളത് 31-ന് തന്നെ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എം. സുന്ദരം: ബഹുമാനപ്പെട്ട മെമ്പർക്ക് എന്താ ഇത്ര ക്ഷമയില്ലാത്തത്. അടുത്ത ചോദ്യമാണ് അത്.

## പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാന്റ്

* 199 (231) ശ്രീ. എം. വി. രാഘവൻ:
,, ടി. കെ. അറുമുഖൻ:
,, എം. ജിനദേവൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഏതെല്ലാം ഗ്രാന്റുകളാണ് ഗവൺമെന്റ് നൽകിവരുന്നത്;

(ബി) 1982-83, 1983-84 എന്നീ വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് നൽകിയ മൊത്തം തുക എത്ര;

(സി) ബേസിക് ടാക്സ് ഗ്രാന്റ് സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകൾക്കും കുടിശ്ശിക അടക്കം വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) പഞ്ചായത്തുകൾക്ക് ഗവൺമെന്റ് നൽകി വരുന്ന ഗ്രാന്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) 1982-83-ൽ വിവിധ ഗ്രാന്റിനങ്ങളിലായി മൊത്തം നൽകിയ തുക 10,53,13,789.12 രൂപ. 1983-84-ൽ വിവിധ ഗ്രാന്റിനങ്ങളിലായി മൊത്തം നൽകിയ തുക 12,38,74,383.01 രൂപ.

(സി) ബേസിക് ടാക്സ് ഗ്രാന്റ് കുടിശിക അടക്കം എല്ലാ പഞ്ചായത്തുകൾക്കും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

(ഡി) പഞ്ചായത്തുകൾക്ക് നൽകേണ്ട അടിസ്ഥാന ഭൂനികുതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ബന്ധപ്പെട്ട കളക്ടർമാരിൽനിന്നും ലഭിക്കാത്തതുമൂലവും ഫണ്ടിന്റെ അപര്യാപ്തത മൂലവും ആറു ഡിസ്ട്രിക്ടുകളിലെ പഞ്ചായത്തുകൾക്കു മാത്രമേ അടിസ്ഥാന നികുതി വിഹിതം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളു. ബന്ധപ്പെട്ട കളക്ടർമാരിൽനിന്നും വിശദ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള പഞ്ചായത്തുകൾക്കും പ്രസ്തുത ഗ്രാന്റ് നൽകുന്നതാണ്.

ശ്രീ. ടി. കെ. അറുമുഖൻ: 1982-83 ലെ ഇ. വി. ആർ. എം. ഗ്രാന്റിനത്തിൽ കൊടുക്കേണ്ട ചില സംഖ്യകൾ 1983-84-ൽ കൊടുത്തു തീർക്കുന്നതാണെന്ന് മന്ത്രി നിയമസഭയിൽ ഉറപ്പുനൽകിയതാണ്. എന്നാൽ ആ സംഖ്യ മുഴുവൻ കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം: കൊടുത്തു കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം കുറെയൊക്കെ കൊടുക്കുകയും കുറെയെല്ലാം കൊടുക്കാതിരിക്കുകയും ചെയ്തു എന്ന് ഞാൻ പറയുകയുണ്ടായി.

ശ്രീ. ടി. കെ. അറുമുഖൻ: ബേസിക് ടാക്സ് ഇനത്തിൽ ആറു ജില്ലകളിൽ കൊടുത്തു എന്നു പറഞ്ഞു. ആ ആറു ജില്ലകൾ ഏതൊക്കെയെന്നും, ആ ആറു ജില്ലകളിൽ മുഴുവൻ പഞ്ചായത്തുകൾക്കും ബേസിക് ടാക്സ് കൊടുത്തോ എന്നും, എപ്പോൾ കൊടുത്തുതീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. സി. എം. സുന്ദരം: 1983-84-ൽ കൊടുത്ത ഒരു കോടി രൂപയ്ക്ക് പുറമെ അനുവദിച്ച 25 ലക്ഷം രൂപയും ചേർത്ത് ആറു ജില്ലകൾക്ക് 1,24,12,758 രൂപ അനുവദിച്ചിട്ടുണ്ട്.

1. കൊല്ലം ജില്ല, 33 പഞ്ചായത്തുകൾക്ക് 7,37,757രൂപ 1-1-1978 മുതൽ 31-3-1981 വരെ.
2. എറണാകുളം ജില്ല, 40 പഞ്ചായത്തുകൾ, 10,43,877 രൂപ 1-1-1978 മുതൽ 31-3-1981 വരെ.
3. പാലക്കാട് ജില്ല, 89 പഞ്ചായത്തുകൾ, 29,30,297 രൂപ 1-1-1978 മുതൽ 31-3-1981 വരെ.
4. വയനാട് ജില്ല, 17 പഞ്ചായത്തുകൾ, 9,28,393 രൂപ സുൽത്താൻ ബത്തേരി താലൂക്ക് ഒഴികെ.
5. കണ്ണൂർ ജില്ല, 122 പഞ്ചായത്തുകൾ, 56,66,961 രൂപ.
6. മലപ്പുറം ജില്ല, 38,39,900 രൂപ ആകെ കൊടുക്കാനുണ്ട്. ഇതിൽ 93 പഞ്ചായത്തുകൾക്ക് 11,04,972 രൂപ 1-1-1979 മുതൽ 31-3-1981 വരെ.

ശ്രീ. എം. ജിനദേവൻ: പഞ്ചായത്തുകൾക്കു നിയമാനുസരണം ലഭിക്കേണ്ട ഗ്രാന്റ് യഥാസമയം നൽകാതിരിക്കുന്നതു മൂലം നമ്മുടെ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളുടേയും വികസന പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്നുയെന്നും അതുമൂലം പഞ്ചായത്തുകൾക്കു വലിയ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുയെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: പഞ്ചായത്തുകൾക്ക് ഗ്രാന്റുകൾ യഥാസമയം കൊടുക്കാൻ കഴിയാതെവന്നിട്ടുണ്ട്. അതു ജില്ലകളിൽനിന്നുള്ള കണക്കുകൾ യഥാസമയത്ത് കിട്ടാത്തതുകൊണ്ടും ഫണ്ടിന്റെ അപര്യാപ്തതമൂലവുമാണ് അങ്ങനെ ഉണ്ടായിട്ടുള്ളത്. ഫണ്ടു ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റുകളെല്ലാം നൽകുന്നതായിരിക്കും.

ശ്രീ. എം. ജിനദേവൻ: പഞ്ചായത്തുകൾക്കു സ്പെഷ്യൽ ഗ്രാന്റു നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്? ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഇപ്പോൾ ഗ്രാന്റു നൽകുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. സി. എം. സുന്ദരം: ഈ ഗ്രാന്റു നൽകുന്നതു സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം സർക്കാർ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്.

വികസന പ്രവർത്തനങ്ങളുടെ പിന്നോക്കാവസ്ഥ, പഞ്ചായത്തിന്റെ പൊതുവിലുള്ള സാമ്പത്തിക ശേഷി, ഓരോ വർഷവും ഒരു പ്രത്യേക കാര്യത്തിനോ കാര്യങ്ങൾക്കോ ആയി അനുവദിക്കുന്ന പരമാവധി ഗ്രാന്റ് 25,000 രൂപയാണ്

LIBRARY ARCHIVES Kerala Legislative Assembly.

മൂന്നാവശ്യങ്ങളിൽ കൂടുതൽ ഒരു വർഷം ഈ ഗ്രാൻറ് നൽകുന്നതിനായി ഒരു പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കാൻ പാടില്ല. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സ്പെഷ്യൽ ഗ്രാൻറ് ഇനത്തിൽ തുകയൊന്നും ലഭിക്കാത്ത പഞ്ചായത്തുകറംക്കാണ് മുൻഗണന.

താഴെപ്പറയുന്ന ആവശ്യങ്ങറംക്ക് ഈ ഗ്രാൻറ് നൽകാവുന്നതാണ്.

- പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനോ അതിന്റെ വികസനത്തിനോ.
- ആശുപത്രികെട്ടിട നിർമ്മാണവും കൂടുതൽ വാർഡു പണിയലും.
- ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികറം.
- സ്ക്കൂറംകെട്ടിട നിർമ്മാണം.
- കോടതി ഉത്തരവുകറം നടപ്പിലാക്കുന്നതിന്.
- പാലം, നടപ്പാലം, മററു നിർമ്മാണ ജോലികറംക്ക്.
- കടത്തുതോണി നടത്തുന്നതിന്.
- കളിസ്ഥലം, പാർക്ക്, വെയിററിംഗ് ഷെഡ്, ബാലവാടി, കല്യാണമണ്ഡപം, ഗ്രന്ഥശാലാകെട്ടിടം മുതലായ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങറംക്ക് ഭൂമി വാങ്ങുന്നതിനുള്ള ചെലവിലേക്ക്.
- ഓടകറം നിർമ്മിക്കുന്നതിനും ബന്ധപ്പെട്ട ജോലികറംക്കും.
- വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികറംക്ക്.
- ശ്മശാന നിർമ്മാണത്തിന്, സ്ഥലം വാങ്ങുന്നതിന്
- പുതിയ ഓടകളുടെ നിർമ്മാണത്തിനും ആയതിലേയ്ക്ക് സംഭാവന നൽകുന്നതിനും.

ശ്രീ പി. വി. കുഞ്ഞിക്കണ്ണൻ: കളക്ടർമാരുടെ റിപ്പോർട്ടു കിട്ടാത്തതുകൊണ്ടും, സാമ്പത്തിക പ്രതിസന്ധി മൂലവുമാണ് പഞ്ചായത്തുകറംക്ക് ഗ്രാൻറുകൊടുക്കാത്തത് എന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഈ രണ്ടുകൊല്ല കാലമായിട്ടും കളക്ടർമാർ റിപ്പോർട്ട് തരാതിരിക്കുന്നത് ബോധപൂർവ്വം, സാമ്പത്തിക പരാധീനത മറച്ചുപിടിക്കാൻ കണക്കുകറം തരേണ്ടായെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടാണ് എന്നു പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ ?

ശ്രീ. സി. എം. സുന്ദരം : 1-1-1978 മുതൽ തന്നെ ഈ കളക്ടർമാർ കണക്ക് തരേണ്ടതാണ്, അവർ തരുന്നില്ല. 1982 മുതൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിൽപിന്നെ കർശനമായ നടപടികളെടുത്ത് അങ്ങേയററം പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഈ ആറു ജില്ലകറംക്ക് ഗ്രാൻറ് കൊടുത്തിരിക്കുന്നത്. പിന്നെ കുറെ ജില്ലകളുടെ കണക്ക് കിട്ടിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഇപ്പോറം കൊടുക്കാൻ കഴിയാതിരുന്നത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഫണ്ടിന്റെ അപര്യാപ്തത എന്നു പറയുമ്പോറം പഞ്ചായത്തുകളുടെയും ലോക്കൽ ബോഡികളുടേയും ഭരണം നടത്താൻ അവർക്ക് പ്രധാനമായും ഒരു വരുമാനം ഈ ബേസിക് ടാക്സിൽനിന്നും അതുപോലെയുള്ള ഓഹരികറം കിട്ടുകയെന്നുള്ളതാണ്. അത് രണ്ടുകൊല്ല കാലമായി കിട്ടുന്നില്ല എന്നു പറഞ്ഞാൽ പഞ്ചായത്തുകളുടേയോ, ലോക്കൽ ബോഡികളുടേയോ വികസന പ്രവർത്തനങ്ങറം നടക്കുകയില്ല എന്നു മനസ്സിലാക്കി അതു കൊടുക്കാനുള്ള നടപടികറം സ്വീകരിക്കുമോ ? ഒരു നിശ്ചിത സമയത്തിനുള്ളിൽ അതു കൊടുത്തു തീർക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം : ഈ ഫണ്ടുകൾ കിട്ടാൻവേണ്ടി അങ്ങേയററം പരിശ്രമിക്കുന്നുണ്ട്. പക്ഷേ ഫണ്ട് കിട്ടാതിരിക്കുന്നതുകൊണ്ട് എന്തു ചെയ്യാൻ കഴിയും എന്നു പറയാൻ കഴിയില്ല. ഫണ്ട് കിട്ടുന്നതനുസരിച്ച് വിതരണം ചെയ്യുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : പഞ്ചായത്തുകൾക്ക് റോഡുമെയിൻറനൻസിന് പൈസ കൊടുക്കേണ്ടായെന്നാണോ ? കഴിഞ്ഞ 1982-83, 1983-84 എന്നീ വർഷങ്ങളിൽ റോഡ് മെയിൻറനൻസിന് ഒരൊററ പൈസപോലും കൊടുത്തിട്ടില്ല എന്നു പറയുന്നത് ശരിയാണോ ?

ശ്രീ. സി. എം. സുന്ദരം : കുറെ പഞ്ചായത്തുകൾക്കു കൊടുത്തിട്ടുണ്ട്. കുറെ പഞ്ചായത്തുകൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കൊടുക്കാത്ത പഞ്ചായത്തുകൾക്ക് ഇനി കൊടുക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: എൻ. ആർ. ഇ. പി. പ്രകാരം റോഡുകൾ നിർമ്മിച്ചതിനുശേഷം അതു പഞ്ചായത്തുകൾക്ക് വിട്ടു കൊടുക്കുകയാണ് ചെയ്യുന്നത്. എൻ. ആർ. ഇ. പി. പ്രകാരവും ഐ. ആർ. ഡി. പി. പ്രകാരവും നിർമ്മിച്ചിട്ടുള്ള റോഡുകൾക്കൊന്നും അതിൻെറ മെയിൻറനൻസ് അടിയന്തിരമായി ചെയ്യാനായിട്ട് എന്തെങ്കിലും ഒരു തുക പഞ്ചായത്തുകൾക്ക് കൊടുക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : പഞ്ചായത്തുകൾക്ക് ഞാൻ നേരത്തെ പറഞ്ഞ മാതിരി ചില പ്രത്യേക ഗ്രാൻറുകൾ കൊടുക്കണമെന്നതൊഴിച്ചാൽ പിന്നെ ഗ്രാൻെറാന്നും പ്രത്യേകം മെയിൻറനൻസിനുവേണ്ടി കൊടുക്കുന്നതിനുള്ള പ്രൊവിഷനില്ല.

ശ്രീ. സി. വാസുദേവമേനോൻ : സർ, പഞ്ചായത്തുകൾക്ക് നിയമ പ്രകാരം അർഹപ്പെട്ട ഗ്രാൻറുകൾ നൽകാതിരിക്കുകയും ഇലക്ട്രിസിററി ചാർജ്ജ് പോലെയുള്ളവ വളരെ ബോധപൂർവ്വമായ രീതിയിൽ വർദ്ധിപ്പിക്കുകയും ചെയ്തതിൻെറ ഫലമായി ബഹുഭൂരിപക്ഷം പഞ്ചായത്തുകൾക്കും അവയുടെ ദൈനംദിന പ്രവർത്തനങ്ങൾ പോലും നടത്തിക്കൊണ്ടു പോകാൻ സാദ്ധ്യമാകുന്നില്ലെന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഇതിനെന്തെങ്കിലും പരിഹാരം, ഉണ്ടാക്കാൻ ഗവൺമെൻറ് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആ വികാരമാണ് ഗവൺമെൻറിനുമുള്ളത്. ബന്ധപ്പെട്ട പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, കേരളാ സ്റേററ് ഇലക്ട്രിസിററി ബോർഡിൻെറ പ്രതിനിധികൾ, ഇലക്ട്രിസിററി മന്ത്രി എന്നിവരെ വിളിച്ചുകൂട്ടി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ടുമൂന്നു പ്രാവശ്യം ചർച്ചകൾ നടത്തിയെങ്കിലും യഥാർത്ഥത്തിൽ ഇലക്ട്രിസിററിയുടെ നിരക്ക് വർദ്ധിച്ചതു കാരണം പഞ്ചായത്തുകൾ ഏതെല്ലാം വിധത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് വീണ്ടും ചർച്ച ചെയ്യാൻ തീരുമാനിച്ചു. അതേയവസരത്തിൽ ഗവൺമെൻറ് ഈ ബുദ്ധിമുട്ട് മനസ്സിലാക്കിയതിൻെറ അടിസ്ഥാനത്തിലാണ് പഴയ നിരക്കുകൾ അടച്ചാൽ ഇപ്പോൾ സ്വീകരിക്കുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ : ആറു ജില്ലകളിൽ നിന്ന് മാത്രമാണ് ബേസിക് ടാക്സിൻെറ കണക്ക് കിട്ടിയത് എന്നും ഗവൺമെൻറ് വളരെ പരിശ്രമിച്ചു എന്നും പറഞ്ഞു. എല്ലാ ജില്ലകളിൽ നിന്നും കണക്ക് നിശ്ചിത

LIBRARY ARCHIVES Kerala Legislative Assembly

തീയതിക്കകം തരണമെന്ന് ഗവൺമെൻറ് നിർബന്ധമായി ആവശ്യപ്പെട്ടിരുന്നോ ? അങ്ങനെ തരാത്ത കളക്ടർമാർ എന്താണ് ഈ കണക്കുകൾ തരാത്തത് എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കുകയോ സമാധാനം ചോദിക്കുകയോ എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : പരിശോധിച്ച് റിമൈൻഡേഴ്സ് അയക്കുന്നുണ്ട്. സാധാരണ എല്ലാ സർക്കാർ ആഫീസുകളിലും തന്നെയുള്ള കാലതാമസമാണ് അവിടെ നിന്നും അനുഭവപ്പെടുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പഞ്ചായത്തുകൾക്ക് ഗ്രാൻറ് അനുവദിക്കുന്നതിൽ വ്യക്തമായ മാനദണ്ഡങ്ങളില്ല. പഞ്ചായത്തിലെ ജനസംഖ്യ, പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ, വ്യാവസായികസ്ഥിതി, വിദ്യാഭ്യാസപരമായ സ്ഥിതി ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഒരു ശാസ്ത്രീയ മാനദണ്ഡം കണ്ടെത്തുന്നതിനുവേണ്ടി ഒരു വിദഗ്ധ കമ്മിററിയെ നിയമിക്കാൻ തയ്യാറാകുമോ ? ഇക്കാര്യത്തെപ്പററി മന്ത്രിക്ക് ഉത്തരം പറയാനും എളുപ്പമുണ്ടാകും എന്നുള്ളതു പരിഗണിച്ചുകൊണ്ട് ഒരു കമ്മിററിയെ നിയമിക്കുമോ?

ശ്രീ. സി. എം. സുന്ദരം : അത് ആലോചിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇന്ന് നിലവിലുള്ള സമ്പ്രദായപ്രകാരം പഞ്ചായത്തുകൾക്കുള്ള ബേസിക് ടാക്സ് സ്ററാററ്യൂട്ടറി ഫോഴ്സിൽ റവന്യൂ ഡിപ്പാർട്ടുമെൻറ് പിരിച്ച് ട്രഷറിയിൽ ഒടുക്കുകയാണ്. അത് ജനറൽ കളക്ഷൻസിൽ പോകുന്നതുകൊണ്ട് ഗവൺമെൻറ് ബഡ്ജററ് തയ്യാറാക്കുമ്പോൾ, ജനറൽ അലോട്ട്മെൻറ് വരുത്തുമ്പോൾ ഒരു ചെറിയ തുക മാത്രമേ കാണുകയുള്ളു. ബാക്കി മുഴുവൻ കടലിൽ കായം കലക്കിയപോലെ പോകുകയാണ്. ഞാൻ ഒരു നിർദ്ദേശം വയ്ക്കുന്നത് ഗവൺമെൻറ് പരിഗണിക്കുമോ ? ഇന്ന് പഞ്ചായത്തുകളിൽ നിന്ന് പിരിക്കുന്ന ബേസിക് ടാക്സ് കളക്ഷൻ ചാർജ്ജ് കഴിഞ്ഞ് അതാത് പഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് ട്രഷറിയിൽ നിന്നുതന്നെ മാററം ചെയ്യാൻ നേരിട്ട് ഒരു ഉത്തരവ് മുഖാന്തിരം ട്രഷറിയിൽ നിന്ന് മാസാമാസം കളക്ട് ചെയ്ത് പഞ്ചായത്തു ഫണ്ടിലേക്ക് മാററം ചെയ്യാനുള്ള ഒരു നിർദ്ദേശം കൊടുക്കാമെങ്കിൽ കളക്ടർമാരുടെ റിപ്പോർട്ട് പഞ്ചായത്തിന് കിട്ടും. ഇക്കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അത് ആലോചിക്കാവുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : മന്ത്രി ഉത്തരം പറഞ്ഞപ്പോൾ കാശില്ലാത്തതുകൊണ്ടാണ് കൊടുക്കാത്തതെന്നാണ് മറുപടി പറഞ്ഞത്. ബേസിക് ടാക്സ് ഇനത്തിൽ ഈ പഞ്ചായത്തുകളെ സഹായിക്കാൻ ഇനി എത്ര കോടി രൂപയാണ് നമ്മുടെ പഞ്ചായത്ത് വകുപ്പിനാവശ്യം ? ഇത്തവണ അത്തരം വകുപ്പുകൾക്കാവശ്യമുള്ള സംഖ്യ നമ്മുടെ ധനകാര്യ മന്ത്രി അങ്ങേക്ക് അനുവദിച്ചുതന്നിട്ടുണ്ടോ? അങ്ങനെ തന്നിട്ടില്ലെങ്കിൽ അത് തരാതിരിക്കാൻ എന്താണ് കാരണം?

ശ്രീ. സി. എം. സുന്ദരം : ഈ കൊല്ലം രണ്ടരക്കോടി രൂപ ബേസിക് ടാക്സ് ഇനത്തിൽ കൊടുക്കാൻ വേണ്ടി തന്നിട്ടുണ്ട്. അത് മതിയാകുന്നതല്ല. അഞ്ചുകോടി രൂപ കൂടി കിട്ടിയെങ്കിൽ മാത്രമേ പൂർണ്ണമായി കൊടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ററി. കൃഷ്ണൻ : ഏഴിനപരിപാടി പ്രകാരം പഞ്ചായത്തുകൾ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കമ്മ്യൂണിററി ഹാൾ, റോഡ്, ശ്മശാനം, സ്റേറഡിയം, തുടങ്ങിയവക്ക് 50 ശതമാനം പഞ്ചായത്തുകൾ ചെലവാക്കണമെന്നാണ് വ്യവസ്ഥ. സാമ്പത്തികമായി വളരെ പരാധീനതയുള്ള പഞ്ചായത്തുകൾ അത്രയും സംഖ്യ അടക്കാൻ കഴിയാത്തതുകൊണ്ട്

പല പ്രവർത്തനങ്ങളും പൂർത്തിയാകാതെ നില നില്ക്കുന്നു. അത്തരം വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ പ്രത്യേക ഗ്രാന്റ് അനുവദിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഉള്ള ഗ്രാന്റിനുതന്നെ പണം കിട്ടുന്നില്ല. പിന്നെ പ്രത്യേകമായി എന്ത് പ്രവർത്തിക്കാൻ സാധിക്കും ?

ശ്രീ. വി. ജെ. തങ്കപ്പൻ : പഞ്ചായത്തുകൾക്ക് ഗ്രാന്റും സ്പെഷ്യൽ ഗ്രാന്റും വിതരണം ചെയ്യുമ്പോൾ ആ വിതരണം ചെയ്യുന്നതിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്നു എന്നുള്ള പരാതി...............

മി. സ്പീക്കർ : ചോദ്യോത്തരസമയത്ത് ഇതൊന്നും അനുവദിക്കുന്നില്ല. വേറെ സമയത്ത് പ്രസംഗിക്കുമ്പോൾ ഇതെല്ലാം പറയാം.

ശ്രീ. എ. വി. താമരാക്ഷൻ : പഞ്ചായത്തുകൾക്ക് ഗ്രാന്റ് നല്കുന്നതിന് തടസ്സമായി നില്ക്കുന്നത് ജില്ലാ കളക്ടർമാർ ഇതിനാവശ്യമുള്ള റിപ്പോർട്ട് നല്കാത്തതുകൊണ്ടും ധനകാര്യവകുപ്പുമന്ത്രി ആവശ്യമായ പണം അനുവദിക്കാത്തതുകൊണ്ടുമാണ് എന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളുടെ വികസനപ്രവർത്തനം സ്തംഭിച്ചിരിക്കുന്നത് ധനകാര്യവകുപ്പ് ഈ വകുപ്പിനോട് കാണിക്കുന്ന അവഗണനകൊണ്ടല്ലേ ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരത്തിൽ ആറ് ജില്ലകൾക്ക് ബഡ്ജററി സംഖ്യ വിതരണം ചെയ്തു എന്നു പറഞ്ഞു. മററുള്ളിടത്തെ ബേസിക്ക് ടാക്സിനെ സംബന്ധിച്ച് കളക്ടർമാരുടെ റിപ്പോർട്ട് കിട്ടിയില്ല. ആലപ്പുഴ ജില്ലപോലുള്ള അവികസിത പ്രദേശങ്ങളായ 8 ജില്ലകളിലുള്ള ബഡ്ജററി ഫണ്ട് വച്ച് കേരളത്തിൽ മുഴുവൻ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കാതിരുന്നതിന് ഗവൺമെന്റിന് പറയാനുള്ള മറുപടി എന്താണ് ? ഇത് കൊടുക്കുമ്പോൾ മുമ്പ് കൊടുക്കാതിരുന്ന ജില്ലകൾക്ക് മുൻഗണന കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : കൊടുക്കാത്ത ജില്ലകൾക്കെല്ലാം ഈ വർഷം കിട്ടുന്ന തുകയിൽ നിന്ന് കൊടുക്കുന്നതാണ്. അങ്ങനെ എല്ലാ ജില്ലകൾക്കും കൊടുത്തുതീർക്കാൻ തന്നെയാണ് പരിശ്രമിക്കുന്നത്. കുറേ ജില്ലകളുടെ കണക്കുകൾ കിട്ടിയിരിക്കുന്നു, മററ് ജില്ലകളുടെ കണക്കുകളെല്ലാം വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ കണക്കുകൾ കിട്ടുന്ന മുറയ്ക്കുതന്നെ എല്ലാ ജില്ലകൾക്കും ബേസിക്ക് ടാക്സ് ഗ്രാന്റ് കൊടുക്കുന്നതായിരിക്കും.

ശ്രീ. എം. കെ. കേശവൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 6 ജില്ലകൾക്കുമാത്രമാണ് ആനുകൂല്യം കൊടുത്തതെന്നാണ്. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്ത് പഞ്ചായത്തുകൾക്ക് ഏഴിനപരിപാടിക്കുവേണ്ടി ഒരു ലക്ഷം രൂപ വീതം ഒരു സ്പെഷ്യൽ സഹായം കൊടുക്കുമായിരുന്നു. ആ തരത്തിൽ ഈ പഞ്ചായത്തുകളുടെ പുരോഗതിക്കുവേണ്ടി ഏതെങ്കിലും നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് ഒരുക്കമാണോ ?

ശ്രീ. സി. എം. സുന്ദരം : ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഏതടിസ്ഥാനത്തിലാണ് പൈസ കൊടുത്തതെന്ന് പറയാൻ പററില്ല. ആ അവസരത്തിൽ ഒരു ലക്ഷം രൂപ കൊടുത്തിട്ടുണ്ടെങ്കിൽ എല്ലാ പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപ ചെലവഴിച്ചതിന്റെ കണക്കുകൾ കിട്ടിയില്ല. കിട്ടിയതനുസരിച്ച് ഏഴിന പരിപാടിക്ക് പൈസ നല്കിക്കൊണ്ടിരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ജോസഫ് : പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി സർക്കാർ നിയമിച്ചിട്ടുള്ള പഞ്ചായത്ത് ഫൈനാൻസ് കമ്മിഷന്റെ പ്രവർത്തനം എന്തായി, ആ കമ്മിഷൻ ഇടക്കാല റിപ്പോർട്ട് നല്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ആ കമ്മിഷനെപ്പററി ഈ ചോദ്യത്തിലുദിക്കുന്നില്ലെങ്കിലും മറുപടി പറയുകയാണ്. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്, അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : പഞ്ചായത്തുകളിൽനിന്ന് ഏഴിനപരിപാടി അനുസരിച്ച് പ്രവർത്തികൾ നിശ്ചയിക്കുകയും അത് ചില പ്രത്യേക സാഹചര്യത്തിൽ നടത്താൻ കഴിയാതെ വരികയും ചെയ്യുന്ന സന്ദർഭത്തിൽ ആ പരിപാടി മറെറാരു ഇനത്തിലേക്ക് മാററിക്കൊടുക്കാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഇന്ന് ആ പരിപാടികൾ മറെറാരു തലത്തിലേക്ക് മാററി കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുന്നില്ല. മുൻ വ്യവസ്ഥ അനുസരിച്ച് മാററിക്കൊടുക്കാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അത് ഓരോരോ പ്രവർത്തിയെ സംബന്ധിച്ചിടത്തോളം പരിശോധിച്ച് അങ്ങനെ മാററിക്കൊടുക്കാവുന്ന കാര്യങ്ങളിലെല്ലാം കൊടുത്തുവരുന്നുണ്ട്.

ശ്രീ. സി. കെ. ചക്രപാണി : ഗ്രാമോത്സവ പഞ്ചായത്തുകൾ ആയി ചില പഞ്ചായത്തുകളെ ഇപ്പോൾ സംസ്ഥാനത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. ആ പഞ്ചായത്തുകൾക്ക് ഇന്ന് നല്കുന്ന ആനുകൂല്യങ്ങൾ വളരെ അപര്യാപ്തമാണ്. അതെങ്കിലും ഒന്ന് വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഗ്രാമോത്സവ പഞ്ചായത്തിന്റെ സംഖ്യ—ഗ്രാന്റിന്റെ കാര്യം—അത് പഞ്ചായത്തുവകുപ്പിൽ നിന്ന് കൊടുക്കുന്നതല്ല.

## മേജർ ജലസേചന പദ്ധതികൾ

*200. [232] ശ്രീ. തോപ്പിൽ രവി :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ :
,, സ്ററീഫൻ പാദുവ :
,, കെ. കെ. രാമചന്ദ്രൻ മാസ്ററർ :
,, കെ. രാഘവൻ മാസ്ററർ :
,, തച്ചടി പ്രഭാകരൻ :
,, രമേശ് ചെന്നിത്തല :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയായതും നിർമ്മാണ ഘട്ടത്തിൽ ഇരിക്കുന്നതുമായ മേജർ ജലസേചന പദ്ധതികൾ ഏതൊക്കെയാണ് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് ലോകബാങ്കിന്റെ സഹായം ലഭിച്ചിട്ടുള്ളത് ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൻകിട ജലസേചനപദ്ധതികളൊന്നും പൂർത്തിയായിട്ടില്ല. താഴെ പറയുന്ന വൻകിട ജലസേചനപദ്ധതികൾ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നവയോ പ്രവർത്തനം ആരംഭിച്ചവയോ ആണ്.
(1) കല്ലട (2) പമ്പ (3) പെരിയാർവാലി (4) ചിററൂർപുഴ (5) കാഞ്ഞിരപ്പുഴ (6) കുററ്യാടി (7) പഴശ്ശി (8) മൂവാററുപുഴ (9) ചിമ്മിണി (10) ഇടമലയാർ (11) കരിയാർകുററി—കാരപ്പാറ (12) കാക്കടവ് (13) ബേപ്പൂർപുഴ.

(ബി) കല്ലട ജലസേചനപദ്ധതിക്ക് ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : ലോകബാങ്ക് പോലുള്ള മറേറതെങ്കിലും ഏജൻസികൾവഴി പുതിയ പദ്ധതികൾ ഏറെറടുക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അത് ഏതൊക്കെയാണ് ?

ശ്രീ. എം. പി. ഗംഗാധരൻ : ലോക ബാങ്കിന്റെ സഹായത്തോടുകൂടി ചില പദ്ധതികൾ ഏറെറടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. നേരത്തേ കല്ലട കൂടാതെ ഇടമലയാർ മൂവാററുപുഴ, കാക്കടവ് എന്നീ പദ്ധതികൾകൂടി ലോകബാങ്കിന്റെ സഹായത്തിനുവേണ്ടി ഉൾപ്പെടുത്തിയിരുന്നു. തീരുമാനമൊന്നും ആയിട്ടില്ല. വീണ്ടും ചില പദ്ധതികൾകൂടി ഉൾപ്പെടുത്തണം എന്ന് ആഗ്രഹിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : തിരുവനന്തപുരം ജില്ലയുടെ കാർഷികരംഗത്ത് സമഗ്രമായ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് നേരത്തേ പ്രഖ്യാപിച്ചിട്ടുള്ള വാമനപുരം ജലസേചനപദ്ധതി എന്ന് തുടങ്ങും? ഈ നടപ്പ് വർഷത്തിൽ അതിന്റെ ഇൻവെസ്ററിഗേഷൻ അടക്കമുള്ള പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവഴിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു ?

ശ്രീ. എം. പി. ഗംഗാധരൻ : വാമനപുരം പദ്ധതി ആറാം പദ്ധതിയിൽ തുടങ്ങിവച്ച ഒരു പദ്ധതിയാണ്. അത് ഗവൺമെന്റിന്റെ നയപ്രകാരം പഴയതാണ്. ഇന്ന് കാലത്ത് നിയമസഭയിൽ അത് വ്യക്തമാക്കിയതാണ്. പഴയ 3-ാം പദ്ധതിക്കാലത്ത് തുടങ്ങിവച്ചത് ഇനിയും പൂർത്തീകരിച്ചിട്ടില്ല. ആ പദ്ധതികൾ പ്രവർത്തീകരിച്ചതിനുശേഷമേ പ്രയോറിട്ടി ബേസിസിൽ ആറാം പദ്ധതിയിൽ തുടങ്ങിവച്ച പദ്ധതികൾക്കു കൂടുതൽ അലോട്ട്മെന്റ് നടത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഏതായാലും വാമനപുരം വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയെന്നുള്ള നിലയിൽ, തിരുവനന്തപുരം ജില്ലക്ക് വളരെയധികം ഗുണകരമായ ഒരു പദ്ധതി എന്നുള്ള നിലയിൽ ഈ നടപ്പ് വർഷം മുതൽതന്നെ കൂടുതൽ തുക അതിന് അലോട്ട് ചെയ്തുകൊണ്ട് ഇൻവെസ്ററിഗേഷൻ പൂർത്തീകരിക്കും.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇൻഡ്യക്ക് കിട്ടുന്ന വിദേശ സഹായത്തിന്റെ എത്ര ശതമാനമാണ് കേരള സംസ്ഥാനത്തിന് മൊത്തത്തിൽ കിട്ടുന്നത് എന്ന് പറയാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി. പി. തങ്കച്ചൻ : ഇൻഡ്യക്ക് കിട്ടുന്ന വിദേശസഹായത്തിന്റെ 25 ശതമാനമാണ് കേരളത്തിന് കിട്ടുന്നതെന്ന് കഴിഞ്ഞ ദിവസം മന്ത്രിയുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവന കണ്ടു. ഒരു സംസ്ഥാനമെന്ന നിലയിൽ ഏററവും കൂടുതൽ കിട്ടുന്നത് കേരളത്തിനാണ്. അത് ശരിയാണോ, അങ്ങനെയാണെങ്കിൽ ഇത് കിട്ടാനുള്ള പ്രത്യേക സാഹചര്യം എന്താണ് ?

ശ്രീ എം. പി. ഗംഗാധരൻ : എന്റെ ഓർമ്മ ശരിയാണെങ്കിൽ ആ പറഞ്ഞത് ജലസേചന പദ്ധതിക്കല്ല, ജല വിതരണ പദ്ധതിക്കാണ്.

ശ്രീ, സ്ററീഫൻ പാദുവാ : ഇപ്പോൾ നിർമ്മാണ ഘട്ടത്തിലിരിക്കുന്ന മേജർ ജലസേചന പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 3-ാം പദ്ധതിക്കാലത്ത് തുടങ്ങിവച്ച പമ്പ, കുററ്യാടി, ചിററൂർപ്പുഴ, പെരിയാർവാലി എന്നീ നാലു പദ്ധതികൾ 1985 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്നാം പദ്ധതിക്കാലത്ത് തുടങ്ങിവച്ച പഴശ്ശി, കാഞ്ഞിരപ്പുഴ, കല്ലട എന്നീ പദ്ധതികൾ 1986-നും 1987-നും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. രാഘവൻ മാസ്ററർ : നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ കൂട്ടത്തിൽ വയനാട്ടിലെ ഏററവും പ്രധാനപ്പെട്ട മേജർ പദ്ധതിയായ കാരാപ്പുഴ പദ്ധതിയുടെ കാര്യം പറഞ്ഞില്ല. ആ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : കാരാപ്പുഴ പദ്ധതി ഒരു ഇടത്തരം ജലസേചന പദ്ധതിയാണ്. വൻകിട ജലസേചന പദ്ധതിയായതുകൊണ്ടാണ് അതിന് ഉത്തരം പറയാതിരുന്നത്. കാരാപ്പുഴ പദ്ധതി 7-ാം പദ്ധതിക്കാലത്ത് പൂർത്തീകരിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ : അങ്ങ് ഇവിടെ പറയുകയുണ്ടായി 13 വൻകിട ജലസേചനപദ്ധതികൾ പൂർത്തിയാകേണ്ട സ്റേറജിൽ ഇരിക്കുകയാണെന്ന്. മൂന്നാം പദ്ധതിയിലും നാലാം പദ്ധതിയിലും അഞ്ചാം പദ്ധതിയിലും ഇതെല്ലാം പ്ലാനിൽ ഉൾപ്പെടുത്തിക്കൊണ്ട് അന്ന് ഉണ്ടായിരുന്ന അടങ്കൽ തുക 12 കോടിയുണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ 120 കോടിയും, 13 കോടിയുണ്ടായിരുന്ന സ്ഥാനത്ത് 130 കോടി രൂപയും ആയി. ഈ 13 വൻകിട ജലസേചന പദ്ധതികളും യഥാസമയം ചെയ്തുതീർക്കാതിരുന്നതുകൊണ്ട് വന്നിട്ടുള്ള നഷ്ടം കോടിക്കണക്കിന് രൂപയാണ്. കോൺട്രാക്ടർമാരും എൻജിനീയർമാരും യഥാസമയം ചെയ്യാതിരിക്കുവാനുള്ള നടപടി സ്വീകരിച്ചതുകൊണ്ട് ഈ രാജ്യത്തിന് എന്തുമാത്രം നഷ്ടം വന്നിട്ടുണ്ട്. അതിന്റെ തുകയെത്രയാണെന്ന് വ്യക്തമാക്കാൻ മന്ത്രിക്ക് ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : അങ്ങനെ നഷ്ടം വന്ന തുക എത്രയാണെന്ന് ഇപ്പോൾ വ്യക്തമാക്കാൻ സാധിക്കുകയില്ല. അത് കണക്ക് കൂട്ടേണ്ട കാര്യമാണ്. പക്ഷേ ഒരു കാര്യം ശരിയാണ്. മൂന്നാം പദ്ധതിക്കാലത്തും അഞ്ചാം പദ്ധതിക്കാലത്തും തുടങ്ങി വച്ച പദ്ധതികളുണ്ട്. അതിന്റെ എസ്ററിമേററും റിവൈസ്ഡ് എസ്ററിമേററും തുടങ്ങി പല കാര്യങ്ങളുണ്ട്. മൂന്നു കോടി മുപ്പതു കോടിയും നാല് കോടി നാൽപതു കോടി രൂപയുമായിട്ടുണ്ട്. 13 കോടിയിൽ തുടങ്ങിയ പണിക്ക് റിവൈസ്ഡ് എസ്ററിമേററ്, 176 കോടി രൂപയായി. അതുകൊണ്ട് വളരെയധികം പണം ചിലവഴിക്കേണ്ടി വരുന്നുണ്ട്. അന്ന് തീർത്തിരുന്നെങ്കിൽ ഇത്രയധികം തുക ചെലവഴിക്കേണ്ടി വരികയില്ലായിരുന്നു. സിമൻറ് കിട്ടാത്തതു മൂലവും മററ് സാങ്കേതിക കാരണങ്ങളാലും അത് ഇങ്ങനെ നീണ്ടുപോകുകയാണ്. ഏതായാലും ശരി വളരെ വേഗം പഴയ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഒരു പ്രത്യേകം ടാർജററ് വച്ചുകൊണ്ട് ഒരു സ്കീം ഉണ്ടാക്കി പ്ലാനിംഗ് കമ്മീഷന് വീണ്ടും ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. അതുകൊണ്ടു തന്നെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം 1982-83 കാലത്തും 1983-84 കാലത്തും നമുക്ക് മേജർ ഇറിഗേഷന് തരുന്ന അലോട്ട്മെൻറിൻെറ സിംഹഭാഗവും ഈ പദ്ധതികൾക്ക് അലോക്കേററ് ചെയ്തുകൊണ്ട് പൂർത്തീകരിക്കാനുള്ള നല്ല ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു 1985-ൽ വൻകിട ജലസേചന പദ്ധതികളിൽ ചിലത് പൂർത്തിയാക്കാൻ കഴിയുമെന്ന്. പമ്പാ ഇറിഗേഷൻ പ്രോജക്ടിൽ ഇപ്പോൾ പണി നടക്കുന്നില്ല എന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അതിന് എന്തെങ്കിലും കാരണം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : മേജർ ഇറിഗേഷൻ പദ്ധതിക്ക് 1983-84-ൽ കൊടുത്ത പണം മുഴുവൻ ചിലവാക്കിക്കഴിഞ്ഞിരിക്കുകയാണ്. കൂടുതലായി അവിടെ പണി നടത്തുന്നുണ്ട്. വളരെ വേഗം പണി നടത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് വരുന്ന കൊല്ലത്തേക്കുള്ള പ്രവർത്തനങ്ങൾ ഇക്കൊല്ലം തുടങ്ങിയില്ല എന്നു മാത്രമേയുള്ളു. അവിടെ പണി നടക്കുന്നുണ്ട്. ഗവൺമെൻറിന് യാതൊരു വിസമ്മതവുമില്ല.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ചിമ്മിനിമുപ്പി പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി ; അത് എന്നത്തേക്ക് അവസാനിക്കുമെന്ന് പറയാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : ചിമ്മിനി പദ്ധതി 6-ാം പദ്ധതിയിൽ തുടങ്ങിവച്ച പദ്ധതിയാണെങ്കിൽ കൂടി അതിന് പ്രത്യേകമായ പ്രാധാന്യം കൊടുക്കുന്നുണ്ട്. മുപ്പതിനായിരത്തിൽ പരം ഏക്കറോളം കോൾകൃഷിയുമായി ബന്ധപ്പെട്ട ഒരു പദ്ധതിയെന്ന നിലയിൽ, കനാലിൻെറ ആവശ്യം ഇല്ലാത്തതുകൊണ്ട് നേരിട്ട് കൃഷിക്ക് വെള്ളം വിട്ടുകൊടുക്കാനുള്ള നല്ല പദ്ധതിയെന്ന നിലയിൽ 1986-87-ൽ തീർക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ചിമ്മിനി പദ്ധതിയുടെ ഭാഗമായിട്ടുള്ള മുപ്പി പദ്ധതി ലോകബാങ്കിൻെറ സഹായത്തോടുകൂടി ചിമ്മിനി പദ്ധതിയുടെ നടത്തിപ്പിനോടുകൂടി നടത്താൻ നടപടി സ്വീകരിക്കുമോ ലോകബാങ്കിൻെറ സഹായം അതിന് തേടിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗംഗാധരൻ : ലോകബാങ്കിൻെറ സഹായം തേടിക്കഴിഞ്ഞിട്ടില്ല. ഇൻവെസ്ററിഗേഷനിൽ നിൽക്കുകയാണ്. ചിമ്മിനി പൂർത്തീകരിച്ചതിനുശേഷം മുപ്പിക്ക് സഹായം തരും.

ശ്രീ. ആർ. എസ്. ഉണ്ണി : ലോകബാങ്കിൻെറ റവ്യൂടീം വന്ന് കല്ലട പദ്ധതിയെ സംബന്ധിച്ച് ഈ ഗവൺമെൻറിൻെറ പ്രവർത്തനത്തെപ്പററി വളരെ മോശപ്പെട്ട അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. ഇത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അതിനെപ്പററി ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ? കല്ലടയുടെ രണ്ടാം ഘട്ടത്തിന് ലോകബാങ്കിൻെറ സഹായം കിട്ടാൻ ഇടയില്ല എന്ന് കേൾക്കുന്നത് ശരിയാണോ ?

ശ്രീ. എം. പി. ഗംഗാധരൻ : കല്ലട പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലോകബാങ്കിൻെറ സഹായത്തിന് ആവശ്യപ്പെടേണ്ട സമയം കഴിഞ്ഞുപോയി. അത് ശരിയാണ്. 1984 ഡിസംബറോടുകൂടി പ്രോജക്ട് റിപ്പോർട്ട് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലോകബാങ്കിന്റെ ആളുകൾ ഇവിടെ വന്നപ്പോൾ മോശമായി അഭിപ്രായം പറഞ്ഞുവെന്നുള്ളത് ഭാഗികമായി ശരിയാണ്, കല്ലടയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ മോശമായ ഒരു അഭിപ്രായമുണ്ടായി. പക്ഷേ അതൊക്കെ തിരുത്തി ഒന്നുരണ്ടുകൊല്ലമായി ആ പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ട് പോകുകയാണ്. ഇക്കൊല്ലം തന്നെ ആ ഡാമിന്റെ പണി മുഴുവൻ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഡാമിന്റെ പണി 90 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്. വലതു കനാലിന്റെ പണി 75 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. ഇടതു കനാലിന്റെ പണി 50 ശതമാനത്തോളമായി. 1986-87 കാലഘട്ടത്തിൽ ഇത് തീർക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ പ്ലാൻ.

ശ്രീ. കെ. കൃഷ്ണൻകുട്ടി : മന്ത്രി മറുപടി പറഞ്ഞപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ കൂട്ടത്തിൽ കുര്യാർകുട്ടി-കാരപ്പാറ പദ്ധതിയുണ്ടെന്നു പറഞ്ഞു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി മന്ത്രി മറുപടി പറഞ്ഞപ്പോൾ അവിടെ കുറെ എസ്റ്റേറ്റ് മുങ്ങിപ്പോകും, കുറെ വനങ്ങൾ നശിക്കും, വന്യമൃഗങ്ങൾ ഇല്ലാതാകും അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് അതിന് തടസ്സം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. ആ പദ്ധതി നടത്തുന്ന പ്രശ്നമില്ല എന്ന് ബാലകൃഷ്ണപിള്ള പറഞ്ഞു. ഇതിൽ ഏതാണ് ശരി എന്നു പറയാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : കുര്യാർകുട്ടി-കാരപ്പാറ പദ്ധതി ഒരു മൾട്ടിപർപ്പസ് പദ്ധതിയാണ്. അത് ഒരു ഹൈഡ്രോ-ഇലക്ട്രിക്കൽ പദ്ധതി കൂടിയാണ്. ഇറിഗേഷനും അതിനോടുകൂടി ലിങ്കു ചെയ്യും. ബാലകൃഷ്ണപിള്ള പറഞ്ഞത് പവറിനെ സംബന്ധിച്ചുള്ള ആ പദ്ധതിയുടെ ബുദ്ധിമുട്ടുകളെക്കുറിച്ചും ആകാംക്ഷയെക്കുറിച്ചുമാണ്. അതിന് രണ്ടു മൂന്ന് റിസർവോയറുണ്ട്. അതിലൊന്ന് ഫോറസ്റ്റിലാണ്. ആ ഫോറസ്റ്റ് നശിപ്പിക്കാൻ പാടില്ല എന്ന് നിയമസഭയുടെ സബ്ജക്ട് കമ്മിററിയും തന്നെ ആവശ്യപ്പെടുകയും കേന്ദ്രത്തിൽ അതിന് ഒരു നിവേദനം നടത്തുകയും അത് പരിശോധിക്കുകയും ചെയ്തതാണ്. ആ പ്രയാസം അനുഭവിച്ചതുകൊണ്ടാണ് ഫോറസ്റ്റ് നശിപ്പിക്കരുതെന്ന് പറഞ്ഞത്. ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഇൻവെസ്റ്റിഗേഷൻ എടുത്തതാണ്. ചിററൂർപുഴയുടെ മറുഭാഗത്ത് ഇൻവെസ്റ്റിഗേററ് ചെയ്ത് ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ : കണ്ണൂർ ജില്ലയുടെ മുഖച്ഛായ മാററാൻ പര്യാപ്തമായ വിധത്തിൽ അവിടെ 27 ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് പര്യാപ്തമായതും കേന്ദ്ര വാട്ടർ കമ്മീഷൻ വളരെ ആദായകരമാണെന്ന് ശുപാർശ ചെയ്തതുമായിട്ടുള്ളതുമായ കാക്കടവ് പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുവാനും ത്വരിതപ്പെടുത്താനും ആവശ്യമായ അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : കണ്ണൂർ ജില്ലയുടെ മുഖച്ഛായ മാററുന്നതും കർഷകർക്ക് ആശ്വാസം നൽകുന്നതും കുടിവെള്ളം എത്തിക്കാൻ കഴിയുന്നതുമായ നല്ലൊരു പദ്ധതിയെന്നുള്ള നിലയിൽ അതിനെപ്പററി അന്വേഷണം നടത്തി അത് പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഒരു സമരം അവിടെ ഉണ്ടായത്. ആ പദ്ധതിയുടെ ബനിഫിററും കോസ്ററും നോക്കുമ്പോൾ കോസ്ററ് കൂടുതലും ബനിഫിററ് കുറവുമാണെന്ന് ചെറുപുഴ ടൗൺഷിപ്പ് അഭിപ്രായപ്പെട്ടിരിക്കുകയാണ്. അവിടം മുഴുവൻ വെള്ളത്തിലാകുമെന്നുള്ള ഭയാശങ്കയുണ്ടായി. ഇന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. നായനാർ മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്ന അവസരത്തിൽ കണ്ണൂരിൽ എല്ലാവരേയും വിളിച്ച് 1980 ഒക്ടോബർ മാസത്തിൽ ഒരു കോൺഫറൻസ് നടത്തുകയുണ്ടായി. അവിടെവച്ച് നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചിടത്തോളം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഒരു റീ സ്റ്റഡിക്ക് വിധേയമാക്കാമെന്ന് അദ്ദേഹം ഉറപ്പു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ നിയമ സഭയുടെ സബ്ജക്റ്റ് കമ്മിററി അവിടെപ്പോയി പരിശോധിച്ച് ഒരു റീ സ്റ്റഡി ആവശ്യമാണെന്ന് കണ്ട് അങ്ങനെ നിർദ്ദേശിച്ചതനുസരിച്ചും നിയമസഭയിൽ അന്നത്തെ ജലസേചന മന്ത്രി ഡോക്ടർ സുബ്ബറാവു ഉറപ്പുകൊടുത്തതനുസരിച്ചും റീ സ്റ്റഡിക്കുവേണ്ടി അന്നത്തെ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചു. പ്ലാനിംഗ് കമ്മീഷനിലെ ഇറിഗേഷൻ വിഭാഗം ചീഫ് എഞ്ചിനീയർ ചെയർമാനായ കമ്മീഷനാണ് ഉത്തരവ് പുറപ്പെടുവിച്ചത്. അദ്ദേഹം ഇപ്പോൾ റിട്ടയർ ചെയ്തു. അതിനുശേഷം ചതോപാദ്ധ്യായ ചെയർമാനായി പലതവണ ആ കമ്മിററി പരിശോധന നടത്തി. റീ സ്റ്റഡി നടത്തി. ആ റീ സ്റ്റഡി നടത്തിക്കഴിഞ്ഞ റിപ്പോർട്ട് കഴിഞ്ഞ നിയമസഭയിൽ കിട്ടാൻ കഴിഞ്ഞില്ലെങ്കിലും ഈ ഫെബ്രുവരിയിൽ കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടുപ്രകാരം 52 എഫ്. ആർ. എ. 52 മീററർ ലെവലിൽ ആ ഡാം കെട്ടണമെന്നുള്ള നിർദ്ദേശം ഉണ്ടായി. അതു വളരെ വേഗം കെട്ടാനുള്ള നിർദ്ദേശമുണ്ടായി. അതോടുകൂടി മററു പല പ്രശ്നങ്ങളും പുനരധിവാസത്തിന്റേയും മററും പ്രശ്നവും ഉണ്ട്. പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടുപിടിക്കണമെന്നുള്ള നിർദ്ദേശമുണ്ടായി. ഇതിനോടനുബന്ധിച്ച് ഈ ഡാം കെട്ടിക്കഴിഞ്ഞാൽ കർണ്ണാടക സംസ്ഥാനത്തിലെ പല പ്രദേശങ്ങളും വെള്ളത്തിലാകാൻ ഇടയുള്ളതുകൊണ്ട് അവരുടെ കൺകറൻസ് വാങ്ങിക്കണമായിരുന്നു. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

Dr. A. Subba Rao : The Hon. Minister just told that the World Bank has given a very bad opinion with regards to the construction of Kallada Project. May I know, is it not a fact that the agreement was signed on only after this Government had come into power and if the World Bank had given an adverse comment, is it not after this Government came to power ?

Shri M. P. Gangadharan : It is not fully correct, sir. I will explain the position. The World Bank assistance has been sought some years back. You, know, the world bank has given the assistance also. On their Inspection they found out some irregularities in the construction and many other things. That has been taken place in the former Government's time, and not now. That is why, while answering to Mr. Unni, I said that it was all on the construction perio l of the former Government. Of course the World Bank on its inspection found out some irregularities and it is being rectified.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഇറിഗേഷൻ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രധാനപ്പെട്ട പദ്ധതിയാണ് വാമനപുരം പദ്ധതിയെന്നും കഴിയുന്നതും പെട്ടെന്ന് അത് പൂർത്തീകരിക്കാൻ പോവുകയാണെന്നും നിർത്തി വച്ച സബ് ഡിവിഷനുകൾ ഏപ്രിൽ മാസം മുതൽ വീണ്ടും അവിടെ തുടങ്ങുമെന്നും ഇവിടെ ഉറപ്പു നൽകിയതാണ്. എന്നാൽ ഈ കൊല്ലം ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ : ജലസേചന പദ്ധതികളിൽ കല്ലട പദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. 1964-ൽ തുടങ്ങിയ പദ്ധതികളെന്നുള്ള നിലയിൽ ഈ പദ്ധതിയെ പ്രയോറിററി ലിസ്ററിൽപ്പെടുത്തിക്കൊണ്ട് വളരെയധികം പണം ഉൾക്കൊള്ളിക്കാൻ ഈ വർഷവും കഴിഞ്ഞിട്ടില്ല. വർക്കിംഗ് ഗ്രൂപ്പാണ് ഇതിനെല്ലാം പണം അലോട്ട് ചെയ്യുന്നത്. പഴയ പദ്ധതികൾക്ക് കൂടുതൽ തുക അലോട്ട് ചെയ്തതുകൊണ്ടാണ് ഈ വർഷം കൂടുതൽ തുക കൊള്ളിക്കാൻ കഴിയാതെ വന്നത്. കഴിഞ്ഞകൊല്ലം 20 ലക്ഷവും അതിനുമുമ്പ് 19 ലക്ഷവും അതിനുമുമ്പ് 10 ലക്ഷവുമായിരുന്നു നീക്കിവച്ചത്. ആ തുകയെല്ലാം ചെലവുചെയ്ത് കഴിഞ്ഞിട്ടുണ്ട്. സബ് ഡിവിഷനുകൾ മാററിയത് ഈ ഫൈനാൻഷ്യൽ ഈയറിൽത്തന്നെ പ്രവർത്തനം തുടങ്ങുമെന്ന് ഞാൻ പറഞ്ഞത് പാലിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : കാരാപ്പാറ-കരിയാർകുററി പദ്ധതിയെപ്പററി ഇവിടെ രണ്ടുദിവസം മുമ്പും തർക്കം വന്നതാണ്. ആ പദ്ധതിക്ക് കേന്ദ്രത്തിന്റെ നിർദ്ദേശമില്ലെന്ന് ബാലകൃഷ്ണപിള്ള പറഞ്ഞു. തുടങ്ങുമെന്ന് ശ്രീ. ഗംഗാധരൻ പറയുന്നു. ഈ കാര്യത്തിൽ നിങ്ങൾക്ക് വല്ല പോളീസിയുമുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ രണ്ടുപേരുംകൂടി സംസാരിച്ച് ഒത്തുതീർപ്പുണ്ടാക്കിയിട്ട് പറഞ്ഞാൽ മതി. രണ്ടുപേരും വ്യത്യസ്ഥമായി പറയാതെ ഈ കാര്യത്തിലുള്ള വ്യക്തമായ നിലപാട് അറിയണം.

ശ്രീ. എം. പി. ഗംഗാധരൻ : കരിയാർകുററി-കാരാപ്പാറ പദ്ധതി ഒരു മൾട്ടി പർപ്പസ് പ്രോജക്ററാണ്. പവർ പ്രോജക്ററിനെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ടാണ് ശ്രീ. ബാലകൃഷ്ണപിള്ള പറയുന്നത്. ഇറിഗേഷനെ സംബന്ധിച്ചിടത്തോളമുള്ള റിസർവോയറുകൾ മൂന്നും ഫോറസ്ററിലാണ്. അതുകൊണ്ട് ചിററൂർപുഴയിലെ എക്സ്സ് വാട്ടറിനെ സംബന്ധിച്ചിടത്തോളം ഒരു കരാർവഴി ചിററൂർ ഭാഗത്തുനിന്നും മറുഭാഗത്തേക്ക് കൊണ്ടുപോകാൻ സൗകര്യമുണ്ടോയെന്ന് അന്വേഷിക്കുകയും ആ അന്വേഷണം പൂർത്തീകരിച്ചാൽ ഇങ്ങനെ ചെയ്യുകയും ചെയ്യുന്നതാണ്. ഈ കാര്യത്തിൽ ആശയക്കുഴപ്പം ഇല്ല.

ശ്രീ. ബേബീജോൺ: കല്ലട പദ്ധതിക്ക് വേൾഡ് ബാങ്കിന്റെ സഹായം ലഭിച്ചതിനെപ്പററി പറഞ്ഞു. ആ പദ്ധതിക്കുവേണ്ടി വേൾഡ് ബാങ്കിന്റെ സഹായം അഭ്യർത്ഥിക്കുമ്പോഴുള്ള പൂർണ്ണ രൂപവും അതുവരെയുള്ള പ്രവർത്തനവും സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം അവർ സഹായം നൽകുകയും ആ പണം എങ്ങനെ വിനിയോഗിച്ചു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം റിവ്യൂ നടത്തിയേപ്പാൾ ആ പദ്ധതിയുടെ പ്രവർത്തനത്തിന്റെ ക്വാളിററി വളരെ മോശമാണെന്ന് റിവ്യൂ നടത്തുന്നതിനുവന്ന ടീം അഭിപ്രായപ്പെടുകയും ചെയ്തുവെന്ന് പറയുന്നത് ശരിയല്ലേ ?

ശ്രീ. എം. പി. ഗംഗാധരൻ : ഞങ്ങളെ സംബന്ധിച്ചിടത്തോളം അവർ തന്ന പണം നന്നായി യൂട്ടിലൈസ് ചെയ്തിട്ടുണ്ട്. ഇവിടെ വന്ന് അവർ ചില കാര്യങ്ങൾ നിർദ്ദേശിച്ചു. ഇപ്പോഴുള്ള പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളമല്ല. കഴിഞ്ഞകാല പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം അവർ പരിശോധിച്ചപ്പോൾ ചില ഇറെഗുലാരിററീസ് ഉണ്ടായതായി കാണാൻ കഴിഞ്ഞു.

ശ്രീ. കെ. പി. പ്രഭാകരൻ : ചിററൂർ ഡാമിന്റെ നിർമ്മാണം നിശ്ചിത സമയത്തിന് സ്റേററ് ഗവൺമെൻറ് പൂർത്തീകരിക്കാമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് തൃശ്ശൂർ കോൾ വികസന പദ്ധതിക്ക് നബാർഡിൽ നിന്നും സഹായം കിട്ടിയത്. ചിമ്മിനി ഡാമിന്റെ നിർമ്മാണം താമസിച്ചതുകൊണ്ട് നബാർഡിന്റെ സഹായം നിർത്തിയെന്ന് ഈ വർഷത്തെ എക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുണ്ട്. 1987-ൽ പൂർത്തീകരിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്: 1987-ലേക്ക് ഇതിന്റെ പൂർത്തീകരണം നീണ്ടുപോകുന്നതിന്റെ ഫലമായി നബാർഡിന്റെ സഹായം ലഭിക്കാത്തത് കോൾ വികസന പദ്ധതിക്ക് തടസ്സമുണ്ടാക്കുകയില്ലെന്നുള്ള വല്ല ഉറപ്പും കിട്ടിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗംഗാധരൻ : ചിമ്മിനി ഡാമിന്റെ പ്രവൃത്തി പൂർത്തീകരിക്കണമെന്നുള്ളത് കോൾ കൃഷിയെ സംബന്ധിച്ചിടത്തോളം എടുത്ത തീരുമാനമാണ്. കോൾ കൃഷിയെ സംബന്ധിച്ചിടത്തോളം നബാർഡിന്റെ ധനസഹായം ചിമ്മിനി പൂർത്തീകരിച്ചു കഴിഞ്ഞാൽ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. ഇത് ചിമ്മിനി പൂർത്തീകരിച്ചില്ലെങ്കിൽ തരുകയില്ലെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : നിങ്ങൾ അച്ചടിച്ച എക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എം. പി. ഗംഗാധരൻ : റീ ഫൈനാൻസ് ചെയ്യാൻ കഴിയാത്തതുകൊണ്ട് ഒന്നുരണ്ടു കൊല്ലമായി നബാർഡ് പണം തന്നിട്ടില്ല. കോൾ ഡെവലപ്പ്മെൻറ് പദ്ധതിയുടെ പ്രവർത്തനം നടക്കും. ചിമ്മിനി പദ്ധതിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അത് 1986നോടുകൂടി തീർക്കാൻ കഴിയത്തക്ക വിധത്തിൽ പ്രവർത്തനം നടത്തികൊണ്ടിരിക്കുകയാണ്. ചിമ്മിനി ഡാമിന് വളരെ പ്രയോറിററി കൊടുക്കുന്നുണ്ട്.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ

* 201. [233] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, കെ. ശങ്കരനാരായണപിള്ള :
,, കെ. കൃഷ്ണൻകുട്ടി :
,, എ. സി. ഷൺമുഖദാസ് :
,, സണ്ണി പനവേലിൽ :
,, എ. വി. താമരാക്ഷൻ :
,, ടി. പി. പീതാംബരൻ മാസ്ററർ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായങ്ങളിൽ എല്ലാം കൂടി എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് ;

(ബി) ഇവിടെയെല്ലാം വ്യാവസായിക ബന്ധവും തൊഴിലാളി പ്രശ്നവും കൈകാര്യം ചെയ്യുന്നതിന് പൊതുവായ സംവിധാനമോ സമീപനമോ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതെന്താണ് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏകദേശം 49873 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

(ബി, സി) മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും തൊഴിലാളി യൂണിയനുകളുമായി ദീർഘകാല കരാറുകളിൽ കമ്പനികൾ ഏർപ്പെട്ടിട്ടുണ്ട്. ഓരോ കരാറിന്റെയും കാലാവധി കഴിയുമ്പോൾ യൂണിയനുകൾ പുതിയ അവകാശങ്ങൾ കൊണ്ടുവരികയും മാനേജ്മെന്റ് അവരുമായി ചർച്ചകളിൽ ഏർപ്പെടുകയും ചെയ്യും. കരാറുകളിൽ ഏർപ്പെടുന്നതിന് മുൻപ് പബ്ലിക് എന്റർപ്രൈസസ് ബോർഡുമായി കൂടിയാലോചിക്കേണ്ടതുണ്ട്. ഈ സംവിധാനം പൊതുവേ ഫലപ്രദമായി കണ്ടുവരുന്നു.

## ജലസേചന പദ്ധതികൾ

* 202. [234] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, ജോസ് കുററ്യാനി :
,, എം. വി. രാഘവൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, ടി. കെ. ഹംസ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഏതെല്ലാം ജലസേചന പദ്ധതികൾക്കാണ് ലോകബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സഹായം ലഭിച്ചത് ;

(ബി) ഏതെങ്കിലും പദ്ധതി നിർത്തി വയ്ക്കാൻ നിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ജലസേചന പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനത്ത് എത്ര ജലസേചന പദ്ധതികൾ നിർമ്മാണഘട്ടത്തിലിരിക്കുന്നു ;

(എഫ്) പുതുതായി എത്ര പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട് ;

(ജി) ലോകബാങ്ക് വായ്പ സഹായം ലഭിക്കുന്ന പദ്ധതികൾക്ക് ഓരോന്നിനും എത്ര വീതം വായ്പ ലഭിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) കല്ലട ജലസേചന പദ്ധതിക്കുമാത്രമേ ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുള്ളു. ജലസേചന പദ്ധതികൾക്ക് പ്രത്യേകമായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചമ്രവട്ടം പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) നിർമ്മാണത്തിലിരിക്കുന്നതും ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്നതുമായി ആകെ 18 (പതിനെട്ട്) വൻകിട-ഇടത്തര ജലസേചന പദ്ധതികൾ ഉണ്ട്.

(എഫ്) അവസാന തീരുമാനം എടുത്തിട്ടില്ല.

(ജി) കല്ലട ജലസേചന പദ്ധതിക്ക് മൊത്തം 80.3 ദശലക്ഷം അമേരിക്കൻ ഡോളർ ലോകബാങ്കിന്റെ വായ്പയായി ലഭിക്കും. ഇത് 1981–82 മുതൽ 5 വർഷം കൊണ്ട് ലഭ്യമാക്കാനാണ് കരാറുള്ളത്.

പുതിയ ഐ. ററി. ഐ. കൾ

* 203. [235] ശ്രീ. തെന്നല ജി. ബാലകൃഷ്ണ പിള്ള :
,, മണിമംഗലത്തുകുട്ട്യാലി :
,, കെ. കെ. തോമസ് :
,, ടി. എച്ച്. മുസ്തഫ :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ :
,, കെ. സി. ജോസഫ് :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എത്ര ഐ. ടി. ഐ. കൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ബി) അവ എവിടെയൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) പുതുതായി എത്ര ഐ. ടി. ഐ. കൾ തുടങ്ങണമെന്ന കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബ്ളോക്കുകളിൽ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരിശോധന

* 204. [236] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബ്ളോക്കുകളിൽ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഇതനുസരിച്ച് പരിശോധനകൾ ക്രമമായി നടക്കാറുണ്ടോ; ആരാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബ്ളോക്കുകളിൽ നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ തിരിമറി നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ തിരിമറി നടത്തിയവർക്കെതിരായി എന്തു നടപടി സ്വീകരിച്ചു ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ, ബി) പ്രത്യേക നിബന്ധനയൊന്നുമില്ല. എന്നാൽ ഡെവലപ്പ്മെന്റ് കമ്മീഷണർ ആൻറ് സെക്രട്ടറി, മോണിട്ടറിംഗ് ആൻറ് പ്ലാനിംഗ് ഡെപ്യൂട്ടി സെക്രട്ടറി ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് കമ്മീഷണർമാർ എന്നീ ഉന്നതതല ഉദ്യോഗസ്ഥൻമാർ കൂടെക്കൂടെ പരിശോധന നടത്തുന്നുണ്ട്.

(സി) പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് ചില പരാതികൾ ലഭിക്കുന്നുണ്ട്.

(ഡി) പരാതികൾ വിശദമായി അന്വേഷിച്ച് യുക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

കാക്കടവ് പദ്ധതി

* 205. [237] ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലാരംഭിക്കാൻ പോകുന്ന കാക്കടവ് പദ്ധതിയെക്കുറിച്ച് സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യ പ്രകാരം നിയമിക്കപ്പെട്ട സെൻട്രൽവാട്ടർ കമ്മീഷനിലെ വിദഗ്ദ്ധൻമാരുടെ ഒരു സംഘമാണ് പദ്ധതിയെപ്പററി പഠനം നടത്തിയത്. അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) എഫ്. ആർ. എൻ. 52 എം ആയി കാക്കടവ് പദ്ധതി എത്രയും വേഗം പൂർത്തിയാക്കണമെന്നാണ് പഠന സംഘം ശുപാർശ ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് എത്രയും വേഗം ഒരു തീരുമാനമെടുക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി പ്രദേശത്തു നിന്നും ഒഴിപ്പിക്കപ്പെടുന്നവർക്കുവേണ്ടി ഒരു പുനരധിവാസ പദ്ധതികൂടി ആവിഷ്ക്കരിക്കണമെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ഐ. സി. ഡി. എസ്. നടപ്പിലാക്കിയ ബ്ളോക്കുകൾ

* 206. [238] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ. സി. ഡി. എസ്. നടപ്പിലാക്കിയ എത്ര വികസന ബ്ളോക്കുകൾ ഉണ്ട് ;

(ബി) പുതുതായി എത്ര ബ്ളോക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇത് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നു വ്യക്തമാക്കാമോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ട് നടപ്പിലാക്കിയ 55 വികസന ബ്ളോക്കുകൾ ഉണ്ട്. 6 പട്ടണച്ചേരി പ്രദേശങ്ങളിലു ഈ പദ്ധതി നടന്നു വരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ബ്ളോക്കുകളിലും ക്രമേണ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(സി) ആരോഗ്യപരമായും, വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും സാമൂഹ്യപരമായും പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങളെയാണ് ഐ. സി. ഡി. സി. പ്രോജക്ട് നടപ്പിലാക്കാൻ തെരഞ്ഞെടുക്കുന്നത്.

## എല്ലാ ഗ്രാമങ്ങളിലും ശുദ്ധജലം എത്തിക്കാൻ നടപടി

* 207. (239) ശ്രീ. കെ. ടി. കണ്ണാരൻ :

,, വി. കെ. രാജൻ :

,, കെ. പി. പ്രഭാകരൻ :

,, പി. കുമാരൻ :

,, കെ. ഇ. ഇസ്മയിൽ :

,, കാനം രാജേന്ദ്രൻ :

,, കെ. ടി. കുമാരൻ :

,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചല വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983 ജൂലൈയിൽ നിയമസഭ പാസ്സാക്കിയ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ശുദ്ധജലം എത്തിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ശുദ്ധജന വിതരണ പദ്ധതികൾ ഒന്നും ഇല്ലാത്ത എത്ര പ്രശ്ന ഗ്രാമങ്ങൾ കേരളത്തിൽ ഉണ്ട് ;

(സി) ഈ ഗ്രാമങ്ങളിൽ എന്നത്തേക്ക് കുടിനീർ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈവർഷം എത്ര പുതിയ ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്തു ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) അവശേഷിക്കുന്ന 301 പ്രശ്ന ഗ്രാമങ്ങളിൽ 1985 മാർച്ച് അവസാനത്തോടെ ശുദ്ധജല വിതരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ പരിപാടികൾ പുരോഗമിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 301 എണ്ണം.

(സി) 1985 മാർച്ച് അവസാനത്തോടെ ഈ ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം നടപ്പിലാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ വർഷം 52 പദ്ധതികൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

## സർക്കാർ അംഗീകാരമുള്ള ഐ. ടി. ഐ. കൾ

* 208. [240] ശ്രീ. വി. കേശവൻ :
,, ഇ. പത്മനാഭൻ :
,, വി. ജെ. തങ്കപ്പൻ :
,, വർക്കല രാധാകൃഷ്ണൻ :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സർക്കാർ അംഗീകാരമുള്ള എത്ര ഐ. ടി. ഐ. കൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയത് എന്തെല്ലാം വ്യവസ്ഥകളിൻമേലാണ് ;

(സി) ഈ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന രീതിയിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമോ മേൽനോട്ടമോ ഉണ്ടോ ;

(ഡി) ഈ സ്ഥാപനങ്ങളുടെ അദ്ധ്യയന നിലവാരം പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ സർക്കാർ അംഗീകാരമുള്ള 218 ഐ. ടി. ഐ. കൾ ഉണ്ട്. (സ്വകാര്യമേഖലിയുള്ള സ്ഥാപനങ്ങൾ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ എന്നാണ് അറിയപ്പെടുന്നത്. ഗവൺമെൻറ് ഉടമയിലുള്ള സ്ഥാപനങ്ങളെ ഐ. ടി. ഐ. എന്നും.)

(ബി) കേന്ദ്ര ഗവൺമെൻറിൻെറ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിൻെറ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായാണ് പ്രസ്തുത സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്.

(സി) നിശ്ചിത വിദ്യാഭ്യാസയോഗ്യതയും പ്രായപരിധിയും ഉള്ള വിദ്യാർത്ഥികളെ ആണോ പ്രവേശിപ്പിക്കുന്നത് എന്നുമാത്രമേ പരിശോധിക്കാറുള്ളു. മററ് നിയന്ത്രണങ്ങൾ ഇല്ല.

(ഡി) ഈ സ്ഥാപനങ്ങളിലെ അദ്ധ്യയന നിലവാരം പരിശോധിക്കുന്നതിന് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് എന്ന പേരിൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്കുപുറമേ ഡയറക്ടറും ജോയിൻറ് ഡയറക്ടറും കേന്ദ്ര ഗവൺമെൻറിൻെറ ഒരു പ്രതിനിധി ഉൾക്കൊള്ളുന്ന ഒരു കമ്മിററിയും പരിശോധന നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായബന്ധ സമിതികൾ

* 209. [241] ശ്രീ. സി. കെ. ചക്രപാണി :
,, എം. ജിനദേവൻ :
,, വർക്കല രാധാകൃഷ്ണൻ :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങളിൽ ഇപ്പോൾ വ്യവസായബന്ധ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(ബി) എല്ലാ വ്യവസായബന്ധ സമിതികളിലുംകൂടി ഓരോ കേന്ദ്ര ട്രേഡ് യൂണിയനേയും പ്രതിനിധീകരിച്ചുകൊണ്ട് എത്ര പ്രതിനിധികൾ വീതം ഉണ്ട് ;

(സി) എന്ത് മാനദണ്ഡം സ്വീകരിച്ചുകൊണ്ടാണ് ഓരോ സമിതിയിലും പ്രതിനിധികളെ ഉൾക്കൊള്ളിക്കുന്നത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) വ്യവസായ സ്ഥാപനങ്ങളിൽ വ്യവസായബന്ധ സമിതികൾ പ്രവർത്തിക്കുന്നതായി അറിവില്ല.

(ബി) അനുബന്ധമായി കൊടുത്തിട്ടുള്ള പട്ടിക കാണുക. †

(സി) ഓരോ വ്യവസായബന്ധ സമിതിയിലും ആ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലുടമകളുടെയും തൊഴിലാളികളുടെയും പ്രതിനിധികളെയാണ് നിയമിക്കുന്നത്. സെൻട്രൽ ട്രേഡ് യൂണിയൻ ഓർഗനൈസേഷൻ നിർദ്ദേശിക്കുന്ന പ്രതിനിധികളെ സ്റേററ്റ് ഒട്ടാകെയുള്ള വ്യവസായങ്ങളിലേക്കുള്ള വ്യവസായബന്ധ സമിതികളിൽ നിയമിക്കുകയാണ് പതിവ്.

മുനിസിപ്പൽ ധനകാര്യ കമ്മീഷന്റെ ശുപാർശകൾ

* 210. [242] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, സി. ടി. കൃഷ്ണൻ :
,, സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ശുപാർശകളാണ് അംഗീകരിട്ടുള്ളത് ; ഏതെല്ലാം ശുപാർശകളാണ് തള്ളിക്കളഞ്ഞത് ?

(സി) സ്വീകരിച്ച ശുപാർശകൾകൊണ്ട് മുനിസിപ്പാലിററികൾക്ക് എന്തു പ്രയോജനമാണുണ്ടാകുന്നത് ?

---

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഭൂരിപക്ഷം ശുപാർശകളിൻമേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് നൽകിവരുന്ന "ജനറൽ പർപ്പസ് ഗ്രാൻറും", പ്രത്യുൽപാദന പരമല്ലാത്ത നഗരോദ്ധാരണ പദ്ധതികൾക്കുള്ള സാമ്പത്തിക സഹായനിരക്കും മുനിസിപ്പൽ ധനകാര്യ കമ്മീഷൻെറ ശുപാർശയനുസരിച്ച് പുനർനിർണ്ണയം ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. നികുതി നിർണ്ണയവും പിരിവും സംബന്ധിച്ച് നിലവിലുള്ള സംപ്രദായം ലഘൂകരിക്കുന്നതിനും, മുനിസിപ്പൽ ഭരണം കാര്യക്ഷമമാക്കുന്നതിനും വേണ്ട സമഗ്രമായ ഒരു മുനിസിപ്പൽ നിയമം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിററികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും അവയുടെ ബാലാരിഷ്ടത തരണംചെയ്യുന്നതിലേക്ക് കുറഞ്ഞത് 3 കൊല്ലക്കാലം സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കണമെന്നുള്ള ശുപാർശയും നഗരസഭകളുടെ വികസന പ്രവർത്തനങ്ങൾക്കായി വില്പന നികുതിയിൻമേൽ 10% സർചാർജ് പിരിക്കണമെന്നുള്ള ശുപാർശയുമാണ് സർക്കാർ തള്ളിക്കളഞ്ഞിട്ടുള്ള മുനിസിപ്പൽ ധനകാര്യ കമ്മീഷൻെറ ശുപാർശകളിൽ പ്രധാനപ്പെട്ടവ.

(സി) സർക്കാർ സ്വീകരിച്ചിട്ടുള്ള ശുപാർശകളുടെ ഫലമായി നഗരസഭകളുടെ സാമ്പത്തിക നില ഒരു പരിധിവരെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

## പഞ്ചായത്ത് സമിതികൾ

*211. [243] ശ്രീ. ടി. കെ. അബ്ദു :

,, എം. കുഞ്ഞിരാമൻ നമ്പ്യാർ :

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പായി നിലവിലുള്ള പഞ്ചായത്ത് സമിതികൾ പിരിച്ചുവിട്ട് സ്പെഷ്യൽ ആഫീസറൻമാരെ നിയമിക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

ഇല്ല.

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ നിയമം

*212. [244] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനു നിയമം നിർമ്മിക്കുന്ന നടപടി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിയമസഭാ സമ്മേളനകാലത്തുതന്നെ ബിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഇപ്പോൾത്തന്നെ ഒരു ക്ഷേമപദ്ധതി നിലവിലുണ്ട്. ഇതു പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ചുള്ള ഡിമാൻഡുകൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പരിപാടി

*213. [245] ശ്രീമതി പി. ദേവൂട്ടി :

ശ്രീ. സി. പി. മൂസ്സാൻകുട്ടി :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പരിപാടിയനുസരിച്ച് സംസ്ഥാനത്ത് പുതിയതായി എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടിയുടെ കീഴിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) 1983-84, 1984-85 എന്നീ വർഷങ്ങളിലായി ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും എണ്ണായിരം ഭവനങ്ങളുടെ നിർമ്മാണം, 550 ഗ്രാമീണ ലിങ്കു റോഡുകളുടെ നിർമ്മാണം എന്നീ വികസന പ്രവർത്തനങ്ങൾക്കാണ് ആക്ഷൻ പ്ലാൻ അംഗീകരിച്ചിട്ടുള്ളത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

## സ്വകാര്യ ഐ. ടി. ഐ. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

*214. [246] ശ്രീ. എൻ. എ. മമ്മുഹാജി :

,, ഇ. പത്മനാഭൻ :

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള ഐ. ടി. ഐ. കളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് എന്തെങ്കിലും പൊതു വ്യവസ്ഥകൾ നിലവിലുണ്ടോ ;

(ബി) ഈ സ്ഥാപനങ്ങൾക്ക് ടീച്ചിംഗ് വകയിലോ മെയിൻറനൻസ് വകയിലോ എന്തെങ്കിലും ഗ്രാൻറ് നല്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെന്റ് ഐ. ടി. ഐ. കളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സ്വകാര്യമേഖലയിലെ ജീവനക്കാർക്കും ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) പൊതു വ്യവസ്ഥകൾ നിലവിലില്ല. പക്ഷെ അവരുടെ കുറഞ്ഞ പരീക്ഷായോഗ്യത സംബന്ധിച്ച് പൊതുവായ വ്യവസ്ഥകൾ നിലവിലുണ്ട്. നാഷണൽ ട്രേഡ് സർട്ടിഫിക്കററാണ് ഏററവും കുറഞ്ഞ യോഗ്യതയായി പ്രൈവററ് ഐ. ടി. സി. ക്കാർക്ക് നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഇല്ല.

(സി) സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ ഒന്നും ഗവൺമെന്റിൽനിന്നും കൊടുക്കാത്തതുകൊണ്ട് ഗവൺമെന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സ്വകാര്യമേഖലയിലെ ജീവനക്കാർക്കും ബാധകമാക്കുവാൻ സാധിക്കുകയില്ല.

## മീനച്ചിൽ വാലി ജലസേചന പദ്ധതി

*215. [247] ശ്രീ. സിറിയക്ക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചിൽ വാലി ജലസേചന പദ്ധതിയുടെ നിർമ്മാണ ജോലി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റേയും പ്ലാനിംഗ് കമ്മീഷന്റേയും ഇറിഗേഷൻ അതോറിററിയുടേയുമൊക്കെ അംഗീകാരവും അനുമതിയും കിട്ടിയോ ;

(സി) ഈ പദ്ധതിക്ക് ബഡ്ജററിൽ വകയിരുത്തിയിട്ടുള്ള തുകയെത്ര ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകൾ ഒന്നും തന്നെ ഇതുവരെ ആരേയും ഏൽപ്പിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) 1983-84-ലെ ബഡ്ജററിൽ 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ

*216. [248] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം തൊഴിലുകളിലാണ് പരിശീലനം നല്കിവരുന്നത് ;

(സി) ഓരോ വില്ലേജിലും ഓരോ തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ വേണ്ടി സംയോജിത ഗ്രാമവികസന പരിപാടി, ഗ്രാമീണ യുവജനങ്ങൾക്ക് പരിശീലനം നല്കി സ്വയം തൊഴിൽ നേടാനുള്ള ട്രൈസം പരിപാടി, ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി, ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പരിപാടി എന്നീ പദ്ധതികളാണ് വികസന വകുപ്പുവഴി ഗവൺമെൻറ് നടപ്പിലാക്കി വരുന്നത്.

(ബി) ട്രൈസം പരിപാടിയനുസരിച്ച് പരിശീലനം നല്കി വരുന്ന നൂറിലേറെ സംരംഭങ്ങളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) തൽക്കാലം സാദ്ധ്യമാവുകയില്ല.

## ഗൾഫ് നാടുകളിൽ നിന്നു് ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവർ

* 217. [249] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗൾഫ് നാടുകളിലെ തൊഴിൽ നിയമംമൂലം ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവർക്ക് ജോലി നല്കുവാനുള്ള വല്ല പദ്ധതിയും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

ഇല്ല.

## ബ്ലോക്ക് മുഖേന നടപ്പാക്കുന്ന സാമൂഹ്യ വികസന പദ്ധതികൾ

* 218. [250] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബ്ലോക്ക് മുഖേന നടത്തുന്ന സാമൂഹ്യ വികസന പദ്ധതികൾ ഏതെല്ലാമാണ് ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(1) പ്രയുക്ത പോഷകാഹാര പരിപാടി (എ. എൻ. പി.).
(2) പ്രാദേശിക വികസനത്തിന് സാമൂഹ്യ നിക്ഷേപം (എസ്. ഐ. എ. ഡി.)
(3) ഗ്രാമീണ പ്രവർത്ത്യുൻമുഖ സാക്ഷരതാ പരിപാടി (ആർ. എഫ്. എൻ. പി.)
(4) സമഗ്ര മാതൃശിശു സംരക്ഷണ പരിപാടി (സി. പി. ഡബ്ലിയു. പി. ഡി.)
(5) ഐ. ആർ. ഡി. പി.
(6) ട്രൈസം
(7) പാരമ്പര്യ കൈത്തൊഴിലുകൾക്ക് പലിശ ഇളവ്, ധനസഹായം.
(8) കാർഷികോല്പാദന വർദ്ധനവിനുവേണ്ടി ചെറുകിട നാമമാത്ര കൃഷിക്കാർക്കുള്ള സഹായ പദ്ധതി.
(9) ഗ്രാമ പ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം (ഡി. ഡബ്ലിയു. സി. ആർ. എ.)
(10) എൻ. ആർ. ഇ. പി.

LIBRARY ARCHIVES Kerala Legislative Assembly

(11) ആർ. എൽ. ഇ. ജി. പി.
(12) കെയർ ഫീഡിംഗ് പ്രോഗ്രാം.
(13) വില്ലേജ് റോഡ് മെയിൻറനൻസ് പ്രോഗ്രാം.
(14) കിണർ കുഴിക്കാനുള്ള പരിപാടി.
(15) ഇ. എസ്. പി. മാതൃകയിലുള്ള കക്കൂസുകൾക്ക് സ്ലാബുകൾ വിതരണം ചെയ്യുന്ന പദ്ധതി.

എന്നീ പദ്ധതികളാണ് ബ്ലോക്ക് മുഖേന നടത്തുന്ന സാമൂഹ്യ വികസന പദ്ധതികൾ.

## പഞ്ചായത്ത് ധനകാര്യ കമ്മീഷൻ

*219. [251] ശ്രീ. എ. കെ. പത്മനാഭൻ :
,, എസ്. ഗോവിന്ദകുറുപ്പ് :
,, സി. കെ. ചക്രപാണി :
,, സി. വാസുദേവമേനോൻ :
,, കെ. മൂസാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് ഒരു പഞ്ചായത്ത് ധനകാര്യ കമ്മിഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഒരു കമ്മിഷൻെറ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ കമ്മിഷനിൽ ആരെല്ലാമാണ് അംഗങ്ങൾ ; അതിൻെറ പ്രവർത്തനം ആരംഭിച്ചു തുടങ്ങിയോ ;

(ഡി) ഇതിൻെറ പ്രവർത്തനംകൊണ്ട് പഞ്ചായത്തുകൾക്ക് എന്തെല്ലാം നേട്ടങ്ങൾ ആണ് ഉണ്ടാകുന്നത് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകൾ ജനങ്ങൾക്ക് നൽകുന്നതായ സേവന സൗകര്യങ്ങൾ, വരവു ചെലവ് എന്നിവയെപ്പററി വിശദമായി പഠിച്ച് പഞ്ചായത്തിൻെറ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് പഞ്ചായത്ത് ധനകാര്യ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. നികുതി വരുമാനം ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനും നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനും സർക്കാരിൽ നിന്നും ഗ്രാൻറ് നൽകുന്നതിന് കൈക്കൊള്ളേണ്ട മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനും നികുതിയിനത്തിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള കുടിശ്ശിക ഉണ്ടാകാതിരിക്കുവാനും വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയെന്നതും പഞ്ചായത്ത് ധനകാര്യ കമ്മിഷൻെറ ലക്ഷ്യങ്ങളാണ്.

(സി) താഴെപ്പറയുന്നവരാണ് കമ്മിഷനിലെ അംഗങ്ങൾ.

1. ശ്രീ. കെ. അവുക്കാദർകുട്ടി നഹ (ഡെപ്യൂട്ടി മുഖ്യമന്ത്രി) ചെയർമാൻ

2. എം. എസ്. കെ. രാമസ്വാമി (കമ്മീഷണർ ആൻറ് സെക്രട്ടറി) (ത. സ്വ.) മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

3. പ്ലാനിംഗ് ആൻറ് എക്കണോമിക്സ് അഫയേഴ്സ് വകുപ്പിൻെറ ഒരു പ്രതിനിധി.
മെമ്പർ

4. പഞ്ചായത്ത് ഡയറക്ടർ
മെമ്പർ.

5. ധനകാര്യവകുപ്പിൻെറ ഒരു പ്രതിനിധി—മെമ്പർ

കമ്മിഷൻെറ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ഡി) കമ്മിഷൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ധനാഗമ മാർഗ്ഗങ്ങരം വർദ്ധിപ്പിക്കുവാനും അതുവഴി ജനങ്ങളുടെ സേവന സൗകര്യങ്ങരം വർദ്ധിപ്പിക്കുവാനും കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

## സ്വയംതൊഴിൽ കണ്ടെത്തുന്ന പരിപാടി

* 220. [252] ശ്രീ. വി. എം. സുധീരൻ :
,, മണിമംഗലത്ത് കുട്ട്യാലി :
,, കെ. കെ. തോമസ് :
,, ബെന്നി ബഹനാൻ :
,, കെ. സി. ജോസഫ് :
,, പന്തളം സുധാകരൻ :
,, സിദ്ധാർത്ഥൻ കാട്ടുകൽ :
,, തെന്നല ജി. ബാലകൃഷ്ണ പിള്ള :
,, ഉമ്മൻ ചാണ്ടി :
,, ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങരക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംതൊഴിൽ കണ്ടെത്തുന്ന പരിപാടി അനുസരിച്ച് സംസ്ഥാനത്ത് എത്രപേർക്ക് പ്രയോജനം ലഭിച്ചു ;

(ബി) ഈ പദ്ധതി ഊർജ്ജിതപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 9-3-1984 വരെ 20569 പേർക്ക് ഈ പദ്ധതിപ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

## വരരച്ച ദുരിതാശ്വാസത്തിൻെറ ഭാഗമായി സ്ഥാപിച്ച ടാപ്പുകരം

* 221. [253] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കണാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
ഡോക്ടർ എ. സുബ്ബറാവു :

ശ്രീ. എം. കെ. കേശവൻ :

,, കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി പുതുതായി എത്ര സ്ഥലത്ത് ടാപ്പുകൾ സ്ഥാപിച്ച് വെള്ളം നൽകിയിട്ടുണ്ട് ;

(ബി) ഇതിന് എത്ര സംഖ്യ ചെലവു വന്നു ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) 11216 സ്ഥലത്ത് പുതിയ ടാപ്പുകൾ സ്ഥാപിച്ച് വെള്ളം നൽകിയിട്ടുണ്ട്.

(ബി) വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി ശുദ്ധജല വിതരണ പദ്ധതികൾക്ക് മൊത്തം 2,183.14 ലക്ഷം രൂപ ചെലവായി.

## സംസ്ഥാനത്തെ കോർപ്പറേഷനുകളും മുനിസിപ്പാലിററികളും

* 222. [254] ശ്രീ. എ. കെ. ശശീന്ദ്രൻ :

,, കെ. ശങ്കരനാരായണ പിള്ള :

,, സണ്ണി പനവേലിൽ :

,, ടി. പി. പീതാംബരൻ മാസ്ററർ :

,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര കോർപ്പറേഷൻ നഗരങ്ങൾ ഉണ്ട് ;

(ബി) ആകെ എത്ര മുനിസിപ്പാലിററികൾ ഉണ്ട് ;

(സി) ഈ നഗരങ്ങളുടെ വിസ്തൃതിയും ജനസംഖ്യയും എത്രയെന്നു വെളിപ്പെടുത്തുമോ ;

(ഡി) ഏററവും ജനസാന്ദ്രത കൂടിയ കോർപ്പറേഷൻ നഗരം ഏത് ;

(ഇ) ഏററവും സാന്ദ്രത കൂടിയ മുനിസിപ്പൽ ടൗൺ ഏത് ;

(എഫ്) ഏതെല്ലാം മുനിസിപ്പാലിററികളിൽ ഇന്ന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിൽ ഇല്ല ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) 3

(ബി) 42

(സി) വിശദവിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഡി) തിരുവനന്തപുരം.

(ഇ) കൊല്ലം

(എഫ്) വർക്കല, തൊടുപുഴ, പത്തനംതിട്ട, കോതമംഗലം.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ബാലവാടി അദ്ധ്യാപികമാരുടെ പരാതി

* 223. [255] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവാടി അദ്ധ്യാപികമാർക്ക് പത്തു മാസമായി പ്രതിമാസ ശമ്പളം ലഭിക്കുന്നില്ലെന്നുള്ള കേരളാ ബാലവാടി ടീച്ചേഴ്സ് അസോസിയേഷന്റെ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഓണത്തിന് ഉൽസവ ബത്തയായി ബാലവാടി അദ്ധ്യാപികമാർക്ക് അനുവദിച്ച 50 രൂപ നാളിതുവരെ നൽകാതിരുന്നത് അടിയന്തിരമായി നൽകുവാൻ നടപടിയെടുക്കുമോ ;

(സി) എസ്. എസ്. എൽ. സി. പാസ്സായ അദ്ധ്യാപികമാരെ നിയമിക്കണമെന്നുള്ള സർക്കാർ ഉത്തരവു പ്രകാരം നാലും അഞ്ചും വർഷം സർവ്വീസ ഉള്ളവരെപ്പോലും പിരിച്ചുവിടാൻ സമാജം പ്രസിഡൻറുമാരും ബ്ലോക്കധികൃതരും ശ്രമിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ബാലവാടി അദ്ധ്യാപികമാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും, പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ സേവന–വേതന–വ്യവസ്ഥകൾ അവർക്കു ബാധകമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ബാലവാടി അദ്ധ്യാപികമാർക്ക് 50 രൂപ വീതം പ്രത്യേക ഉൽസവബത്ത അടിയന്തിരമായി നൽകുവാൻ നൽകുന്നതിനു വേണ്ട തുക 15-2-1984-ൽ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(സി) എസ്. എസ്. എൽ. സി. പാസ്സായവരെ മാത്രം ബാലവാടി അദ്ധ്യാപികമാരായി നിയമിക്കണമെന്ന് സർക്കാർ ഇതേവരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ബാലവാടി അദ്ധ്യാപികമാരെ നിയമിക്കുന്നതു അതാതു മഹിളാ സമാജം കമ്മററിയാണ്. അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ സാദ്ധ്യമല്ല.

പഞ്ചായത്തിലെ ഫുൾടൈം തൂപ്പുകാരുടെ ശമ്പളസ്കെയിൽ

* 224. [256] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. പി. പ്രഭാകരൻ :
,, പി. കുമാരൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിലെ ഫുൾടൈം തൂപ്പുകാരുടെ ശമ്പള സ്കെയിൽ എന്താണ് ;

(ബി) അതിനനുസൃതമായ ക്ഷാമബത്ത അവർക്ക് നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) പഞ്ചായത്തുകളിലെ ഫുൾടൈം തൂപ്പുകാരുടെ ശമ്പള നിരക്ക് 280-400 രൂപയാണ്.

(ബി) ഒരു നിശ്ചിത ക്ഷാമബത്തയാണ് അവർക്ക് നൽകുന്നത്.

(സി) സർക്കാർ സർവ്വീസിലുള്ളവർക്ക് കൊടുക്കുന്ന നിരക്കിൽ ക്ഷാമബത്ത കൊടുക്കാൻ നിർവ്വാഹമില്ല.

## ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. സ്കീമുകളനുസരിച്ച് തൊഴിൽ ലഭിച്ചവർ

* 225. [257] ശ്രീ. റ്റി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. എന്നീ സ്കീമുകളനുസരിച്ച് എത്രപേർക്ക് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം തൊഴിലുകൾ നൽകിയിട്ടുണ്ട് ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 1982-83, 1983-84 (25-2-1984 വരെ) എന്നീ വർഷങ്ങളിൽ മൊത്തം 174157 കുടുംബങ്ങൾക്ക് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. എൻ. ആർ. ഇ. പി. പ്രകാരം 1982 ജൂൺ മുതൽ 1983-84 (25-2-1984 വരെ) 176.26 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി

* 226. [258] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് 1982-83 എന്നീ വർഷങ്ങളിൽ എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഇതിൽ എത്രപേർക്കു ധനസഹായം നൽകി ;

(സി) ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1,01,383 അപേക്ഷകൾ ലഭിച്ചു.

(ബി) 9-3-1984 വരെ 20,569 പേർക്ക് ധനസഹായം നൽകി.

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ജില്ല | അപേക്ഷകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 28648 | 2468 |
| കൊല്ലം | 13151 | 3765 |
| പത്തനംതിട്ട | 697 | 12 |
| ആലപ്പുഴ | 11623 | 756 |
| കോട്ടയം | 6932 | 2699 |
| ഇടുക്കി | 1510 | 502 |

LIBRARY ARCHIVES Kerala Legislative Assembly

| ജില്ല | അപേക്ഷകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| എറണാകുളം | 8054 | 2763 |
| തൃശ്ശൂർ | 5776 | 1137 |
| പാലക്കാട് | 6021 | 1134 |
| മലപ്പുറം | 3645 | 715 |
| കോഴിക്കോട് | 11569 | 3363 |
| വയനാട് | 341 | 132 |
| കണ്ണൂർ | 3366 | 1123 |
| ആകെ | 101333 | 20569 |

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### കർഷക തൊഴിലാളികൾക്ക് ക്ഷേമനിധി

455. [730] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെൻറ് കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ക്ഷേമനിധി നടപ്പിലാക്കുന്നതിന് വല്ല നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) കർഷക തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതു സംബന്ധിച്ച് കർഷക പ്രതിനിധികളുടെയും കർഷക തൊഴിലാളി പ്രതിനിധികളുടെയും ഒരു കോൺഫറൻസ് 21–1–1984–ൽ എറണാകുളത്ത് വിളിച്ചു കൂട്ടുകയുണ്ടായി. ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ള സമ്മേളന തീരുമാനപ്രകാരം വശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു മൂന്നംഗ ഉദ്യോഗ കമ്മററിയെ നിയോഗിച്ചിരിക്കുകയാണ്. കമ്മററിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ എടുക്കുന്നതാണ്.

(ഡി) ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ (ഐ) ചങ്ങനാശ്ശേരി താലൂക്ക് കർഷക തൊഴിലാളി യൂണിയൻ (എ. ഐ. ററി. യു. സി.), കൂടരഞ്ഞി പഞ്ചായത്ത് കർഷക സമിതി (കോഴിക്കോട് ജില്ല) എന്നീ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി

456. [731] ശ്രീ. കെ. പി. രാമൻ :
,, എം. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെൻറ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമനിധി രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ബീഡി തൊഴിലാളികളുടെ ഡിമാൻറുകളെ സംബന്ധിച്ച് വല്ല മെമ്മോറാണ്ടവും കിട്ടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ ഡിമാൻറുകളെ സംബന്ധിച്ച് എന്താണ് ഗവൺമെൻറിൻെറ നയമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഇപ്പോൾ സംസ്ഥാന ഗവൺമെൻറിൻെറ പദ്ധതികൾ ഒന്നും തന്നെയില്ല ; എന്നാൽ കേന്ദ്ര ഗവൺമെൻറിൻെറ വെൽഫയർ ഫണ്ട് ഓർഗനൈസേഷൻ വിവിധ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കരട് കേരളാ ബീഡി തൊഴിലാളി ക്ഷേമനിധി ബിൽ പരിശോധനയിലാണ്. അതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വ്യക്തമാക്കുവാൻ പററുകയില്ല.

(ഡി) ഉണ്ട്.

(ഇ) ബീഡി തൊഴിലാളി യൂണിയനുകൾ 16-10-1982-ൽ ഉന്നയിച്ച ഡിമാൻറുകൾ 1-11-1982-ൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ലേബർ കമ്മീഷണർ വിളിച്ചു കൂട്ടിയ ചർച്ചയിൽ ഒത്തുതീർപ്പായിട്ടുണ്ട്.

## കർഷക തൊഴിലാളി പെൻഷൻ

457. [732] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര കർഷക തൊഴിലാളികൾക്ക് പെൻഷൻ നൽകി ;

(ബി) വില്ലേജ് ഓഫീസുകളിൽ ലഭിച്ച ആകെ അപേക്ഷകൾ എത്ര ;

(സി) ലേബർ ഓഫീസർക്ക് ശുപാർശ ചെയ്തു കിട്ടിയ അപേക്ഷകൾ എത്ര ;

(ഡി) ഓരോ ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകൾ എത്ര ;

(ഇ) ഓരോ ജില്ലയിലും പെൻഷൻ നിഷേധിച്ചവരുടെ എണ്ണം എത്ര ?



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കർഷക തൊഴിലാളി പെൻഷനുവേണ്ടി 1983–84-ൽ ബഡ്ജററിൽ നീക്കിവെച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9-3-1984 വരെ 2,23,306 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) 5,75,142 അപേക്ഷകഠ.

(സി) അനുവദിക്കണമെന്നും തള്ളണമെന്നും കൂടി ശുപാർശ ചെയ്ത് ആകെ കിട്ടിയ അപേക്ഷകഠ 4,66,350 ആണ്.

(ഡി) ഓരോ ജില്ലയിലും വില്ലേജ് ഓഫീസർമാരിൽ നിന്നും ഡെപ്യൂട്ടി ലേബർ ഓഫീസർമാർക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 36652 |
| കൊല്ലം | 42393 |
| ആലപ്പുഴ | 41079 |
| കോട്ടയം | 40399 |
| തൊടുപുഴ | 10564 |
| എറണാകുളം | 45184 |
| തൃശ്ശൂർ | 52907 |
| പാലക്കാട് | 42868 |
| മലപ്പുറം | 55675 |
| വയനാട് | 7481 |
| കോഴിക്കോട് | 46715 |
| കണ്ണൂർ | 44433 |

(ഇ) അർഹതയുള്ള ആർക്കും നിഷേധിച്ചിട്ടില്ല. അർഹതയില്ലാത്തവരുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 6877 |
| കൊല്ലം | 15833 |
| ആലപ്പുഴ | 9735 |
| കോട്ടയം | 14621 |
| തൊടുപുഴ | 4548 |
| എറണാകുളം | 16198 |
| തൃശ്ശൂർ | 13763 |
| പാലക്കാട് | 9980 |
| മലപ്പുറം | 6214 |
| വയനാട് | 2077 |
| കോഴിക്കോട് | 3342 |
| കണ്ണൂർ | 12407 |

(എഫ്) കർഷക തൊഴിലാളി പെൻഷനുവേണ്ടി 1983–84-ൽ 10 കോടി രൂപ (9½ കോടി പെൻഷനും 1/2 കോടി മററു ചിലവുകഠക്കും) ബഡ്ജററിൽ ഉഠക്കൊള്ളിച്ചിരുന്നു. ഈ തുക പോരാതെ വന്നതിനാൽ 2 കോടി രൂപ കൂടി പെൻഷൻ വിതരണത്തിനുവേണ്ടി കൂടുതലായി സപ്ലിമെൻററി ഡിമാൻറായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## തൊഴിലില്ലായ്മ വേതനം

458. [733] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, കെ. ടി. കണാരൻ :
,, കെ. ഇ. ഇസ്മയിൽ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983 ഡിസംബർ 20-ന് ശേഷം എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട് ;

(ബി) ഈ ഇനത്തിൽ എത്ര സംഖ്യ ചെലവായിട്ടുണ്ട് ;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുതിയ സ്ക്കീം അനുസരിച്ച് 9-3-1984 വരെ 93,832 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്. 1983 ഡിസംബർ 20-നു ശേഷം 9-3-1984 വരെ 7094 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി.

(ബി) മൊത്തം 5,88,29,119 രൂപ ചെലവായിട്ടുണ്ട്. 1983 ഡിസംബർ 20-ന് ശേഷം 9-3-1984 വരെ 1,68,23,148 രൂപ ചെലവായിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ജില്ല | മൊത്തം ചിലവായ തുക | 83 ഡിസംബർ 23-ന് ശേഷം ചിലവായ തുക |
|---|---|---|
| തിരുവനന്തപുരം | 1,25,24,400.00 | 51,96,500.00 |
| കൊല്ലം | 89,35,500.00 | 27,24,050.00 |
| പത്തനംതിട്ട | 8,60,600.00 | 2,26,600.00 |
| ആലപ്പുഴ | 62,48,800.00 | 11,36,950.00 |
| കോട്ടയം | 59,26,050.00 | 12,65,000.00 |
| ഇടുക്കി | 20,94,600.00 | 5,48,800.00 |
| എറണാകുളം | 60,10,563.00 | 15,98,148.00 |
| തൃശ്ശൂർ | 36,02,306.00 | 10,01,250.00 |
| പാലക്കാട് | 19,23,050.00 | 3,44,600.00 |
| മലപ്പുറം | 21,10,800.00 | 15,01,650.00 |
| കോഴിക്കോട് | 43,09,800.00 | 3,76,200.00 |
| വയനാട് | 2,39,600.00 | 68,800.00 |
| കണ്ണൂർ | 40,43,050.00 | 8,34,600.00 |
| ആകെ | 5,88,29,119.00 | 1,68,23,148.00 |

## കൈത്തറി വ്യവസായ തൊഴിലാളികൾ

459. [734] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കൈത്തറി വ്യവസായത്തിൽ ഉൾപ്പെട്ട് ജീവിക്കുന്ന എത്ര തൊഴിലാളികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ മിനിമം വേജസ് എന്നാണ് അവസാനമായി പുതുക്കിയത് ;

(സി) ഇവർക്ക് മിനിമം വേജസ് പുതുക്കി കൊടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(ഡി) മിനിമം വേജസ് പുതുക്കി കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ കൈത്തറി വ്യവസായത്തിൽ ഉൾപ്പെട്ട് ജീവിക്കുന്ന തൊഴിലാളികൾ ഏകദേശം ഒന്നരലക്ഷം ഉണ്ട്.

(ബി, സി ആൻറ് ഡി) കൈത്തറി വ്യവസായത്തിൽ മിനിമം കൂലി ആദ്യമായി നിശ്ചയിച്ചത് 1-4-1974-ലാണ്. അതിനുശേഷം 13-8-1979-ൽ മാസ ശമ്പളക്കാരായ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഈ വ്യവസായത്തിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി നിയമിച്ച കമ്മിററിയുടെ ശുപാർശയിൻമേൽ ഗവൺമെൻറ് തീരുമാനമെടുത്തു കഴിഞ്ഞു. ആവശ്യമായ ഉത്തരവുകൾ താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

സ്വർണ്ണത്തൊഴിലാളികൾ

460. [735] ശ്രീ. കെ. ശങ്കരനാരായണ പിള്ള :
,, എ. കെ. ശശീന്ദ്രൻ :
,, ടി. പി. പീതാംബരൻ മാസ്ററർ :
,, സണ്ണി പനവേലിൽ :
,, കെ. കൃഷ്ണൻകുട്ടി :
,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വർണ്ണത്തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇവർക്ക് ഇന്ന് മിനിമം കൂലി നിലവിലുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 17752 സർട്ടിഫൈഡ് സ്വർണ്ണത്തൊഴിലാളികളും 100 ആർട്ടിസാൻസും ഉണ്ട്.

(ബി) സർട്ടിഫൈഡ് സ്വർണ്ണത്തൊഴിലാളികൾ സ്വയം തൊഴിൽ കണ്ടെത്തുന്നവരുടെ ഗണത്തിൽപ്പെടുന്നവരാണ്. ഷോപ്പുകളിൽ പ്രവൃത്തിയെടുക്കുന്ന ആർട്ടിസാൻസിനു മിനിമം കൂലി നിലവിലുണ്ട്.

മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

461. [736] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിലെ തൊഴിലാളികൾക്ക് ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ആവശ്യങ്ങളാണ് ഇവിടത്തെ തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്നത് ;

(സി) പ്രശ്നപരിഹാരത്തിന് ഗവൺമെന്റ് എന്തെല്ലാം ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1982-83-ലെ ബോണസ് റേറ്റ്, കഴിഞ്ഞ ദീർഘകാല കരാറിലെ ചില വകുപ്പുകൾ നടപ്പിലാക്കാത്തത്, പുതിയ ഒരു ദീർഘകാല കരാറിന്റെ നിർമ്മാണം, പവർ ഷോർട്ടേജ് മൂലമുള്ള ലേ ഓഫ് എന്നിവയാണ് പ്രശ്നങ്ങൾ.

(സി) പ്രശ്ന പരിഹാരത്തിന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറും, ലേബർ കമ്മീഷണറും അനുരഞ്ജന സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്.

പുനലൂർ പേപ്പർ മില്ലിലെ ദീർഘകാല കരാർ നടപ്പാക്കൽ

462. [737] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983 സെപ്റ്റംബർ 24-ന് പുനലൂർ പേപ്പർ മിൽ തൊഴിലാളി യൂണിയനുകളും മാനേജുമെന്റും ചേർന്ന് ഉണ്ടാക്കിയ ദീർഘകാല കരാർ നടപ്പാക്കുന്നതിനുവേണ്ടി തൊഴിലാളികൾ സമരത്തിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാർ നടപ്പാക്കുന്നതിനുള്ള തടസ്സം എന്തെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1983 സെപ്റ്റംബർ 24-ന് പുനലൂർ പേപ്പർ മിൽ തൊഴിലാളികളും മാനേജുമെന്റും ചേർന്ന് ദീർഘകാല കരാർ ഉണ്ടാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കാരിതാസ് സെക്യുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ തൊഴിൽ പ്രശ്നം

463. [738] ശ്രീ. കാനം രാജേന്ദ്രൻ :
,, എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏററുമാനൂർ കാരിതാസ് സെക്യുലർ ഇൻസ്ററിററ്യൂട്ടിലെ തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഈ പ്രശ്നവുമായി ബന്ധപ്പെടുത്തി തൊഴിലാളികളുടെ പേരിൽ കേസുകൾ എടുത്തിട്ടുണ്ടോ ;

(സി) പ്രശ്നം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം കിട്ടിയിട്ടുണ്ട്.

(ബി) അറിവില്ല.

(സി) സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

"ഐ. ടി. ഐ. കളിലെ പഠനോപകരണങ്ങളുടെ അപര്യാപ്തത"

464. [740] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ഐ. ടി. ഐ. കൾ ഉണ്ട് ;

(ബി) ഗവൺമെൻറ് ഉടമയിൽ എത്ര ;

(സി) സ്വകാര്യമേഖലയിൽ എത്ര ;

(ഡി) സ്വകാര്യ മേഖലയിലെ ഐ. ടി. ഐ. കളിൽ ആവശ്യമായ പഠനോപകരണങ്ങൾ ഇല്ല എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ സ്വകാര്യ മേഖലയിലെ മാനേജ് മെൻറിനു കർശനമായും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കേരളത്തിൽ ആകെ 21 ഐ. ടി. ഐ. കളും 218 ഐ. ടി. സി. കളും ഉണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഐ. ടി. സി. എന്നാണ് അറിയപ്പെടുന്നത്.

(ബി) 21 (ഇരുപത്തി ഒന്ന്).

(സി) 218 (ഇരുന്നൂററി പതിനെട്ട്).

(ഡി) ചില സ്വകാര്യ ഐ. ടി. സി. കളിൽ ആവശ്യമായ പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ലെന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇത്തരം ഐ. ടി. സി. കളിൽ പഠനോപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടുന്ന കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## Industrial Technical Institutes

465. [741] **Dr. A. Subba Rao:** Will the Minister for Labour be pleased to state :

(a) How many Industrial Technical Institutes have been started in the state after this Government assumed power ;

LIBRARY ARCHIVES Kerala Legislative Assembly

(b) Whether the Government is aware that there was a proposal to start an I. T. I. at Uppala ; and

(c) What are the reasons to drop that proposal ?

*Answer*

(a) Five Industrial Training Institutes have been started.

(b) No

(c) Question does not arise.

## പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സ്

466. [742] ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ച് പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത എത്ര ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സ് നിലവിലുണ്ട് ;

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങളിൽ ലേബർ ഉദ്യോഗസ്ഥൻമാർ കഴിഞ്ഞ ഒരു വർഷക്കാലത്ത് പരിശോധന നടത്തിയിട്ടുണ്ട് ;

(സി) നിയമ ലംഘനത്തിന് ആകെ എത്ര സ്ഥാപനങ്ങളുടെ പേരിൽ കേസെടുത്തിട്ടുണ്ട് ; മററു നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) 52.

(ബി) 35.

(സി) നിയമ ലംഘനത്തിന്റെ പേരിൽ മോട്ടോർ സ്ഥാപന ഉടമകളുടെ പേരിൽ കേസ് എടുത്തിട്ടില്ല. എന്നാൽ 15 മോട്ടോർ സ്ഥാപന ഉടമകളുടെ പേരിൽ ഇൻസ്പെക്ഷൻ ഓർഡറുകൾ അയച്ചിട്ടുണ്ട്.

## ഓവർസീസ് ഡവലപ്പ്മെന്റ് കോർപ്പറേഷന് വിദേശ കമ്പനിയിൽ ഷെയർ എടുക്കാൻ അനുവദിച്ച തുക

467. [743] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓവർസീസ് ഡവലപ്പ്മെന്റ് കോർപ്പറേഷനു ഒരു വിദേശ കമ്പനിയായ ഓവർസീസ് കൺസ്ട്രക്ഷൻ ആന്റ് കൺസോർഷ്യം കമ്പനിയിൽ ഷെയർ എടുക്കുന്നതിനു ഗവൺമെന്റ് അനുവദിച്ച തുകയെത്ര ;

(ബി) വളരെ വിവാദത്തിനുശേഷം നിർത്തലാക്കിയ ആ ഷെയറെടുപ്പിനു അനുവദിച്ച തുക എന്തു ചെയ്തു ;

(സി) പണം ദുർവിനിയോഗം ചെയ്തവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു ലക്ഷം രൂപ.

(ബി) തുക വിനിയോഗിച്ചിട്ടില്ല.

(സി) ബി. വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ലൂസിയ ഹോട്ടൽ കോംപ്ലക്സ്

468. [744] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹോട്ടൽ ലൂസിയ, ലൂസിയ ഫ്ളൈറ്റ് കിച്ചൻ, ലൂസിയ എയർപോർട്ട് റസ്റ്റാറന്റ് എന്നിവ ക്ലോസ് ഡൗൺ ചെയ്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ക്ലോസ് ഡൗൺ ചെയ്യുന്നതായുള്ള നോട്ടീസ് ലേബർ വകുപ്പിനു ലഭിച്ചിട്ടുണ്ടോ ;

(സി) നോട്ടീസ് ലഭിച്ചിട്ടില്ലെങ്കിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഇല്ല

(സി) തൊഴിൽ തർക്കനിയമമനുസരിച്ച്, അൻപതു ജീവനക്കാരിൽ താഴെ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുമ്പോൾ നിയമാനുസൃത നോട്ടീസ് നൽകണമെന്നില്ല. ആയതിനാൽ ഈ സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ നിർവാഹമില്ല.

കാസർഗോഡ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

469. [745] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കാസർഗോഡു നിന്ന് മാററുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് കാസർഗോഡുതന്നെ നിലനിർത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഹോസ്ദുർഗ്ഗിലേക്ക് മാററാൻ തീരുമാനിച്ചിരുന്നു. എന്നാൽ പിന്നീട് ആ ഉത്തരവ് സ്റേറ ചെയ്യുകയുണ്ടായി.

(ബി) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പനയിൽ നിന്നു വീണു മരണപ്പെട്ടവർക്ക് ധനസഹായം

470. [746] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പനയിൽ നിന്നു വീണു മരണപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) അവരുടെ പേര് വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പനയിൽ നിന്നും വീണു മരണപ്പെട്ട 9 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി)

1. ശ്രീ. നാണൻ നാടാർ, കോണത്തു വിള മേലേ പുത്തൻവീട്, കീഴേ കൊല്ലദേശം, അമരവിള പി. ഒ., തിരുവനന്തപുരം ജില്ല.
2. ശ്രീ. മുത്തയ്യ നാടാർ, അരുവൻ കോട്ട് മണൽത്തട്ടുവീട്, അയ്കമം, പാറശ്ശാല പി. ഒ., തിരുവനന്തപുരം.
3. ശ്രീ. പൊന്നുമുത്തു, പൊട്ടപുതുവൽ പുത്തൻ വീട്, കാരോട്, പി. ഒ. ഉച്ചക്കട, തിരുവനന്തപുരം.
4. ശ്രീ. എം. രാജപ്പൻ, രാജ് റോസ് ഭവൻ, മുരിയാക്കര, പാറശ്ശാല പി. ഒ., തിരുവനന്തപുരം.
5. ശ്രീ. കെ. രാഘവൻ നാടാർ, ഉച്ചത്തിവിള വീട്, മെല്ലാമ്മകം, മാരിയാപുരം, ചെങ്കൽ, തിരുവനന്തപുരം.
6. ശ്രീ. കൊച്ചിര, ഓമയാലിൽ വീട്, കുത്തുകുഴി പി. ഒ., കോതമംഗലം, ആലുവ.
7. ശ്രീ. കൃഷ്ണൻ, കുന്നത്തു വീട്, വേങ്ങാശ്ശേരി പി. ഒ., അമ്പലപ്പാറ, ഒററപ്പാലം താലൂക്ക്, പാലക്കാട്.
8. ശ്രീ. അലി, താമരശ്ശേരി, കോഴിക്കോട് ജില്ല.
9. ശ്രീ. കിഴിശ്ശേരി ചാളയൽനാടി, പി. ഒ. ചെമ്മനിയോട്, പെരിന്തൽമണ്ണ, മലപ്പുറം.

## സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിലുകൾ

471. [747] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ:
,, കെ. ടി. കണാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ഇ. ഇസ്മയിൽ:
ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്ലോക്കുകളിൽക്കൂടി നടപ്പാക്കുന്ന സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിലുകൾ ഏതെല്ലാം;



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഐ. ആർ. ഡി. പി. അനുസരിച്ച് വരുമാനം വർദ്ധിപ്പിക്കുന്ന ഏതു തൊഴിലും ഗുണഭോക്താവിന് സ്വീകരിക്കാവുന്നതാണ്. ട്രൈസം പരിപാടി പ്രകാരം പ്രായോഗിക പരിശീലനം നല്കുന്ന സംരംഭങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ‡

പഞ്ചായത്ത് ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്ത

472. [748] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. വി. സുരേന്ദ്രനാഥ്:
ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. എം. കെ. കേശവൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററ് സർവീസിലെ ലാസ്ററ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്തയും പഞ്ചായത്തിലെ ലാസ്ററ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്തയും തമ്മിലുള്ള അന്തരം എത്രയാണ്;

(ബി) ഈ അന്തരം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റേററ് സർവീസിലെ ലാസ്ററ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിലുള്ള ക്ഷാമബത്തയാണ് പഞ്ചായത്തുകളിലെ ലാസ്ററ് ഗ്രേഡ് ജീവനക്കാർക്കും അനുവദിച്ചിട്ടുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തു ഓഫീസുകളിൽ ജോലി ചെയ്യുന്ന മാനേജർമാർക്കും ഹെഡ്ക്ലാർക്കുമാർക്കും ടെസ്ററ് യോഗ്യത

473. [750] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ആഫീസുകളിൽ ജോലിചെയ്യുന്ന മാനേജർമാർക്കും ഹെഡ്ക്ലാർക്കുമാർക്കും ഇന്നുള്ള ടെസ്ററ് യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) തൃശ്ശൂർ ജില്ലയിൽ ഈ ടെസ്ററ് യോഗ്യതകൾ ഇല്ലാതെ മാനേജർ തസ്തികയിലും ഹെഡ്ക്ലാർക്ക് തസ്തികയിലും എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(സി) ടെസ്ററ് യോഗ്യതകൾ ഇല്ലാതെ ഇത്തരം തസ്തികകളിൽ ജീവനക്കാരെ ജോലി ചെയ്യാൻ അനുവദിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) മേൽപ്പറഞ്ഞ തസ്തികകളിൽ ടെസ്ററ് യോഗ്യതകൾ ഇല്ലാതെ ജോലിചെയ്യുന്നവരെ തരംതാഴ്ത്തി ടെസ്ററ് യോഗ്യതകൾ ഉള്ള ജീവനക്കാർക്കു

‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പ്രമോഷൻ കൊടുക്കാൻ വേണ്ട നിർദ്ദേശം ജില്ലാ പഞ്ചായത്ത് ആഫീസർക്ക് നൽകാമോ ?

ഉത്തരം

(എ) പഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്കുമാരുടെയും മാനേജർമാരുടെയും തസ്തികകൾക്ക് ഇന്നുള്ള ടെസ്ററ് യോഗ്യതകൾ താഴെ പറയുംപ്രകാരമാണ്.

I ഹെഡ് ക്ലാർക്ക്: (1) എസ്. എസ്. എൽ. സി. അല്ലെങ്കിൽ തത്തുല്യം (2) 10 വർഷത്തെ റഗുലർ പഞ്ചായത്ത് സർവ്വീസ്. (3) പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറുടെ ട്രെയിനിംഗ് അല്ലെങ്കിൽ പഞ്ചായത്ത് ടെസ്ററ്. (4) അക്കൗണ്ടു ടെസ്ററ് (ലോവർ)

II മാനേജർ: (1) എസ്. എസ്. എൽ. സി. അല്ലെങ്കിൽ തത്തുല്യം. (2) അക്കൗണ്ട് ടെസ്ററ് (ലോവർ). (3) പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറുടെ ട്രെയിനിംഗ് അല്ലെങ്കിൽ പഞ്ചായത്തു ടെസ്ററ്.

(ബി) 54 പേർ.

(സി) പഞ്ചായത്ത് കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിനുമുമ്പ് പഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്കുമാർക്ക് ടെസ്ററ് യോഗ്യതകൾ ആവശ്യമില്ലായിരുന്നു. എന്നാൽ 1-4-1977 മുതൽ ടെസ്ററ് യോഗ്യത പഞ്ചായത്തു കോമൺ സർവ്വീസ് റൂൾ മുഖാന്തിരം ബാധകമാക്കി. പുതിയ ടെസ്ററ് യോഗ്യത നിശ്ചയിച്ച സാഹചര്യത്തിൽ കെ. എസ്. ആൻറ് എസ്. എസ്. റൂളിലെ ആനുകൂല്യം നൽകി. 2 വർഷത്തെ ഇളവ് അനുവദിക്കുകയും അതിനു ശേഷം സർക്കാർ കാലാകാലങ്ങളിലായി 31-3-1984 വരെ ഇളവ് അനുവദിക്കുകയും ചെയ്തു. എന്നാൽ 1-4-1977-ന് മുൻപ് ഹെഡ്ക്ലാർക്ക് ആയിട്ടുള്ള ജീവനക്കാർക്ക് ഹെഡ് ക്ലാർക്കിൻെറ തസ്തികയിൽ തുടരാൻ പുതുതായി ഏർപ്പെടുത്തിയ ടെസ്ററ് യോഗ്യത ബാധകമല്ല. പഞ്ചായത്തുകളിലെ മാനേജർ തസ്തികയെ സംബന്ധിച്ച് സ്പെഷ്യൽ റൂൾ 24-1-1984 മുതലാണ് പ്രാബല്യത്തിൽ വന്നത്. അതിനുമുമ്പ് ഏററവും സീനിയറായ ഹെഡ് ക്ലാർക്കൻമാരിൽനിന്നും പ്രൊമോഷൻ നൽകിയാണ് മാനേജർ തസ്തികയിൽ നിയമിച്ചിരുന്നത്. മേൽ സാഹചര്യത്തിലാണ് ടെസ്ററ് യോഗ്യതകൾ ഇല്ലാതെ ടി തസ്തികകളിൽ ജീവനക്കാരെ ജോലിചെയ്യാൻ അനുവദിച്ചത്.

(ഡി) ആവശ്യമായ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

## ഏററവും നല്ല പഞ്ചായത്തുകൾക്കും പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും നൽകിയ പ്രോൽസാഹനം

474. [751] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജില്ലാതലങ്ങളിലെ ഏററവും നല്ല പഞ്ചായത്തുകളെയും പഞ്ചായത്തു എക്സിക്യൂട്ടീവ് ആഫീസർമാരെയും തിരഞ്ഞെടുത്തിട്ട് അവർക്ക് ഏതു തരത്തിലുള്ള പ്രോൽസാഹനങ്ങളുടെ ക്യാഷ് അവാർഡുകളും സർവീസ് പ്രോൽസാഹനങ്ങളും ആണ് ഗവൺമെൻറ് നൽകിയത് ;

(ബി) നാളിതുവരെയായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾക്കും ഉദ്യോഗസ്ഥൻമാർക്കും മേൽപറഞ്ഞ പ്രോൽസാഹനങ്ങൾ ഒന്നും നൽകിയില്ലെന്നുള്ള പരാതി ശരിയാണോ ?

(സി) ശരിയാണെങ്കിൽ പരാതി കഴിയുന്നത്ര വേഗത്തിൽ പരിഹരിക്കുവാൻ ഗവൺമെൻറ് നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1980–81, 1981–82 എന്നീ വർഷങ്ങളിലെ മികച്ച പഞ്ചായത്തുകളേയും എക്സിക്യൂട്ടീവ് ആഫീസറൻമാരെയും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും തെരഞ്ഞെടുത്തു കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള നിബന്ധന അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകൾക്ക് റോളിംഗ് ട്രോഫികളും എക്സിക്യൂട്ടീവ് ആഫീസറൻമാർക്ക് ഗുഡ്സർവീസ് എൻട്രികളും നൽകുന്നതാണ്.

(ബി) പരാതി ഒന്നും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

പഞ്ചായത്തു പ്രതിനിധികളുടെ കാലാവധി

475. (752) ശ്രീ ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രതിനിധികളുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) കാലാവധികൾക്കു മുമ്പ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാലാവധി കഴിഞ്ഞ പഞ്ചായത്ത് കമ്മിററികൾ പിരിച്ചു വിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണ്?

ഉത്തരം

(എ) 1984 സെപ്ററംബറിൽ

(ബി) കാലാവധി അവസാനിപ്പിക്കുന്നതോടൊപ്പം തെരഞ്ഞെടുപ്പു നടത്താനാണ് ഉദ്ദേശിക്കുന്നത്

(സി) ഉദിക്കുന്നില്ല

(ഡി) ,,

സർവ്വീസിലിരിക്കെ മരിച്ച പഞ്ചായത്തു പ്യൂണിൻെറ ആശ്രിതർക്കു ജോലി

476. [753] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ പരപ്പുക്കര പഞ്ചായത്ത് പ്യൂൺ ശ്രീ. പി. രാഘവൻ നായർ മരിച്ചിട്ട് ടിയാൻെറ പെൻഷനും മററു ആനുകൂല്യങ്ങളും നൽകാത്തതിൻെറ കാരണം വിശദീകരിക്കാമോ;

(ബി) അന്തരിച്ച രാഘവൻ നായരുടെ ആശ്രിതർക്ക് ജോലിനൽകുന്നതിനുള്ള കാലതാമസത്തെപ്പററി അന്വേഷിക്കാമോ?

ഉത്തരം

(എ) സർവ്വീസു ബുക്കിലും എൽ. പി. സി. യിലും ചില തിരുത്തലുകൾ ആവശ്യമായി വന്നതിനാൽ പഞ്ചായത്തുമായി കത്തിടപാടുകൾ നടത്തേണ്ടി വന്നതിനാലാണ് കാലതാമസത്തിനിടയായത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്തരിച്ച രാഘവൻനായരുടെ മകൾ ജോലിക്കുവേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ തൃശ്ശൂർ ജില്ലാ കളക്ടർ അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ടു ലഭിച്ചാൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## മൈക്കാവ് പഞ്ചായത്ത്

477. (754) ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടഞ്ചേരി ഓമശ്ശേരി മുക്കം എന്നീ പഞ്ചായത്തുകളിലെ (കോഴിക്കോടു താലൂക്ക്) ചില ഭാഗങ്ങൾ കൂട്ടിച്ചേർത്ത് മൈക്കാവ് ആസ്ഥാനമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം ;

(സി) പ്രസ്തുത നിവേദനത്തിൻമേൽ എന്തു നടപടി എടുത്തു ;

(ഡി) മൈക്കാവ് പഞ്ചായത്ത് ഉടനടി രൂപീകരിക്കുവാൻ ദയവുണ്ടാകുമോ ?

### ഉത്തരം

(എ) കിട്ടിയിട്ടുണ്ട്.

(ബി) മൈക്കാവ് വികസനസമിതി പ്രസിഡൻറ് ശ്രീ. എം. ഒ. മത്തായിയിൽനിന്നും കോടഞ്ചേരി പഞ്ചായത്തിലെ 10-ാംവാർഡിലെ ശ്രീ. ആർ. ലോനപ്പൻ മുതൽപേരിൽനിന്നും.

(സി) പഞ്ചായത്തു ഡയറക്ടറിൽനിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞ് പരിശോധിക്കാം.

## കുട്ടിപ്പാറ പഞ്ചായത്ത് രൂപീകരണം

478. (755) ശ്രീ. സിറിയക് ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താമരശ്ശേരി (കോഴിക്കോട്) പഞ്ചായത്ത് വിഭജിച്ച് കുട്ടിപ്പാറ ആസ്ഥാനമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്നുള്ള നിവേദനം കിട്ടിയിരുന്നോ ; ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി എടുത്തു ;

### ഉത്തരം

(എ) താമരശ്ശേരി പഞ്ചായത്ത് വിഭജിച്ച് കുട്ടിപ്പാറ ആസ്ഥാനമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്നുള്ള നിവേദനം കിട്ടിയതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ജനന മരണ രജിസ്റ്ററുകൾ

479. (756) ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളരെക്കാലമായി പഞ്ചായത്ത് ആഫീസുകളിൽ സൂക്ഷിച്ചു വരുന്ന ജനന മരണ രജിസ്റ്ററുകൾ താലൂക്കാഫീസുകളിലേയ്ക്ക് മാററുവാൻ ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പഞ്ചായത്താഫീസുകളിൽനിന്ന് ജനനമരണ സർട്ടിഫിക്കററുകൾ വാങ്ങുന്ന പാവപ്പെട്ട ആളുകൾക്ക് താലൂക്കാഫീസിൽ പോകുന്നതും ഒരു താലൂക്കിലാകെയുള്ള ജനന മരണ റിക്കാർഡുകളിൽനിന്ന് ഇത്തരം രേഖകൾ തെരഞ്ഞെടുക്കുന്നതും വളരെ വിഷമം പിടിച്ച ജോലിയാണെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ജനന മരണ രജിസ്റ്ററുകൾ പഞ്ചായത്തുകളിൽതന്നെ സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) താലൂക്ക് പഞ്ചായത്ത് ആഫീസർമാരെ അതാതു താലൂക്കിലെ ജനന മരണ റിക്കാർഡുകൾ (5 കൊല്ലമായവ) സൂക്ഷിക്കുന്നതിനും അവയിലുള്ള ജനന മരണ സർട്ടിഫിക്കററുകൾ നൽകുന്നതിനും അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

## പുതിയ മുൻസിപ്പാലിററികൾ

480. (757) ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി മുനിസിപ്പാലിററികൾ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമാണ് ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കാഞ്ഞങ്ങാട്, പറവൂർ, പൂതക്കുളം എന്നീ പഞ്ചായത്തുകൾ മുനിസിപ്പാലിററിയാക്കുന്ന കാര്യം പരിഗണനയിലാണ്.

## സിനിമാ നികുതിയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടിയ തുക

481. [758] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83 വർഷത്തിൽ വിനോദ നികുതിയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ കിട്ടിയ സംഖ്യ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേല്പറഞ്ഞ കാലയളവിൽ എത്ര സിനിമാത്തിയേററുകളിൽ വിജിലൻസ് വകുപ്പ് പരിശോധന നടത്തി;

(സി) ഇതിന്റെ പേരിൽ എത്ര ലൈസൻസികളുടെപേരിൽ നടപടി എടുത്തു;

(ഡി) എത്ര ജീവനക്കാരുടെ പേരിൽ നടപടി എടുത്തു.

(ഇ) വിനോദനികുതി വെട്ടിപ്പ് തടയാൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(എഫ്) വിനോദനികുതികൾ തീയേററുകൾ ക്ലാസ്സു തിരിച്ച് പിരിക്കുവാൻ ഗവൺമെന്റ് നേരിടുന്ന വിഷമതകൾ എന്തെല്ലാമാണ്?

## ഉത്തരം

(എ) കോർപ്പറേഷനുകളെയും മുനിസിപ്പാലിററികളെയും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. പഞ്ചായത്തുകൾക്ക് കിട്ടിയത് 2,77,50,134.61 രൂപയാണ്.

(ബി) കോർപ്പറേഷനുകളേയും മുനിസിപ്പാലിററികളേയും സംബന്ധിച്ചുളള വിവരം ശേഖരിച്ചുവരുന്നു. പഞ്ചായത്തുകളിൽ 24 സിനിമാതിയേററുകളിൽ വിജിലൻസ് വകുപ്പ് പരിശോധന നടത്തി.

(സി) കോർപ്പറേഷനുകളേയും മുനിസിപ്പാലിററികളേയും സംബന്ധിച്ചുളള വിവരം ശേഖരിച്ചു വരുന്നു. പഞ്ചായത്തുകളിൽ 21 ലൈസൻസികളുടെ പേരിൽ നടപടി എടുത്തു.

(ഡി) കോർപ്പറേഷനുകളേയും മുനിസിപ്പാലിററികളേയും സംബന്ധിച്ചുളള വിവരം ശേഖരിച്ചു വരുന്നു. പഞ്ചായത്തുകളിൽ 41 ജീവനക്കാരുടെ പേരിൽ നടപടി എടുത്തു.

(ഇ) കോർപ്പറേഷനുകളേയും മുനിസിപ്പാലിററികളേയും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. പഞ്ചാത്തുകളിൽ, വിജിലൻസ് വകുപ്പ്, പഞ്ചാത്തു വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തായത്താഫീസറന്മാരും ചേർന്ന് സിനിമാ തിയേററുകളിൽ കൂട്ടായ മിന്നൽ പരിശോധനകൾ നടത്തി. പഞ്ചായത്തുകളിൽ ഡി.സി.ആർ. നൽകുന്നതിൽ കൃത്രിമം കാണിക്കുന്നുണ്ടോ എന്നും അപ്രകാരം നികുതി വെട്ടിപ്പ് നടത്തുന്നുണ്ടോ കണ്ടുപിടിക്കുകയും കുററക്കാരായ ലൈസൻസികളുടെ പേരിലും അഴിമതിക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരായും അവശ്യം വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) കോർപ്പറേഷനുകളേയും മുനിസിപ്പാലിററികളേയും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. പഞ്ചായത്തുകളിൽ ഇപ്പോൾ തിയേററുകളിൽ ക്ലാസ് തിരിച്ചല്ല സിനിമാ നികുതി പിരിക്കുന്നത്. ടിക്കററിന്റെ പ്രവേശന ഫീസിന്റെ അടിസ്ഥാനത്തിൽ % കണക്കാക്കുകയാണ് സിനിമാ നികുതി പിരിക്കുന്നത്. സിനിമാ നികുതി തിയേററുകളിൽ ക്ലാസ്സ് തിരിച്ച്, പിരിക്കുകയാണെങ്കിൽ ചില പ്രയാസമുണ്ടാകാൻ ഇടയുണ്ട്. അതായത് ഒരു സ്ഥലത്ത് ഒരേ ക്ലാസ്സിലുളള തിയേററുകളിൽ കളക്ഷൻ കൂടുതലുളളതും കുറവുളളതും സാധാരണയാണ്. ഈ രണ്ടു രീതിയിലുളള തിയേററുകൾക്കും നികുതി ഒരുപോലെ ചുമത്തുമ്പോൾ നീതി നിഷേധിക്കപ്പെട്ടേക്കാം. എന്നാൽ നികുതി ഈടാക്കുന്നതിൽ ഈ മാനദണ്ഡം സ്വീകരിക്കുമ്പോൾ നിലവിലുളള നികുതി തട്ടിപ്പിന് പൂർണ്ണമായ വിരാമം ഇടാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അറവുശാല പരിഷ്ക്കരണം

482. [759] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങാക്ക് തത്ദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അറവുശാലകാം പരിഷ്കരിക്കണം, ഡോക്ടർമാർ പരിശോധിക്കാതെ മൃഗങ്ങളെ കശാപ്പുചെയ്യുന്നത് തടയാനും എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് കൈക്കൊണ്ടത്;

(ബി) 1982-83 വർഷത്തിൽ കേരളത്തിൽ എത്ര മാടുകളെ കശാപ്പു ചെയ്തു;

(സി) പഞ്ചായത്തു പ്രദേശങ്ങളിൽ അനധികൃതമായി കശാപ്പുശാലകാം നടത്തുന്നതു തടയാൻ പഞ്ചായത്തുകാം നടപടികാം എടുക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ ഗവൺമെൻറ് നടപടി എടുക്കുമോ;

(ഡി) ചീത്തമാംസം വില്പന തടയുവാൻ പൊതുജനാരോഗ്യ ഉദ്യോഗസ്ഥന്മാർക്കും, പഞ്ചായത്തിനും, പോലീസിനും വേണ്ട നിർദ്ദേശങ്ങാം നൽകുമോ?

ഉത്തരം

(എ) ആധുനിക രീതിയിലുള്ള അറവുശാലകാം നിർമ്മിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിൽ ഇല്ല. 13-1-1984-ൽ സർക്കാർ തലത്തിൽ ഇതിനെപ്പററി ആലോചിക്കുക്കതിനുവേണ്ടി ഇൻഡ്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജുമെൻറിലെ പ്രൊഫസർ രാമസ്വാമിയും മററു ബന്ധപ്പെട്ട ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുമായി ഒരു ചർച്ച നടത്തി. അതിൻെറ വെളിച്ചത്തിൻ അറവുശാലകാം പരിഷ്ക്കരിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ ഒരു കമ്മിററിയെ നിയമിക്കുവാൻ തീരുമാനിച്ചു. കമ്മിററിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അനന്തരനടപടികാം സ്വീകരിക്കുന്നതാണ്. ഡോക്ടർമാർ പരിശോധിക്കാതെ മൃഗങ്ങളെ കശാപ്പു ചെയ്യുന്നില്ല. കശാപ്പു ചെയ്ത മൃഗങ്ങളുടെ മാംസം പരിശോധിച്ച് ഉപയോഗയോഗ്യമാണെന്നു കണ്ടതിനുശേഷം മാത്രമേ വില്പനയ്ക്ക് അനുവാദം നൽകാറുള്ളു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരാതി കിട്ടിക്കഴിഞ്ഞാൽ നടപടികാം എടുക്കുന്നതാണ്.

(ഡി) ഈ ചുമതല സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുജനാരോഗ്യ വിഭാഗം നിർവ്വഹിച്ചുവരുന്നു.

കരകുളം പഞ്ചായത്തിലെ ശുദ്ധജല വിതരണം

483. [761] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങാക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലുള്ള കരകുളം പഞ്ചായത്തിൽ ശുദ്ധജല വിതരണം ചെയ്യുന്നതിന് ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ പണി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പണി പൂർത്തിയാക്കുവാൻ കഴിയാത്തതിൻെറ കാരണമെന്താണ്;

(സി) ഈ പ്രദേശത്ത് ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടി അടിയന്തിരമായി ഈ ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികാം സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) വരൾച്ച നിവാരണ പദ്ധതികൾ 30-3-1983-ൽ അവസാനിപ്പിച്ചതിനാലാണ് പദ്ധതി പൂർത്തിയാക്കാൻ സാധിക്കാതെ പോയത്.

(സി) സ്വീകരിക്കാം.

വേനൽക്കാലത്ത് കുടിനീർ എത്തിക്കാൻ നടപടി

484. [762] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലക്ഷാമമുള്ള പഞ്ചായത്തു പ്രദേശങ്ങളിൽ ഈ വേനൽക്കാലത്തും കുടിനീർ ലോറികളിൽ എത്തിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ നടപടി ആവശ്യമാണെന്ന് ബോദ്ധ്യമാകുന്നപക്ഷം പരിഗണിക്കുന്നതാണ്.

സ്പെഷ്യൽ കംപോണൻറ് പദ്ധതിയനുസരിച്ചുള്ള ശുദ്ധജല വിതരണം

485. [763] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കംപോണൻറ് പ്ലാനിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ഹരിജൻ കോളനി (സെററിൽമെൻറ്) കളിലാണ് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

(ബി) ഏതെല്ലാം ഹരിജൻ കോളനി (സെററിൽമെൻറ്) കളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഹരിജൻ ക്ഷേമ വകുപ്പ് ഡയറക്ടർ തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ 64 ഹരിജൻ കോളനികളിൽ 18 കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികളുടെ പണി പൂർത്തിയാക്കുകയും 7 കോളനികളിൽ പണി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ശേഷിക്കുന്ന അംഗീകരിക്കപ്പെട്ട കോളനികളിൽക്കൂടി ജില്ലാ വികസന കമ്മിററി നിർദ്ദേശിക്കുന്ന മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കോന്നി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണം

486. [764] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ദാഹജലം എത്തിച്ചുകൊടുക്കുന്നതിനായി കോന്നി നിയോജകമണ്ഡലത്തിൽ എന്തു തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിയോജകമണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന വാട്ടർ സപ്ലൈ സ്കീമുകളിൽ ഓരോന്നിലും എത്ര മീററർ വീതം പൈപ്പുലൈൻ ദീർഘിപ്പിച്ചു;

(സി) കുഴിച്ച കിണറുകൾ എത്ര;

(ഡി) ട്യൂബുവെല്ലുകൾ എത്ര;

(ഇ) ഇവ ഏതെല്ലാം സ്ഥലങ്ങളിൽ;

(എഫ്) വളരെക്കൂടുതൽ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നതും, ആറുകളുടേയോ ജലം വററാത്ത തോടുകളുടേയോ സാമീപ്യം പോലുമില്ലാത്തതുമായ കലഞ്ഞൂർ പഞ്ചായത്തിൽ എവിടെയെങ്കിലും ട്യൂബുവെൽ നിർമ്മിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ പ്രസ്തുത പഞ്ചായത്തിൽ ട്യൂബുവെല്ലുകൾ നിർമ്മിക്കാൻ ഗവൺമെൻറ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 26.44 ലക്ഷം രൂപ.

(ബി) 1. ആർ. ഡബ്ലിയു. എസ്. എസ്. പ്രമാടം 10652 മീററർ.
2. ,, അട്ടച്ചാക്കൽ 7085 മീററർ.
3. ,, കോന്നി അരിവപ്പാലം 10224 മീററർ.
4. ,, മലപ്പാറ–കോന്നി 8804 മീററർ.

(സി) ഇത് പി.എച്ച്.ഇ.ഡി. യെ സംബന്ധിക്കുന്നതല്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി) നടപടി സ്വീകരിച്ചു കഴിഞ്ഞു.

നേവൽ അക്കാഡമി പ്രദേശത്തുനിന്നും പുനരധിവസിക്കപ്പെട്ടവർക്ക് ശുദ്ധജലം എത്തിക്കാൻ നടപടി

487. [765] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേവൽ അക്കാഡമി പ്രദേശത്തുനിന്നും ഒഴിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്ന സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ, ബി) പുനരധിവാസ സ്ഥലത്ത് ശുദ്ധജല വിതരണത്തിനായി 3 കുഴൽ കിണർ കുഴിക്കുന്നതിന് ഭൂഗർഭ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മണലടി കോളനിയിൽ ശുദ്ധ ജലമെത്തിക്കണമെന്ന നിവേദനം

488. [766] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്നചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ മണലടി ലക്ഷം വീട് കോളനിയിൽ ശുദ്ധജലമെത്തിക്കണമെന്ന ദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നിലവിലുളള മണ്ണാർക്കാട് ശുദ്ധജലവിതരണ പദ്ധതിയിൽനിന്ന് പൈപ്പു ലൈൻ നീട്ടാൻ സാദ്ധ്യമാണോ എന്ന കാര്യം പൊതുജനാരോഗ്യ എൻജിനീയറിംഗ് വകുപ്പ് പരിശോധിക്കുന്നതാണ്. ഇതു സാദ്ധ്യമല്ലെന്നു കാണുന്ന പക്ഷം മററു മാർഗ്ഗങ്ങൾ ആരായുന്നതാണ്.

അരുവിക്കുഴി ശുദ്ധജല വിതരണ പദ്ധതി

489. [767] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിക്കത്തോട് പഞ്ചായത്തിൽ അരുവിക്കുഴി ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പള്ളിക്കത്തോട് പഞ്ചായത്തിൽ മൂന്നു വാട്ടർ സപ്ലൈ സ്കീം കൂടി ഇപ്പോൾപ്രവർത്തിക്കുന്നുണ്ട്. കൂടാതെ വരൾച്ച ദുരിതാശ്വാസ പരിപാടിയിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിലെ പല ഭാഗങ്ങളിലേക്ക് പൈപ്പു ലൈൻ നീട്ടി കൊടുത്തിട്ടുണ്ട്. ഇപ്പോൾ വാട്ടർ സപ്ലൈയുടെ പ്രയോജനം ലഭിക്കാത്തവർക്കുവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്.

വേററിനാടു ഭാഗത്ത് ശുദ്ധജലവിതരണം

490. [768] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കരകുളം പഞ്ചായത്തിൽ കല്ലയം എന്ന സ്ഥലത്ത് നിർമ്മിച്ചുവരുന്ന ഹൈ ലവൽ വാട്ടർടാങ്കിൽ നിന്നും വട്ടപ്പാറ ഭാഗത്തുകൂടി എം. സി. റോഡിൽ വേററിനാട് വരെ പൈപ്പു ലൈൻ നീട്ടി ശുദ്ധ ജല വിതരണം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കരകുളം പഞ്ചായത്തിലെ ശുദ്ധജല വിതരണപദ്ധതി പൂർത്തിയായ ശേഷം വേററിനാടിലേക്ക് പൈപ്പുലൈൻ നീട്ടുന്ന കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

## ഹരിജന ഗിരിജന കോളനികളിലും ലക്ഷം വീടുകളിലും ശുദ്ധജല വിതരണം

491. [769] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരജന–ഗിരിജന കോളനികളിലും, ലക്ഷംവീടു കോളനികളിലും ശുദ്ധജല വിതരണം നടത്തുന്നതിന് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണ്?

### ഉത്തരം

ഹരിജന–ഗിരിജന ക്ഷേമ വകുപ്പു ഡയറക്ററർമാർ തെരഞ്ഞെടുത്തു അംഗീകരിക്കപ്പെട്ട ഏകദേശം 1845 ഹരിജന–ഗിരിജന കോളനികളിൽ, 370 കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കി കഴിഞ്ഞു. ജില്ലാ വികസന കമ്മിററി നിർദ്ദേശിക്കുന്ന മുൻഗണനാക്രമത്തിൽ ശേഷിക്കുന്ന ഇത്തരം ഹരിജന-ഗിരിജന കോളനികളിൽ കൂടി ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ലക്ഷം വീടു കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പ്രാഥമികാന്വേഷണ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## ചാലക്കുടി നിയോജക മണ്ഡലത്തിലെ കുഴൽകിണറുകൾ

492. [771] ശ്രീ. കെ. ജെ. ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ എത്ര കുഴൽ കിണർ 1983–84 സാമ്പത്തിക വർഷത്തിൽ നിർമ്മിച്ചു ;

(ബി) എവിടെയെല്ലാം ;

(സി) അടുത്തസാമ്പത്തികവർഷത്തിൽ എത്ര കുഴൽ കിണർ ചാലക്കുടി നിയോജകമണ്ഡലത്തിൽ നിർമ്മിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ പൂർത്തിയാകാത്ത കുഴൽ കിണർ എത്രയുണ്ട് ;

(ഇ) കുഴൽ കിണറുകളുടെ പണി കഴിയും വേഗം തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) കോശ്ശേരി പഞ്ചായത്തിലെ മലമ്പ്രദേശത്ത് രണ്ട് കൈ ഗിരിജൻ കോളനിയിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എട്ട് കുഴൽ കിണറുകൾ നിർമ്മിച്ചു.

(ബി) മോതിരക്കണ്ണി, ചേയ്പാൻകുഴി, കട്ടപ്പുറം, ചൊങ്ങം, പാറക്കുന്ന്, പുഷ്പഗിരി, പറയൻ ഹരിജൻ കോളനി, മീരാൻ ചിറ എന്നീ സ്ഥലങ്ങളിൽ.

(സി) 1984–85 സാമ്പത്തിക വർഷത്തിൽ എത്ര കുഴൽ കിണർ നിർമ്മിക്കാൻ കഴിയുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഭൂഗർഭജല വകുപ്പ് സ്ഥല നിർണ്ണയം ചെയ്ത ശേഷം പ്രശ്ന ഗ്രാമങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് കുഴൽകിണറുകൾ കുഴിക്കുന്നതാണ്.

(ഡി) എല്ലാം പൂർത്തിയായിട്ടുണ്ട്.

(ഇ ആൻറ് എഫ്) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## തിരുവമ്പാടിയിലും ഓമശ്ശേരിയിലും നിർമ്മിച്ച കുഴൽ കിണറുകളിൽ പമ്പുകൾ സ്ഥാപിക്കാൻ നടപടി

493. [772] ശ്രീ. സിറിയക് ജോൺ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി തിരുവമ്പാടി പഞ്ചായത്തിലും ഓമശ്ശേരി പഞ്ചായത്തിലും നിർമ്മിച്ച കുഴൽ കിണറുകളിൽ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉടനടി പമ്പുകൾ സ്ഥാപിക്കാൻ നടപടി എടുക്കുമോ?

### ഉത്തരം

(എ ആന്റ് ബി) തിരുവമ്പാടി പഞ്ചായത്തിൽ 2 കുഴൽ കിണർ നിർമ്മിക്കുകയും അതിൽ ഒരെണ്ണത്തിൽ പമ്പ് സ്ഥാപിക്കുകയും ചെയ്തു. ഓമശ്ശേരി പഞ്ചായത്തിൽ ഒരു കുഴൽ കിണർ നിർമ്മിക്കുകയും പമ്പു സ്ഥാപിക്കുകയും ചെയ്തു. തിരുവമ്പാടി പഞ്ചായത്തിലെ രണ്ടാമത്തെ കുഴൽ കിണറിൽ ഉടനെ തന്നെ പമ്പു സ്ഥാപിക്കുന്നതാണ്.

## വരൾച്ച ദുരിതാശ്വാസത്തിനു നൽകിയ തുക

494. [773] ശ്രീ. ലോനപ്പൻനമ്പാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് വരൾച്ച ദുരിതാശ്വാസത്തിനു നൽകിയ തുകയിൽനിന്നും പൈപ്പുകൾക്കു വേണ്ടി എത്ര ലക്ഷം രൂപ വിനിയോഗിച്ചു ;

(ബി) വരൾച്ച ദുരിതാശ്വാസത്തിനു വേണ്ടി "യൂണിസെഫ്" എന്ന സംഘടന എത്ര ഹാൻഡ് പമ്പുകൾ സൗജന്യമായി നൽകി ;

(സി) "യൂണിസെഫ്" എന്ന പമ്പുകൾക്ക് പുറമേ എത്ര ഹാൻഡ് പമ്പുകൾക്ക് ഓർഡർ നൽകി ;

(ഡി) "യൂണിസെഫ്" എന്ന പമ്പുകൾ ഏതെല്ലാം ജില്ലകൾക്കാണ് നൽകിയത് ;

(ഇ) വരൾച്ച ദുരിതാശ്വാസത്തിനു വേണ്ടി ഈ വർഷം എത്ര കോടി രൂപ കേന്ദ്രം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ) ചീഫ് എൻജിനീയറുടെ ഓഡറനുസരിച്ച് വാങ്ങിയ പൈപ്പുകളുടെ വില 5, 51, 16, 219, 15. രൂപ കീഴുദ്യോഗസ്ഥൻമാർ ഓഡർ നൽകിയതിന്റെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) പൊതുസഹായം എന്ന നിലയിൽ 250 ഹാൻഡ് പമ്പുകൾ സൗജന്യമായി നൽകി.

(സി) ചീഫ്എൻജിനീയറുടെ ഓർഡറനുസരിച്ച് 300 എണ്ണം, മററു കണക്കുകൾ ശേഖരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകൾക്ക്.

(ഈ) അറിവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച ദുരിതാശ്വാസ പ്രവർത്തനത്തിന് പി. എച്ച്. ഇ. ഡി. ക്കു ലഭിച്ച തുക

495. [774] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ :
,, കാനം രാജേന്ദ്രൻ :
,, കെ. ടി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ച ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര സംഖ്യ പി. എച്ച്. ഇ. ഡി. ക്കു ലഭിച്ചു ;

(ബി) ഈ പണം ഉപയോഗിച്ച് എത്ര വർക്കുകൾ നടത്തി ;

(സി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1972 ലക്ഷം രൂപ.

(ബി) ഈ പണം ഉപയോഗിച്ച് 530 കുഴൽക്കിണർ സ്കീമുകളും 825 വിപുലീകരണ സ്കീമുകളും നിലവിലുള്ള 126 പദ്ധതികളുടെ നിലവാരം മെച്ചപ്പെടുത്തലും നടപ്പിലാക്കി.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

മീനച്ചിലാറിന്റെ തീരം സംരക്ഷിക്കുന്നതിനുള്ള നടപടി

496. [775] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മീനച്ചിലാറിന്റെ ഇടതുവശം അയർക്കുന്നം പഞ്ചായത്തിൽ നീറിക്കാടു മുതൽ അറുമാനൂർ വരെ കരിങ്കല്ലു കെട്ടി ആറിന്റെ തീരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പ്രസ്തുത പണിക്കുവേണ്ടിയുള്ള 10,51,000 രൂപയുടെ ഒരു എസ്റ്റിമേററ് വെള്ളപ്പൊക്ക നിവാരണ സാങ്കേതിക ഉപദേശകസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ നടപടികൾ എടുത്തിട്ടുണ്ട്.

അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ററ്

497. [776] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ററിന്റെ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ;

(ബി) ഇപ്പോൾ എ. വി. ഐ. പി. യ്ക്കായി എത്ര ഉദ്യോഗസ്ഥൻമാർ ജോലിയെടുക്കുന്നു ;

---

‡ അനുബന്ധം IV.

(സി) ഇവരുടെ കാററഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ; ഇതിലേക്ക് ഇതിനകം എത്ര കോടി രൂപ ചെലവായി ;

(ഡി) ആരംഭ കാലത്ത് എത്ര കോടി രൂപയുടെ എസ്ററിമേററ് ആയിരുന്നു ;

(ഇ) ഇപ്പോൾ എത്രയാണ് ;

(എഫ്) ഇതുവരെ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(ജി) ഇതിനകം ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും മററ് ആനുകൂല്യങ്ങൾക്കുമായി എത്ര രൂപ ചെലവായി ?

ഉത്തരം

(എ) 1970-ൽ.

(ബി) ഈ പദ്ധതിക്കുവേണ്ടി ഒരു ഡിവിഷനാണ് പ്രവർത്തിക്കുന്നത്.

(സി) ഇപ്പോൾ ഈ ഡിവിഷനിലുള്ള ഉദ്യോഗസ്ഥൻമാരുടെ കാററഗറി തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) 476 ലക്ഷം രൂപ.

(ഇ, എഫ്, ജി) വിവരം ശേഖരിച്ചുവരുന്നു.

## ചുള്ളിത്തോട് ജലസേചന പദ്ധതി

498. [777] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്തുരുത്തി പഞ്ചായത്തിൽപ്പെട്ട ചുള്ളിത്തോട് ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി എത്രത്തോളമായി ?

ഉത്തരം

ചുള്ളിത്തോട് പദ്ധതിയെക്കുറിച്ച് റയിൽവേ വകുപ്പും സെൻട്രൽ വാട്ടർ കമ്മീഷനും എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വകുപ്പുകളുടെ അംഗീകാരം നേടുന്നതിനുവേണ്ടി വീണ്ടും അന്വേഷണം നടത്തി കൂടുതൽ വസ്തുതകൾ ശേഖരിച്ച് ആവശ്യമായ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

## മുതുക്കാൻചിറ കനാൽ

499. [778] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതുക്കാൻചിറ കനാൽ വീതി കൂട്ടാനും കൂടുതൽ ആഴത്തിൽ കുഴിക്കുവാനുമുള്ള നിർമ്മാണ പ്രവർത്തനത്തിന്റെയും എസ്ററിമേററ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ എസ്ററിമേററ് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ ഭരണാനുമതി എത്രയും വേഗം നൽകി പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 11.57 ലക്ഷം രൂപ.

(സി) എസ്റ്റിമേററ് സാങ്കേതികമായി പരിശോധിച്ചു വരുന്നു. ഇത് പൂർത്തിയായാലുടനെ നടപടി സ്വീകരിക്കുന്നതാണ്.

ചാലിയാർ പുഴയിൽ ബണ്ടു കെട്ടുന്നതിന് നടപടി

500. [779] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിററിയിൽ മുടങ്ങാതെ ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടി ചാലിയാർ പുഴയിൽ ബണ്ടു കെട്ടുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ചാലിയാർ പുഴയിൽ ഏതു ഭാഗത്താണ് ;

(സി) രാമനിലയം കരാറിൽ പറഞ്ഞ ചുങ്കപ്പള്ളിയിൽ കെട്ടാൻ ഉദ്ദേശിച്ചിരുന്ന ബണ്ട് എളമരത്തേക്ക് മാററുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ കാരണമെന്ത് ;

(ഇ) എളമരത്ത് ബണ്ട് കെട്ടിയാലുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എളമരം ഭാഗത്ത്.

(സി) ബണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. എളമരം ഭാഗത്ത് ബണ്ട് നിർമ്മിക്കാൻ ആണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ഡി) പണിയുടെ സ്വഭാവവും ചെലവും കണക്കാക്കുമ്പോൾ ചുങ്കപ്പള്ളിയിൽ ബണ്ട് നിർമ്മിക്കുന്നതിനേക്കാൾ എളമരം ഭാഗത്ത് നിർമ്മിക്കുന്നതാണ് ആദായകരവും ഉചിതവും. ലോക്കിനുള്ള സൗകര്യവും എളമരത്തേയുള്ളൂ.

(ഇ) രണ്ടു സ്ഥലങ്ങളുടെയും ഗുണദോഷങ്ങൾ പരിശോധിച്ചശേഷമാണ് എളമരത്ത് ബണ്ടു നിർമ്മിക്കാൻ തീരുമാനിച്ചത്.

അന്നംനാട്, പൂനാലി, വിജയരാഘവപുരം ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ

501. [780] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്നംനാട്, പൂനാലി, വിജയരാഘവപുരം എന്നീ ലിഫ്ററ് ഇറിഗേഷൻ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ബി) ഈ പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ഈ പദ്ധതികൾ പൂർത്തിയാക്കാൻ വേണ്ടത് ചെയ്യുമോ ?

ഉത്തരം

(എ) അന്നമനാട് സ്കീമിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. പൂനാലി സ്കീമിന്റെ പമ്പ് ഹൗസ്, കനാൽ എന്നീ പണികൾ കഴിഞ്ഞു. പമ്പും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ വിളിച്ചിട്ടുണ്ട്. അവ സ്ഥാപിക്കുന്നതിനുള്ള ജോലികളും ഉടനെ ആരംഭിക്കും. വിജയരാഘവപുരം സ്കീമിന്റെ പൈപ്പ് ഇടുന്ന പണിയും തീർന്നു. ആവശ്യമായ മോട്ടോറും പമ്പും സ്ഥാപിക്കാനുള്ള ടെൻണ്ടർ ഉറപ്പിച്ചു കഴിഞ്ഞതിനാൽ പണി ഉടൻ തുടങ്ങുന്നതാണ്.

(ബി, സി) 1984-85-ൽ പണികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പാലക്കാട് കിണർ കുഴിക്കാൻ ടെൻഡർ നൽകിയ പദ്ധതി

502. [781] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായനാർ ഗവൺമെന്റിന്റെ കാലത്ത് 'യൂണിസെഫ്' സംഭാവന ചെയ്ത രണ്ടു റിഗ്ഗുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) 1982-83, 83-84 ഈ സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് പി. എച്ച്.ഇ.ഡി. യൂണിററിലുള്ള റിഗ്ഗ് പ്രവർത്തിപ്പിക്കാതെ ഏതെങ്കിലും സ്വകാര്യവ്യക്തികൾക്ക് കിണറുകൾ കുഴിക്കുന്നതിന് ടെൻഡർ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ മീററർ ആഴത്തിനും ടെൻഡർ തുക എത്ര;

(ഡി) സ്വന്തമായി രണ്ടു റിഗ്ഗുകൾ പി.എച്ച്.ഇ.ഡി.യ്ക്ക് ഉള്ളപ്പോൾ സ്വകാര്യവ്യക്തികൾക്ക് ടെൻഡർ കൊടുക്കുവാനുള്ള കാരണം എന്ത്?

ഉത്തരം

(എ) ഒരെണ്ണം മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്നത് ഇപ്പോൾ റിപ്പയറിലാണ്.

(ബി) ഇല്ല. വരൾച്ച നിവാരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് സമയബന്ധിത പരിപാടിയനുസരിച്ച് സ്വകാര്യ ഏജൻസികൾക്ക് കോൺട്രാക്ട് നൽകിയിട്ടുണ്ട്.

(സി) മീററിന് 247 രൂപാ.

(ഡി) വരൾച്ച നിവാരണപ്രവർത്തനങ്ങൾക്ക് ഡിപ്പാർട്ടുമെന്റ് റിഗ്ഗുകൾ മാത്രം മതിയായിരുന്നില്ല.

## തൃശൂർ ജില്ലയിലെ വെള്ളക്കരം പിരിവ്

503. [782] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ വെള്ളക്കരം പിരിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുവാൻ റവന്യൂ ഇറിഗേഷൻ ഉദ്യോഗസ്ഥൻമാരുടെ ജില്ലാതലയോഗം ബന്ധപ്പെട്ട മന്ത്രിമാർ വിളിച്ചു കൂട്ടുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആ യോഗം തീരുമാനം എടുക്കുന്നതുവരെ വെള്ളക്കരം പിരിവ് നിറുത്തി വയ്ക്കുവാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സെക്രട്ടറിയേററിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. ഫീൽഡ് ഉദ്യോഗസ്ഥൻമാർക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് മേൽ നടപടികൾ എടുക്കുന്നതാണ്.

ഡോർമെററി ബംഗ്ലാവ് ദുരുപയോഗം ചെയ്യുന്നതായ ആക്ഷേപം

504. (784) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എച്ച്. ഇ. ഡി. വകുപ്പിലെ ഡിപ്പാർട്ടുമെൻറ് കോൺഫറൻസിനു വേണ്ടി വരുന്ന ഉദ്യോഗസ്ഥൻമാർക്ക് താമസിക്കുന്നതിനു വേണ്ടി നിർമ്മിച്ച ഡോർമെററി ബംഗ്ലാവിൽ പി. എച്ച്. ഇ. ഡി. ചീഫ് എൻജിനീയർ ശ്രീ. എൻ. എസ്. ഭൈരവനും മകനും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്ററാഫിലുള്ള ഒരാളും സ്ഥിരമായി താമസിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഡിപ്പാർട്ടുമെൻറ് മുറികൾ ദുരുപയോഗം ചെയ്യുന്നവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ ഡിപ്പാർട്ടുമെൻറ് ചീഫ് എൻജിനീയറായ ശ്രീ. ഭൈരവനും മകനും വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്ററാഫിലുള്ള ആളും ഓരോ ദിവസവും എത്ര രൂപാ വാടക ഡിപ്പാർട്ടുമെൻറിനു നൽകുന്നു?

ഉത്തരം

(എ) തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാർക്ക് സ്ഥിരമായി താമസിക്കുന്നതിലേക്കായി ഒരു ഡോർമററി ബംഗ്ലാവ് പി. എച്ച്.ഇ. ഡി. പണി കഴിപ്പിച്ചിട്ടുണ്ട്. കോൺഫറൻസുകൾക്കായി വരുന്ന ഉദ്യോഗസ്ഥൻമാർക്കും ഇതേ ബംഗ്ലാവിൽ താമസിക്കുന്നതിലേക്കായി ഒരു മുറി നീക്കി വച്ചിട്ടുണ്ട്. മററു സ്ഥിര താമസക്കാരായ ഉദ്യോഗസ്ഥൻമാരോടൊപ്പം ചീഫ് എൻജിനീയർ ശ്രീ. എൻ.എസ്. ഭൈരവനും വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്ററാഫിൽപ്പെട്ട അഡീഷണൽ പ്രൈവററ് സെക്രട്ടറിയ്ക്കും ഓരോ മുറി അനുവദിച്ചിട്ടുണ്ട്. അവർ താമസിക്കുന്നുമുണ്ട്.

(ബി) നിയമാനുസൃതമായ വാടക കൊടുത്തു കൊണ്ട് താമസിക്കുന്നതു കൊണ്ട് മേൽപറഞ്ഞവരുടെ താമസം ഡോർമറററിയെ ദുരുപയോഗപ്പെടുത്തലാകുന്നില്ല.

(സി) ഡോർമെററിയിൽ താമസിക്കുന്നതിന് ദിവസവും രണ്ടു രൂപാ വച്ച് വാടക ഈടാക്കുന്നു. ശ്രീ. എൻ. എസ്. ഭൈരവന്റെ മകൻ കൂടി അദ്ദേഹത്തിന് അനുവദിച്ച മുറിയിൽ താമസിക്കുമ്പോൾ അങ്ങനെയുള്ള താമസത്തിന് അധികമായി നിശ്ചയിക്കപ്പെട്ട വാടകയായ ഒരു രൂപ കൂടി ദിനംപ്രതി ഈടാക്കുന്നുണ്ട്. ഈ വാടകനിരക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ളതും ഇപ്പോൾ പ്രാബല്യത്തിലുള്ളതും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പ്ലംബിംഗ് ലൈസൻസ്

505. [785] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്ക് പ്ലംബിംഗ് ലൈസൻസ് നൽകുന്നത് എന്തു മാനദണ്ഡത്തിലാണ്;

(ബി) കവടിയാറിൽ സ്ഥിതി ചെയ്യുന്ന നർമ്മദാ എൻറർപ്രൈസസിന് ഷാജി എൻറർപ്രൈസസ് എന്ന പേരിൽ പ്ലംബിംഗ് ലൈസൻസ് നൽകിയിട്ടുണ്ടോ:

### ഉത്തരം

(എ) പ്ലംബിംഗിലുള്ള ഐ.ടി.ഐ. സർട്ടിഫിക്കററ് അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറ് നടത്തുന്ന പ്രായോഗിക പരീക്ഷയിലെ വിജയം, വേണ്ടത്ര ഉപകരണങ്ങളോടു കൂടിയതും പൊതുജനങ്ങൾക്ക് എളുപ്പം എത്തിച്ചേരാവുന്നതുമായ ഒരു ഷോറൂം ഇവയുള്ള അപേക്ഷകൻ പ്ലംബിംഗ് ലൈസൻസിന് അർഹനാണ്.

(ബി) ഇല്ല.

## "വിശ്വസ്താ" ഏജൻസിക്കു നൽകിയ സപ്ലൈ ഓർഡർ

506. [786] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

"വിശ്വസ്താ" ഏജൻസിക്ക് എത്ര ലക്ഷം രൂപായുടെ പി. വി. സി. പൈപ്പുകളുടെ സപ്ലൈ ഓർഡർ 1982-83, 1983-84 ഈ സാമ്പത്തിക വർഷം നൽകി?

### ഉത്തരം

വിശ്വസ്താ ഏജൻസി ചില കമ്പനികളുടെ പ്രാദേശിക ഏജൻറാണ്. ഇവർ ഏജൻറായിരിക്കുന്ന കമ്പനികൾക്ക് പി. എച്ച്. ഇ. ഡി. യിൽ നിന്നും സപ്ലൈ ഓർഡറുകൾ നൽകിയിട്ടുണ്ട്. അതല്ലാതെ വിശ്വസ്താ ഏജൻസിക്ക് നേരിട്ട് സപ്ലൈ ഓർഡർ നൽകിയിട്ടില്ല.

507. [790] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. പി. സ്കീം അനുസരിച്ച് 1982-33, 1983-84 എന്നീ വർഷങ്ങളിൽ എന്തു തുക ചിലവഴിച്ചു:

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1982-83-ൽ മൊത്തം 1265.56 ലക്ഷം ക ചിലവഴിച്ചു. 1983-84-ൽ. 31-1-1984 വരെ 1123.88 ലക്ഷം ക. ചിലവഴിച്ചു.

(ബി)

| | 1982-83 (ലക്ഷംക) | 1983-84 31-1-1984 വരെ | |
|---|---|---|---|
| തിരുവനന്തപുരം | 100.42 | 49.62 | ലക്ഷം |
| കൊല്ലം | 89.61 | 77.35 | ,, |
| ആലപ്പുഴ | 117.77 | 81.29 | ,, |

| | 1982-83 (ലക്ഷം) | 1983-84 31-1-1984 വരെ | |
|---|---|---|---|
| പത്തനംതിട്ട | .. | 28.92 | ലക്ഷം |
| കോട്ടയം | 82.03 | 42.62 | ,, |
| ഇടുക്കി | 20.11 | 24.86 | ,, |
| എറണാകുളം | 96.83 | 83.01 | ,, |
| തൃശ്ശൂർ | 101.11 | 90.27 | ,, |
| പാലക്കാട് | 135.29 | 200.33 | ,, |
| മലപ്പുറം | 95.54 | 104.35 | ,, |
| കോഴിക്കോട് | 99.96 | 62.52 | ,, |
| വയനാട് | 92.94 | 103.81 | ,, |
| കണ്ണൂർ | 84.87 | 94.22 | ,, |
| സാമൂഹ്യവനവൽക്കരണത്തിനായും വനം വകുപ്പ് മുഖേന ചില വാക്കിയത് | 149.48 | 80.71 | |
| | 1265.56 | 1123.88 | |

### ആർ. എൽ. ഇ. ജി. പി. സ്കീമിൽ റോഡു പണിയാൻ നടപടി

508. [791] ശ്രീ.സി. റി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ മുടപ്പല്ലൂർ, മാത്തൂർ, പാലാറോഡ് കണ്ണച്ചി പരുത-ചാലക്കുഴി റോഡ് ആലാംപരുത-കാക്കഞ്ചേരി റോഡ് മുതലായവ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ മേല്പറഞ്ഞ റോഡുകൾ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തി തുടങ്ങുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1983-84, 1984-85 എന്നി കൊല്ലങ്ങളിൽ ആർ. എൽ. ഇ. ജി. പി. യിൽപെടുത്തി ചെയ്യാനുള്ള റോഡുകളുടെയും വീടുകളുടെയും ആക്ഷൻ പ്ലാൻ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചു കഴിഞ്ഞു. ആക്ഷൻ പ്ലാനിൽ പെടുത്താത്ത റോഡുകൾ ഒന്നും ഏറ്റെടുത്ത് പ്രവർത്തി ചെയ്യാൻ പററുകയില്ല.

### Subsidy distributed under the I.R.D.P. Scheme

509. [792] Dr. A Subha Rao :
Sri. K. T. Kumaran :
,, K. E. Ismail : Will the Minister for Community Development be pleased to state :

(a) What is the total amount of subsidy distributed by the Government under the IRDP Scheme in each District;

LIBRARY ARCHIVES Kerala Legislative Assembly

(b) Whether it is a fact that subsidy is due to a number of beneficiaries under the original SFDA and IRDP issued during the preceeding three years of the scheme;

(c) If so the number of beneficiaries whose subsidy have yet to be paid and the total amount of such subsidy due and the reasons for not releasing the same?

Answer

(a) The total amount of subsidy distributed by the Government under the IRDP Scheme in each District from 1980-81 up to January 1984 is as follows.

| | Rs. In lakhs |
|---|---|
| Trivandrum | 198.29 |
| Quilon | 298.35 |
| Pathanamthitta | 34.91 |
| Alleppey | 274.79 |
| Kottayam | 218.50 |
| Idukki | 84.22 |
| Ernakulam | 315.94 |
| Trichur | 288.40 |
| Palghat | 325.03 |
| Malappuram | 266.29 |
| Kozhikode | 281.16 |
| Wynad | 58.67 |
| Cannanore | 234.55 |

(c) Details are being gathered.

കാർഷികോല്പാദനത്തിന് നൽകിയ സഹായധനം

510. [793] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികസന ബ്ലോക്കുകൾ മുഖാന്തിരമുള്ള കാർഷികോല്പാദനത്തിന് ഓരോ ബ്ലോക്കിനും 1984 സാമ്പത്തിക വർഷത്തിൽ എന്തു തുക വീതം അനുവദിച്ചിട്ടുണ്ട്?

(ബി) എത്ര ഏക്കർ ഭൂമിവരെയുള്ള കർഷകർക്കാണ് ഈ സഹായധനം ലഭിക്കുക;

(സി) എത്ര രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ഈ സഹായധനത്തിന് അർഹതയുള്ളത്?

(ഡി) അർഹതയില്ലാത്തവർക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതൊഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) 144 ബ്ലോക്കുകൾക്ക് 2.71 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) ജലസേചന സൗകര്യത്തോടുകൂടിയ 2.5 ഏക്കറോ ജലസേചന സൗകര്യമില്ലാത്ത 5 ഏക്കറോ കൃഷി ഭൂമിയുള്ള ചെറുകിടകർഷകർക്കും ജലസേചനസൗകര്യത്തോടുകൂടിയ 1.25 ഏക്കറോ ജലസേചന സൗകര്യമില്ലാത്ത 2.5 ഏക്കറോ കൃഷിഭൂമിയുള്ള നാമമാത്രകർഷകർക്കും ഈ പദ്ധതിമൂലം സഹായധനം ലഭിക്കും.

(സി) കാർഷികേതര വരുമാനം പ്രതിമാസം 200 രൂപയിൽ കൂടുതലില്ലാത്ത ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും സഹായത്തിന് അർഹതയുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**ഇരുപതിനപരിപാടി**

511. [794] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84 വർഷങ്ങളിൽ സ്റ്റേററിൽ ഇരുപതിനപരിപാടിയിൻ കീഴിലുള്ള ഐ. ആർ. ഡി.പി. പരിപാടിയിലും സ്വയം തൊഴിൽ കണ്ടെത്തുന്ന പരിപാടിയിലുമായി എത്ര ഉറുപ്പിക എത്ര പേർക്കായി വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർ 15-2-1984-ൽ കുടിശികക്കാർ ഉണ്ട്?

(സി) കുടിശിക കിട്ടാത്തതിന്റെ പേരിൽ ആരുടെ പേരിലെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം എന്ത്;

(ഇ) ബാങ്കുകളിൽ നിന്നെടുക്കുന്ന സംഖ്യകൾ മടക്കി അടച്ചില്ലെങ്കിൽ അവ മടക്കി കൊടുപ്പിക്കാൻ ഗവൺമെൻറിന് ഏതെങ്കിലും നിയമപരമായ ബാദ്ധ്യതയുണ്ടോ?

**ഉത്തരം**

(എ) 1982-83, 1983-84 വർഷങ്ങളിൽ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 203550 കുടുംബങ്ങൾക്കായി 1833.89 ലക്ഷം ഉറുപ്പിക വിതരണം ചെയ്തിട്ടുണ്ട്.

(ബി) സ്വയം തൊഴിൽ കണ്ടെത്തുന്ന പരിപാടി അനുസരിച്ച് എത്ര ഉറുപ്പിക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ബാങ്കിൽ കുടിശ്ശിക വരുത്തുന്നവരുടെ പേരിൽ റവന്യൂ റിക്കവറി വകുപ്പുപ്രകാരം ബാങ്കിന്റെ അപേക്ഷ പ്രകാരം നടപടിയെടുക്കാൻ ബാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബ്ലോക്ക് ഡവലപ്മെൻറ് കമ്മിററികളുടെ പുനഃസംഘടന

512. [796] ശ്രീ. ലോനപ്പൻനമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ബി. ഡി. സി.കൾ പുനഃസംഘടിപ്പിക്കാനുള്ള കാലതാമസം എന്താണ് ;

(ബി) ഏതു് മാനദ്ഡത്തിലാണ് ബി. ഡി. സി. കൾ പുനഃസംഘടിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(സി) സ്റേററിലെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ബി. ഡി. സി കമ്മിററികളിൽ പ്രാതിനിധ്യം നൽകാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

### ഉത്തരം

(എ) ഇവ ഉടൻ തന്നെ സംഘടിപ്പിക്കുന്നതാണ്.

(ബി) ബ്ലോക്ക് പ്രദേശം ഉൾപ്പെട്ട പഞ്ചായത്തുകളുടെ പ്രസിഡൻറ് മാർ ബ്ലോക്ക് പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാർ ബ്ലോക്കു പ്രദേശത്ത് ഏതെങ്കിലും മുനിസിപ്പൽ പ്രദേശം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ മുനിസിപ്പാലിററിയുടെ പ്രസിഡൻറ്, നാഷണൽ സർവ്വീസ് സ്കീമിൻെറ പ്രോഗ്രാം ആഫീസർ എന്നിവർക്ക് പുറമേ താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്ന് പന്ത്രണ്ടിൽ കവിയാത്ത അനൗദ്യോഗികാംഗങ്ങളെയും ഉൾപ്പെടുത്തി ബി. ഡി.സി. കൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

1. ബ്ലോക്ക് അതൃത്തിയിലുള്ള സഹകരണ സംഘത്തിൻെറ ഒരു പ്രതിനിധി

2. ബ്ലോക്ക് പ്രദേശത്തുള്ള രണ്ട് സാമൂഹ്യ പ്രവർത്തകർ-ഇതിൽ ഒന്നൊരു വനിത ആയിരിക്കേണ്ടതാണ്

3. ഒരു ഹരിജൻ

4. ബി. ഡി. സി.ക്ക് പ്രയോജനകരമായ സേവനമനുഷ്ടിക്കാൻ കഴിയുന്ന പ്രമുഖരായ അനൗദ്യോഗികാംഗങ്ങളായിരിക്കണം മററുള്ളവർ.

(സി) ബ്ലോക്ക് ഉൾപ്പെടെ ജില്ലയിൽ നിന്ന് അസംബ്ലിയിൽ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രതിനിധികളെ മുകളിൽ 4-ാം ഉപവകുപ്പിൽ ഉൾപ്പെടുത്താവുന്നതാണ്. അവർക്ക് പ്രാദേശികമായി നല്ലമതിപ്പുമായിരിക്കണം എന്നുമാത്രം.

## മുക്കാലി ബാലവാടി അദ്ധ്യാപർക്ക് ഹിൽ അലവൻസ് കിട്ടിയില്ലെന്ന പരാതി

513. [799] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി വികസന ബ്ലോക്കിലെ മുക്കാലി ബാലവാടിയിലെ അദ്ധ്യാപികയ്ക്ക് ഹിൽ അലവൻസ് എന്തുകൊണ്ടാണ് അനുവദിക്കാത്തത്;

(ബി) ഇതു സംബന്ധിച്ച് വല്ല ആക്ഷേപവും ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമഗ്ര മാതൃ ശിശു സംരക്ഷണ പരിപാടിയുടെ ഭാഗമായി മഹിളാ സമാജങ്ങൾ നടത്തുന്ന ബാലവാടികളിലെ അദ്ധ്യാപികമാർക്ക് അലവൻസ് മഹിളാ സമാജങ്ങൾ വഴിയാണ് നൽകാറുള്ളത്. ഈ ബാലവാടി അദ്ധ്യാപികമാർ ഗവൺമെൻറ് ജീവനക്കാരല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## II. ചരമോപചാരം

### [ശ്രീ. ജോൺ മാഞ്ഞൂരാൻെറ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : മുൻ നിയമസഭാംഗവും കേരള സോഷ്യലിസ്ററ് പാർട്ടിയുടെ നേതാവുമായിരുന്ന ശ്രീ. ജോൺ മാഞ്ഞൂരാൻ നിര്യാതനായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. 1933-ൽ

9.30 A. M.] കർഷകത്തൊഴിലാളി പ്രസ്ഥാനത്തിൽ ചേർന്ന് പ്രവർത്തിച്ചു തുടങ്ങിയ അദ്ദേഹം രാഷ്ട്രീയ പ്രക്ഷോഭങ്ങളിലും തൊഴിൽ സമരങ്ങളിലും നിരന്തരമായി പങ്കുകൊണ്ട് അനേകംതവണ ജയിൽവാസമനുഭവിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ ദിവാൻ ഭരണത്തിനെതിരായ പ്രക്ഷോഭണങ്ങളിൽ ശ്രീ. ജോൺ മാഞ്ഞൂരാൻ ഗണനീയമായ പങ്ക് വഹിച്ചിരുന്നു. 1947-ൽ രൂപം കൊണ്ട കേരള സോഷ്യലിസ്ററ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ അദ്ദേഹം ആ പാർട്ടിയുടെ കേന്ദ്രകമ്മിററിയംഗമായും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1970-ൽ മാടായി നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിലൂടെ അദ്ദേഹം മൂന്നാം കേരള നിയമസഭയിൽ അംഗമായി: തുടർന്ന് മണ്ണാർക്കാട് നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് നാലാം കേരള നിയമസഭയിലും അദ്ദേഹം അംഗമായി സേവനമനുഷ്ഠിച്ചു. പ്രഗൽഭനായ ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ അദ്ദേഹം തൻെറ മികച്ച കഴിവുകൾ ആ അവസരങ്ങളിൽ പ്രകടിപ്പിച്ചിട്ടുള്ളത് പ്രത്യേകം സ്മരണീയമാണ്. ചാലക്കുടിയിലും തൃശ്ശൂരും തിരുവനന്തപുരത്തുമുള്ള അനേകം ട്രേഡ് യൂണിയനുകൾക്ക് അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. മലനാട് കർഷക യൂണിയൻ, ടാററാ ഓയിൽമിൽ വർക്കേഴ്സ് യൂണിയൻ, ട്രാവൻകൂർ റയോൺസ് എംപ്ലോയീസ് യൂണിയൻ എന്നിവയുടെ പ്രസിഡൻറായും, ഫിഷറീസ് ബോട്ട് വർക്കേഴ്സ് യൂണിയൻെറ ജനറൽ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. സജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ച് 1982-ൽ അദ്ദേഹം വൈദികവൃത്തി സ്വീകരിക്കുകയുണ്ടായി. നിസ്വാർത്ഥ സേവനത്തിനായി സമർപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു അദ്ദേഹത്തിൻേറത്. പരേതനോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പ സമയം എഴുന്നേററു നിൽക്കാം. (പരേതനോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ ഏതാനും നിമിഷം എഴുന്നേററു നിന്നു മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

# III. അടിയന്തിര പ്രമേയം

## സീ. പി. ഐ. (എം) നേതാവ് ശ്രീ. വി. കെ. ഗോപാലനെ കൊലപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ : തൃശ്ശൂർ ജില്ലയിൽപ്പെട്ട പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡൻറും സി. പി. ഐ. (എം) നേതാവുമായ ശ്രീ. ഗോപാലനെ കഴിഞ്ഞ 24-ാം തീയതി ഒരു സംഘം ആർ. എസ്. എസ്. കാർ കുത്തിക്കൊലപ്പെടുത്തിയതിനെത്തുടർന്ന് അവിടെ നിലവിലിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. വി. കെ. രാജൻ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. ബേബിജോൺ, ശ്രീ. പി. എം. അബൂബക്കർ, ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ, ശ്രീ. സി. കെ. ചക്രപാണി, ശ്രീ. കെ. പി. അരവിന്ദാക്ഷൻ, ശ്രീ. ലോനപ്പൻ നമ്പാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, മാർച്ച് 24-ാം തീയതി രാവിലെ ഒമ്പതര മണിക്കാണ് പ്രസ്തുത സംഭവമുണ്ടായത്. പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ഗോപാലനെ ചില ആർ. എസ്. എസ്സുകാർ ചേർന്ന് മാരകമായി ആക്രമിക്കുകയും മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയിൽവച്ച് മരണമടഞ്ഞു. ഒരു രോഗിയെ കണ്ടിട്ട് വീട്ടിലേക്ക് മടങ്ങിപ്പോകാൻ ബസ്സ് കാത്തുനിൽക്കുമ്പോഴാണ് ആർ. എസ്. എസ്സുകാർ ശ്രീ. ഗോപാലനെ ആക്രമിച്ചത്. ഇതിനെക്കുറിച്ച് മതിലകം പോലീസ് ക്രൈം 44/84 ആയി ഐ. പി. സി. 143, 147, 148, 302 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്ററർ ചെയ്ത് അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. ജില്ലയിലെ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥൻമാരെല്ലാം സ്ഥലത്തെത്തുകയും സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കുകയും ചെയ്തു. ഇപ്പോൾ അവിടെ മററ് സ്ഥിതിഗതികളൊന്നുംതന്നെയില്ല.

ശ്രീ. വി. കെ. രാജൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് സത്യവിരുദ്ധമാണ്. അവിടെ സ്ഥിതിഗതികൾ ശാന്തമാണെന്നാണ് അദ്ദേഹം പറഞ്ഞത്. 24-ാം തീയതി രാവിലെ ഒമ്പതര മണിക്ക് അദ്ദേഹത്തിൻെറ വീട്ടിൽനിന്നും പഞ്ചായത്ത് പ്രസിഡൻറ് എന്ന നിലയ്ക്ക് അദ്ദേഹത്തിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി പോയപ്പോൾ ഏതാണ്ട് ഒരു കിലോമീററിന് അപ്പുറത്തെത്തിയപ്പോൾ ഓണപ്പറമ്പ് എന്ന സ്ഥലത്തുവച്ച് മലയത്ത് ചന്ദ്രൻ എന്നു പറയുന്ന ഒരാളുമായി സംസാരിച്ചുകൊണ്ടുനിന്ന ഘട്ടത്തിലാണ് ആർ. എസ്. എസ്. കാപാലികരായ അഞ്ചുപേർ പിന്നിൽക്കൂടി വന്ന് സഖാവിൻെറ തലയ്ക്ക് അടിച്ച് താഴെ വീഴ്ത്തുകയും മാരകമായി കുത്തി പരിക്കേൽപ്പിക്കുകയും ചെയ്തത്. ഈ സംഭവത്തെക്കുറിച്ച് പോലീസ് കാര്യമായി അന്വേഷിച്ചുവെന്ന് പറയുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. അങ്ങനെയൊരു അന്വേഷണം അവിടെ നടന്നിട്ടില്ല. സഖാവ് ഗോപാലനെ കുറിച്ച് ശ്രീ. വയലാർ രവിക്ക് എത്രത്തോളം അറിയാമെന്ന് എനിക്കറിയില്ല. 1946-ൽ കമ്മ്യൂണിസ്ററ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് അവിടത്തെ പ്രമാണിമാർക്ക് എതിരായി, ഭരണവർഗ്ഗത്തിനെതിരായി ഭീകരമായ മർദ്ദനമേററ സഖാവാണ് ഗോപാലൻ. അദ്ദേഹം ഒരു മത്സ്യത്തൊഴിലാളി ആയി ജനിച്ചുവെങ്കിലും ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും വികാര



LIBRARY ARCHIVES Kerala Legislative Assembly

വിചാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഉയർന്നുവന്ന ആ നേതാവിനെ അതിനീചമായി കൊല്ലുന്നതിന് പോലീസും ആർ. എസ്. എസ്സും ഗൂഢാലോചന നടത്തുകയായിരുന്നു. അതിനൊരു തെളിവാണ് മാസങ്ങൾക്കു മുമ്പ് ഗോപാലനെ കൊലപ്പെടുത്തുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിക്കൊണ്ട് എഴുതിയ കത്ത്. ആ കത്ത് ഈ സഭയിലെ മെമ്പറായ ശ്രീ. കെ. പി. അരവിന്ദാക്ഷൻ സ്ഥലം പോലീസ് സ്റ്റേഷനിൽ കൊണ്ടേൽപ്പിച്ചു. അതിനുശേഷം നിരവധി പ്രാവശ്യം ഡി. എസ്. പി. യുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. നാളിതുവരെ അതിനെക്കുറിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാ എന്നു മാത്രമല്ല, ഏതാനും ദിവസം മുൻപ് സഖാവ് ഗോപാലന്റെ മകൻ സുരേന്ദ്രനെ ആർ. എസ്. എസ്സുകാരനായ ദാസും പത്മനാഭനും കൂടി തടഞ്ഞുനിറുത്തി നിന്നെ ശരിപ്പെടുത്തിക്കളയുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയുണ്ടായി. അതിനെക്കുറിച്ച് മതിലകം പോലീസ് സ്റ്റേഷനിൽ ഒരു പരാതി കൊടുത്തു. ആ പരാതിയെക്കുറിച്ചും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തൃശൂരിലെ എസ്. പി. ക്ക് ഒരു പണിയും ഇല്ല. അദ്ദേഹം മുഖ്യമന്ത്രിയേയും സൂക്ഷിച്ചുകൊണ്ട് നടക്കുകയാണ്. ആഴ്ചയിൽ 5 ദിവസവും മാള നിയോജക മണ്ഡലത്തിൽ വരുന്ന അദ്ദേഹത്തിന് ഇതിനെക്കുറിച്ച് സംസാരിക്കുവാൻ സമയമില്ല. ഇതിനെക്കുറിച്ച് സംസാരിക്കുവാൻ അപ്പുറത്തിരിക്കുന്ന ഒരാൾക്കുപോലും സാധിച്ചിട്ടില്ല. ക്രമസമാധാനനില അപകടപ്പെടുത്തുന്നതിന് മുഖ്യ പങ്കാളിത്തം വഹിക്കുന്നത് ഈ പറയുന്ന കക്ഷിയാണ്; എസ്. പി. യാണ്. പട്ടാപ്പകലാണ് ഈ കൊലപാതകം നടന്നത്. പട്ടാപ്പകൽ നടന്ന കൊലപാതകത്തിലെ കക്ഷികളെക്കുറിച്ച് പോലീസിന് അറിയാം. കുററീൽ പറമ്പിൽ അയ്യപ്പൻ ദാസൻ, ചിററാലം പറയ്ക്കൽ വേലായുധൻ, കൃഷ്ണൻ ദാസൻ, സത്യൻ, വേലുക്കുട്ടി ജയൻ, പത്മനാഭൻ എന്നിവർ ചേർന്നാണ് സഖാവിനെ കൊല ചെയ്തത്. സർ, ഈ കൊലപാതകത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തുമെന്നുള്ളതിന് ഞങ്ങൾക്ക് യാതൊരു ഉറപ്പുമില്ല. ആർ. എസ്. എസ്സുകാർക്ക് സംരക്ഷണം കൊടുക്കുന്ന നടപടിയാണ് ഇന്ന് പോലീസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആർ. എസ്. എസ്സുകാർ സൈ്വരവിഹാരം നടത്തുന്നു. ഇന്നലെ കിട്ടിയ വിവരമനുസരിച്ച് മതിലകം പോലീസ് ഞങ്ങളുടെ പാർട്ടിയിലെ ലോക്കൽ കമ്മിററി സെക്രട്ടറിയായ ഗോപിയെ ഉൾപ്പെടെ തല്ലിയെന്നാണ്. അവിടത്തെ 5 മാർക്സിസ്ററ് പാർട്ടി പ്രവർത്തകരെ മതിലകം പോലീസ് അറസ്ററ് ചെയ്തിരിക്കുകയാണ്. ഇങ്ങനെ പോലീസ് മാർക്സിസ്ററ് പാർട്ടിക്കെതിരായി, ആർ. എസ്. എസ്സുകാർക്ക് അനുകൂലമായ നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു ഒററപ്പെട്ട സംഭവമല്ല. ഏതാനും മാസം മുമ്പ് എസ്. എഫ്. ഐ. യുടെ ഒരു പ്രവർത്തകൻ കൊല്ലപ്പെട്ടു. ആ കൊലപാതകത്തിലും പോലീസിന്റെയും ആർ. എസ്. എസ്സിന്റെയും പങ്കുണ്ട്. ഇതെല്ലാം പോലീസും ആർ. എസ്. എസ്സും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ഫലമായിട്ടാണുണ്ടാകുന്നത്. ഗോപാലൻ മരിച്ച കൊടുങ്ങല്ലൂരിന് അടുത്തുള്ള പ്രദേശങ്ങളിലെ ആയിരക്കണക്കിന് ആളുകൾ ശ്രീ. പി. വി. കുഞ്ഞിക്കണ്ണന്റെയും ശ്രീ. സി. കെ. ചക്രപാണിയുടേയും ശ്രീ. കെ. പി. അരവിന്ദാക്ഷന്റെയും ശ്രീ. ടി. കെ. രാമകൃഷ്ണന്റെയും നേതൃത്വത്തിൽ ആദരാഞ്ജലി അർപ്പിക്കുവാൻ വരികയുണ്ടായി. അവിടെ ഇപ്പോഴും രക്തം കട്ടപിടിച്ചു കിടക്കുകയാണ്. ഏത് കൊലപാതകം നടന്നാലും ശ്രീ. വയലാർ രവിയുടെ പോലീസ് അന്വേഷിക്കാറില്ല. നാണമില്ലാത്തവന്റെ ആസനത്തിൽ ആലു മുളച്ചാൽ അതിൽ ഊഞ്ഞാലാടുമെന്ന് ഒരു ചൊല്ലുണ്ട്, അതുപോലെ ഊഞ്ഞാലാടുകയാണ് ശ്രീ. രവി. ഏത് കൊലപാതകം നടന്നാലും പോലീസിനെ ന്യായീകരിച്ചുകൊണ്ടുള്ള ഒരു ലെററർ വായിക്കും. അതു പോരാ.

LIBRARY ARCHIVES Kerala Legislative Assembly

ഈ കൊലപാതകത്തെക്കുറിച്ച് അന്വേഷണം നടത്തുകയും കുററവാളികളെ പിടിക്കുകയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. വയലാർ രവി : സർ, നാട്ടിക ഫർക്ക എന്നറിയപ്പെടുന്ന ആ പ്രദേശം പല പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുള്ളതാണ്. അവിടെ ആർ. എസ്. എസ്., മാർക്സിസ്ററ് സംഘർഷം കുറെ നാളുകളായി, വർഷങ്ങളായി നിലനിൽക്കുന്നതാണ്. അവിടെത്തന്നെയാണ് ആളുകളെ പെട്രോളൊഴിച്ച് കത്തിച്ചിട്ടുള്ളത്. പെരിഞ്ഞനം പഞ്ചായത്ത് അതിർത്തിയിൽ, രണ്ടുമൂന്നു മാസമായി സംഘർഷം ഉണ്ടായിരുന്നു. അതൊഴിവാക്കാൻ പോലീസ് വേണ്ട നടപടി അവിടെ സ്വീകരിക്കുകയുണ്ടായി. നടപടി സ്വീകരിക്കുക മാത്രമല്ല, ശ്രീ. രാജൻ ചൂണ്ടിക്കാണിച്ചതുപോലുള്ള സംഭവങ്ങളിൽ പോലീസ് കേസ്സെടുക്കുകയും മാർക്സിസ്ററുകാരുടേയും ആർ. എസ്. എസ്. കാരുടേയും വീടുകൾ പരിശോധിച്ച് ആയുധങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം 107 അനുസരിച്ച് ആർ. എസ്. എസ്. കാരുടേയും മാർക്സിസ്ററുകാരുടേയും പേരിൽ കേസ്സെടുത്തിട്ടുണ്ട്. ഈ പ്രതികളെല്ലാം തന്നെ ഇപ്പോൾ ജാമ്യത്തിൽ നിൽക്കുന്നവരാണ്. ശ്രീ. രാജൻ ചൂണ്ടിക്കാണിച്ച പ്രതികളിൽ മൂന്നുപേർ 107-ൽ പ്രതികളും മററ് കേസിൽ പ്രതികളുമാണ്. അവർ ഇപ്പോൾ ജാമ്യത്തിലാണ്. ഇപ്പോൾ ജാമ്യത്തിൽ നിൽക്കുന്ന ആളുകൾ തന്നെയാണ് ഈ ആക്രമണം കാണിച്ചിട്ടുള്ളത്. മാത്രമല്ല, അവിടത്തെ സബ് ഇൻസ്പെക്ടറെ സ്ഥലം മാററിയിരുന്നു. ശ്രീ. ഗോപാലന്റെ പരാതിയനുസരിച്ചാണ് അവിടെ ഉണ്ടായിരുന്ന സബ് ഇൻസ്പെക്ടറെ സ്ഥലം മാററിയത്. 107 എടുത്തതിനു ശേഷം, വീടുകൾ പരിശോധിച്ച് ആയുധങ്ങൾ കണ്ടെടുത്തതിനു ശേഷം ആ പ്രദേശത്ത് കഴിഞ്ഞ ഒരു മാസമായി യാതൊരു സംഘർഷവും ഉണ്ടായിരുന്നില്ല. മാത്രമല്ല, ഫർക്കാ പ്രദേശത്തൊട്ടാകെ തന്നെ തികച്ചും ജാഗ്രത പുലർത്തുകയായിരുന്നു. അങ്ങനെ ജാഗ്രത പുലർത്തിക്കൊണ്ടിരുന്ന, കഴിഞ്ഞ ഒരു മാസമായി യാതൊരുവിധ സംഘർഷവും ഇല്ലാതിരുന്ന ആപ്രദേശത്താണ് തികച്ചും അപ്രതീക്ഷിതമായി ആർ. എസ്. എസ്. കാർ ക്രൂരമായ ഈ ആക്രമണം നടത്തിയിട്ടുള്ളത്. ആർ. എസ്. എസ്. കാരെ പിടിക്കുന്നതിനും; ആർ. എസ്. എസ്. കാരെ അമർച്ച ചെയ്യുന്നതിനും ആവശ്യമായ എല്ലാ നടപടികളും പോലീസ് കൈക്കൊള്ളുന്നുണ്ട്. അതിൽ യാതൊരു വിധമായ അലംഭാവമോ വീഴ്ചയോ കാണിക്കുന്നതല്ല. അവിടെ നടന്നുവെന്നു പറയുന്ന, ചൂണ്ടിക്കാണിച്ച എല്ലാ കാര്യത്തിലും പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് കർശനമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. മറെറാരു സംഭവവും ഇപ്പോൾ അവിടെയില്ല.

ശ്രീ. രാജൻ പറഞ്ഞ സംഭവത്തിനുശേഷം അൻപതോളം മാർക്സിസ്ററ് പ്രവർത്തകൻമാർ ചേർന്ന് വേറെ ചില ആളുകളുടെ, ഒരാളിന്റെ അമ്മാവന്റെ വീട് തീവയ്ക്കുകയും ആക്രമണം നടത്തുകയും ചെയ്തിട്ടുണ്ട്. അങ്ങനെ പ്രതികാരത്തിനുവേണ്ടി സംഘർഷം ഉണ്ടാക്കാൻ ശ്രമിച്ചുവെങ്കിലും അത് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണാധീനമാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സർ, 1946 മുതലുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനാണ് സഖാവ് ഗോപാലൻ. ശ്രീ. വയലാർരവി അണ്ടർവയർ തന്നെ ധരിക്കുന്നതിനുമുമ്പ് സോഷ്യലിസ്റ്റ് പാർട്ടിയുടേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും, മാർക്സിസ്റ്റ് പാർട്ടിയുടേയും പ്രവർത്തകനാണ് ശ്രീ: ഗോപാലൻ. അത്രയും പഴക്കമുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനെ പകൽ ഒൻപതു മണിക്കാണ് വെട്ടിക്കൊന്നത്. ആർ. എസ്. എസിനെതിരായി, വർഗീയശക്തിക്കെതിരായി നിരന്തരം പോരാടിയ ഒരു മത്സ്യത്തൊഴിലാളി രാഷ്ട്രീയ നേതാവായി ഉയർന്നുവന്നതാണ്.

അതുപോലെ തന്നെ പയ്യന്നോളിലെ ബാലനെ വെട്ടി കൊന്നു. കുററവാളിയെ പിടിച്ചോ ? ഇതൊക്കെയാണ് തൃശൂർ ജില്ലയിൽ നടക്കുന്നത്. ആ ജില്ലയിൽ ആർ. എസ്. എസ്. കാർ ഭരണകക്ഷിയുമായി അല്ലെങ്കിൽ ഗവൺമെൻറുമായി കൂട്ടുപിടിച്ച് കൊലപാതകങ്ങൾ നടത്തുകയാണ്. പകൽ 9 മണിക്ക് ബസ്കയറാൻ നിൽക്കുമ്പോൾ അവിടെ വന്ന് കൊലചെയ്യണമെങ്കിൽ ഉന്നത തലത്തിലുള്ള കോൺസ്പിറസി ഇല്ലാതെ, ഗൂഢാലോചനയില്ലാതെ സാധിക്കുകയില്ല. അവിടെ, ഭരണകക്ഷിക്കാർ ഇദ്ദേഹത്തിന്റെ വീടുപരിശോധിച്ചു. ഗോപാലന്റെ വീട് പോലീസ് സെർച്ച് ചെയ്തു. അവിടെ ആയുധമുണ്ടെങ്കിൽ എടുത്തിട്ട് ആർ. എസ്. എസ്. കാർക്ക് കൊല്ലാനുള്ള സൗകര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് പരിശോധിച്ചത്. അപ്പോൾ ആയുധമില്ല. , ആയുധമുണ്ടെങ്കിൽ എടുത്താൽ പിന്നെ ആർ. എസ്. എസ്. കാർക്ക് ഇഷ്ടംപോലെ കൊല്ലാമല്ലോ? അങ്ങനെയാണ് പോലീസ് ഗോപാലന്റെ വീടു പരിശോധിച്ചത്, എന്നിട്ട് അവിടെ ചെയ്തത് എന്താണ്. കൊല്ലുന്നത് ആർ. എസ്. എസ്. കാർ. മരിക്കുന്നത് മാർക്സിസ്റ്റുകാർ. അറസ്റ്റ് ചെയ്തത് മാർക്സിസ്റ്റുകാരെ. വീടു പരിശോധിച്ചതും മാർക്സിസ്റ്റുകാരുടേത്. പോലീസ്കാർ അതാണ് ചെയ്യുന്നത്. ശ്രീവാസ്തവയെ എനിക്കറിയാം. ശരിക്കും അദ്ദേഹം അവിടെ എന്താണ് ചെയ്യുകയെന്ന് എനിക്ക് അറിയാം. ഇപ്പോൾ അദ്ദേഹം ശ്രീ. കരുണാകരന്റെ വലംകൈയാണ്. വേറെ ആരെങ്കിലും വന്നാൽ അയാളുടെ വലംകൈയായി നടക്കും. അപ്പോൾ ശ്രീ. കരുണാകരനെ തല്ലാൻ അയാൾ പുറപ്പെടും. അതാണ് ശ്രീ. വാസ്തവയുടെ ഗുണം. ഈ രാജ്യത്ത് നിയമസമാധാനത്തിനല്ല, അക്രമികൾക്കും പൈസക്കാരനും, സാമൂഹ്യവിരുദ്ധൻമാർക്കും കൂട്ടു നിൽക്കുന്ന പോലീസ്; അതിന്റെ നേതാവായിട്ടാണ് ശ്രീ. വയലാർ രവി ഇപ്പോൾ പ്രവർത്തിക്കുന്നത്. നിങ്ങൾ ശിക്ഷിക്കാൻ തയ്യാറാണോ? ഞാൻ ചോദിക്കുന്നു, കുററവാളിയെ പിടിച്ചോ?

കൊല്ലത്ത് കുററവാളിയെ സറണ്ടർ ചെയ്തത് എങ്ങനെയാണ്. ഡി. വൈ. എസ്. പി. പിള്ളയുമായി അണ്ടർസ്ററാൻറിംഗിൽ എത്തിയിട്ടാണ്. ധനപാലനേയും പണിക്കരേയും വെട്ടിയിട്ടുള്ള ആർ. എസ്. എസ്. കാരുമായി അണ്ടർസ്ററാൻറിംഗ് ഉണ്ടാക്കി. അങ്ങനെയാണ് സറണ്ടർ ചെയ്തത്. അല്ലാതെ പിടിക്കുകയാണോ ചെയ്തത്? നിങ്ങൾ ആർ. എസ്. എസുമായി കൂട്ടുപിടിച്ച് വേലായുധന്റെ ചോരയ്ക്കുവേണ്ടി, വളരെ കാലമായി ദാഹിക്കുന്നു. സാമൂഹ്യശത്രുക്കൾ, കരിഞ്ചന്തക്കാർ, കൊള്ളക്കാർ, അക്രമികൾ, ഇവർക്ക് കൂട്ടുനിൽക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. സ്പീക്കർ സർ, സഭ നിറുത്തിവച്ച് ഇത് ചർച്ച ചെയ്യണം. 1948—ൽ സർദാർ ഗോപാലകൃഷ്ണന്റെ കൂടെ, അന്ന് ലോക്കപ്പിൽ കിടന്ന്. ധീരമായി പോരാടി, ക്രൂരമായ മർദ്ദനമേററ്, നിരവധി വർഷങ്ങളോളം ജയിലിൽ കിടന്ന ആളാണ് സഖാവ് ഗോപാലൻ. അദ്ദേഹം ഒരു തൊഴിലാളിനേതാവായി ഉയർന്നു വന്നതിൽ പ്രമാണിമാർക്കും, പ്രതാപികൾക്കും കണ്ണിൽ കരടുണ്ട്. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

അവർ തീർച്ചയായും അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി ദാഹിച്ചത്. പഞ്ചായത്തുപ്രസിഡന്റായി ഭൂരിപക്ഷം തൊഴിലാളികളും തെരഞ്ഞെടുക്കപ്പെട്ട ആ നേതാവിനെ ആർ. എസ്. എസ്. കാപാലികൻമാർ കശാപ്പുചെയ്തിട്ട്, ഒരൊററ കുററവാളിയേയും അറസ്ററ് ചെയ്തിട്ടില്ല. ഇത്രയും സമയമായിട്ടും ആരെയും അറസ്ററ്. ചെയ്തിട്ടില്ല. തീർച്ചയായും ഇതു ചർച്ചചെയ്യണം. ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപോയി.)

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ സംഭവം നടന്നിട്ട് 48 മണിക്കൂറായി. പകൽ 9 മണിക്ക് നടന്ന സംഭവമാണ്. ശ്രീ. ഗോപാലനെ കൊലചെയ്ത ആരം ആരാണെന്ന് പകൽ ഒൻപതരമണിക്ക് അയൽവക്കത്തുള്ള ആളുകൾ കണ്ടതാണ്. അവരുടെ മദ്ധ്യത്തിൽ നിന്നും ഓടിപോയ പ്രതികളിൽ ഒരാളെ പോലും 48 മണിക്കൂറായിട്ടും പിടിക്കാൻ പോലീസിനു കഴിഞ്ഞിട്ടില്ലായെന്നു പറഞ്ഞാൽ ഇവിടെ എന്തു പോലീസ് ഭരണമാണ് നടക്കുന്നത്? അർദ്ധരാത്രി ആളറിയാത്ത സമയത്തു നടന്നതല്ല, പച്ച പകൽ നടന്ന സംഭവമാണ്. ഇന്നയിന്ന ആളുകളാണ് ആദ്ദേഹത്തെ കുത്തിയതെന്ന് ആളുകൾ നല്ലതു പോലെ കണ്ടതാണ്. അവരെ രക്തമൊലിക്കുന്ന കഠാരി കാട്ടി ഭീഷണിപ്പെടുത്തിയിട്ടാണ് ഓടിച്ചത്. ആ പ്രതികളെ, ആസ്ഥലത്തുള്ള ആളുകളെ 48 മണിക്കൂറായിട്ടും ഒരാളെ പോലും അറസ്ററുചെയ്യാൻ കഴിഞ്ഞിട്ടില്ല. നേരെമറിച്ച് അവിടെ, മാർക്സിസ്ററുകാരായിട്ടുള്ള ആളുകളെയാണ് അറസ്ററു ചെയ്യുന്നത്. ഇതിനുമുമ്പ് ഡി. വൈ. എസ്. പി. ക്ക് പെററിഷൻ കൊടുത്തതിനെ സംബന്ധിച്ച് എന്ത് അന്വേഷിച്ചുവെന്ന് ആഭ്യന്തരമന്ത്രി പറഞ്ഞില്ല. നേരെമറിച്ച് പെററിഷൻ കൊടുത്തപ്പോൾ സഖാവ് ഗോപാലനെതിരായി ആർ. എസ്. എസ്. കാർ ആക്രമണത്തിന് മുതിർന്നു. അതറിഞ്ഞപ്പോൾ, സഖാവ് ഗോപാലന്റെ വീട്ടിൽ ആത്മരക്ഷയ്ക്കുവേണ്ടി എന്തെങ്കിലും ആയുധമുണ്ടോയെന്നു പരിശോധിക്കാനാണ് ഡി. വൈ. എസ് പി. പോലീസിനെ പറഞ്ഞയച്ചത്. സഖാവ് ഗോപാലന്റെ വീട്ടിൽ ആയുധമൊന്നുമില്ല, ചെറുത്തുനിൽപ്പുണ്ടാവുകയില്ലായെന്ന് ഉറപ്പു വരുത്തിയതിനുശേഷം, സാധാരണനിലയിൽ അദ്ദേഹം പഞ്ചായത്താഫീസിൽ പോകുന്നസമയത്ത് കുത്തികൊലപ്പെടുത്തി എന്നു പറഞ്ഞാൽ, ഈ രാജ്യത്തെ പൊതുപ്രവർത്തകൻമാർക്ക്, അവരുടെ ദൈനംദിന ഉത്തരവാദിത്വങ്ങൾ, അവരുടെ ചുമതലനിർവ്വഹിക്കുന്നതിന് പകൽപോലും ഇറങ്ങി നടക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ കീഴിൽ കേരളത്തിൽ ഉണ്ടായിരിക്കുന്നു എന്നാണ് തെളിയുന്നത്. ഇതു വളരെ ഗൗരവമേറിയ പ്രശ്നമാണ്. ഇത് സഭ ചർച്ച ചെയ്യണം. വിശദമായി ചർച്ച ചെയ്തുകൊണ്ടല്ലാതെ ഈ അവസരത്തിൽ, ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുകയില്ല. അതിനുപോലും അവസരം തരാത്തത്, ഇതിൽ ആഭ്യന്തരമന്ത്രിക്കും പോലീസിനും പങ്കുണ്ടെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. ഇതിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ്: കഴിഞ്ഞ കുറെക്കാലമായി നാട്ടികയിൽ സംഘർഷാവസ്ഥയാണെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിതന്നെ സമ്മതിച്ച് കഴിഞ്ഞു. അപ്പുറത്തിരിക്കുന്ന ഏററവും സീനിയറായ അംഗങ്ങളേക്കാൾ രാഷ്ട്രീയ രംഗത്ത് സേവന പാരമ്പര്യമുള്ള, ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും ബഹുമാനം ആർജിച്ച ശ്രീ. ഗോപാലനെ ഒരു കാരണവുമില്ലാതെ ആർ. എസ്. എസ്. കാർ നേരത്തേ കൂടിയാലോചിച്ച പരിപാടിയുടെ അടി

സ്ഥാനത്തിൽ വെട്ടി കൊലപ്പെടുത്തി. ഇത് ഒററപ്പെട്ട സംഭവമല്ല. തൃശ്ശൂർ ജില്ലയിലും മററ് ജില്ലകളിലും ഇത് വ്യാപകമായി നടക്കുന്നു. അവിടത്തെ പോലീസിന് ആർ. എസ്. എസ്. കാരുടെ ആക്രമത്തെ നേരിടുന്നതിന് സംശയകരമായ ഒരു അവസ്ഥ നിലനിൽക്കുന്നു. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് അഹിതമാകുമോ എന്ന സംശയമാണ്. ആർ. എസ്. എസ്. കാർക്ക് എതിരായി എന്തെങ്കിലും പ്രവർത്തിക്കാൻ സർക്കാർ പോലീസിന്റെ കൈക്ക് വിലങ്ങ് വെയ്ക്കുന്നു, അവരെ തടയുന്നു എന്നുള്ളതാണ് വസ്തുത. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു അവിടെ സംഘർഷാവസ്ഥ നിലനിൽക്കുന്നു എന്ന്. ശ്രീ. ഗോപാലന്റെ മരണത്തെ തുടർന്ന് അവിടെ പ്രശ്നങ്ങളുണ്ട്, അത് നിലനിൽക്കുകയാണ്. അത് മററ് എന്തിനേക്കാരം പ്രാധാന്യമുള്ളതാണ്. അതുകൊണ്ട് ഈ സഭ നിറുത്തിവെച്ച് അത് ചർച്ചചെയ്യണം. ആർ. എസ്. എസ്. ന്റെ അക്രമം തടയുന്നതിന് ഈ ഗവൺമെൻറ് സ്വീകരിച്ച നയം മാററി അക്രമികരംക്കെതിരായി അസന്ദിഗ്ദ്ധമായി, ഉറച്ച നിലപാട് സ്വീകരിക്കാൻ, ഈ സംസ്ഥാനത്തിലെ ജനങ്ങരംക്കുവേണ്ടി, ഈ സഭയിൽ ഈ ചർച്ച അനിവാര്യമാണ്. അങ്ങ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയെ നിർബന്ധിച്ച് അക്കാര്യത്തിൽ ചർച്ചയ്ക്കുവേണ്ടി ഗവൺമെൻറിനെ പ്രേരിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗവൺമെൻറ് ഇതിന് തയ്യാറാകുന്നില്ല എങ്കിൽ, സൻമാർഗികരംക്കുവേണ്ടി സംസാരിക്കാൻ നിങ്ങരം സമ്മതിക്കുന്നില്ല എങ്കിൽ ഞങ്ങരംക്ക് അത് സഹിച്ചിരിക്കാൻ തയ്യാറല്ല. ഈ കൊലപാതകത്തെപ്പററി ഒരക്ഷരമെങ്കിലും സംസാരിക്കാൻ ശ്രീ. വയലാർ രവിക്ക് സാധിക്കുമോ? ആർ. എസ്. എസ്. മായി ബന്ധം ഉണ്ടെങ്കിൽ അത് പുറത്ത് രാഷ്ട്രീയത്തിലാകും. ആർ. എസ്. എസുമായിട്ടുള്ള ശ്രീ. വയലാർ രവിയുടെ ബന്ധത്തെ ആഭ്യന്തരമന്ത്രി എന്ന നിലക്ക് അനുവദിക്കാൻ പാടില്ല. അതുകൊണ്ട് ഇവരുമായി സഹകരിക്കാൻ സാദ്ധ്യമല്ല. ഇത് ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. ബേബിജോൺ: സർ, ഇത് വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിപോയി. നമ്മുടെ ആഭ്യന്തരമന്ത്രി അത് ഇവിടെ വിശദീകരിച്ചപ്പോരംതന്നെ എനിക്ക് വേദന തോന്നി. നിർഭാഗ്യകരം എന്നുപോലും പറയാതെ വളരെ ലാഘവത്തോടുകൂടിയാണ് അദ്ദേഹം അത് വിശദീകരിച്ചത്. ഒരു ഭരണാധികാരിക്ക് ഇത് ഭൂഷണമല്ല. ഇത് സൂചിപ്പിക്കുന്നത് ആർ. എസ്. എസുമായി അവിഹിതമായ ചില ബന്ധങ്ങരം ഈ ഗവൺമെൻറിനുണ്ട് എന്നാണ്. നേരത്തേ ഉണ്ടായിരുന്ന ഒരു പരാതിയുടെ അടിസ്ഥാനത്തിൽ അവിടെ ഉണ്ടായിരുന്ന സർക്കിരം ഇൻസ്പെക്ടറെ മാററി എന്ന് അദ്ദേഹം തന്നെ പറഞ്ഞു. പോലീസ് വിഭാഗം ആർ. എസ്. എസ്. കാരുമായി കൂട്ടുചേർന്നു എന്നുള്ളതിന്റെ തെളിവാണിത്.

അതുപോലെതന്നെ ഒരു പഞ്ചായത്ത് പ്രസിഡൻറ്, എന്നെ അപായപ്പെടുത്തുമെന്ന്, എന്നെ കൊലപ്പെടുത്തുമെന്ന് പറഞ്ഞ് എനിക്ക് കത്ത് കിട്ടിയിരിക്കുന്നു, എനിക്ക് വേണ്ട സംരക്ഷണം വേണമെന്ന് ആവശ്യപ്പെട്ടാൽ സംരക്ഷണം നൽകാനുള്ള ധാർമ്മിക ബാദ്ധ്യത ഈ ഗവൺമെൻറിനില്ലേ? ആ ബാദ്ധ്യത നിർവഹിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് വിജയിച്ചോ, പോലീസ് വിജയിച്ചോ എന്നു ഞാൻ ചോദിക്കുന്നു. ഒരു പഞ്ചായത്തു പ്രസിഡൻറ് തന്നെ അപായപ്പെടുത്തും കൊലപ്പെടുത്തും എന്നു പറഞ്ഞപ്പോരം നിങ്ങരം എന്തു നടപടി സ്വീകരിച്ചു. ഒരു നടപടിയും സ്വീകരിച്ചില്ല; ആ പഞ്ചായത്തു പ്രസിഡൻറിന്റെ വീടു പരിശോധിക്കുകയാണ് നിങ്ങരം ചെയ്തത്. എന്നെ

LIBRARY ARCHIVES Kerala Legislative Assembly

അപായപ്പെടുത്താൻ പോകുന്നു എനിക്ക് സംരക്ഷണം നൽകണമെന്ന് പറഞ്ഞ് പരാതിപ്പെട്ടാൽ ആ ആളുടെ വീട് പരിശോധിക്കുക. ഇത് എന്ത് നടപടിയാണ്. അയാളെ കൊലപ്പെടുത്തിയതിനുശേഷം മാർക്സിസ്ററുകാരുടെ വീടുകരം പരിശോധിക്കുക, അവരെ അറസ്ററു ചെയ്യുക ഇത് നീതിക്ക് നിരക്കുന്ന പ്രശ്നമല്ല. ഈ ഗവൺമെൻറ് ആർ. എസ്. എസുമായി കൂട്ടുചേർന്നിട്ട് ഈ നാട്ടിൽ അക്രമം അഴിച്ച് വിടാൻ ശ്രമിക്കുകയാണ്. ആർ. എസ്. എസും ഭരണകക്ഷിയുമായുള്ള ബന്ധത്തെകുറിച്ച് വിശദമായി ചർച്ച ചെയ്യണം. അതിനുള്ള അവസരം ഗവൺമെൻറ് ഉണ്ടാക്കേണ്ടതായിരുന്നു. അത് നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബിജോണും അദ്ദേഹത്തിൻെറ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. പി. എം. അബൂബക്കർ : സർ, ദീർഘകാല പാരമ്പര്യമുള്ള ഒരു പൊതുപ്രവർത്തകൻെറ മരണം എന്നതിലുപരി നാട്ടികയിൽ നടന്നിട്ടുള്ള കാര്യങ്ങളിൽ മറെറാരു സവിശേഷതകൂടി ഉണ്ട്. നമ്മുടെ നാട്ടിൽ ധാരാളം കൊലപാതകങ്ങരം ദിവസേന നടക്കുന്നുണ്ട്. പക്ഷെ ദീർഘകാല പാര്യമ്പര്യമുള്ള ഒരു പൊതുപ്രവർത്തകൻ (ഒരു പഞ്ചായത്ത് പ്രസിഡൻറ്) തൻെറ ജീവൻതന്നെ അപകടത്തിലാകുമെന്ന് പോലീസിന് മുന്നറിയിപ്പ് നൽകിയിട്ട് ഫലപ്രദമായയാതൊരു നടപടിയും എടുക്കുന്നതിന് ഗവൺമെൻറിന് കഴിഞ്ഞില്ല. ശ്രീ. ഗോപാലനെ കുത്തികൊലപ്പെടുത്തിയിട്ടുള്ള കൊലപാതകികളോടൊപ്പം തന്നെ വാസ്തവത്തിൽ പ്രതികൂട്ടിൽ നിറുത്തേണ്ടതാണ് ഈ സംസ്ഥാനത്തിലെ ആഭ്യന്തര വകുപ്പിൻെറ ചുമതല വഹിക്കുന്ന ശ്രീ. രവിയെ എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ കൊലപാതകത്തെ വിശദീകരിച്ചുകൊണ്ട് ചില ന്യായങ്ങരം ശ്രീ. രവി ഇവിടെ പറഞ്ഞു. അദ്ദേഹത്തിൽ നിന്ന് അത്തരത്തിലുള്ള ഒരു വാചകം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. നാട്ടികയിലെ സംഘർഷാവസ്ഥയുടെ പേരും പറഞ്ഞ് ഒരു പഴയ കഥ അദ്ദേഹം അനുസ്മരിപ്പിച്ചു: (പെട്രോരം ഒഴിച്ച് കത്തിച്ച കഥ) അങ്ങനെയുള്ള കഥകരം ആവർത്തിച്ചാവർത്തിച്ച് ഈ സഭയിൽ പറഞ്ഞുകൊണ്ട് ഇത്തരം ക്രൂരമായ കുററകൃത്യങ്ങരം ചെയ്യുന്നവർക്ക് മൗനാനുവാദം നൽകുന്ന നടപടിയല്ലേ ശ്രീ. രവി സ്വീകരിച്ചത്. ആ നിലപാട് ശ്രീ. രവി സ്വീകരിച്ചത് ശരിയായില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഗവൺമെൻറിൻെറ ഈ നിലപാടാണ് വാസ്തവത്തിൽ ആർ. എസ്. എസ്. കാർക്കു കൂടുതൽ വളംവെച്ച് കൊടുത്തത്. ഈ നിലപാട് മറച്ചുവെയ്ക്കുന്നതിനുവേണ്ടി ഇതേപോലെ ഗൗരവമേറിയ ഒരു പ്രശ്നം ഉണ്ടായിട്ടുകൂടി അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള അവസരം ഈ സഭയ്ക്ക് നിഷേധിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. എം. അബൂബക്കറും അദ്ദേഹത്തിൻെറ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ സഭയിൽ ഉണ്ടായിട്ടുള്ള ഞെട്ടൽ ഗവൺമെൻറ് ഈ സഭയെ അറിയിക്കുന്നതിനുപകരം വളരെയധികം രാഷ്ട്രീയ പാരമ്പര്യമുള്ള നല്ലൊരു പ്രവർത്തകനായിട്ടുള്ള ശ്രീ. ഗോപാലന് ആദരാഞ്ജലികരം അർപ്പിക്കുന്നതിനുപകരം രാഷ്ട്രീയമായ പ്രചരത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഈ സഭയെ ഉപയോഗിച്ചത് ദൗർഭാഗ്യകരമായി പോയി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗം ശ്രദ്ധിച്ചുകേട്ടു. അദ്ദേഹം ഈ കൊലപാതകത്തെ ന്യായീകരിക്കുന്ന ഒരു പ്രതീതിയാണ് എനിക്ക് അത് കേട്ടപ്പോരം ഉണ്ടായത്. സർ, ഇത് ലജ്ജാവഹമാണ്. ഇത്തരം സംഭവങ്ങരക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുനിന്നുകൊണ്ട് ഇത്തരം സംഭവങ്ങൾക്ക് പ്രചോദനം കൊടുത്തുകൊണ്ട് പോകുന്ന ഒരു മന്ത്രിയും ഗവൺമെൻറും ഈ രാജ്യത്തിന് ആപത്താണ് എന്ന് ഒന്നുകൂടി തെളിയിക്കുന്നതിനുള്ള ഒരു സംഭവമാണ് ഇവിടെ നടന്നിട്ടുള്ളത്. അത് ചർച്ചചെയ്യാൻ ഗവൺമെൻറ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

# IV ശ്രദ്ധക്ഷണിക്കൽ

## (1) സ്കൂളുകളുടെ മെയിൻറനൻസ് ഗ്രാൻറ് നിർത്തലാക്കിയതുമൂലമുളവായിട്ടുള്ള ഗുരുതരാവസ്ഥ

ശ്രീ. എൻ. എ. മമ്മുഹാജി : സർ, എയിഡഡ് സ്കൂളുകൾക്ക് ഗവൺമെൻറ് നൽകി വരുന്ന മെയിൻറനൻസ് ഗ്രാൻറ്, 1983-84 വർഷത്തേയ്ക്കുള്ളത്, ഇതുവരെയും വിതരണം ചെയ്തിട്ടില്ല. ട്രഷറികളിൽ നിന്ന് ഈ ബില്ല് തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെൻറ് നേരത്തേ നിർദ്ദേശിച്ച 29 ഇനങ്ങളിൽപെടാത്തതാണ് എയിഡഡ് സ്കൂളുകൾക്ക് ഗവൺമെൻറ് കൊടുക്കുന്ന ഗ്രാൻറ് എന്ന കാരണം പറഞ്ഞുകൊണ്ടാണ് ട്രഷറികളിൽ നിന്ന് ഈ ബില്ല് തിരിച്ചയയ്ക്കുന്നത്. ഗവൺമെൻറിന്റെ പുതിയ സാമ്പത്തിക അച്ചടക്ക നടപടിയായിരിക്കാം ഇതിന് ഹേതു എന്ന് കരുതുന്നു. ഇതുകൊണ്ടുണ്ടാകുന്ന ഫലം സാധാരണ ഏപ്രിൽ മേയ് മാസങ്ങളിലാണ്. സ്കൂളുകൾ പൂട്ടിയിടുന്ന കാലഘട്ടത്തിലാണ് സ്കൂളുകളിൽ വാർഷിക റിപ്പയറിംഗും അതുപോലെ ഓല മേഞ്ഞ കെട്ടിടങ്ങളുടെ പുതുക്കൽ പ്രക്രിയയുമൊക്കെ നടത്തി വരാറുള്ളത്. മെയിൻറനൻസ് ഗ്രാൻറ് വിതരണം ചെയ്യാത്തതുമൂലം അതെല്ലാം സ്തംഭിക്കാൻ പോവുകയാണ്. സ്കൂൾ മേഖലയിലുള്ളവർ അധികവും സമ്പന്നൻമാരല്ല, പാവപ്പെട്ട ആളുകളും ആ കൂട്ടത്തിലുണ്ട്. ചില സമ്പന്നൻമാരും ഉണ്ടു എന്ന് വന്നേയ്ക്കാം. ചിലർ നിയമനങ്ങളിലൊക്കെ കോഴ വാങ്ങുന്നവരായിരിക്കാം. പക്ഷേ അധികംപേരും യഥാർത്ഥത്തിൽ ഈ കിട്ടുന്ന ഗ്രാൻറുകൊണ്ട് എങ്ങനെയെങ്കിലും സംഗതികൾ ഒപ്പിക്കണമെന്നുള്ള അഭിപ്രായക്കാരും ആ നിലപാട് സ്വീകരിക്കുന്നവരുമാണ്. ആ നിലയിൽ ഈ ഗ്രാൻറ് കിട്ടിയില്ലെങ്കിൽ അവർക്ക് ഈ കൊല്ലം നടത്തേണ്ടുന്ന റിപ്പയറിംഗുകളും കെട്ടിമേച്ചിലുകളും നടത്താൻ കഴിയാത്ത ഒരു സ്ഥിതി വന്നേയ്ക്കുമെന്നുള്ള കാര്യം ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മറെറാരു കാര്യമുള്ളത് ഉച്ചഭക്ഷണത്തിനർഹരായ പ്രാഥമിക സ്കൂളുകളിലെ കുട്ടികൾക്ക് കെയറിന്റെ വകയായി നൽകുന്ന ഭക്ഷണസാധനങ്ങൾ പാചകം ചെയ്തു കൊടുക്കുന്നതിന് പാചക ചെലവായി കൊടുക്കുന്ന സഹായധനവും നിറുത്തൽ ചെയ്തിരിക്കുകയാണ്. അതും വളരെയധികം വിഷമം ഉണ്ടാക്കുന്ന ഒരു ഏർപ്പാടാണെന്നറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

കാലവർഷത്തിനുമുമ്പ് കെട്ടിമേച്ചിൽ നടത്തിയില്ലെങ്കിൽ വളരെ ദുരന്തങ്ങൾ സംഭവിക്കാൻ സാദ്ധ്യതയുണ്ട് എന്ന് ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. കേരളത്തിൽ അത്തരം സംഭവങ്ങൾ പലവുരു നടന്നു കഴിഞ്ഞതാണ്. അതിൽപ്പെട്ട് അദ്ധ്യാപകരുടേയും കുട്ടികളുടേയും ജീവൻപോലും നഷ്ടപ്പെട്ടിട്ടുണ്ട്. ഇനിയും ആ ദുഃഖകരമായ സംഭവം നേരിടേണ്ടിവരുമെന്ന് നാം ആശങ്കിക്കേണ്ടി ഉണ്ട്. ഇത്തരം കാര്യങ്ങളിൽ വളരെ ബാദ്ധ്യതയുള്ള ഒരു ഗവൺമെൻറ് എന്ന നിലയ്ക്ക് ഇത് വളരെ അവധാനതാപൂർവ്വം പരിഗണിച്ച് 1984

LIBRARY ARCHIVES Kerala Legislative Assembly

മാർച്ചിനുമുമ്പ് സ്ക്കൂളുകൾക്ക് നൽകി വരുന്ന ഈ മെയിൻറനൻസ് ഗ്രാൻറ് അനുവദിച്ച് കൊടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടും ധനകാര്യമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ സംസ്ഥാനത്ത് ഈ വർഷം സ്ക്കൂളുകൾക്കുള്ള മെയിൻറനൻസ് ഗ്രാൻറ് ഇനത്തിൽ ഒരു കോടി 20 ലക്ഷം രൂപയാണ് ഗവൺമെൻറ് ബഡ്ജററിൽ മാററി വെച്ചിട്ടുള്ളത്. ഈ അടുത്തകാലത്ത് ഇറക്കിയ ഉത്തരവനുസരിച്ച് 31-ാം തീയതിവരെ മെയിൻറനൻസ് ഗ്രാൻറ് കൊടുക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ നമ്മുടെ സംസ്ഥാനത്ത് മെയിൻറനൻസ് ഗ്രാൻറിനുള്ള അപേക്ഷകൾ ലഭിക്കേണ്ടത് (ഓരോ വർഷത്തിലും) ഒക്ടോബർ മാസത്തിലാണ്. ആറാമത്തെ വർക്കിംഗ് ഡേയിലുള്ള എഫക്ടീവ് സ്ട്രെംഗ്ത്ത് എടുത്ത് അതിൻെറ അടിസ്ഥാനത്തിലാണ് ഗ്രാൻറ് കണക്കാക്കുകയും ചെയ്യുന്നത്. സ്വാഭാവികമായി കഴിഞ്ഞ ഏഴാം തീയതിക്കുമുമ്പുവരെ മെയിൻറനൻസ് ഗ്രാൻറ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ സ്ക്കൂളുകൾക്കും മെയിൻറനൻസ് ഗ്രാൻറ് കൊടുത്തിട്ടുണ്ട്. മെയിൻറനൻസ് ഗ്രാൻറ് നൽകാതിരുന്നത് ഏകദേശം കുറച്ചു കാലത്തേയ്ക്കാണ്. അതായത് പത്തിരുപത്തിമൂന്നു ദിവസത്തേയ്ക്ക് മെയിൻറനൻസ് ഗ്രാൻറ് നൽകാതിരുന്നതിന് കാരണം ഉണ്ട്. മെയിൻറനൻസ് ഗ്രാൻറ് ഇപ്പോൾ കിട്ടാത്ത ആളുകൾക്ക് ഒന്നാം തീയതിക്കു ശേഷം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. മെയിൻറനൻസ് ഗ്രാൻറിനെ സംബന്ധിച്ച് മാനേജഴ്സ് അസോസിയേഷനുമായി ഞാൻ ഈ അടുത്ത ദിവസം ചർച്ച നടത്തുകയുണ്ടായി. മുമ്പ് ഒരിക്കലും ഇതിനെക്കുറിച്ച് ചർച്ചനടത്തിയിട്ടുണ്ട്. 1976-ലാണ് മെയിൻറനൻസ് ഗ്രാൻറ് പുതുക്കി നിശ്ചയിച്ചത്. 1976-നുശേഷം പല ഇനങ്ങൾക്കും പല തരത്തിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്, വിലനിലവാരം ഉയർന്നിട്ടുണ്ട് എന്നുള്ളത് സത്യമാണ്. അത് പരിഗണിച്ചുകൊണ്ട് ഇപ്പോൾ കൊടുക്കുന്ന മെയിൻറനൻസ് ഗ്രാൻറിൻെറ തോത് അൽപ്പം ഒന്ന് ഉയർത്തുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ച് കൊണ്ടിരിക്കുകയാണ്. 1976-ൽ പുതിക്കിയ തോതനുസരിച്ചുള്ള ഗ്രാൻറാണ് ഇപ്പോൾ നിലവിലിരിക്കുന്നത്. അതായത് പ്രൈമറി സ്ക്കൂളുകൾക്ക് മൂന്നേകാൽ രൂപയും ഹൈസ്ക്കൂളുകൾക്കു അഞ്ച് രൂപയുമാണ് ഇപ്പോൾ നിലവിലുള്ള ഗ്രാൻറ്. ഒരു കുട്ടിയ്ക്ക് ഒരു വർഷമാണ് ഈ തുക നൽകുന്നത്. മൂന്നേകാൽ രൂപയിൽ നിന്നും അത് അഞ്ചുരൂപ

10 A.M. യായി പ്രൈമറി സ്ക്കൂളുകൾക്കും അതുപോലെ തന്നെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ അഞ്ചുരൂപയിൽ നിന്നും ഏഴു രൂപയാക്കിയും വർദ്ധിപ്പിക്കണമെന്ന ഒരു നിർദ്ദേശം വന്നിട്ടുണ്ട്. സർ, അത് വളരെ സജീവമായിത്തന്നെ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും 1976-ന് ശേഷം 84 വരെ ഉണ്ടായിരിക്കുന്ന പലതരത്തിലുള്ള വർദ്ധനവിൻെറ അടിസ്ഥാനത്തിൽ അതൊരാവശ്യമാണ് എന്ന് ഗവൺമെൻറ് കരുതുന്നുണ്ട്. ആ കാര്യത്തിൽ കാലതാമസം കൂടാതെ എന്തെങ്കിലും ആനുകൂലമായ ഒരു ഉത്തരവ് ഉണ്ടാക്കാൻ കഴിയും എന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ. അഡീഷണലായിട്ട് ഇത്രയും ചെയ്താൽ തന്നെ സാമ്പത്തിക ഭാരം എന്നു പറയുന്നത് വളരെ വലുതാണ്. പ്രൈമറി സ്ക്കൂളുകൾക്കുവേണ്ടി മാത്രമായി ഈ നിലയിലുള്ള, ഞാൻ പറഞ്ഞതുപോലെയുള്ള ഒരു വർദ്ധനവ് ഉണ്ടായാൽ അൻപതു ലക്ഷം രൂപയുടെ അധികച്ചെലവ് പ്രതിവർഷം ഉണ്ടാകും. അങ്ങിനെയുള്ള സാഹചര്യങ്ങൾ ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് സ്ക്കൂളുകളുടെ എണ്ണം വളരെ കൂടുതൽ ആണ്. ഈ വർഷത്തെ കണക്കനുസരിച്ച് എയിഡഡ്



LIBRARY ARCHIVES Kerala Legislative Assembly

ഹൈ ഹസ്ക്കൂളുകളിൽ എട്ടുലക്ഷം കുട്ടികളും എയിഡഡ് പ്രൈമറി സ്ക്കൂളുകളിൽ 25 ലക്ഷം കുട്ടികളും ഇപ്പോൾ പോകുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് നൽകിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വളരെയധികം അനുഭാവപൂർവ്വം മെയിന്റനൻസ് ഗ്രാന്റ് ഉയർത്തുന്ന കാര്യത്തെ സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച സംഗതി കുറച്ചു സ്ക്കൂളുകൾക്കു മാത്രമേ ബാധകമായിട്ടുള്ളൂ. കാരണം ഏഴാം തീയതിക്ക് മുമ്പ് വാങ്ങിയ അപേക്ഷകർക്കെല്ലാം തന്നെ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഒന്നാം തീയതിക്കു ശേഷം ബാക്കിയുള്ളവർക്ക് നൽകുകയും ചെയ്യും. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ഇപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത്. കെയർ ഫുഡ്ഡിനു വേണ്ടി നീക്കിവച്ചിരിക്കുന്ന തുക അല്ലെങ്കിൽ അതിന്റെ പാചകത്തിനുവേണ്ടി മാറ്റി വച്ചിരിക്കുന്ന തുക കൊടുക്കുന്നില്ലെന്നു പറഞ്ഞു. ഏതെങ്കിലും ഇനങ്ങൾ കൂട്ടിച്ചേർക്കണമെങ്കിൽ ഗവൺമെന്റ് അതിനിടയ്ക്ക് ഉത്തരവ് നൽകാറുണ്ട്. എന്തായാലും അടിയന്തിരമായിട്ടു തന്നെ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് കുട്ടികൾക്ക് പ്രൈമറി സ്ക്കൂളുകളിൽ കൊടുക്കുന്ന ഭക്ഷണത്തിനുവേണ്ടി വരുന്ന തുക കൊടുക്കുന്നില്ലെങ്കിൽ അത് അടിയന്തിരമായി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെയുള്ള ആശങ്കയ്ക്കൊന്നും ഇടയില്ല. കെട്ടിമേച്ചിൽ അടക്കമുള്ള കാര്യങ്ങൾ സ്ക്കൂൾ തുറന്നു വരുമ്പോഴേക്കും നടപ്പാക്കും എന്നുള്ള നിലയിൽ ശ്രമങ്ങൾ ചെയ്യാവുന്നതേ ഉള്ളൂ.

ശ്രീ. എൻ. എ. മമ്മുഹാജി : 1983-84 വർഷം തന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ തരത്തിൽ, ഉയർന്ന തരത്തിൽ ഗ്രാന്റ് നൽകുമോ എന്നും ഇപ്പോഴ ബാക്കി ഉള്ള സ്ക്കൂളുകൾക്ക് എന്നു ഗ്രാന്റ് നൽകാൻ കഴിയും എന്നും വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : 1983-84 അവസാനിക്കാൻ പോവുകയാണ്. അതിനിടയ്ക്ക് അത് ബുദ്ധിമുട്ടായിരിക്കും. എന്തായാലും ഗവൺമെന്റ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

## (2) ഗവൺമെന്റ് സർവ്വീസിലേക്ക് പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള കാലതാമസം

ശ്രീ. ജി. കാർത്തികേയൻ : പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ എഴുതി നാലു വർഷത്തെ അദ്ധ്വാനത്തിനുശേഷം നിയമനത്തിന് അർഹത നേടിയിരിക്കുന്ന കേരളത്തിലെ മുപ്പതിനായിരത്തിലധികം വരുന്ന ചെറുപ്പക്കാരുടെ ദുരവസ്ഥയിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി നിരവധി, നിരവധി ഒഴിവുകൾ ഉണ്ടായിട്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ എഴുതി അർഹത നേടിയ കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് നിയമനം നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. നിരവധി ഒഴിവുകൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ മാത്രമാണ് ഞാൻ ഇത് പറഞ്ഞത്. ലിസ്റ്റിൽ ഉള്ള തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഏററവും വലിയ ദുഃഖസ്ഥിതി എന്നു പറയുന്നത് പല ഡിപ്പാർട്ടുമെന്റുകളിലേയും പല പരീക്ഷകളുടേയും കാലാവധി ഏപ്രിൽ മാസം തീരുന്നു എന്നുള്ളതാണ്. ഇപ്പോൾ ലിസ്റ്റിലുള്ള അർഹത നേടിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിരവധി ഉദ്യോഗാർത്ഥികൾക്ക് ഇനി നടത്തുന്ന മൽസരപ്പരീക്ഷ എഴുതുവാൻ അവരുടെ പ്രായ പരിധി കഴിയുന്നതുകൊണ്ട് സാധിക്കുന്നില്ല. 1980 സെപ്റ്റംബർ 9-ാം തീയതി ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് കേരളത്തിലെ ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. 1981 നവംബർ 21-ാം തീയതി പരീക്ഷ നടത്തി. കേരളത്തിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാർ എഴുതിയ പരീക്ഷ, ചോദ്യപേപ്പർ ചോർന്നതുകൊണ്ട് ക്യാൻസൽ ചെയ്യുകയും 1982 ജൂൺ മാസത്തിൽ വീണ്ടും പരീക്ഷ നടത്തുകയും ചെയ്തു. അതിന്റെ മത്സരഫലം 1983 മേയ് മാസത്തിൽ പ്രസിദ്ധീകരിച്ചു. മുപ്പതിനായിരം പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 1983 മേയ് മാസത്തിൽ 15,000 പേരുടെ ഒഴിവ് കേരളത്തിൽ ഉണ്ടായിരുന്നു. തിരുവനന്തപുരം ജില്ലയിൽ മാത്രം മൂവായിരത്തിലധികം ഒഴിവുകൾ ഉണ്ടായിരുന്നു. 1983 നവംബർ മാസത്തിൽ ഇവിടെ താൽക്കാലിക ജീവനക്കാരുടെ ചില പ്രശ്നങ്ങൾ വന്നപ്പോൾ സുപ്രീം കോടതി വിധിയുണ്ടായി. ഇവരെ എടുക്കണമെന്നുള്ള കാര്യത്തിൽ. ആ വിധിക്ക് ശേഷം 1983 നവംബർ മാസത്തിൽ ഈ നിയമസഭയിൽ പറഞ്ഞത് കാലാവധി തീരുന്നതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ആറുമാസത്തേക്കു കൂടി അവസരം നിഷേധിക്കരുതെന്നുള്ള ആഗ്രഹം ഈ ഗവൺമെന്റിന് ഉള്ളതുകൊണ്ട് ഈ ലിസ്റ്റിന്റെ കാലാവധി നീട്ടാം എന്നു പറയുന്നു. അങ്ങിനെ ഒരു പ്രഖ്യാപനം ഈ നിയമസഭയിൽ ഉണ്ടായതല്ലാതെ കേരളത്തിലെ വിവിധ പി.എസ്.സി. ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും ചെല്ലുമ്പോൾ പറയുന്നത് അത്തരം ഒരു നിർദ്ദേശം ഞങ്ങളുടെ കൈയിൽ ലഭിച്ചിട്ടില്ല എന്നുള്ളതാണ്. സർ, ഇവിടെ തൊഴിലില്ലാത്ത എല്ലാ ചെറുപ്പക്കാർക്കും ഉടനടി തൊഴിൽ നൽകുവാൻ കഴിയുകയില്ല എങ്കിൽപ്പോലും 80-ാം വർഷത്തിൽ തുടങ്ങി നാലു വർഷത്തെ നിരന്തരമായ അദ്ധ്വാനത്തിന്റേയും കയറിയിറങ്ങലിന്റേയും പരീക്ഷ എഴുത്തിന്റേയും ഫലമായി നിയമനം കാത്തുകിടക്കുന്ന, അതേസമയം ഒഴിവുകളുള്ള സ്ഥലങ്ങളിലേക്ക് ഗവൺമെന്റ് സെലക്ഷൻ ലഭിച്ച ആളുകളെ അടിയന്തിരമായി നിയമിക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നു.

അതു മാത്രമല്ല നിരവധി സ്ഥലങ്ങളിൽ താൽക്കാലിക ജീവനക്കാർ ഇരിപ്പുണ്ട്. അവർക്ക് മത്സര പരീക്ഷ എഴുതി ജോലി നേടാൻ സാധ്യതയില്ലെങ്കിൽ മാനുഷികമായ ചില പ്രശ്നങ്ങൾ പരിഗണിച്ച് മറെറാരു തരത്തിൽ ഗവൺമെന്റിന് പരിഗണിക്കാവുന്നതാണ്. പക്ഷേ ഇവിടെ പി.എസ്.സി. സെലക്ട് ചെയ്ത മുപ്പതിനായിരത്തിൽപ്പരം ഉള്ള ആളുകളെ എടുക്കാൻ കഴിയാത്തതുകൊണ്ട് യഥാർത്ഥത്തിൽ സംവരണ തത്വത്തിന്റെ അടിസ്ഥാനത്തിൽപ്പോലും കേരളത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്ക് സെലക്ട് ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥ കാരണമാണോ, ഒഴിവുള്ള ഡിപ്പാർട്ടുമെന്റുകളിൽനിന്ന് ഒഴിവുണ്ടെന്നു പി.എസ്.സി. യെ എഴുതി അറിയിക്കാത്തതാണോ അഥവാ പി.എസ്.സി. ക്ക് അറിവുണ്ടായിട്ടുപോലും നിയമന ഉത്തരവുകൾ അയക്കാത്തതാണോ എന്ന് അറിയാൻ വയ്യ. അതൊന്നു ഗൗരവപൂർവ്വം പരിശോധിക്കണം. 35 വയസ്സു കഴിയുന്ന ആളുകൾക്ക് മറെറാരു ജോലിക്ക് ആപ്ലിക്കേഷൻ ഫോമിൽ ഒപ്പിടാൻ സാധിക്കാതെ പ്രായപരിധി കഴിഞ്ഞ് കാത്തുനിൽക്കുന്ന, നിരവധി ലിസ്റ്റിൽ വന്ന മുപ്പതിനായിരം ചെറുപ്പക്കാരെ അടിയന്തിരമായി ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിക്കണമെന്ന് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നമ്മുടെ സംസ്ഥാന സർവ്വീസുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അതാത് അവസരത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു നിശ്ചിത നിരക്കുവച്ച് റിക്രൂട്ട്മെന്റ് നടത്തുകയാണ്. അത് ഒരു വ്യവസ്ഥ അനുസരിച്ചാണ് നടത്തുന്നത്. ലിസ്റ്റിൽ

വരുന്ന എല്ലാവർക്കും ജോലി കിട്ടാൻ സാധിച്ചു എന്നു വരികയില്ല. ആ ലിസ്റ്റ് രണ്ടു വർഷം കഴിയുമ്പോൾ ലാപ്സാകുന്നു. അപ്പോൾ ലിസ്റ്റിലുള്ള പലർക്കും ജോലി കിട്ടാതെ വരുന്നു. അവർ വീണ്ടും അപേക്ഷിക്കും. ഇതാണ് സർ, നിലവിലുള്ള വ്യവസ്ഥ. എന്നാൽ 1982-83 കാലങ്ങളിൽ താത്ക്കാലികമായി നടത്തിയ നിയമനത്തിലെ ആളുകൾ പബ്ലിക് സർവ്വീസ് കമ്മിഷന്റെ തെരഞ്ഞെടുപ്പു കഴിഞ്ഞതിനു ശേഷം പബ്ലിക് സർവ്വീസ് കമ്മിഷൻ തെരഞ്ഞെടുത്ത ആളുകൾ ജോലിയിൽ പ്രവേശിക്കാൻ വരുമ്പോൾ തങ്ങളെ ഒഴിവാക്കുന്നു എന്നുള്ള കല്പന കിട്ടിയ ജീവനക്കാർ ഹൈക്കോടതിയെ സമീപിക്കുന്നു. ഹൈക്കോടതി അവർക്ക് തൽക്കാലം സ്റേറ കൊടുത്തു. അതിനെത്തുടർന്ന് ആ ഒഴിവുകളിൽ താൽക്കാലികമായിട്ടുള്ള ആളുകൾ തുടരുകയും ചെയ്തു. അതേത്തുടർന്നുണ്ടായ വളരെ വാദഗതികൾക്കു ശേഷം സുപ്രീം കോടതി സ്റേറ വെക്കേററ് ചെയ്യുകയും അവസാനം പബ്ലിക് സർവ്വീസ് കമ്മിഷൻ തെരഞ്ഞെടുക്കുന്ന ആളുകൾക്ക് നിയമനം കൊടുക്കണമെന്നുള്ള നിർദ്ദേശത്തോട് യോജിക്കുകയും ചെയ്തു. എങ്കിലും ലിസ്ററിൽ ഉണ്ടായിരുന്ന ആളുകളുടെ കാര്യം പരിഹരിക്കുന്നതിന് ചില ഉപദേശരൂപേണയുള്ള നിർദ്ദേശം ഉണ്ടായിരുന്നു. അത് പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരിഗണനയിലാണ്. ഗവൺമെന്റിന്റെ നയം വളരെ വ്യക്തമാണ്. പബ്ലിക് സർവ്വീസ് കമ്മിഷനിൽക്കൂടി മാത്രമേ നിയമനം നടത്തുകയുള്ളു. എന്നാൽ അടിയന്തിരമായി താൽക്കാലികമായി ജോലി നടത്തേണ്ടതുള്ളതുകൊണ്ട് ഒഴിവുവരുമ്പോൾ പബ്ലിക് സർവ്വീസ് കമ്മിഷന്റെ തെരഞ്ഞെടുപ്പിന് കാലതാമസം ഉണ്ടാകുന്നതുകൊണ്ട് തൽക്കാലത്തേക്ക് ജോലി നടത്തുന്നതിനുവേണ്ടി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾമുഖേന റിക്രൂട്ട്മെൻറ് നടത്തുന്നസമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മിഷൻ പ്രസിദ്ധപ്പെടുത്തുന്ന ലിസ്ററിൽ ഉള്ള ആളുകളിൽ നിന്നാണ് നിയമനം നടത്തുന്നത്. സുപ്രീം കോടതിയുടെ വിധി വന്നതിനു ശേഷം ആ അവസരത്തിൽത്തന്നെ എല്ലാ ഡിപ്പാർട്ടുമെൻറ് തലവൻമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്; ഒരു കാരണവശാലും പബ്ലിക് സർവ്വീസ് കമ്മിഷൻ റിക്രൂട്ട്മെൻറ് ചെയ്തു വന്നിട്ടുള്ള ആളുകളെ മാററി നിറുത്തിക്കൊണ്ട് പഴയ ആളുകൾക്ക് തുടർന്ന് ജോലി കൊടുക്കുവാൻ പാടില്ലെന്ന്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 1983 ഡിസംബർ 31-ാം തീയതിവരെയുള്ള കണക്ക് പ്രകാരം 664 റാങ്ക് ലിസ്ററുണ്ട്. ആ റാങ്ക് ലിസ്ററിൽപ്പെട്ട 4679 പേരെ എൽ. ഡി. ക്ലാർക്കുമാരായി നിയമിച്ചു കഴിഞ്ഞു. ഇത് വയനാടും പത്തനംതിട്ട ജില്ലയും ഒഴിച്ചാണ്. പാലക്കാട്ട് ജില്ലയിൽ 108 പേരെ എടുക്കാനുള്ളതായ സംവിധാനമായിക്കഴിഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽ 431 പേരെ എടുക്കാൻ ഉള്ളതിന്റെ സംവിധാനമായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഒഴിവിലേക്കുള്ള നിയമനങ്ങൾ യഥാനുസരണം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം, കഴിഞ്ഞ നിയമസഭയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഉണ്ടായ ബുദ്ധിമുട്ടുകളെ പരിഗണിച്ചുകൊണ്ട് അത്യാവശ്യമില്ലാത്ത തസ്തികകളിലേക്ക് നിയമനങ്ങൾ നടത്തേണ്ടതില്ലെന്നുള്ള നിർദ്ദേശം കൊടുത്തിരുന്നു. സാധാരണ ഗതിയിൽ ഒരുപക്ഷേ നിയമനം നടക്കുമായിരുന്നു എന്നു പ്രതീക്ഷിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് പ്രതികൂലമായി മാർച്ച് 31-ാം തീയതിക്ക് മുമ്പ് രണ്ടു കൊല്ലം കഴിയുന്ന കേസ്സുകൾ ഉണ്ടെങ്കിൽപ്പോലും ആ ലിസ്ററ് ആറു മാസം നീട്ടണമെന്നു പറഞ്ഞുകൊണ്ട് ഗവൺമെൻറ് പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം കൊടുത്തിരുന്നു. പക്ഷേ അവർ ഇന്നു വരെ അതിനുള്ള നടപടികൾ സ്വീകരിച്ചിരിച്ചിട്ടില്ല. ഏതായാലും ശരി പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്ത ആളുകളെ നിയമിക്കാനും താൽക്കാലിക ജീവനക്കാരെ ഒഴിവാക്കാനും ഗവൺമെൻറ് വ്യക്തമായ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം കൊടുത്തിട്ട് അവർ അത് ചെയ്തില്ലെങ്കിൽ അച്ചടക്കരാഹിത്യമായി കണക്കാക്കാൻ നടപടി എടുക്കണമെന്ന് മേലധികാരികളെ അറിയിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്ന ആളുകൾക്ക് നിയമനം കിട്ടുന്നതാണ്.

## V സബ്മിഷൻ

### (1) ശ്രീ. കെ. ആർ. ചന്ദ്രമോഹനന്റെ—കടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തിയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ സംബന്ധിച്ച്—

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഈ കഴിഞ്ഞ ഫെബ്രുവരിമാസം 15-ാം തീയതി മുതൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചിതറ, കടയ്ക്കൽ എന്നീ പഞ്ചായത്തുകളിൽ സാധാരണ ജനങ്ങൾക്ക് സ്വൈരമായി ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. കടയ്ക്കൽ പോലീസ് സ്റ്റേഷനിലെ എസ്. ഐ. യും സംഘവും സുരേന്ദ്രൻ ചെട്ടിയാർ എന്നു പറയുന്ന നിരപരാധിയായ ഒരു പട്ടാളക്കാരൻ ലീവ ൽ വന്ന സമയത്ത് അയാളുടെ വീട്ടിൽ കടന്നു ചെന്ന് അദ്ദേഹത്തെ മർദ്ദിക്കുകയും പല്ലടിച്ചു കൊഴിക്കുകയും ചെയ്ത സംഭവത്തെത്തുടർന്നാണ് അതുണ്ടായത്. ആ സംഭവം ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഈ തെററു ചെയ്ത പോലീസുകാർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ സംഭവത്തിൽ പ്രതിഷേധിച്ച നിരപരാധികളായ നാട്ടുകാർക്കുനേരെ ഏതാണ്ട് 250 ആളുകൾ വീതമുള്ള രണ്ടു കേസുകൾ കെട്ടിച്ചമച്ചു. അഞ്ഞൂറോളം ആളുകൾ പ്രതികളായി. നാട്ടുകാരെ കള്ളക്കേസുകളിൽ കുടുക്കി ഇപ്പോഴും പോലീസ് വീടുകളിൽച്ചെന്ന് നിരന്തരമായി അവരെ ശല്യംചെയ്തുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഈ സംഭവത്തെ സംബന്ധിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തുകയും കുററക്കാരായ പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുകയും വേണം. ഈ കാര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി കുററകരമായ വീഴ്ചയാണ് നടത്തുന്നത്. ഈ സംഭവത്തെ സംബന്ധിച്ച് ഗവൺമെന്റിനെ അനുകൂലിക്കുന്ന മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങളിൽ വന്ന വാർത്തകളെങ്കിലും വച്ചുകൊണ്ട് കുററക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുകയും കള്ളക്കേസുകൾ പിൻവലിക്കുകയും വേണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഒരു പ്രതിയെ അന്വേഷിച്ച് ശ്രീ. ചെട്ടിയാരുടെ വീട്ടിൽ കടന്നുചെന്ന എസ്. ഐ. യേയും കൂടെയുണ്ടായിരുന്ന പോലീസ് കോൺസ്ററബിൾമാരേയും തടയുകയും അവരുമായിട്ട് ഒരു മൽപ്പിടുത്തമുണ്ടാവുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം അവർക്ക് ജീവരക്ഷാർത്ഥം രക്ഷപ്പെടേണ്ടിവന്നു. അവിടെ കൂടിയ മററു കുറെ ആളുകൾ റോഡ് ബ്ലോക്ക് ചെയ്ത് വാഹനങ്ങൾ തടയുകയും പത്തഞ്ഞൂററ് ആളുകൾ കുഴപ്പമുണ്ടാക്കുകയും ചെയ്തനുസരിച്ച് ഡി. എസ്. പി. യെ വിവരം അറിയിച്ചു. അദ്ദേഹം പോലീസിനെ അയയ്ക്കുന്നതിനുമുമ്പ് ചടയമംഗലത്തുനിന്ന്; ശ്രീ. ചന്ദ്രമോഹനന്റെ സ്ഥലത്തുള്ള എസ്. ഐ. തന്നെ അവിടെ മറെറാരു ജീപ്പിൽ എത്തി. അദ്ദേഹത്തിന് ജീപ്പുപയോഗിച്ച് രക്ഷപ്പെടേണ്ട സ്ഥിതിയിൽ ആക്രമിച്ചു. ഡ്രൈവറുടെ കൈ ഒടിഞ്ഞു.

പോലീസുകാർക്ക് പരിക്കേൽക്കുകയുണ്ടായി. രണ്ടുവട്ടം പോലീസിനെ ആക്രമിച്ചതിൽ കേസെടുത്തിട്ടുണ്ട്. കൃത്യ നിർവ്വഹണത്തിലേർപ്പെട്ടിരുന്ന പോലീസിനെ ആക്രമിച്ചതിനുശേഷം അതിൽ കേസെടുക്കുമ്പോൾ പരാതി പറയുന്നവരോട് യോജിക്കാൻ നിവൃത്തിയില്ല. അതിനുശേഷം സംഭവങ്ങളൊന്നുമില്ല. ഞാൻതന്നെ പോലീസിനെ അവിടെ നിന്ന് വിത്ത്ഡ്രാ ചെയ്യിച്ചു. കഴിഞ്ഞ 21-ാം തീയതി പോലീസ് സ്റ്റേഷനകത്ത് പടക്കം പൊട്ടി. ഒരു കോൺസ്റ്റബിളിന്റെ വീടിന് കല്ലെറിഞ്ഞു. പോലീസ് പാർട്ടിയെ പലവട്ടം ആക്രമിച്ചതിനുശേഷം അത് അന്വേഷിക്കുമ്പോൾ നിറുത്തിവയ്ക്കണമെന്നു പറയുന്നത് ശരിയല്ല. പോലീസിനെ ആക്രമിക്കുന്നത് കയ്യുംകെട്ടി നോക്കി നിൽക്കാൻ നിവൃത്തിയില്ല പോലീസ് പാർട്ടിയെ ആക്രമിക്കാതിരിക്കാനുള്ള നടപടികൾ പോലീസ് തുടരുകതന്നെ ചെയ്യും.

## (2) ശ്രീ. എ. സി. ഷൺമുഖദാസിന്റെ—എം. എൽ. എ. മാർ സഞ്ചരിച്ചിരുന്ന കാറിനെ പോലീസ് പിന്തുടർന്നതിനെ സംബന്ധിച്ച്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഇന്നലെ ഐ. എൻ. ററി. യു. സി. (എസ്) ന്റെ സംസ്ഥാന പ്രതിനിധി സമ്മേളനമായിരുന്നു തൃശ്ശൂരിൽ. ഞാനും ഈ സഭയിലെ അംഗങ്ങളായ ശ്രീ. ശങ്കരനാരായണപിള്ളയും ശ്രീ. ശശീന്ദ്രനും ഞങ്ങളുടെ സംസ്ഥാന കമ്മിററി പ്രസിഡൻറ് ശ്രീ. പി. സി. ചാക്കോയും കൂടി സമ്മേളനം കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് ഇന്ന് സഭയിൽ പങ്കെടുക്കുന്നതിനുവേണ്ടി വരികയായിരുന്നു. കൊല്ലത്ത് ചിന്നക്കടയിലെത്തിയപ്പോൾ ഒരു സംഘം പോലീസുകാർ ഞങ്ങളുടെ കാർ കൈ കാട്ടി നിറുത്തി. അവർ കാറിൽ നോക്കിയിട്ട് പൊയ്ക്കൊള്ളാൻ പറഞ്ഞു. അതേ പോലീസ് ജീപ്പ് ഞങ്ങൾഏകദേശം എസ്.എൻ. കോളേജ് ജംഗ്ഷൻ കഴിഞ്ഞ്പള്ളിമുക്കിൽ എത്തുന്നതുവരെ വളരെ സ്പീഡിൽ ഞങ്ങളെ പിന്തുടർന്നു. അതി സ്പീഡിൽ വരുന്ന ഒരു വാഹനം പിന്നിൽ വരുന്നതുകൊണ്ട് ഞങ്ങളുടെ കാർ സൈഡ് കൊടുത്ത് മാററി നിറുത്തി. വീണ്ടും ഞങ്ങളെ പരിശോധിച്ചു. എന്താ എന്ന് ചോദിച്ചപ്പോൾ ഒന്നുമില്ല എന്നു പറഞ്ഞ് ഞങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടു പോയി. കുറച്ചുകൂടി കഴിഞ്ഞപ്പോൾ ഓവർ സ്പീഡിൽ ആ ജീപ്പ് ഞങ്ങളുടെ കാറിന്റെ നേരെ മുമ്പിൽ റോഡിന്റെ കുറുകെ പെട്ടെന്ന് ബ്രേക്കിട്ടു. ഞങ്ങളുടെയൊക്കെ ഭാഗ്യം കൊണ്ടാവാം ഇന്നലെ ഒരു ആക്സിഡൻറ് ഉണ്ടായില്ല. ഞങ്ങളുടെ ഡ്രൈവർ വളരെ വെട്ടിച്ച് സൈഡിലേക്ക് മാററിയതുകൊണ്ട് ആക്സിഡൻറ് ഉണ്ടായില്ല. അതു കഴിഞ്ഞ് ഞങ്ങൾ ഉള്ളൂരിൽ വന്നപ്പോൾ സാധാരണ എം. എൽ. എ. ക്വാർട്ടേഴ്സിന്റെ പരിസരത്തു കാണുന്ന പോലീസ് ഉപയോഗിക്കുന്ന ഒരു കാർ അവിടെ കാത്തുനിൽക്കുന്നു. ഞങ്ങളുടെ കാറിനു പിന്നാലെ എം. എൽ. എ. ക്വാർട്ടേഴ്സ് വരെ വന്നു. ഞങ്ങളെ തിരിച്ചറിഞ്ഞതിനുശേഷവും എം. എൽ. എ മാരെ ഇങ്ങനെ വഴിക്കുവച്ച് തടസ്സപ്പെടുത്തി യാത്ര ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്നതിന്റെ കാര്യമെന്താണ്? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നിർദ്ദേശം കൊടുത്തിട്ടാണോ, ഒരു രാഷ്ട്രീയ പ്രവർത്തകന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ. ഞങ്ങളെ തിരിച്ചറിഞ്ഞതിനുശേഷവും പോലീസ് ഇങ്ങനെ പെരുമാറിയത് ശരിയല്ല. അതിനെപ്പററി അന്വേഷിക്കണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഇപ്പോൾ എല്ലാ നഗരങ്ങളിലും പോലീസിന്റെ പെട്രോൾ ഡ്യൂട്ടിയുണ്ട്. ഇലക്ട്രിസിററി പണിമുടക്കിനോടനുബന്ധിച്ച് രാത്രി കാലങ്ങളിൽ മുഴുവൻ പെട്രോൾ ഡ്യൂട്ടിയുണ്ട്. സംഭവം ഞാൻ പറയാം. ഇന്നലെ കൊല്ലത്താണ് ഏററവും കൂടുതൽ അട്ടിമറി നടന്നിട്ടുള്ളത്. ലൈററ് നഷ്ടപ്പെട്ടതും കൊല്ലത്തു

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ്. വേഗത്തിൽ പോകുന്ന ഒരു കാർ കൈ കാണിച്ചിട്ട് നിറുത്താതെ പോകുന്നതുകൊണ്ട് പോലീസ് പിൻതുടർന്നത് ശരിയാണ്. കാർ നിറുത്തി ശ്രീ. ഷൺമുഖദാസും കൂട്ടരുമാണെന്ന് അറിഞ്ഞപ്പോൾ ഞങ്ങൾക്ക് അത് മനസ്സിലായില്ല എന്നു പറഞ്ഞ് അവർ മടങ്ങിപ്പോരുകയുണ്ടായി. അതല്ലാതെ അവരെ തടയുകയൊന്നും ചെയ്തിട്ടില്ല. ഇതാണ് ഉണ്ടായിട്ടുള്ളത്.

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻമാർക്ക് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള എല്ലാ പ്രൊട്ടക്ഷനും വേണം. ചില എം. എൽ. എ. മാർക്ക് സ്വൽപ്പം പ്രൊട്ടക്ഷനും ചില ഗൗനിപ്പും ഒക്കെ വേണം. എല്ലാ പേർക്കും വേണ്ട എന്ന് പ്രത്യേകം നിർദ്ദേശം കൊടുത്താൽ മതി.

ശ്രീ. ഇ. കെ. നായനാർ : എം. എൽ. എ. മാർ സ്പീക്കറുടെ കസ്റ്റഡിയിലാണോ ? ആണെങ്കിൽ ഈ കാറിന്റെ നമ്പർ നോട്ട് ചെയ്താൽ പോരെ ? മൂന്നു തവണ എന്തിനാണ് വാച്ച് ചെയ്തത്.

മി. സ്പീക്കർ : എഴുതിത്തരട്ടെ. നിയമസഭയിൽ വരാനുള്ള സ്വാതന്ത്ര്യം വേണം.

## VI. ധനകാര്യം

### 1984-85—സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാലുമാസത്തേക്കുള്ള ധനാഭ്യർത്ഥന

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻറ് ഹെഡ്ഡുകൾ സംബന്ധിച്ച് 1984-85 സാമ്പത്തികവർഷത്തിന്റെ ആദ്യത്തെ നാലു മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവു ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാനവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : ഞാൻ അതിനെ പിന്താങ്ങുന്നു.

Shri. T. P Peethambaran Master : Sir, I move the following cut motions :—

*Demand No.* VIII

1. The Demand for Grant on Account under the Head VIII Exercise for Rs. 1,39,38,000 be reduced by Rs. 100.

*Demand No.* XII

2. The Demand for Grant on Account under the Head XII-Police for Rs. 16,85,62,800 be reduced by Rs. 100

*Demand No.* XVII

3. The Demand for Grant on Account under the Head. XVII Education, Art and Culture for Rs. 1,04,67,79,400 be reduced by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

*Demand No.* XXV

4. The Demand for Grant on Account under the head XXV–Labour and Employment and for Rs. 5,07,70,200 be reduced by Rs. 100.

*Demand No.* XXXI

5. The Demand for Grant on Account under the Head XXXI – Food for Rs. 1,66,44,400 be reduced by Rs. 100.

*Demand No.* XXXIV

6. The Demand for Grant on Account under the Head XXXIV – Fisheries for Rs. 1,58,72,400 be reduced by Rs. 100.

*Demand No.* XXXVIII

7. The Demand for Grant on Account under the Head XXVIII – Industries for Rs. 4,36,39,300 be reduced by Rs. 100.

*Demand No.* XL

8. The Demand for Grant on Acconnt under the Head XL–Power for Rs. 9,33,400 be reduced by Rs.100.

Sri N. A. Mammu Haji : Sir, I move the following cut motions:—

*Demand No.* XI

1. The Demand for Grant on Account under Head XI – D'strict Administration and Miscellaneous for Rs. 2,30,31,900 be reduced by Rs. 100.

*Demand No.* XII

2. The demand for Grant on Account under the Head XII – Police for Rs. 16,85,62,800 be reduced to Re. 1.

*Demand No.* XV

3. The Demand for Grant on Account under the Head XV – Public Works for Rs. 14,22,13,600 be reduced to Re. 1.

*Demand No.* XVII

4. The Demand for Grant on Account under the Head XVII – Education, Art and Culture for Rs. 1,04,67,79,400 be reduced to Re. 1/-

*Demand No.* XVIII

5. The Demand for Grant on Account under the Head XVIII – Medical for Rs. 23,13,52,000 be reduced to Re. 1.

*Demand No.* XXII

6. The Demand for Grant on Account under the Head XXII – Housing for Rs. 1,90,81,300 be reduced to Re. 1.

*Demand No.* XXX

7. The Demand for Grant on Account under the Head XXX – Agriculture for Rs. 16,85,25,700 be reduced to Re. 1.

LIBRARY ARCHIVES Kerala Legislative Assembly

*Demand No.* XXXI

8. The Demand for Grant on Account under the Head XXXI – Food for Rs. 1,66,44,400 be reduced to Re. 1.

*Demand No.* XXXIV

9. The Demand for Grant on Account under the Head XXXIV – Fisheries for Rs. 1,58,72,400 be reduced to Re. 1.

Demand No. XXXV

10. The Demand for Grand on Account under the Head XXXV - Forest for Rs. 5,21,73,200 be reduced to Re. 1.

*Demand No.* XXXVI

11. The Demand for Grant on Account under the Head XXXVI – Panchayat for Rs. 3,98,85,700 be reduced to Re. 1.

*Demand No.* XXXVIII

12. The Demand for Grant on Account under the Head XXXVIII – Industries for Rs. 4,36,39,300 be reduced to Re. 1.

ശ്രീ. എ.കെ. പത്മനാഭൻ: സർ, 1984-85 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാലു മാസത്തേക്കുള്ള ചെലവിനു വേണ്ടി ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. ബഡ്ജററ് നിർദ്ദേശങ്ങളെക്കുറിച്ച് വിശദമായ പരിശോധനയും ചർച്ചയും ആവശ്യമായ ഒരു ഘട്ടത്തിൽ ഒരു വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കാനുള്ള ഈ ഗവൺമെൻറിൻെറ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഈ ഗവൺമെൻറ് അടുത്ത നാലു മാസത്തേക്ക്. ചെലവു ചെയ്യാൻ വേണ്ടി സംഖ്യ വിനിയോഗിക്കണമെന്ന് ഈ സഭയോട് പറയുമ്പോൾ അത് എന്തിനു വേണ്ടി വിനിയോഗിക്കുന്നുവെന്ന് ഞങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള കടമ ധനകാര്യ വകുപ്പു മന്ത്രിക്കുണ്ട്. അടുത്ത നാലുമാസത്തേക്ക് ചെലവഴിക്കാൻ വേണ്ടി സംഖ്യ വകയിരുത്തിയ കൂട്ടത്തിൽ ഇവിടെ പല വകുപ്പുകളിലേക്കും സംഖ്യ വകയിരുത്തിയിട്ടുണ്ട്. അതിൽ ഒന്നാണ് സർ ആഭ്യന്തര വകുപ്പ്. ആഭ്യന്തര വകുപ്പിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് നാം ഇവിടെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഈ നിയമസഭയിൽ നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. വയലാർ രവി പഞ്ചായത്ത് പ്രസിഡൻറ്. സഖാവ് വി. കെ. ഗോപാലനെ കൊലചെയ്ത കാര്യത്തെക്കുറിച്ചുള്ള ചർച്ച നടന്നപ്പോൾ എന്തു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്?

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കൊലപാതകത്തെ ന്യായീകരിക്കുന്ന ഒരു സമീപനമാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽ നിന്ന് ഉണ്ടായിട്ടുള്ളത്. അദ്ദേഹം പറഞ്ഞു ഈ കൊലപാതക കേസിലെ, പ്രതികളെല്ലാം അല്ലെങ്കിൽ കൊലപാതകം ചെയ്ത ആളുകളെല്ലാം മുമ്പ് കേസിലെ പ്രതികളാണ് എന്ന്. അതു പോലെ തന്നെ കൊല ചെയ്യപ്പെട്ട ആളുകളും കേസിലെ പ്രതികൾ ആണ്. ഈ രീതിയിലുള്ള സമീപനമാണോ ഇതിനു നേരെ സ്വീകരിക്കേണ്ടതെന്നാണ് ഞാൻ ചോദിക്കുന്നത്. ഏതു കൊലപാതകം നടന്നാലും കൊലചെയ്യപ്പെട്ട ആളുകൾ ഏതെങ്കിലും ഒരു കേസിലെ പ്രതിയാണെന്നു പറഞ്ഞ് ഇവിടെ കുറെ ക്കാലമായി ഒരു പ്രചരണം നടക്കുന്നുണ്ട്. മുമ്പ് കൊല നടത്തിയ കേസിലെ പ്രതിയാണെന്നു പറഞ്ഞു കൊണ്ട് ചില കുത്തക പത്രങ്ങൾ നമ്മുടെ രാജ്യത്ത്



LIBRARY ARCHIVES Kerala Legislative Assembly

ചില പ്രചരണങ്ങൾ നടത്തുന്നുണ്ട്. ആ പ്രചരണങ്ങളാണ് നിർഭാഗ്യവശാൽ നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി ഏററു പിടിച്ചിട്ടുള്ളത്. കൊലപാതക കേസിലെ പ്രതികളെയെല്ലാം കൊലചെയ്യാമെങ്കിൽ നമ്മുടെ മുഖ്യമന്ത്രിക്ക് ഇവിടെ ജീവിക്കാൻ കഴിയുമോ സർ? അപ്പുറത്തിരിക്കുന്ന പല ആളുകൾക്കും ഇവിടെ ജീവിക്കാൻ സാധിക്കുമോ? പല കേസുകളിലെ പ്രതികളും ഈ നിയമസഭയിൽ തന്നെ ഇല്ലേ? ബഹുമാനപ്പെട്ട നൂറുദ്ദീൻ ഒരു കേസിലെ പ്രതി അല്ലേ? അങ്ങനെ കൊലപാതക കേസിലെ പ്രതികളെയെല്ലാം കൊലചെയ്യാനുള്ള ഒരു സാഹചര്യം നമ്മുടെ രാജ്യത്ത് വരുകയാണെങ്കിൽ ഈ രാജ്യത്ത് ആർക്ക ജീവിക്കാൻ കഴിയും സർ? ഇത്രയും വളരെ ലാഘവബുദ്ധിയോടു കൂടി ഒരു പ്രശ്നത്തെ കൈകാര്യം ചെയ്യാൻ ഈ ആഭ്യന്തര വകുപ്പുമന്ത്രിക്കല്ലാതെ മററാരു ആഭ്യന്തര വകുപ്പുമന്ത്രിക്കും കഴിയില്ല. ആ കസേരയിൽ ആഭ്യന്തര വകുപ്പുമന്ത്രിയിരിക്കുന്നതു തന്നെ നമ്മുടെ സംസ്ഥാനത്തിന് അപമാനമാണ്. ആ കസേരയിൽ ആർ.എസ്.എസിന്റെ നേതാവ് ബാലാസാഹിബ് ദേവരസ് ആണ് ഇരുന്നിരുന്നതെങ്കിൽ ഒരു പക്ഷേ അദ്ദേഹം ഈ കൊലപാതകത്തെ ന്യായീകരിക്കുന്നത് 'നിർഭാഗ്യകരം' എന്ന ഒരു പദപ്രയോഗം ഉപയോഗിച്ചു കൊണ്ടാകുമായിരുന്നു. പക്ഷേ ശ്രീമാൻ വയലാർ രവി അത്തരമൊരു പദപ്രയോഗം ഇവിടെ നടത്തിയിട്ടില്ല. ഇവിടെ കൊലപാതകികൾക്ക് പച്ചക്കൊടി കാട്ടാനുള്ള പരിപാടിയാണ് ആഭ്യന്തര വകുപ്പു മന്ത്രിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. മി. രവിയോട് എനിക്ക് ഒരു കാര്യം മാത്രമാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അറുകൊല ചെയ്യുന്ന ഈ ആർ.എസ്.എസുകാരും മററു പിന്തിരിപ്പൻമാരും ഞങ്ങൾക്കെതിരായി നടത്തുന്ന ആക്രമണങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ഭയമില്ല. പക്ഷേ ഈ രാജ്യത്തെ പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവർ ഈ രാജ്യത്ത് ജീവിക്കേണ്ട ആളുകളാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പാൽപ്പായസം കുടിച്ച് മണിമന്ദിരങ്ങളിൽ ജീവിച്ച് ജീവിതാന്ത്യം വരെ ശയിച്ചുകൊള്ളാമെന്ന യാതൊരു കരാറും ഞങ്ങൾ കൊടുത്തിട്ടില്ല. അങ്ങനെയല്ല ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് വന്നിട്ടുള്ളത്. ഇത്തരത്തിലുള്ള കൊലപാതകങ്ങളെ നേരിടാനും ഇത്തരം കൊലപാതകികളെ ശക്തിയുക്തം നേരിടാനുമുള്ള തന്റേടമുള്ള പ്രസ്ഥാനമാണ് ഞങ്ങളുടെ പ്രസ്ഥാനം. പക്ഷേ ഈ രാജ്യത്തെ സാമൂഹ്യ രാഷ്ട്രീയ രംഗത്തു പ്രവർത്തിക്കുന്ന പ്രവർത്തകൻമാർക്ക്, അവർക്കു പോലും പട്ടാപ്പകൽ നടുറോഡിൽക്കൂടി ഇറങ്ങി നടക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണുള്ളതെങ്കിൽ അത്തരം ഒരു സ്ഥിതി വിശേഷം ഈ സംസ്ഥാനത്ത് സൃഷ്ടിച്ച ഒരു വകുപ്പിനു വേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞങ്ങൾക്കെങ്ങനെ പിന്തുണ നൽകാൻ കഴിയും സർ? ഇതു മാത്രമാണോ? ഈ നിയമസഭയുടേയും ഈ ഗവൺമെൻറിന്റേയും പ്രവർത്തനം തന്നെ എന്താണ് സർ? നമ്മുടെ നിയമസഭയുടെ സ്ഥിതി തന്നെ നിങ്ങൾ പരിശോധിച്ചു നോക്കൂ. 22 മാസക്കാലമായി ഈ ഗവൺമെൻറ് വന്നിട്ട്. ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം എന്തിനു വേണ്ടിയാണ് ഈ നിയമസഭ നിലകൊള്ളുന്നത്. ലെജിസ്ലേച്ചർ എന്നു പറഞ്ഞാൽ "The body empowered to make and repeal laws" എന്നാണു പറയുന്നത്. കഴിഞ്ഞ 22 മാസക്കാലത്തെ ഭരണത്തിനിടയ്ക്ക് നമ്മുടെ സംസ്ഥാനത്ത് എത്ര നിയമനിർമ്മാണങ്ങൾ നടത്താൻ നിങ്ങൾക്ക് കഴിഞ്ഞു? നിങ്ങൾ നടത്തിയ നിയമ നിർമ്മാണങ്ങളെല്ലാം എടുത്തു പരിശോധിച്ചു നോക്കിയാൽ ആർക്കുവേണ്ടിയാണ് ഈ നിയമനിർമ്മാണങ്ങളെല്ലാം നടത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയുന്നതാണ്. നിങ്ങളെ അധികാരത്തിലെത്തിച്ച, അല്ലെങ്കിൽ നിയമ സഭാംഗങ്ങളെ നിയമസഭാ വേദിയിലേക്ക് കൊണ്ടുവന്നിട്ടുള്ള പാവപ്പെട്ട ഈ രാജ്യത്തെ പൊതുജനങ്ങൾക്കു വേണ്ടി, അവർക്ക് ഉപകാരപ്രദമായ എന്തെങ്കിലും നിയമനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് നടത്തിയെടുക്കാൻ കഴിഞ്ഞോ? ഈ നിയമസഭയിൽ ആദ്യമായി അവതരിപ്പിച്ച നിയമ നിർമ്മാണം തന്നെ മന്ത്രിസഭയെ നിലനിറുത്താൻ വേണ്ടിയുള്ള ഒരു നിയമ നിർമ്മാണമായിരുന്നു. രണ്ടു വർഷം പൂർത്തിയാക്കുന്ന നിയമസഭാംഗങ്ങൾക്ക് പെൻഷൻ കൊടുക്കുവാനുള്ള നടപടിയാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നിയമ സഭാംഗങ്ങൾക്കും മന്ത്രിമാർക്കും അലവൻസ് വർദ്ധിപ്പിക്കുവാനുള്ള നിയമ നിർമ്മാണമാണ് നിങ്ങൾ ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. അതുപോലെ തന്നെ ഇവിടെ പാസാക്കിയെടുത്ത നിയമനിർമ്മാണത്തിൻെറ കഥ തന്നെ എന്താണ് സർ? ഒന്ന്, മുസ്തഫയ്ക്കു വേണ്ടിയുള്ള നിയമ നിർമ്മാണമാണ്. മന്ത്രി സ്ഥാനം കിട്ടാതെ പിണങ്ങി ബംഗ്ലാവിൽ ഇരുന്ന മുസ്തഫയെ ഈ നിയമസഭാ വേദിയിലേക്ക് കൊണ്ടുവരാൻ വേണ്ടി മെമ്പർമാരുടെ അയോഗ്യത നീക്കം ചെയ്യൽ എന്ന നിയമ നിർമ്മാണവുമായിട്ടാണ് ഈ നിയമസഭാ വേദിയിൽ വന്നിട്ടുള്ളത് അല്ലാതെ ജനങ്ങൾക്ക് ഉപകാരപ്രദമായ ഏതെങ്കിലും ഒരു നിയമ നിർമ്മാണം കൊണ്ടുവരുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഇവിടെ കൊണ്ടുവന്ന നിയമ നിർമ്മാണം ഒന്നുകിൽ നിങ്ങളെ സംരക്ഷിക്കാൻ വേണ്ടി, അല്ലെങ്കിൽ പൊളിഞ്ഞു പാളീസായി തകരാൻ പോകുന്ന ഈ ഭരണത്തെ സംരക്ഷിക്കാൻ വേണ്ടിയുള്ളത്. അഴിമതി നിരോധന നിയമം പോലെയുള്ള പൊതുപ്രചരണത്തിനു വേണ്ടിയുള്ള നിയമ നിർമ്മാണമല്ലാതെ മറെറാരു നിയമനിർമ്മാണമുണ്ടാക്കി കൊണ്ടു വരുവാൻ നിങ്ങൾക്ക് കഴിഞ്ഞോ? നമ്മുടെ സംസ്ഥാനത്തിൽ ആദ്യമായി നിലവിൽ വന്ന 1957-ലെ 1-ാം കേരള നിയമസഭ, 28 മാസം കൊണ്ട് 88 നിയമങ്ങളാണ് ഈ നിയമസഭാ വേദിയിൽ വച്ച് അവതരിപ്പിച്ച് പാസാക്കിയെടുത്തത്. ആ നിയമങ്ങളെല്ലാം പരിശോധിച്ചു നോക്കിയാൽ തന്നെ ഈ സംസ്ഥാനത്തിലെ ജനങ്ങളിൽ മൗലികമായ മാററം വരുത്തുന്ന നമ്മുടെ സംസ്ഥാനത്തിലെ മുഖച്ഛായ തന്നെ മാററുന്ന കാർഷിക പരിഷ്കരണം പോലെയുള്ള, വിദ്യാഭ്യാസ നിയമം പോലെയുള്ള നിയമങ്ങൾ ആയിരുന്നു എന്നു കാണാം. അതുപോലെ തന്നെ നമ്മുടെ തൊട്ടു മുമ്പിലുള്ള നിയമസഭയുടെ സ്ഥിതി പരിശോധിച്ചു നോക്കിയാൽ ആ നിയമസഭ 25 മാസമാണ് ഇവിടെ ഉണ്ടായിരുന്നത്. 25 മാസത്തിൽ തന്നെ നാലു മാസം കാസ്ററിംഗ് ഭരണവും പ്രസിഡൻറ് ഭരണവുമായിരുന്നു. 21 മാസം കൊണ്ട് 47 നിയമനിർമ്മാണങ്ങൾ ആ നിയമസഭ പാസാക്കിയെങ്കിൽ നിങ്ങൾക്ക് 22 മാസംകൊണ്ട് 10 നിയമ നിർമ്മാണമെങ്കിലും തികച്ച് പാസാക്കിച്ചെടുക്കാൻ കഴിഞ്ഞോ? ഇവിടെ ഒരു കെട്ട് കടലാസുമായി വരുന്നു. നിയമസഭാ സമ്മേളനത്തിൽ ഒരു കെട്ട് പുസ്തകങ്ങൾ ഞങ്ങളെ ഏൽപ്പിക്കാറുണ്ട്. എന്തിനു വേണ്ടി സർ ഈ പുസ്തകങ്ങൾ? പുതിയ പുതിയ ബില്ലുകൾ. ഈ ബില്ലുകളെല്ലാം ഓരോ നിയമസഭ കഴിയുന്തോറും ലാപ്സാകുന്നു. അതിനു ശേഷം പുതിയ ഓർഡിനൻസുകൾ വരുന്നു. ഒരു കെട്ടു പുസ്തകങ്ങൾക്കു വേണ്ടി നിങ്ങൾ ഇവിടെ ചെലവഴിച്ച ടൺ കണക്കിനുള്ള കടലാസുകളും അതുപോലെ ലിററർ കണക്കിനുള്ള മഷിയും ഈ രാജ്യത്തെ പാവപ്പെട്ട, ഏററവും പിന്നോക്കം നിൽക്കുന്നതായ കുട്ടികൾക്ക് നോട്ടു പുസ്തകങ്ങൾക്കു വേണ്ടി സൗജന്യമായി കൊടുത്തിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ ഭൂമിയിൽ ചെയ്യുന്ന പാപത്തിന്, അങ്ങ് വിശ്വസിക്കുന്ന മരണാനന്തര കുററശിക്ഷ അങ്ങേയ്ക്ക് വിധിക്കുമ്പോൾ ആ ശിക്ഷയിൽ നിന്ന് കുറച്ചെങ്കിലും ഇളവ് അങ്ങേയ്ക്ക് ലഭിക്കുമായിരുന്നില്ലേ? ആ രീതിയിലാണ് ഈ സംസ്ഥാനത്തെ സ്ഥിതികൾ പോകുന്നത്. നാലു ദിവസം കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്ത് ഓർഡിനൻസുകളുടെ പ്രളയം വരാൻ പോകുകയാണ്. എല്ലാ കാര്യത്തിലും ഓർഡിനൻസ് ആണ് വരാൻ പോകുന്നത്. ഇത് ഒരു ഓർഡിനൻസ് ഭരണമാണ്. ഈ ഓർഡിനൻസ് ഭരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

19 മന്ത്രിമാരുടെയും ഒരു ചീഫ് വിപ്പിന്റേയും ആവശ്യമില്ല. ഒരു ഗവർണ്ണർക്കും രണ്ട് അഡ്വൈസർമാർക്കും കൂടി ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ് നിങ്ങൾ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നിയമങ്ങളെപ്പററി നിങ്ങൾ ഒന്ന് പരിശോധിച്ചു നോക്കൂ.

ഇവിടെ ഒരു മുനിസിപ്പൽ അമൻഡ്മെന്റ് ബിൽ വരാൻ പോകുന്നു. കഴിഞ്ഞ നിയമസഭയിൽ ആ ബിൽ അവതരിപ്പിച്ചപ്പോൾ ഇനി തെരഞ്ഞെടുപ്പ് നടക്കാത്ത മുനിസിപ്പാലിററികളിൽ നാലു വർഷക്കാലത്തേക്ക് തിരഞ്ഞെടുപ്പ് നീട്ടി വയ്ക്കാനുള്ള ബിൽ ആയിട്ടാണ് ഇവിടെ കൊണ്ടുവന്നത്. എന്നാൽ ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്, ഓർഡിനൻസ് രൂപത്തിൽ വന്നിട്ടുള്ളത് ആറു വർഷത്തേക്ക് തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനുള്ള ബില്ലാണ്. ഓരോ തെരഞ്ഞെടുപ്പിനേയും നിങ്ങൾ ഭയപ്പെടുന്നു. എന്തിനു വേണ്ടി നിങ്ങൾ തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നു? കഴിഞ്ഞ നിയമസഭാസമ്മേളനം അവസാനിക്കുമ്പോൾ കോൺഗ്രസ് പാർട്ടിയുടെ ഉപനേതാവ് ശ്രീമാൻ ഉമ്മൻചാണ്ടി പ്രതിപക്ഷ ബഞ്ചിനു നേരെ വിരൽ ചൂണ്ടിക്കൊണ്ട് ഒരു വെല്ലുവിളി നടത്തി. എന്താണെന്നോ? അന്ന് ശ്രീമാൻ ഉമ്മൻചാണ്ടി പറഞ്ഞു നമുക്ക് കുരുക്ഷേത്രയുദ്ധഭൂമിയിൽ വച്ചു കാണാമെന്ന്. പുനലൂരേയും മഞ്ചേരിയിലേയും ഉപതെരഞ്ഞെടുപ്പുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്നു ശ്രീമാൻ ഉമ്മൻ ചാണ്ടി ഞങ്ങളോട് വെല്ലുവിളി നടത്തിയത്? ശ്രീമാൻ ഉമ്മൻ ചാണ്ടി, എവിടെ ആ കുരുക്ഷേത്ര യുദ്ധഭൂമി? അന്ന് നിയമസഭാ സമ്മേളനം കഴിഞ്ഞ ശേഷം ഞങ്ങൾ വിചാരിച്ചിരുന്നത് നിങ്ങൾ ആ ഉപതെരഞ്ഞെടുപ്പ് വളരെപ്പെട്ടെന്ന് നടത്തുമെന്നായിരുന്നു. ഇവിടെ വേറൊരു ഉപതെരഞ്ഞെടുപ്പു കൂടി വന്നിരിക്കുന്നു. ഈ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ചു പറയാറുള്ള ചില കാര്യങ്ങൾ ഉണ്ട്. ബംഗാളിനെയാണ് നിങ്ങൾ അനുകരിക്കാറുള്ളത്. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പലപ്പോഴും ബംഗാളിന്റെ കാര്യം പറയാറുണ്ട്. ഈ നിയമസഭയിൽ നാഴികയ്ക്കു നാൽപ്പതു വട്ടം നിങ്ങൾ വലിച്ചിഴച്ചു കൊണ്ടുവരുന്നത് ബംഗാളിലെ ജ്യോതിബാസുവിന്റെ കാര്യമാണ്.

അതുപോലെതന്നെ ഈ നിയമസഭാ സമ്മേളനത്തിൽ ധനകാര്യമന്ത്രി 70 കോടിയോളം രൂപ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച് ജനജീവിതം ദുഃസഹമാക്കിയ ഡോ. അശോക്മിത്രയുടെ ബംഗാളിന്റെ കാര്യമായിരുന്നു പറഞ്ഞത്. ആ സർക്കാർ ജനങ്ങളെ ഭയപ്പെട്ടിട്ടില്ല. അവിടെ എല്ലാ ഉപതെരഞ്ഞെടുപ്പുകളും നടത്തിയിട്ടുണ്ട് രണ്ട് ഉപതെരഞ്ഞെടുപ്പിൽ ഭരണമുന്നണി പരാജയപ്പെട്ടിട്ടു പോലും. ഏപ്രിൽ മാസം ആദ്യം വീണ്ടും രണ്ട് ഉപതെരഞ്ഞെടുപ്പുകളെക്കൂടി ആ ഗവൺമെന്റ് നേരിടാൻ പോകുകയാണ്. നിങ്ങൾക്കിവിടെ സഹകരണ രീതിയിലുള്ള തെരഞ്ഞെടുപ്പുകൾ നടത്താൻ കഴിയുന്നുണ്ടോ? നിങ്ങൾ തോൽക്കുമെന്ന് നിശ്ചയമുള്ള എല്ലാ പ്രദേശങ്ങളിലും നിങ്ങൾ തെരഞ്ഞെടുപ്പ് നീട്ടി വയ്ക്കുന്നു. അവിടെയെല്ലാം അഡ്മിനിസ്ട്രേററീവ് കമ്മിററികൾ ഏർപ്പെടുത്തുവാൻ പോകുന്നു. ഇവിടെത്തന്നെ പഞ്ചായത്തുഭരണത്തിന്റെ കാലാവധി അവസാനിക്കുവാൻ പോകുകയാണ്. എന്താണ് സർ നമ്മുടെ സുന്ദരംസ്വാമി പറഞ്ഞത്? സുന്ദരംസ്വാമി പറഞ്ഞത് പഞ്ചായത്തുഭരണത്തിന്റെ കാലാവധി കഴിഞ്ഞതിനുശേഷം എല്ലാ പഞ്ചായത്തുകമ്മിററികളും പിരിച്ചുവിട്ട് അവിടെയെല്ലാം അഡ്മിനിസട്രേററീവ് കമ്മിററികൾ ഏർപ്പെടുത്തുമെന്നാണ്. അവിടെയും തെരഞ്ഞെടുപ്പ് നടത്താൻ നിങ്ങൾക്ക് ഭാവമില്ല. ഈ രാജ്യത്ത് ജനക്ഷേമകരമായ നടപടികളാണ് നിങ്ങൾ നടത്തിയതെങ്കിൽ, ഈ രാജ്യത്തെ ജനങ്ങൾ നിങ്ങളിൽ വിശ്വാസം അർപ്പിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ എന്തിന് ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ഭയപ്പെടണം? നിങ്ങൾ എന്തുകൊണ്ട് ഈ ഉപതെരഞ്ഞെടുപ്പുകൾ നടത്താൻ മടി കാണിക്കുന്നു? നിങ്ങൾ എന്തുകൊണ്ട് ഈ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്താൻ മടികാണിക്കുന്നു. മഞ്ചേരി നിങ്ങളുടെ കോട്ട അല്ലേ? ശരിഅത്തിന്റെ സംരക്ഷണം നിങ്ങൾക്കില്ലേ? ആ മഞ്ചേരിയിൽ നിങ്ങൾക്ക് ഉപതെരഞ്ഞെടുപ്പ് നടത്തിക്കൂടെ ശ്രീമാൻ കുഞ്ഞാലിക്കുട്ടി? എനിക്ക് പറയാനുള്ളത് നിങ്ങൾക്ക് ജനങ്ങളെ ഭയമാണ്. നിങ്ങൾക്ക് ജനങ്ങളെ സമീപിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് തെരഞ്ഞെടുപ്പുകളെല്ലാം അവസാനിപ്പിക്കണമെന്ന് പറയുന്നത്. അങ്ങനെയാണെങ്കിൽ നിയമസഭകൂടി പിരിച്ചുവിട്ടുകൂടെ എന്നു സുന്ദരംസ്വാമിയോട് പത്രക്കാർ ചോദിച്ചപ്പോൾ പറഞ്ഞത് അതു ആലോചിക്കേണ്ട കാര്യമാണെന്നായിരുന്നു. ഈ നിയമസഭതന്നെ വേണ്ടെന്നാണ് സുന്ദരം സ്വാമി പറഞ്ഞത്. ഏതായാലും ശരി, അടുത്ത നാലുമാസക്കാലത്തേക്ക് നിങ്ങൾ അവതരിപ്പിച്ച ഈ വോട്ട് ഓൺ അക്കൌണ്ടിനെ പാസാക്കിക്കൊടുക്കാൻ ഞങ്ങൾ തയ്യാറാകുകയാണെങ്കിൽ ഞങ്ങൾ ഈ രാജ്യത്തെ ജനങ്ങളോട് ചെയ്യുന്ന ഏററവും കടുത്ത ദ്രോഹമായിരിക്കും. ജനക്ഷേമകരമായ പദ്ധതികളെല്ലാം തകർത്ത് ഈ രാജ്യത്തെ അഴിമതിയുടേയും ധൂർത്തിന്റെയും വിളനിലമാക്കി മാററിയ ഈ സംസ്ഥാന സർക്കാരിനെ നിലനിർത്താൻ ദിവസക്കൂലിക്കാരെ ആശ്രയിച്ചുകൊണ്ട് നടത്തുന്ന ഈ നെറികെട്ട ഭരണത്തിനുവേണ്ടി, അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ അടുത്ത നാലുമാസക്കാലത്തേക്ക് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ വോട്ട് ഓൺ അക്കൌണ്ടിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, അടുത്ത നാലുമാസക്കാലത്തേക്കുള്ള ചെലവുകൾക്കായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൌണ്ടിനെ ഞാൻ പിന്താങ്ങുന്നു. പ്രതിപക്ഷത്തുനിന്ന് ശ്രീ. പത്മനാഭൻ, എന്തിനാണ് നാലുമാസക്കാലത്തേക്ക് ഈ വോട്ട് ഓൺ അക്കൌണ്ട് പാസ്സാക്കിത്തരേണ്ടത് എന്ന് ചോദിച്ചു. ഈ മുന്നണിക്ക് ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ പുതിയ കണ്ടുപിടുത്തം. സർ, ജനങ്ങളുടെ വിശ്വാസത്തിന്റെ മാററുരച്ചു കാണിക്കുന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഒരു മുന്നണിയാണ് ഇവിടെ ഭരിക്കുന്നത്. ജനങ്ങളുടെ വിശ്വാസം ഈ മുന്നണിക്കുണ്ടോ ഇല്ലയോ എന്ന് തെളിയിക്കപ്പെടേണ്ടതും മറെറാരുതെരഞ്ഞെടുപ്പിലൂടെയാണ്. ശ്രീ. പത്മനാഭനോ, മാർക്സിസ്ററ് പാർട്ടിയോ പുറത്തെന്തുപറഞ്ഞാലും, ഈ സഭയിൽ എന്തെല്ലാം അട്ടഹാസങ്ങൾ ഉണ്ടാക്കിയാലും, ജനങ്ങളുടെ വിശ്വാസത്തിന്റെ കാര്യത്തിൽ ഞങ്ങൾക്ക് കൊച്ചു കുട്ടികളുടെ മാതിരി പരീക്ഷണം നടത്തേണ്ട കാര്യമില്ല. കൊച്ചുകുട്ടികൾ ഒരു ചെടി മണ്ണിൽ നട്ടാൽ അതു ദിവസവും രാവിലെ പിഴുത് അതിന് വേരുവന്നോ എന്നു നോക്കും, ജനപിന്തുണയെക്കുറിച്ച്, അങ്ങനെ ഒരു പരീക്ഷണം ശ്രീ. കരുണാകരന്റെ സർക്കാരിന്, ഓരോ ദിവസവും ചെടി പിഴുതു നോക്കുംപോലെ നോക്കേണ്ട ഗതികേടില്ല. ഭൂരിപക്ഷം ഉള്ളിടത്തോളം കാലം, ജനപിന്തുണ തെരഞ്ഞെടുപ്പിലൂടെ കിട്ടിയ ഈ ഗവൺമെന്റ് അധികാരത്തിൽ തുടരും. അതുകൊണ്ട് നടപ്പുവർഷത്തേക്കുള്ള ചെലവിലേക്കുള്ള വോട്ട് ഓൺ അക്കൌണ്ട് പാസാക്കേണ്ടത് ഈ സംസ്ഥാനത്തിന്റെ പൊതുവായ ജനജീവിതത്തിന്റെ നിലനിൽപ്പിനാവശ്യമാണ്. അതിനെ നിങ്ങൾ എതിർത്താലും പാസാക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ അവസരത്തിൽ എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ ഒന്നു രണ്ടു കാര്യങ്ങൾ ഓർമ്മിപ്പിക്കാനുണ്ട്.

നമ്മുടെ നടപ്പ് സാമ്പത്തികവർഷത്തിന്റെ മൂന്നിലൊരു ഭാഗമാണ് ഈ നാലുമാസമെന്നു പറയുന്ന കാലഘട്ടം. ഈ കാലഘട്ടത്തിൽ, നമ്മുടെ ബഡ്ജററ് നിർദ്ദേശങ്ങൾ ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞു. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് വിശദമായചർച്ചയും നടത്തി. ഈ അടുത്ത ഒരു വർഷക്കാലത്തേക്ക് നാം വളരെ കരുതലോടുകൂടി മുന്നോട്ടുനീങ്ങേണ്ടയിരിക്കുന്നു. കക്ഷിരാഷ്ട്രീയചിന്തയുടെ കാലുഷ്യത്തിൽ കശക്കിക്കളയാവുന്നതല്ല നമ്മുടെ സാമ്പത്തിക രംഗം. നമ്മുടെ സംസ്ഥാനം ആരു ഭരിക്കുന്നു എന്നല്ല, ഇന്ന് ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഭരിക്കുന്നു, ആരു ഭരിച്ചാലും സുസ്ഥിരമായി നിലനിൽക്കേണ്ട ചില കാര്യങ്ങളുണ്ട്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കേണ്ടിവന്നു എന്നുള്ളതിന്റെ പേരിൽ അതു തകർക്കപ്പെടാൻ പാടില്ല. ഉത്തരവാദിത്വമുള്ള ഈ പ്രതിപക്ഷം, ജനങ്ങളോടു കടപ്പാടുള്ള ഈ പ്രതിപക്ഷം ജനങ്ങളുടെ നീറുന്ന ജനകീയ പ്രശ്നങ്ങളിൽ ഒന്നിലേക്കെങ്കിലും വിരൽചൂണ്ടിയോ? എനിക്കു നിരാശ തോന്നുന്നു ആ കാര്യത്തിൽ.

ഈ സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നമെന്താണ് സർ? 1983-ലെ എക്കണോമിക് റെവ്യൂ അംഗങ്ങളുടെ പഠനത്തിനായി തന്നിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതു ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്.

"Kerala's plan outlay for 1984-85 has been fixed at Rs. 355 crores which is the highest approved outlay so far sanctioned by the Planning Commission to the State. To carry out this Annual Plan the State would have to make every effort to reduce all non-essential expenditures on the one hand and collect all revenues on the other. This would call for action on a wide front including the toning up of the working of the various public sector Corporation."

സർ നമ്മുടെ കാർഷിക പദ്ധതി നടപ്പിലാക്കുന്നതിൽ വളരെ ഗൗരവമായി 355 കോടി രൂപ സംസ്ഥാനത്തിന് പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചു തന്നിട്ടുള്ളത് ഈ അടുത്തകാലത്ത്, ആറാം പദ്ധതിയിൽ അനുവദിച്ചു തന്നിട്ടുള്ളതിൽ വച്ച് ഏററവും കൂടുതൽ തുകയാണ്. അതു നടപ്പിലാക്കുന്നതിൽ ഗവൺമെന്റ് വളരെ ശക്തി പൂർവം സ്വീകരിക്കേണ്ട ചില കാര്യങ്ങളുണ്ട്, അതിലൊന്ന് അത്യാവശ്യമായ ചില ചെലവുകളൊഴിച്ച് മററു പല ചെലവുകളും നിയന്ത്രിക്കാൻ ഗവൺമെന്റ് കർശനമായ നടപടികളെടുക്കണം. സാമ്പത്തികമായ പ്രാരാബ്ധമുണ്ടായത്, അപ്പുറത്തു പലരും പറഞ്ഞതുപോലെ, ശ്രീമാൻ കരുണാകരൻ ഭരിക്കുന്നത കൊണ്ടല്ല. ഈ സംസ്ഥാനത്ത് ഇതിനു മുൻപ ഉണ്ടായിട്ടുള്ളതിൽവച്ച് ഏററവും വലിയ വരൾച്ചയുണ്ടായി. അതുമൂലം കൃഷി, വ്യവസായം, പവർ ജനറേഷൻ, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ ഇവയിലെല്ലാം ഉണ്ടായിട്ടുള്ള തകർച്ച നമ്മൾ കാണാതെ പോകുന്നത് ശരിയല്ല. അങ്ങനെയുണ്ടായ തകർച്ചയുടെ ഫലമായി സാമ്പത്തികമായി നമുക്കുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ നാം സ്വീകരിക്കേണ്ട പ്രധാനപ്പെട്ട മൂന്നു മാർഗ്ഗങ്ങളുണ്ട്. അത്യാവശ്യമല്ലാത്ത ആവശ്യങ്ങൾ നിയന്ത്രിക്കുക, പരമാവധി റെവന്യൂകളക്ടു ചെയ്യുക. സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജററിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി മാത്രമല്ല മററു രംഗങ്ങളിൽ നിന്ന് നികുതിയേതര വരുമാനങ്ങളുണ്ടാക്കാം. അതിനെക്കുറിച്ച് പ്രതിപക്ഷം എന്തു നിർദേശമാണ് ഈ സഭയിൽ സമർപ്പിച്ചിട്ടുള്ളത്. ഈ സംസ്ഥാനത്തിന്റെ നികുതി തീരുവകളിൽ നിന്നും മററുമായി 582.94 കോടി രൂപ നമുക്ക് കിട്ടുന്നുണ്ട്. ഇതും ഈ സംസ്ഥാനത്തിന്റേതായ വരുമാനമാണ്. നികുതിയേതര വരുമാനം 154 കോടി രൂപയാണ്. മൊത്തം 1163.56 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്ന നമ്മുടെ സംസ്ഥാനം അത്യാവശ്യ ചെലവുകളൊഴിച്ചുള്ള ചെലവുകൾ നിയന്ത്രിച്ചില്ലെങ്കിൽ തീർച്ചയായും നമുക്ക് ഈ ബഡ്ജററിനകത്തുനിന്നുകൊണ്ട് മുന്നോട്ടു പോകാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിക്കട്ടെ. സർക്കാരിന്റെ അനാവശ്യച്ചെലവുകളെക്കുറിച്ച് ഞാൻ ഒരു ഉദാഹരണം പറയാം. എത്രമാത്രം സർക്കാർ വാഹനങ്ങൾ ഈ സംസ്ഥാനത്ത് ഓടുന്നുണ്ട്. ഈ വാഹനങ്ങളെല്ലാം സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഓടുന്നവയാണോ ? അതിനെക്കുറിച്ച് ഒരു കണക്കെടുക്കാൻ നമ്മുടെ ഫൈനാൻസ് മിനിസ്റ്റർ തയ്യാറാകുമോ ? വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സർക്കാർ വാഹനങ്ങൾ അനാവശ്യമായി ഓടുന്നത് നിയന്ത്രിച്ചാൽ എത്ര രൂപയുടെ എക്സ്പെൻറിച്ചർ ലാഭിക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു പഠനം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ റവന്യൂ കളക്ഷന്റെ കാര്യത്തിൽ വളരെയധികം കർശനമായ നടപടികളെടുക്കാൻ പോകുന്നു എന്ന് മന്ത്രി ഇവിടെ പറഞ്ഞു. റവന്യൂ കുടിശ്ശിക നീക്കാൻ നികുതി ഘടന മാററാനുള്ള നടപടികൾ എടുക്കുന്നുയെന്നു പറഞ്ഞു. ഇവിടെ ഗവൺമെൻറുകൾ മാറി മാറി വന്നിട്ടും റവന്യൂ കുടിശ്ശിക പിരിക്കാനുള്ള കർശനമായ നടപടികളെടുക്കാതെ, സർക്കാരിന്റെ ഖജനാവിലേക്ക് വന്നുചേരേണ്ട പണം ഈ രാജ്യത്തെ സമ്പന്നൻമാരുടെ കയ്യിൽ അടിഞ്ഞുകൂടുന്നതായ എത്ര എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നമുക്കു ചൂണ്ടിക്കാണിക്കാൻ സാധിക്കും. പൊൻമുടി എസ്റേററിലെ മുതലാളി സർക്കാരിന് 28 ലക്ഷം രൂപ നികുതിയിനത്തിൽ കൊടുക്കാനുണ്ട്, ഈ കുടിശ്ശിക വന്നിട്ട് വർഷങ്ങളായി. ഇവിടെ ഗവൺമെൻറുകൾ പലതും വന്നു, എന്നിട്ടും സർക്കാരിന് നികുതിയിനത്തിൽ കിട്ടാനുള്ള 28 ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ട്. അതിനുള്ള തടസ്സമെന്താണ് ? അവിടുത്തെ തൊഴിലാളികൾ നിത്യ പട്ടിണിയിലാണ്. കക്ഷിരാഷ്ട്രീയം മറന്ന് എല്ലാ തൊഴിലാളികളും സമരത്തിലാണ്. അങ്ങനെയുള്ള നിരവധി ഉദാഹരണങ്ങൾ നമുക്കു ചൂണ്ടിക്കാണിക്കാൻ കഴിയും. നികുതി കുടിശ്ശികകൾ പിരിക്കുന്നതിന് വളരെ ശക്തമായ സംവിധാനങ്ങൾ ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. അതുമായി നമുക്കു മുന്നോട്ടുപോകണം.

അതുപോലെതന്നെ പബ്ലിക് എൻർപ്രൈസസിനെപ്പററി ഇവിടെ പറഞ്ഞു. 'Performance of Public Enterprises' എന്ന ഒരു പുസ്തകം ഞങ്ങളുടെ കൈകളിൽ കിട്ടിയിട്ടുണ്ട്. അതു ഞാൻ മറിച്ചു നോക്കി. ഏതു ഗവൺമെൻറ് അധികാരത്തിൽ വന്നാലും നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ നടത്തുകയെന്നുള്ളതാണ് പുരോഗമനത്തിന്റെ ലക്ഷണം എന്നു വിശ്വസിക്കുന്ന കുറെ ആളുകൾ ഇവിടെയുണ്ട്. ഐ. എ. എസ്. കാരേയും ഐ. പി. എസ്. കാരേയും അതിന്റെ തലപ്പത്ത് നമ്മുടെ സർക്കാർ എടുത്തുവച്ചിരിക്കുകയാണ്. പോലീസുകാർ വ്യവസായ സ്ഥാപനങ്ങൾ ഭരിച്ചാൽ മാത്രമേ അവിടെ നഷ്ടമോ ലാഭമോ ഉണ്ടാക്കാൻ കഴിയുകയുള്ളോ ? ഐ. എ. എസ്. കാരുടേയും ഐ. പി. എസ്. കാരുടേയും ഒന്നും കഴിവുകളെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യം മാനേജുമെൻറ് കേഡറാണ്. ഒരു മാനേജുമെൻറ് കേഡർ വളർത്തിയെടുക്കാൻ സാധിക്കാത്തതിന്റെ ദുഃഖം നമ്മുടെ സംസ്ഥാനം ഇന്ന് അനുഭവിക്കുകയാണ്. 1982-83-ൽ കണക്കുകൾ പൂർത്തിയാക്കിയ 43 കമ്പനികളുടെ വിവരം 'Performance of Public Enterprises'-ൽ കൊടുത്തിട്ടുണ്ട്. അതനുസരിച്ച് 19 എണ്ണം മാത്രമേ ലാഭത്തിലുള്ളൂ. 24 എണ്ണം നഷ്ടത്തിലാണ്. നഷ്ടത്തിലായ സ്ഥാപനങ്ങളുടെ പേരു കേൾക്കുമ്പോൾ ദുഃഖം തോന്നുന്നു. കേരളത്തിൽ ഏററവും കൂടുതൽ തൊഴിൽ അവസരം ഉണ്ടെന്ന് അവകാശപ്പെടുന്ന, 2,500 പേർക്ക് തൊഴിൽ കൊടുത്ത കെൽട്രോൺ കഴിഞ്ഞ മൂന്നു വർഷമായി ഡിവിഡൻറു പ്രഖ്യാപിക്കാനാകാതെ, 1981-82-ൽ നൂറുലക്ഷം രൂപയുടെ നഷ്ടത്തി

ലാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം എന്തുകൊണ്ടാണ് സംഭവിക്കുന്നത് ? കെൽട്രോൺ മാത്രമല്ല തിരുവനന്തപുരത്തെ റബ്ബർ വർക്സും 100 ലക്ഷം രൂപയുടെ നഷ്ടത്തിലാണ്. (1982-83-ലെ കണക്കനുസരിച്ച്) ഇന്ന് തൊഴിലാളികൾ സമരം നടത്തി, ആ സ്ഥാപനം ഇന്ന് അടച്ചിട്ടിരിക്കുകയാണ്. അതുപോലെതന്നെ തിരുവനന്തപുരത്ത് സ്റ്റേറ്റ് എഞ്ചിനീയറിംഗ് വർക്സ് എന്ന പേരിൽ ഒരു സ്ഥാപനം ചാക്കയിലുണ്ട്. അത് പി.ഡബ്ല്യു.ഡി. യുടെ കീഴിലുള്ള ഒരു സ്ഥാപനമാണ്. അവിടെ ട്രാൻസ്പോർട്ടു ബസ്സുകളുടെ ബോഡി ബിൽഡിംഗിനും അതുപോലെ തന്നെ ഫർണീച്ചർ മാനുഫാക്ചർ ചെയ്യാനുമുള്ള സംവിധാനമുണ്ടാക്കണം. നമ്മൾ അന്യസംസ്ഥാനങ്ങളിൽ ട്രാൻസ്പോർട്ട് ബസ്സിന്റെ ബോഡി ബിൽഡ് ചെയ്യുന്നവരാണ്. എന്തുകൊണ്ട് നമുക്കിതു വികസിപ്പിച്ചെടുത്തുകൂടാ ? ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ ലാഭകരമായി സ്വകാര്യ മേഖലയിൽ നടക്കുന്ന പല വ്യവസായങ്ങളും കൈകാര്യം ചെയ്യുന്ന കോർപ്പറേഷനുകൾ നഷ്ടത്തിലാണ്. ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ നഷ്ടത്തിലാണ്, ഫിഷറീസ് കോർപ്പറേഷൻ നഷ്ടത്തിലാണ്, കൺസ്ട്രക്ഷൻ കോർപ്പറേഷൻ നഷ്ടത്തിലാണ് ഈ രംഗത്തെല്ലാമുണ്ടാകുന്ന അഭൂതപൂർവ്വമായ പുരോഗതി അല്ലെങ്കിൽ തകർച്ച കണക്കിലെടുക്കുമ്പോൾ നഷ്ടം നമുക്കാർക്കും സഹിച്ചുകൊടുക്കാവുന്നതല്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി നമ്മുടെ പൊതു സ്ഥാപനങ്ങളെ രക്ഷിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള ശക്തമായ നടപടിയെടുക്കുന്നതിനുവേണ്ടി നാം യോജിച്ച് ശബ്ദിക്കേണ്ട കാലം എത്രയോ കഴിഞ്ഞിരിക്കുന്നു. പല ഗവൺമെന്റുകൾ ഇവിടെ അധികാരത്തിൽ വന്നിട്ടും ഇതൊന്നും നേരെയാക്കാൻ കഴിഞ്ഞിട്ടില്ലാത്ത നിസ്സഹായാവസ്ഥയുമായി മുമ്പോട്ടു പോകുന്നതു ശരിയാണോ ? അതുപോലെതന്നെ നമ്മുടെ നികുതി വരുമാനം പബ്ലിക് എന്റർപ്രൈസസ് മാത്രമല്ല മററു ചില രംഗങ്ങളിൽക്കൂടി നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്.

സർ, മൽസ്യബന്ധനത്തിൽക്കൂടി ഈ ബഡ്ജററിൽ പ്രതീക്ഷിക്കുന്ന വരുമാനം 43 ലക്ഷം രൂപയാണ്. ഫിഷറീസ് രംഗത്ത് നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന ഗണ്യമായ നേട്ടമെന്താണ് ? 1982-83-ൽ 141 കോടി രൂപയുടെ മറൈൻ പ്രോഡക്ററ്സാണ് നമ്മുടെ സംസ്ഥാനത്തുനിന്ന് എക്സ്പോർട്ട് ചെയ്തത്. മൽസ്യ ബന്ധനത്തിൽ നിന്ന് ഈ വർഷം 43 ലക്ഷം രൂപമാത്രമാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. മൽസ്യബന്ധനം ചൂഷണം ചെയ്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിക്കണം എന്നതിനെക്കുറിച്ച് നമ്മൾ ഗൗരവമായി ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ വനത്തിന്റെ കാര്യത്തിൽ 52 കോടി രൂപയാണ് ഈ വർഷം വരുമാനമായി പ്രതീക്ഷിക്കുന്നത്. ഇത് കുറഞ്ഞിരിക്കുന്നു. 1981-82-ൽ 82 കോടി രൂപയുടെ വരുമാനം നമ്മൾ പ്രതീക്ഷിച്ചതാണ്. ഇന്ന് പ്ലാന്റേഷൻ ഏരിയാ വർദ്ധിച്ചിരിക്കുന്നു. വനത്തിൽ നിന്നുള്ള വനവിഭവങ്ങളെ നമ്മുടെ വിഭവ സമാഹരണത്തിന് മുതൽ കൂട്ടുന്ന ഒരു ശക്തിയായ രംഗമായി മാറേറണ്ടിയിരിക്കുന്നു. വനത്തിൽ നിന്നും നമുക്കു വരുമാനം ഉണ്ടാക്കണം.

വ്യവസായത്തിൽ നിന്ന് രണ്ടുകോടി അറുപത്തി രണ്ടു ലക്ഷം രൂപയാണ് നമുക്ക് വരുമാനമുണ്ടാകുന്നത്. ഈ വ്യവസായ സ്ഥാപനങ്ങൾ നല്ലനിലയിലും വളരെ ലാഭകരമായും നടത്തിക്കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. ഡിവിഡന്റ് പ്രഖ്യാപിക്കാത്ത സ്ഥാപനങ്ങൾ ഏതാണെന്നു നോക്കി കർശനമായ വടപടികളെടുക്കുന്ന ഒരു സമീപനം നമ്മുടെ രാജ്യത്തുണ്ടായി

ല്ലെങ്കിൽ വളരെ അപകടകരമാണ്. അതുപോലെ നമ്മുടെ ജനജീവിതത്തെ ബാധിക്കുന്ന സുപ്രധാന പ്രശ്നമാണ് ഇവിടെ ഭക്ഷ്യമന്ത്രിയും കൃഷിവകുപ്പു മന്ത്രിയും പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ഈ വരൾച്ചയുടെ ഫലമായ അരി ഉല്പാദന രംഗത്ത് ഉണ്ടായിട്ടുള്ള തകർച്ച എന്താണ് ? കഴിഞ്ഞ 1974-75-ൽ 13 ലക്ഷം ടൺ അരി നമുക്ക് ഉല്പാദിപ്പിക്കാൻ കഴിഞ്ഞത് 1983-84-ലും അതേ സ്ഥിതിയിൽ 13 ലക്ഷം ടൺ മാത്രമായി ഉല്പാദനം, തുടരുകയാണ്. നമുക്ക് ആവശ്യമുള്ളത് 30 ലക്ഷം ടൺ അരിയാണ്. രണ്ടായിരം മാണ്ട് ആകുമ്പോൾ 39 ലക്ഷം ടൺ അരി നമുക്ക് വേണ്ടിവരുമെന്ന് കണക്കാക്കിയിരിക്കുന്നു. അരിയുടെ ഉല്പാദനം കുറയുന്ന വസ്തുതകളെക്കുറിച്ച് പഠനം നടത്തി ഇറിഗേഷൻ ഫെസിലിററീസ് വളരെ വർദ്ധിപ്പിക്കുന്നതിൽ ശക്തമായ നടപടികൾ നമ്മൾ എടുത്തില്ലെങ്കിൽ നമ്മുടെ സംസ്ഥാനം എങ്ങോട്ടാണ് പോകുന്നത് എന്നുള്ളതിനെക്കുറിച്ച് വളരെ അപകടകരമായ ഒരു സൂചനയാണ് ഇന്ന് ഈ രംഗത്ത് കാണുന്നത് അത് നമ്മുടേതായ പ്രവർത്തനങ്ങൾ കൊണ്ട് ശരിയാക്കാവുന്നതാണ്. ആന്ധ്രായിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലും ഉള്ളതുപോലെ തന്നെ ഇറിഗേഷൻ ഫെസിലിററിസ് വളരെ വർദ്ധിപ്പിക്കാൻ ദൃഢപ്രതിജ്ഞയോടുകൂടി നമ്മുടെ ഇറിഗേഷൻ വകുപ്പുമന്ത്രി മുന്നോട്ട് വന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പക്ഷേ മൂന്നാം പദ്ധതിക്കാലത്ത് തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിലേക്ക് ഇറിഗേഷൻ വ്യാപിപ്പിക്കുന്നതിനും നമ്മുടെ ആഗ്രഹത്തിന്റെ 20 ശതമാനം മാത്രമേ ഇറിഗേഷൻ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുള്ളു. ആ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഈ ബഡ്ജററ് പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതുപോലെയുള്ള സൗകര്യങ്ങളിലൂടെ കാർഷികോല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ നമുക്ക് എടുക്കണം.

പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത് വ്യാവസായിക രംഗത്തും കാർഷിക രംഗത്തും, വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന മററു രംഗങ്ങളിലും നികുതിയും മററും ഏർപ്പെടുത്തി ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഈ സംസ്ഥാനത്തെ രക്ഷിക്കുവാനുള്ള നടപടികൾ ഗവൺമെൻറു സ്വീകരിക്കുമ്പോൾ നിങ്ങൾ അല്പമെങ്കിലും ക്രിയാത്മകമായ ഒരു സമീപനം സ്വീകരിക്കണമെന്നാണ്. ഇവിടത്തെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അതിനൊന്നും സമയമില്ല. ഈ ഗവൺമെൻറ് ഉണ്ടായ അന്നു മുതൽ ഈ ഗവൺമെൻറിനെ അട്ടിമറിക്കാൻ പല ശ്രമങ്ങളും അവർ നടത്തുകയാണ്. കലാപകലുഷിതമായ ഒരു അന്തരീക്ഷം ഉണ്ടാക്കി ഈ സംസ്ഥാനത്തെ സാമ്പത്തികനില താറുമാറാക്കുന്നതിൽ പ്രതിപക്ഷത്തിന് ഉത്തരവാദിത്വമില്ലേ ? അവർ നടത്തുന്ന പണിമുടക്കുകൾ, അവർ നടത്തുന്ന ലോക്കൗട്ടുകൾ, അവർ നടത്തുന്ന സമരങ്ങൾ ആത്യന്തികമായി വന്ന് അവസാനിക്കുന്നത് ഉല്പാദന സ്തംഭനത്തിലാണ്. അത് ഈ സംസ്ഥാനത്തെ സാമ്പത്തിക നിലയെ ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്ക് നീങ്ങുന്നു എന്നുള്ള സത്യം എന്തുകൊണ്ട് നിങ്ങൾ നിഷേധിക്കുന്നില്ല. ശ്രീ. ബേബിജോൺ ഇവിടെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. ശ്രീ. നായനാരും അതുപോലെ അവരുടെ പാർട്ടിക്കാരും നാട്ടിലുടനീളം ഈ ഗവൺമെൻറിനെ അട്ടിമറിക്കാൻ പല സമരങ്ങളും നടത്തി. ഈ അട്ടിമറി സമരങ്ങളെല്ലാം ഫലിക്കാതെ വന്നപ്പോൾ അവസാനം മാർക്സിസ്ററുകാർ ഇപ്പോൾ ഇലക്ട്രിക്ക് ടവറുകളും ജലവൈദ്യുത സംരംഭങ്ങളും അട്ടിമറിക്കുന്നു. ഈ സംസ്ഥാന ഗവൺമെൻറിനെ അട്ടിമറിക്കാൻ കഴിയാത്തതിന് ഈ രാജ്യത്തെ ജനജീവിതത്തെ അട്ടിമറിക്കുകയാണ്. അധികാരം കൊടുക്കാത്ത ജനങ്ങളെ അന്ധകാരത്തിലാക്കുക എന്നുള്ള ഒരു പുതിയ സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഈ സഭയ്ക്കകത്ത് ഇവർ ഞങ്ങളെ പലപ്പോഴും അട്ടിമറിക്കാൻ നോക്കി. അത് ഫലിക്കാതെ വന്നപ്പോൾ ഇപ്പോൾ



LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക്ക് ടവറുകൾ, ശുദ്ധജല സംവിധാനങ്ങൾ എന്നിവ അട്ടിമറിക്കലാണ്. ഈ സംസ്ഥാനത്തെ രണ്ടര കോടി ജനങ്ങളാണോ വലുത്, അതോ 20,000 തൊഴിലാളികളാണോ വലുത് ? അവർക്കു വേതനസ്തംഭനമൊന്നും ഉണ്ടായിട്ടില്ല. അവരുടെ ന്യായമായ അവകാശങ്ങളൊന്നും ഞങ്ങളാരും ചോദ്യം ചെയ്തിട്ടില്ല. ഈ സംസ്ഥാനത്ത് അതുണ്ടാക്കുന്ന സാമ്പത്തിക നഷ്ടത്തോക്കാൾ, ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് അതുണ്ടാക്കുന്ന ഭീമമായ, ക്രൂരമായ വേദന ആരും കണ്ടില്ലംയെന്നു നടിക്കുന്നത് ശരിയാണോ ?

നിങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പുതിയ ചില അടവുകൾ ശ്രീ. നമ്പൂതിരിപ്പാട് ഇറക്കുന്നു. ഈയിടെ അദ്ദേഹം ആർ. എസ്. എസും ഭരണ കക്ഷിയും കള്ളക്കളി നടത്തുകയാണെന്ന് പ്രസംഗിച്ചു. ശ്രീ. നായനാർ ഞങ്ങളോട് എപ്പോഴും ചോദിക്കും നിങ്ങൾ പത്രം വായിക്കാറുണ്ടോ എന്ന്. അങ്ങ് പത്രം വായിക്കുന്നില്ലായെങ്കിൽ ഞാൻ അങ്ങയെ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രസ്താവന ഒന്നു വായിച്ചുകേൾപ്പിക്കട്ടെ. B.J.P. is undermining the left unity:" says E.M.S.—

ബോംബെയിൽ നടന്ന ഒരു കോൺക്ലേവിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പ്രസംഗിച്ചിരുന്നു. ഇടതുപക്ഷ മുന്നണിയെ ബി. ജെ. പി. തുരങ്കം വയ്ക്കുന്നു. വിജയവാഡ കോൺക്ലേവിൽ വന്ന അവർ പിന്നീട് അതിനെ തുരങ്കം വച്ചു കോൺഗ്രസ്സ്–ഐ—യെ എതിർക്കാനുള്ള ഇടതുപക്ഷ മുന്നണിയുടെ നീക്കത്തിനെ ബി. ജെ. പി. തുരങ്കം വക്കുന്നു. ബി. ജെ. പി. യുമായി ചേർന്ന് ഐക്യം ഉണ്ടാക്കാൻ ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട് നിരന്തരമായി ശ്രമം നടത്തുന്നുവെന്നുള്ളതിന്റെ തെളിവല്ലേ ബോംബേയിൽ നടത്തിയ അദ്ദേഹത്തിന്റെ പ്രസ്താവന. ബി.ജെ.പി. യും ആർ.എസ്. എസും തമ്മിലുള്ള ബന്ധം അങ്ങേക്കറിയാമല്ലോ. അങ്ങനെയുള്ള ആളുകളും ഭരണ കക്ഷിക്കാരും കൈകോർത്തു പിടിക്കുന്നു എന്നുള്ള വില കുറഞ്ഞ ആക്ഷേപങ്ങൾ പറഞ്ഞ് ആളുകളുടെ കണ്ണിൽ മണ്ണിടാൻ സാധിക്കുകയില്ല. ശ്രീ. നമ്പൂതിരിപ്പാട് അവസാനം പറഞ്ഞിരിക്കുന്നതെന്താണ് ? അദ്ദേഹം ഡൽഹിയിൽവച്ച് പറഞ്ഞു ഈ മുന്നണിയോട് വിരോധമുള്ള ആളുകൾക്കെല്ലാം തത്വത്തിൽ വിശ്വസിച്ചുകൊണ്ട് ഇങ്ങോട്ട് വരാം. അദ്ദേഹം എ. കെ. ജി. സെന്ററിൽവച്ച് ആദ്യം നടത്തിയ പ്രസ്താവന ഇടതുമുന്നണിയിൽ യോജിപ്പില്ലാത്ത ആരും ഇങ്ങോട്ട് വരണ്ട. ഇപ്പോൾ അദ്ദേഹം പറയുന്നത് ഇടതുകാൽവച്ച് മുന്നോട്ടുവന്നാൽമതി. ഒററവ്യവസ്ഥയേയുള്ളു. ഇടത്തോട്ടു മുണ്ടുടുക്കുകയോ ഇടതുകാൽവച്ച് മുന്നോട്ടു വരുകയോ ചെയ്യുന്നവർക്ക് സ്വാഗതം ! എന്നിട്ടും ആരും അനങ്ങുന്നില്ല. ശ്രീ. നായനാരും ശ്രീ. ബേബിജോണും നോക്കിയിട്ട് പററാത്ത ഒരു കാര്യത്തിനുവേണ്ടി ശ്രീ. നമ്പൂതിരിപ്പാട് ഇപ്പോൾ അവസാനത്തെ തുറുപ്പ്ചീട്ടും ഇറക്കിയിരിക്കുകയാണ്. ഈ ഗവൺമെൻറ് ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ജനങ്ങൾക്ക് നല്കിയിട്ടുള്ള ആശ്വാസകരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ദൃഢപ്രതിജ്ഞയുള്ള ഒരു ഗവൺമെൻറാണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ചില കാര്യങ്ങൾ ഇവിടെ ഉന്നയിച്ചത്. അതേക്കുറിച്ച് നമുക്ക് എല്ലാപേർക്കുംകൂടി ഒരുമിച്ചിരുന്ന് സംസാരിക്കുകയും ഒരുമിച്ച് അതിനുവേണ്ടി ശബ്ദമുയർത്തുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ സഭാവേദി പലപ്പോഴും നമ്മൾ ആവശ്യമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നവരാണ്. ചുവരുണ്ടെങ്കിലേ ചിത്രം വരയ്ക്കാൻ കഴിയൂ. ഈ സംസ്ഥാനത്തേയും ഇവിടത്തെ ജനങ്ങളേയും ബാധിക്കുന്ന പ്രശ്നങ്ങൾ ഈ സഭാവേദിയിൽ നിന്നുകൊണ്ട് നമുക്ക് ശബ്ദിക്കേണ്ടതായി വരും. ഉത്തരവാദിത്വമുള്ള പ്രതിപക്ഷം അതൊന്നും നിർവ്വഹിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകാത്തതുകൊണ്ട് ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽ ഇത്രയും കാര്യങ്ങൾപെടുത്തിയെന്നേയുള്ളു. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഒരു പോയിന്റ് ഓഫ് ഓർഡർ, വോട്ട് ഓൺ അക്കൗണ്ടിനെപ്പററി ചർച്ച നടക്കുന്ന സമയത്ത് അവശ്യം ഇവിടെ ഉണ്ടായിരിക്കേണ്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയിലില്ല. ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ആരും കേൾക്കാനില്ല.

ശ്രീ. ഇ. അഹമ്മദ്: വോട്ട് ഓൺ അക്കൗണ്ട് എല്ലാ വകുപ്പുകളേയും പററിയാണ്. പല വകുപ്പുകളിലുള്ള മന്ത്രിമാർ ഇവിടെ ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഡെപ്യൂട്ടി മുഖ്യമന്ത്രിയും ഉണ്ട്.

മി. ചെയർമാൻ: മുഖ്യമന്ത്രി സ്ഥലത്തുണ്ടല്ലോ;

ശ്രീ. ഇ. കെ. നായനാർ: ശ്രീ. അഹമ്മദ് ഇപ്പോൾ ധനകാര്യമന്ത്രിയുടെ ചാർജെടുത്തോ ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട നായനാരുടെ ഗവൺമെന്റ് പോലല്ല, ഇത് കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റാണ്.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. കോൺഗ്രസ് പാർട്ടിയുടെ ചീഫ് വിപ്പ് ശ്രീ. ഹസ്സൻ ഇവിടെ ഒരു നല്ല പ്രസംഗം നടത്തി. ഈ ഗവൺമെന്റ് ഒന്നും ചെയ്യാത്ത ഗവൺമെന്റാണ്, വികസന മേഖലയിൽ ആയാലും പൊതു ജനങ്ങളുടെ കാര്യങ്ങളിലായാലും യാതൊരു പ്രവർത്തനവും നടത്താത്ത ഒരു ഗവൺമെന്റാണ് എന്ന് ഇവിടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുതന്നെ കോൺഗ്രസ് പാർട്ടിയുടെ ചീഫ് വിപ്പ് ഇവിടെ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം അടിയന്തിരാവസ്ഥയിൽ ഉരുട്ടലും പരട്ടലും ഒക്കെ നടത്തിയ ഉന്നത ഉദ്യോഗസ്ഥൻമാരായ ആളുകളെ ശ്രീ. കരുണാകരൻ അവരോധിക്കപ്പെട്ടിരിക്കുന്നു. അവരുടെ പേരുകൾ പറയാൻ ശ്രീ. ഹസ്സന് ഇപ്പോഴും ഭയമാണ്. ആ കാരണത്താൽതന്നെ മററൊരു രീതിയിൽ അത് അവതരിപ്പിക്കാനാണ് ശ്രീ. ഹസ്സൻ ഇപ്പോൾ ശ്രമിച്ചത്. ഈ ഗവൺമെന്റ് ഇപ്പോൾ ഒന്നും ചെയ്യുന്നില്ല എന്ന് പൂർണ്ണമായും ഭരണകക്ഷിയിൽ നിന്നുതന്നെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ നമ്മുടെ സാമ്പത്തിക പ്രതിസന്ധിയെപ്പററി സംസാരിക്കാൻ പ്രതിപക്ഷം തയ്യാറാണ് എന്നാണ്. കോൺഗ്രസ് പാർട്ടിയുടെ പ്രസിഡന്റ് ശ്രീ. പത്മരാജൻ തന്നെ പറഞ്ഞു കേന്ദ്രത്തിൽ ഭരിക്കുന്നത് ഞങ്ങളാണ് നിങ്ങൾ കേന്ദ്രത്തിനെതിരായി സമരം ചെയ്യും. ആ കാരണത്താൽ ആ പണിക്ക് ഞങ്ങളെ കിട്ടുകയില്ല എന്ന് ഈ നിയമസഭയിൽ വച്ച് കഴിഞ്ഞ പ്രാവശ്യം ശ്രീ പത്മരാജൻ പ്രസംഗിച്ചതാണ്. ഇപ്പോൾ ശ്രീ. ഹസ്സൻ അത് ആവർത്തിച്ചിരിക്കുകയാണ്. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നത് നമ്മുടെ രാജ്യത്ത് ഒരു ഭരണമുണ്ടോ, സർ ? ഇവിടെ ഭരണമില്ല. ഇവിടെ പോലീസ് ഭരണം ആണ് നടക്കുന്നത്. ഞാൻ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിന് ശ്രീ. വയലാർ രവി രാവിലെ മറുപടി പറഞ്ഞ വേളയിൽ സഖാവ് ഗോപാലനെ വധിച്ചത് അദ്ദേഹം ഒരു കേസിലെ പ്രതിയായ കാരണത്താലാണ് എന്നു പറഞ്ഞു. ഞാൻ മി. വയലാർ രവിയോട് ചോദിക്കാൻ ആഗ്രഹിക്കുന്നു താങ്കൾ ഖേദം പോലും പ്രകടിപ്പിച്ചില്ല, നിങ്ങളുടെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ തട്ടിൽ എസ്റേററ് കൊലക്കേസിലെ പ്രതിയായി

രുന്നു. ഇന്ന് ശ്രീ. കരുണാകരനെ കൊലചെയ്യണമെന്നാണോ ശ്രീ. രവി പറയുന്നത് ? നിങ്ങളുടെ മന്ത്രിയായ ശ്രീ. നൂറുദ്ദീൻ ഒരു കൊലക്കേസിലെ പ്രതിയായിരുന്നു. അങ്ങനെ കേസിലെ പ്രതിയാകുന്ന ആളിനെ കൊല്ലണമെന്നാണോ നിങ്ങൾ പറയുന്നത് ? അങ്ങനെ നമ്മുടെ രാജ്യത്ത് കേസുകളിൽ പ്രതികളാകുന്നവരെയെല്ലാം കൊലചെയ്യാൻ വേണ്ടി ആർ. എസ്. എസുകാരെ വിടുന്ന ഒരു പോലീസ് നയമാണോ ഈ ഗവൺമെൻറിൻേറത്. ഈ രാജ്യത്ത് പോലീസിൻെറ ഒരു തേർവാഴ്ചയാണ് നടക്കുന്നത്. പോലീസിനേയും ആർ. എസ്. എസിനേയും കയർ ഊരി വിട്ടുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഒരു പോലീസ് രാജ്യമായി മി. രവി മാററിയിരിക്കുന്നു. ഇലക്ട്രിസിററി സമരത്തിൻെറ പേരിൽ തൃശ്ശൂരിലെ കമ്മ്യൂണിസ്ററ് പാർട്ടി ജില്ലാ കൗൺസിൽ ആഫീസിൽ ഇന്ന് അറുപതോളം പോലീസുകാർ, എൻെറ മണ്ഡലമായ കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ ..............................

ശ്രീ. വയലാർ രവി : ഞാൻ പറഞ്ഞത് ഈ കേസിലെ പ്രതികൾ—ഗോപാലനെ കൊന്ന കേസിലെ പ്രതികൾ—രണ്ട് മുതൽ നാല് വരെയുള്ളവർ വേറെ കേസിലെ പ്രതികളാണെന്നാണ്.

ശ്രീ. വി. കെ. രാജൻ : കൊടുങ്ങല്ലൂരിലെ കമ്മ്യൂണിസ്ററ് പാർട്ടി ആഫീസിൽ പോലീസുകാർ കയറിയത് എന്തിനാണ് ? ഇലക്ട്രിസിററി സമരത്തിൻെറ പേരിൽ കമ്മ്യൂണിസ്ററ് പാർട്ടി ആഫീസുകൾ, മാർക്സിസ്ററ് പാർട്ടി ആഫീസുകൾ, മററ് രാഷ്ട്രീയ പാർട്ടി ആഫീസുകൾ ഇവിടെയൊക്കെ പോലീസിന് കയറേണ്ട ബാദ്ധ്യതയെന്താണ് ? അങ്ങനെ പോലീസിനെ കയറൂരി വിട്ടുകൊണ്ട് എല്ലാ ആഫീസുകളിലും കയറിയിറങ്ങുന്നത് ഒരു സ്ഥിരം പരിപാടിയാക്കിയിരിക്കുകയാണ്. ഇവിടെ ഞാൻ എല്ലാ പോലീസ് അക്രമങ്ങളെക്കുറിച്ചും പറയുന്നില്ല.

സർ, തൃശ്ശൂർ ടൗൺ ഹാളിൻെറ മുൻപിൽ സമാധാനപരമായി നടന്ന ഒരു പ്രകടനത്തിനു നേരെ ശ്രീ. വയലാർ രവിയുടെ പോലീസ് നടത്തിയ തേർവാഴ്ചയിൽ എത്രയെത്ര ആളുകൾക്കാണ് പരിക്കേററത്. എൻെറ പാർട്ടിയുടെ ജില്ലാ സെക്രട്ടറി ആശുപത്രിയിൽ നിന്ന് പോന്നിട്ടുണ്ടോ ? സഖാവ് സി. പി വരദൻ ഇന്നും ആശുപത്രിയിൽ കിടക്കുകയാണ്. ശ്രീ. കരുണാകരൻ ജൻമം കൊടുത്ത വ്യാപാരി വ്യവസായികൾ തൃശ്ശൂരിൽ നടത്തിയ സമരത്തെ, അവർ കോൺഗ്രസ് റാലിക്ക് ആവശ്യപ്പെട്ട പണം കൊടുത്തില്ല എന്ന ഒററക്കാരണത്താൽ പോലീസ് തേർവാഴ്ച നടത്തി. അതിന് തേറമ്പിൽ രാമകൃഷ്ണൻ സാക്ഷിയാണ്. എതിർപ്പുകളെക്കുറിച്ച് പൂർണ്ണമായ ബോദ്ധ്യമുണ്ട്. കാരണം രാമകൃഷ്ണനോട് കോൺഗ്രസിന് വേറെ വിരോധമുണ്ട്. ആ സീററു പിടിച്ച് എടുക്കാൻ ഉദ്ദേശമുണ്ടെന്നാണ് എൻ. ഡി. പി. ക്കാർ പറയുന്നത്. അതിനുവേണ്ടി പോലീസിനെ കെട്ടഴിച്ചു വിട്ടു. പോലീസിനെ വ്യാപാരി വ്യവസായികൾക്കെതിരായി വിട്ടാലും വയലാർ രവിയുടെ സ്വന്തക്കാർക്കെതിരെ വിട്ടാലും ഞങ്ങൾ എതിരാണ്. നിങ്ങൾ ആരെ കയറൂരി വിട്ടാലും അവർ ഈ കയറൂരി വിടുന്നവരുടെ നെഞ്ചത്ത് കുത്തുമെന്ന് ശ്രീ. വയലാർ രവി മനസ്സിലാക്കണം. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ ഇത്ര നാറിയ, ഇത്ര മോശപ്പെട്ട പട്ടാപ്പകൽ പോലും മനുഷ്യന് നടക്കാൻ വയ്യാത്തവിധത്തിലുള്ള അവസ്ഥയിലേക്ക് വലതു മുന്നണി ഗവൺമെൻറും വയലാർ രവിയുടെ പോലീസും എത്തിച്ചിരിക്കുകയാണ്. ഈ മന്ത്രി രാജിവച്ച് പോകണം. ഈ സഭയിലിരിക്കുന്ന മെമ്പർമാർക്ക് പോലും ഈ സമ്മേളനം കഴിഞ്ഞ് അടുത്ത സമ്മേളനത്തിന് കണ്ടുമുട്ടാൻ പോലും വയ്യാത്ത വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. അങ്ങനെ ആളുകളെ കശാപ്പ് ചെയ്യുന്ന കശാപ്പുശാല

LIBRARY ARCHIVES Kerala Legislative Assembly

യായി വയലാർ രവി ഈ നാടിനെ മാററും. നാണംകെട്ട കരുണാകരനോടു പറഞ്ഞിട്ട് കാര്യമില്ല. എന്നാലും ഈ രീതി മാററണം എന്നാണ് എന്റെ അഭ്യർത്ഥന.

ഇവിടെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഉയർന്നു വന്ന ചില ആരോപണങ്ങൾ ഉണ്ട്. മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ആരോപണങ്ങളാണ് എയ്ലൈററ് ഇൻറർനാഷണൽ ഹോട്ടൽ വാങ്ങിയ കാര്യങ്ങളും വ്യാവസായിക കാര്യങ്ങളും. ഈ നിയമസഭക്ക് അകത്തുള്ള രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല ബി. ജെ. പി. ഒഴിച്ചുള്ള പാർട്ടികൾ നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം ആളുകളും കരുണാകരൻ അഴിമതിക്കാരനാണെന്ന് അക്കമിട്ട് പറഞ്ഞു. അതിനെക്കുറിച്ച് ഒരു അന്വേഷണവും നടത്താൻ അവർ തയ്യാറല്ല. ഞങ്ങൾ എഴുതിക്കൊടുത്തില്ല എന്നാണ് പറഞ്ഞത്. ഞങ്ങൾ എഴുതിക്കൊടുത്തതാണ്. ഞങ്ങൾ വീണ്ടും ആരോപണം ഉന്നയിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ആരോപണങ്ങളും ഇലക്ട്രിസിററി മന്ത്രിക്കെതിരായിട്ടുള്ള ആരോപണങ്ങളും ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. ഈ ഗവൺമെൻറ് അന്വേഷണം നടത്താൻ തയ്യാറുണ്ടോ, ഞാൻ വെല്ലു വിളിക്കുകയാണ്.

ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ എല്ലാ വ്യവസായങ്ങളും തകർന്നു കഴിഞ്ഞിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾ തകർത്തു. ഒരു ഈഴവനായ മന്ത്രി സ്വന്തം സമുദായത്തിൽ ജനിച്ചവർ പണിയെടുക്കുന്ന കള്ളുചെത്തു വ്യവസായത്തെ പൂർണ്ണമായി നശിപ്പിക്കാൻ സംഘടിതമായ നീക്കം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർക്ക് ലൈസൻസ് കൊടുക്കാൻ കരുണാകരന്റെ ഒരു വാക്ക് കേട്ട് ഈ മന്ത്രി തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങളെ പൂർണ്ണമായി തകർത്തു. കയർ വ്യവസായത്തിന്റെയും സ്ഥിതി അതു തന്നെയാണ്. മന്ത്രി ശ്രീനിവാസന്റെ മരുമകൻ രവി കരുണാകരനാണ് കയർ വ്യവസായത്തിന്റെ കുത്തക. ആ രവി കരുണാകരനെ നശിപ്പിക്കാൻ കരുണാകരൻ തീരുമാനിച്ചു. കുത്തക തൊണ്ടുസംഭരണം നീക്കിയിട്ടില്ല എന്ന് അഹമ്മദ് സാഹിബ് വളരെ ലളിതമായി പറഞ്ഞു. കുത്തക സംഭരണം ഏർപ്പെടുത്തിയപ്പോൾ തൊണ്ടു മുതലാളിമാരും കയർ കച്ചവടം നടത്തുന്ന മുതലാളിമാരും സേട്ടുമാരും നായിമാരുമായിട്ടുള്ള കച്ചവടക്കാർ ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ 50 ശതമാനം ആളുകൾ ഇതിനെ എതിർത്തു. അന്ന് ഇടതുപക്ഷ പാർട്ടിക്ക് മുൻഗണനയുള്ള ഗവൺമെൻറായിരുന്നു ഇവിടെ ഭരിച്ചിരുന്നത്. അന്ന് അതിനെ ഞങ്ങൾ ശക്തിയായി എതിർത്തതിന്റെ ഫലമായി അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അവസരം കിട്ടിയപ്പോൾ കശുവണ്ടി വ്യവസായത്തിന്റെ കുത്തക സംഭരണം നിർത്തി, കയർ വ്യവസായത്തിന്റെ കുത്തക സംഭരണം നിർത്തി , ചെത്തു വ്യവസായം പൂർണ്ണമായി നശിപ്പിക്കാനുള്ള നീക്കമാണ് ശ്രീ.കരുണാകരനും ശ്രീ. ശ്രീനിവാസനും കൂടി നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ എസ്. ആർ. പി. വലിയ ലോഹ്യമാണ് എന്നാണല്ലോ പറയുന്നത്.. ഒരു കാര്യം ഞാൻ വിജയരാജനോടു ചോദിക്കാനാഗ്രഹിക്കുന്നു. എസ്. ആർ. പി. മന്ത്രി നേരിട്ട് പിരിച്ച ഒരു കോടി രൂപ കേണൽ വാസുദേവന്റെ പേരിൽ ബാങ്കിൽ ഡിപ്പോസിററ് ചെയ്തിട്ടുണ്ട്. അതാണ് സി. ജി. ജനാർദ്ദനനും വിജയരാജനും തെററി നടക്കുന്നത് എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്.

മറെറാരു കാര്യം മദ്യ വ്യവസായത്തെ സംബന്ധിച്ചാണ്. ഒന്നാം തീയതി മുതൽ വിദേശ മദ്യത്തിന്റെ കുത്തക ഗവൺമെൻറ് ഏറെറടുക്കാൻ പോകുകയാണ്. ആ കുത്തക ഏറെറടുക്കുമ്പോൾ സ്വകാര്യ വ്യവസായികളുടെ കയ്യിലുള്ള എല്ലാ വിദേശ മദ്യവും ഈ കോർപ്പറേഷൻ ഏറെറടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിൻകര മദ്യ ദുരന്തത്തിലെ പ്രതിയായ ചന്ദ്രസേനനും കേരളാ കോൺഗ്രസിന്റെ എം. പി. സ്കറിയാ തോമസും കൂടി പാർട്ട്നറായി മൂന്നു കോടി രൂപയുടെ വിദേശ മദ്യത്തിന് ഇംപോർട്ട് ലൈസൻസ് എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്ന് വാങ്ങിയിരിക്കുന്നു. അതിന്റെ കമ്മീഷൻ 90 ലക്ഷം രൂപയാണ്. 45 ലക്ഷം രൂപ പാർട്ടിക്ക് കൊടുക്കാമെന്നുള്ള കണ്ടീഷനിലാണ് ഈ വ്യവസായം തുടങ്ങിയത്. ഈ മന്ത്രിക്ക് 45 ലക്ഷം രൂപ ഏതാനും ദിവസത്തെ കച്ചവടം കൊണ്ട് കിട്ടും. 3 കോടി രൂപയുടെ വിദേശ മദ്യ വ്യവസായം നടത്താൻ പോകുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറഞ്ഞതാണ്. അങ്ങനെ ഏററവും ഒടുവിലായി എസ്. ആർ. പി. യുടെ അഴിമതി കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ 19 മന്ത്രിമാരിൽ മിക്കവാറും പേർ ഈ രാജ്യത്ത് അഴിമതിയും ധൂർത്തും നടത്തി എന്ന് പരോക്ഷമായി ഹസ്സൻ ഇവിടെ സമ്മതിച്ചു. ഞങ്ങൾ അത് വീണ്ടും ആവർത്തിക്കുകയാണ്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം നമ്മുടെ രാജ്യത്തെ എല്ലാ മേഖലയിലും എത്ര കോടി രൂപയാണ് നികുതി കൂട്ടിയത്. ഇവിടെ മൂന്ന് പ്രാവശ്യം അരിയുടെ വില കൂട്ടി. പാവപ്പെട്ട ആളുകളുടെ ഭക്ഷണമാണ് അരി. 50 കോടി രൂപ ആ ഇനത്തിൽ വർദ്ധിപ്പിച്ചു. ഇലക്ട്രിസിററിയുടെ പേരിൽ പതിനെട്ടു കോടി അറുപതു ലക്ഷം രൂപ വർദ്ധിപ്പിച്ചു ട്രാൻസ്പോർട്ട് ചാർജ് പത്തു കോടി രൂപ വർദ്ധിപ്പിച്ചു. അതിന് ബഡ്ജററിൽ 50 കോടി രൂപ കഴിഞ്ഞ വർഷവും ഈ വർഷം 40-ൽ ചില്വാനം കോടി രൂപയുമാണ്. അതിലുപരി പരോക്ഷമായും പ്രത്യക്ഷമായും നിരവധി നികുതികൾ വർദ്ധിപ്പിച്ചു. നമ്മുടെ രാജ്യത്ത് ജനജീവിതം ദുഷ്ക്കരമാക്കി. തൽഫലമായി ഉണ്ടായിട്ടുള്ള വിലക്കയററത്തിൽ നിന്ന് കരകയറാൻ കഴിയാതെ ജനങ്ങൾ ദുരിതം അനുഭവിക്കുന്ന ഒരു കാലഘട്ടമാണിത്. വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ഗവൺമെൻറ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. അങ്ങനെ അഴിമതിയുടെ ചളിക്കുണ്ടിൽ ഉയർന്നു നിൽക്കുന്ന ഗവൺമെൻറാണിത്. അത്തരം ഗവൺമെൻറ് കൊണ്ടുവന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ധനകാര്യമന്ത്രി വരുന്ന നാലു മാസത്തേക്ക് നമ്മുടെ സംസ്ഥാനത്തിന്റെ ദൈനംദിന ചെലവുകൾക്കും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി വരുന്ന തുകയ്ക്കു വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. ഈ സമ്മേളനത്തിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി മുഴങ്ങിക്കേട്ട കാര്യങ്ങൾ ഇന്നും വീണ്ടും പ്രതിപക്ഷത്തു നിന്ന് ആവർത്തിച്ചു പറയുന്നതു കേട്ടു. ഉറപ്പില്ലാത്ത ഒരു ഭരണമുന്നണിയാണ് ഇപ്പുറത്തേത്, ഈ ഗവൺമെൻറ് അധികകാലം നില നിൽക്കുകയില്ല. ഇത് അവസാനത്തെ ബഡ്ജററാണ് എന്നൊക്കെ വീണ്ടും ആവർത്തിക്കുന്നത് കേട്ടു. ഇന്നത്തെ പ്രസംഗ വേളയിൽ മാത്രമല്ല ഈ കാര്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ആ ദിവസം മുതൽ ആരംഭിച്ചതാണ് ഈ പ്രചരണം. ഈ ഗവൺമെൻറ് നിൽക്കുകയില്ല, ഈ സമ്മേളനം കഴിഞ്ഞാലുടൻ മാറും, അല്ലെങ്കിൽ പൊളിയും ഈ രീതിയിൽ ഈ രാജ്യത്ത് ബോധപൂർവ്വം പ്രചരണം ഇടതുപക്ഷ മുന്നണി പ്രത്യേകിച്ച് മാർക്സിസ്ററ് പാർട്ടി നേതൃത്വം കൊടുത്ത് ബോധപൂർവ്വം ഈ രാജ്യത്ത് കഴിഞ്ഞ 22 മാസം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു കാര്യം ആരും സമ്മതിക്കും 93 പേരുടെ ഭൂരിപക്ഷത്തോടു കൂടി സഖാവ് നായനാർ വലിയ കുരവയും കൊട്ടുമായി '80 ൽ നടന്ന തെരഞ്ഞെടുപ്പിൽ ഈ രാജ്യത്ത് അധികാരത്തിൽ വന്നിട്ട് 21 മാസക്കാലം മാത്രമേ ഇവിടെ ഭരിച്ചിട്ടുള്ളു. 73 പേരുടെ ഭൂരിപക്ഷം – 20 കുറവാണ്– ഉള്ള ഇന്നത്തെ ജനാധിപത്യ മുന്നണി അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വന്നിട്ട് 93 പേരുടെ ഭൂരിപക്ഷം ഉള്ളതിനേക്കാൾ ഒരു മാസം കൂടുതൽ കഴിഞ്ഞിരിക്കുകയാണ്. 22 മാസം പൂർത്തിയായിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ ഈ പ്രചരണം വെറും ഒരു കളളപ്രചരണമാണ് എന്ന് എല്ലാവർക്കും അറിയാം. രാഷ്ട്രീയവും മററു ചില ഉദ്ദേശങ്ങളും വച്ചുകൊണ്ട് ഈ രാജ്യത്തെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ ഈ ഗവൺമെൻറ് ഉടനെ പോകും, അതുകൊണ്ട് ഫയലുകൾ നീക്കേണ്ട, ഒന്നും ചെയ്യേണ്ട എന്ന തോന്നലുകളും, തെററിദ്ധാരണയും പ്രചരിപ്പിക്കുവാനും വരുത്താനും വേണ്ടി മന:പൂർവ്വം രാഷ്ട്രീയമായ പ്രചരണങ്ങളും അവർ നടത്തുന്നുണ്ട്. ഇവിടെ പ്രതിപക്ഷത്തു നിന്ന് പറയുന്നതും അവർ ചെയ്യുന്നതും തമ്മിൽ യാതൊരു ആത്മാർത്ഥതയുമില്ലെന്ന് നമുക്കറിയാവുന്ന കാര്യമാണ്.

ഈ രാജ്യത്ത് നടക്കുന്ന ഇലക്ട്രിസിററി സമരത്തിനു വേണ്ടി അപ്പുറത്തിരിക്കുന്നയാളുകൾ ഈ നിയമസഭയിൽ ധർണ നടത്തി. 23-ാം തീയതി ഈ രാജ്യത്ത് പൊതു പണിമുടക്കിന് ആഹ്വാനം നൽകി. നാണമുണ്ടെങ്കിൽ തന്റെ അനുയായികളോട് പണിമുടക്കിനാഹ്വാനം ചെയ്തിട്ട് ഈ നേതാക്കൻമാർ ഈ നിയമസഭയിൽ വന്ന് ദിവസം 50 രൂപ ബത്ത കിട്ടുന്നതിനു വേണ്ടി ഇവിടെ വന്ന് അററൻഡൻസിൽ ഒപ്പിട്ടിട്ട് അന്നത്തെ ദിവസം മുഴുവൻ ഇവിടെ ഇരുന്നില്ലേ. അനുയായികളുടെ ഒരു ദിവസത്തെ ശമ്പളം കളയിച്ചിട്ട് അവരെ പണിമുടക്കിന് ഇറക്കി വിട്ടിട്ട് അന്ന് അസംബ്ലിയിൽ വന്ന് മുഴുവൻ സമയവും ഇരുന്നില്ലേ? നിങ്ങൾക്കു നാണമുണ്ടെങ്കിൽ അതു ചെയ്യുമോ. അന്ന് വോട്ടെടുപ്പുള്ള ദിവസമായിരുന്നെങ്കിൽ അതിന്റെ പേരിൽ വന്നു എന്ന് വിചാരിക്കാം. അന്ന് വോട്ടെടുപ്പുള്ള ഒരു ദിവസമായിരുന്നില്ല. അനുയായികളുടെ ഒരു ദിവസത്തെ ശമ്പളം കളഞ്ഞിട്ട് ഇവിടെ വന്നിരുന്നു.

ശ്രീ. എം. വി. രാഘവൻ: നേതാക്കൻമാർ നേതൃത്വം കൊടുക്കുന്ന പണിമുടക്കും നടക്കുമ്പോൾ എം.എൽ.എ. മാർ ഇവിടെ അസംബ്ലി ബഹിഷ്ക്കരിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം? അങ്ങനെയാണെങ്കിൽ ശ്രീ. രമേശൻ നായരും ശ്രീ. റാവുത്തരും നേതൃത്വം കൊടുത്തു കൊണ്ടുള്ള സമരമാണ് നടക്കുന്നത്. നിങ്ങൾ അവരെ നിങ്ങളുടെ പാർട്ടിയിൽ നിന്നും പുറത്താക്കിയോ? നിങ്ങൾ എന്തിനാണ് അസംബ്ലിയിൽ വന്നത്?

ശ്രീ. പി. പി. തങ്കച്ചൻ: സ്വന്തം അനുയായികളോട് പണിമുടക്കാൻ പറഞ്ഞു. നിങ്ങൾക്ക് ഒരു ദിവസത്തെ കൂലി വേണ്ടെന്ന് പറഞ്ഞിട്ട് ശ്രീ. നായനാരും ബേബിജോണും രാഘവനും ഉൾപ്പെടെയുള്ളവർ അന്ന് സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങളെപ്പററിയൊന്നും ചർച്ച ചെയ്യാൻ ഇല്ലാതിരിക്കെ വോട്ടെടുക്കേണ്ട ആവശ്യം പോലും ഇല്ലാതിരിക്കെ വന്ന് അററൻറൻസ് രജിസ്ററിൽ ഒപ്പിട്ട് ബത്ത വാങ്ങിച്ചത് നാണക്കേടായിപ്പോയി.

ഇവിടെ അഴിമതിയുടെ കാര്യത്തെപ്പററി പറഞ്ഞു. എന്റെ സ്നേഹിതൻ ശ്രീ. രാജൻ പ്രസംഗിച്ചപ്പോൾ അഴിമതിയിൽ മുങ്ങിക്കിടക്കുന്ന ഗവൺമെൻറും മന്ത്രിമാരും നേതാക്കൻമാരുമാണ് ഇവിടെ ഉള്ളതെന്നു പറഞ്ഞു. ഞാൻ അവരോട് ഒരു ചോദ്യം ചോദിക്കുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇങ്ങേപ്പുറത്തിരുന്ന ഗതാഗതവകുപ്പ് മന്ത്രിയെപ്പററി നിങ്ങൾ അഴിമതിയാരോപണം എഴുതിക്കൊടുത്തു. എന്നാൽ നിങ്ങളുടെ ഇപ്പോഴത്തെ നിലപാടെന്താണ്? അന്ന് നിങ്ങൾ ശ്രീ. ബാലകൃഷ്ണന്റെ പേരിൽ എഴുതിക്കൊടുത്ത അഴിമതിയാരോപണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ, ആരോപണങ്ങളിൻമേൽ നിങ്ങൾ മുറുകെ പിടിക്കുന്നുണ്ടോ, അത് ശരിയാണെന്ന് വാദിക്കുന്നുണ്ടോ? ഈ കാര്യത്തിൽ നിങ്ങളുടെ വ്യക്തമായ നിലപാട് എന്താണെന്നുള്ളത് വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : അതിനെപ്പററി അന്വേഷിക്കാമോ ?

ശ്രീ. പി. പി. തങ്കച്ചൻ : അതിനെപ്പററി ഞങ്ങളുടെ പാർട്ടിയുടെ പ്രസിഡൻറ് അന്വേഷിച്ച് അദ്ദേഹം കുഴപ്പക്കാരനാണെന്ന് കണ്ടതുകൊണ്ടാണ് പുറത്താക്കിയത്. ഞങ്ങളുടെ നിലപാട് വ്യക്തമാക്കിക്കഴിഞ്ഞു. ഞങ്ങൾ പുറത്താക്കിയ ശ്രീ. ബാലകൃഷ്ണനെ ഇടതുമുന്നണിയിലേക്ക് നിങ്ങൾ സ്വാഗതം ചെയ്തു.

ഇവിടെ എന്റെ സുഹൃത്ത് പ്രസംഗിച്ചപ്പോൾ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് പുരോഗമനപരമായ, സാമൂഹ്യ പരിഷ്ക്കരണത്തിനു വേണ്ടിയുള്ള എന്ത് നിയമ നിർമ്മാണമാണ് നടപ്പിലാക്കിയതെന്ന് ചോദിച്ചു. ഈ നിയമസഭയുടെ ചരിത്രത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുകയാണെങ്കിൽ സാമൂഹ്യക്ഷേമത്തിനുള്ള, പുരോഗമനപരമായ, പ്രധാനപ്പെട്ട നാഴികക്കല്ലുകളായി തീർന്നിട്ടുള്ള നിയമനിർമ്മാണങ്ങൾ ഈ രാജ്യത്ത് നടത്തിയിട്ടുള്ളത് കോൺഗ്രസിന് മുഖ്യ പങ്കാളിത്തമുള്ള ഗവൺമെൻറുകൾ നിലനിന്ന കാലത്താണെന്നുള്ളത് കാണാൻ കഴിയും. വാ തോരാതെ വിപ്ലവം പ്രസംഗിക്കുന്ന മാർക്സിസ്ററു പാർട്ടി നേതാക്കൻമാരോടു ചോദിക്കട്ടെ. നിങ്ങൾ 1957-ലും 1967-ലും അധികാരത്തിൽ വന്നിട്ടും പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു അനുകൂലമായ നിയമം കൊണ്ടുവരുന്നതിന് ആരാണ് തടസം നിന്നിട്ടുള്ളത്? അതുപോലെ ചുമട്ടു തൊഴിലാളികൾക്കു വേണ്ടി നിയമം കൊണ്ടുവരാനും തൊഴിലില്ലാത്ത ചെറുപ്പക്കാർക്കു വേണ്ടി തൊഴിലില്ലായ്മാവേതനം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആരാണ് തടസമായി നിന്നിട്ടുള്ളത്? നിങ്ങൾക്ക് അന്നൊന്നും ചുമട്ടുതൊഴിലാളി നിയമം കൊണ്ടുവരാനും കർഷകത്തൊഴിലാളി നിയമം കൊണ്ടുവരാനും തൊഴിലില്ലായ്മാവേതനം കൊടുക്കാൻ അനുകൂലമായ നിയമം കൊണ്ടുവരാനും സാധിച്ചിട്ടില്ല. അഴിമതി നിരോധനനിയമം കൊണ്ടുവരുമെന്നു പറഞ്ഞിട്ട് അതിനും സാധിച്ചിട്ടില്ല. മററു സംസ്ഥാനങ്ങൾക്ക് മാതൃകയെന്നുള്ള നിലയിൽ, ഇന്ത്യയ്ക്ക് ആകെ മാതൃകയെന്നുള്ള നിലയിൽ പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും പൊതുപ്രവർത്തകർക്കും അഭിമാനിക്കാവുന്ന വിധത്തിലുള്ള അഴിമതി നിരോധന നിയമം ഈ നിയമസഭയിൽ വയലാർ രവി അവതരിപ്പിച്ച് പാസാക്കി. എന്നിട്ടും ഒരു നിയമവും കൊണ്ടുവന്നിട്ടില്ലെന്നാണ് പറയുന്നത്. അതിനു മുമ്പുള്ള ആദ്യത്തെ നിയമസഭയിലാണ് ഈ രാജ്യത്തെ മുഴുവൻ നിയമവും കൊണ്ടുവന്നതെന്നാണ് പ്രതിപക്ഷം പറയുന്നത്. കാർഷിക പരിഷ്ക്കരണ നിയമത്തെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്, മറിച്ച് നോക്കിയാൽ നമുക്ക് കാണാൻ കഴിയുന്നത് ആ കാലഘട്ടത്തിൽ കൊണ്ടുവന്നത് അതിന്റെ അസൽ നിയമമല്ല, മൂല നിയമവുമല്ല എന്നാണ് കോൺഗ്രസിന്റെ മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ സംസ്ഥാനം ഭരിച്ച അവസരത്തിലാണ് മൂലനിയമം കൊണ്ടുവന്നത്. ചില ഭേദഗതികളാണ് ശ്രീമതി ഗൗരിയമ്മയുടെ കാലത്ത് കാർഷിക പരിഷ്ക്കരണ ഭേദഗതി നിയമമെന്ന നിലയിൽ അവർക്ക് ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞത്. ശ്രീ. പി. ടി. ചാക്കോയുടേയും അതിനു മുമ്പ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റേയും കാലത്താണ് മൂല നിയമം പാസാക്കിയെടുത്തത്, പ്രചരണത്തിനു വേണ്ടി, പ്രസംഗത്തിനു വേണ്ടി ആളുകളെ പററിക്കാൻ വേണ്ടി, പാവങ്ങളെ തെററിദ്ധരിപ്പിക്കാൻ വേണ്ടി പറയാമെന്നുള്ളതല്ലാതെ പാവപ്പെട്ടവർക്കനുകൂലമായ പ്രധാനപ്പെട്ട നിയമനിർമ്മാണമൊന്നും അവർക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചെത്ത് തൊഴിലാളികളുടെ ലൈസൻസിംഗ് സമ്പ്രദായത്തെ പ്പററി ശ്രീ. രാജൻ പറഞ്ഞു. ലൈസൻസിംഗ് സമ്പ്രദായത്തിലുള്ള അപാകത പരിഹരിക്കുന്നതിനു വേണ്ടി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി കൂടി ആലോചിക്കാൻ ഈ ഗവൺമെൻറ് മുന്നോട്ടു വരണം. പരിഹരിക്കാൻ പ്രയാസമുള്ള പരിഹരിക്കേണ്ട വിഷയങ്ങൾ ഉണ്ട്. എൻെറ അഭിപ്രായം ഈ സമ്പ്രദായം തന്നെ പാടില്ലെന്നാണ്. നമ്മൾ വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. ഇത് പുനഃപരിശോധിക്കണം. എല്ലാ ട്രേഡ് യൂണിയൻേറയും നേതാക്കൻമാരെ വിളിച്ചു കൂട്ടിക്കൊണ്ട് അടിയന്തിരമായി ഇത് പുനഃപരിശോധിക്കാൻ എക്സൈസ് വകുപ്പുമന്ത്രിയും ഗവൺമെൻറും തയ്യാറാകണം.

ഇവിടെ മൽസ്യത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. ഇന്ത്യയിലാകെ പിടിക്കുന്ന കടൽ മൽസ്യത്തിൻെറ നാലിലൊന്നു ഭാഗവും നമ്മുടെ സംസ്ഥാനത്തു നിന്നുമാണ് പിടിക്കുന്നത്. മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം ഒന്നേകാൽ ലക്ഷമാണ്. മൊത്തം ജനസംഖ്യയിൽ മൂന്നു ശതമാനത്തോളം വരും. ഇതിൻെറ വിപണന രംഗത്ത് ഉൽപ്പാദകരായ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചിരുന്നില്ല, ലാഭം മുഴുവൻ ഇടത്തട്ടുകാരുടെ കീശയിലാണ് പോകുന്നത്. അതിനുള്ള പരിഹാരമുണ്ടാകണമെന്നുള്ളതാണ് ഏററവും ആവശ്യമായുള്ളത്. ഇതിനു വേണ്ടി പുതിയൊരു സംവിധാനം ആവിഷ്ക്കരിക്കണം. 1980 നവംബറിൽ ഇതുപോലുള്ള ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ ഇപ്പോഴും അതു മുഴുവനായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 222 ഗ്രാമസംഘങ്ങൾക്ക് രൂപം കൊടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 52 സൊസൈററികൾ മാത്രമേ ഇതുവരെ ഉണ്ടാക്കാനും പ്രവർത്തനം തുടങ്ങിവയ്ക്കാനും കഴിഞ്ഞിട്ടുള്ളു. ഈ കാലഘട്ടത്തിൽ വളരെ അത്യാവശ്യമായ ഒരു കാര്യമെന്നുള്ള നിലയിൽ മുഴുവൻ ഗ്രാമങ്ങളിലും ഗ്രാമസംഘങ്ങളുടെ പ്രവർത്തനം ആരംഭിക്കണം. ഗുജറാത്തിൽ ആരംഭിച്ചിട്ടുള്ള ക്ഷീരവ്യവസായ രംഗത്ത് വളരെ വിജയപ്രദമായ അമൂൽ സഹകരണസംഘങ്ങളുടെ പ്രവർത്തനശൈലിയിലായിരിക്കണം ആ ക്ഷേമസംഘങ്ങളുടെ പ്രവർത്തനം നടത്തിക്കൊണ്ടുപോകേണ്ടത്. ഇന്ന് നിലവിലുള്ള ഫിഷറീസ് കോർപ്പറേഷനും, ഇൻലാൻറ് ഫിഷറീസ് കോർപ്പറേഷനും, ഫിഷർമെൻ വെൽഫെയർ കോർപ്പറേഷനും ഈ രംഗത്ത് ആവശ്യമില്ല. പലപ്പോഴും അതിൻേറതായ പല ഡ്യൂപ്ലിക്കേഷനും വരുന്നുണ്ട്. ഇതെല്ലാം വേണ്ടെന്നു വച്ചിട്ട് ഈ പുതിയ സംവിധാനം വളരെ അടിയന്തിരമായി നമ്മുടെ സംസ്ഥാനത്ത് പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്കു പ്രയോജനം കിട്ടുന്ന, ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ കഴിയുന്ന ആ സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ശങ്കരനാരായണപിള്ള</u> : സർ, 1984–85 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ നാലുമാസത്തേക്കുള്ള ചെലവിനങ്ങൾക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. ഞങ്ങൾക്കാവശ്യം ശ്രീ. മാണിയുടെ കണക്കുകൊണ്ടുള്ള മായാജാലമല്ല, സർക്കാരിൻെറ കൈയിൽ പണമുണ്ടോയെന്നാണ് ഞങ്ങൾക്കറിയേണ്ടത്. ബഡ്ജററിൻെറ പൊതു ചർച്ച കഴിഞ്ഞപ്പോൾ ശ്രീ. മാണി ഗംഭീരമായ ഒരു പ്രസംഗം നടത്തി. അദ്ദേഹം എന്താണ് പറഞ്ഞതെന്ന് മുഖ്യമന്ത്രിക്കുപോലും മനസിലായില്ല. സംസ്ഥാനത്തിൻെറ സാമ്പത്തിക ആരോഗ്യത്തെപ്പററി വെളിപ്പെടുത്താൻ അദ്ദേഹം കൂട്ടാക്കിയിട്ടില്ല. വാക്കുകൾകൊണ്ടുള്ള കസർത്തും കണക്കുകൾകൊണ്ടുള്ള കളിയുമാണ് അദ്ദേഹം നടത്തിയത്. ഈ സാമ്പത്തിക വർഷത്തിൽ മിച്ചമുണ്ടെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. അദ്ദേഹംതന്നെ ഇപ്പോൾ ഈ



LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തിന്റെ അവസാനമാസം ചെലവുകൾ നടത്തേണ്ടതില്ലെന്നു പറഞ്ഞുകൊണ്ട് മരവിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ സാമ്പത്തിക ആരോഗ്യം എന്താണെന്ന് വ്യക്തമാക്കിയാൽ കൊള്ളാം. ഇപ്പോൾ 570 കോടി രൂപയുടെ ഈ ധനാഭ്യർത്ഥനകൾ അനുവദിച്ചുകൊടുത്താൽ നിങ്ങൾക്കത് ചെലവാക്കാൻ സാധിക്കുമോ? 1983-84 വർഷത്തെ ഈ സർക്കാരിന്റെ ഫിനാൻഷ്യൽ കമിററ്മെൻറ് എന്താണ്? ശ്രീ. ഹസ്സൻ കോൺട്രാക്ടേഴ്സ് അസോസിയേഷൻ പ്രസിഡൻറാണ്. അദ്ദേഹം പറയുന്നത് 40 കോടി രൂപ കഴിഞ്ഞസാമ്പത്തിക വർഷത്തേക്കുള്ളത് കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാൻ ഉണ്ടെന്നാണ്. ലയൺസ് ക്ലബ്ബിലും റോട്ടറിക്ലബ്ബിലും എഞ്ചിനീയർമാർ അംഗങ്ങളായി ചേർന്നാൽ ഈ കോൺട്രാക്ടേഴ്സുമായി ഉള്ള സംസർഗ്ഗംകൊണ്ട് അവർക്ക് ധർമ്മച്യുതി സംഭവിക്കുമെന്ന് പ്രസംഗിച്ചു നടന്ന ആളാണ് മിസ്റ്റർ ഹസ്സൻ. ഇദ്ദേഹം തന്നെ ഇതിന്റെ പ്രസിഡൻറായത് കോൺഗ്രസ് പാർട്ടിയുടെ വിപ്പിനെ പിടിച്ച് പ്രസിഡൻറാക്കിയാൽ ഈ പണം ........

ശ്രീ. വി. കെ. രാജൻ : 25,000 രൂപ ശ്രീ. ഹസ്സന് അതിന്റെ പേരിൽ മാസം കിട്ടുമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അദ്ദേഹം എന്റെ ഒരു സുഹൃത്തായതുകൊണ്ടു ഞാൻ അതിലേക്ക് കടക്കുന്നില്ല. കോൺഗ്രസ് പാർട്ടിയുടെ വിപ്പിനെ തന്നെ പിടിച്ചുവച്ചാൽ കാശു കിട്ടുമെന്നായിരിക്കും അവർ കരുതുന്നത്. ഈ ധധാഭ്യർത്ഥന ഞങ്ങൾ നിങ്ങൾക്ക് പാസ്സാക്കി തന്നാൽ കോൺട്രാക്ടേഴ്സ് അസോസിയേഷൻ പറയുന്ന 40 കോടി രൂപ നിങ്ങൾക്ക് കിട്ടുമോ? കിട്ടുകയില്ല. അപ്പോൾ കണക്കുകൊണ്ടുള്ള കസർത്ത് നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതല്ലെ സത്യം? ബഡ്ജററ് പൊതുചർച്ചക്ക് മറുപടി പറഞ്ഞ മാണി ഒരു പുതിയ മാണിയായിരുന്നു. ഇവിടെ മുമ്പെല്ലാം ബഡ്ജററ് അവതരിപ്പിക്കുമ്പോൾ ശ്രീ. മാണി ത്രിപാഠി കമ്മീഷൻ റിപ്പോർട്ടിനെപ്പററിയും ധനകാര്യ കമ്മീഷനെപ്പററിയും സർക്കാരിയാ കമ്മീഷനെപ്പററിയും ഷെയറബിൾ ടാക്സിനെപ്പററിയും അൺ ഷെയറബിൾ ടാക്സ് ഷെയറബിൾ ആക്കുന്നതിനെപ്പററിയുമെല്ലാം പറഞ്ഞു. ശ്രീ. കരുണാകരനെവരെ സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കുന്ന മാണി ഈ വർഷം പറഞ്ഞത് കേന്ദ്രത്തോട് നന്ദികേട് കാണിക്കാൻ ഞാനില്ലെന്നാണ്. എന്താണ് ഈ മാററം?

പട്ടയത്തിനുവേണ്ടി മുദ്രാവാക്യം വിളിച്ച് ഇന്ദിരാഗാന്ധിയും കരുണാകരനും കോൺഗ്രസ് (ഐ) ക്കാരും ഒരു ജോക്കറായി മാററിയിരിക്കുന്ന ശ്രീ. പി. ജെ. ജോസഫ് ഇപ്പോൾ ഗോദായ്ക്കു പുറത്തായപ്പോൾ ശ്രീ. മാണിയും ശ്രീ. ബാലകൃഷ്ണപിള്ളയും കൂടി ശ്രീ. കരുണാകരനെ കൈമണിയടിച്ച് അകത്ത് കയറിയിരിക്കുകയല്ലേ? ശ്രീ. കരുണാകരൻ പറയുന്നത് ഇവർ എന്റെ പ്രിയ പുത്രൻമാർ ആണെന്നാണ്. അതുകൊണ്ട് സർവ്വ അധികാരങ്ങളും നിങ്ങൾക്കാണെന്നാണ് പറയുന്നത്. ഇപ്പോൾ ധനകാര്യമന്ത്രി മാണി ഒരു സൂപ്പർ മിനിസ്ററർ ചമഞ്ഞുകൊണ്ട് മററ് മന്ത്രിമാരുടെ തോളിൽ കയറുന്നു. ശ്രീ. മാണിയുടെ പിള്ളയാണെങ്കിൽ ജീവനക്കാരുടെ മേൽ കുതിര കയറുന്നു. ഇതല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

വിദ്യുച്ഛക്തിവകുപ്പ്മന്ത്രിയെക്കുറിച്ച് പറയുകയാണെങ്കിൽ, ജീവനക്കാരുടെ മേൽ കുതിരകയറാൻ സഹായിക്കുന്നത് ശ്രീ. വയലാർ രവിയാണ്. കൊച്ചിത്തുറമുഖത്ത് സമരം നടക്കുന്നു. അവിടെ സ്വീകരിക്കുന്ന സമീപനമാണ് ഇവിടേയും സ്വീകരിച്ചുകാണുന്നത്. ഇപ്പോൾ പോലീസിന്റെ ജോലിയെന്താണെന്നു അറിയാമോ? പോലീസിനെ എന്തിനുവേണ്ടിയാണ് നിയമിക്കുന്നത്. ഇന്നലെ തൃശ്ശൂരിലെ ഐ. എൻ. ടി. യു. സി. സമ്മേളനം കഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഞാനും എ. കെ. ശശീന്ദ്രനും പി. സി. ചാക്കോയും എ. സി. ഷൺമുഖദാസും കൂടി വന്നപ്പോൾ പോലീസ് ജീപ്പും ഒരു പച്ച അമ്പാസിഡർ കാറും ഏതെല്ലാം വഴിയിൽക്കൂടിയാണ് ഞങ്ങളെ അനുഗമിച്ചതെന്നറിയാമോ? കാറിന്റെ ബ്രേക്ക് നല്ലതായിരുന്നില്ലെങ്കിൽ ഇന്നലെ സർക്കിൾ ഇൻസ്പെക്ടറുടേയോ സബ് ഇൻസ്പെക്ടറുടേയോ ആരുടേയെങ്കിലും ശവശരീരവുംകൊണ്ടു പോകേണ്ടി വരുമായിരുന്നു. അതായിരുന്നില്ലേ ഇന്നലത്തെ സ്ഥിതി? ഒരു കൊലപാതക മുണ്ടായാൽ അതിലെ പ്രതികളെ പിടിക്കുവാൻ ഒക്കുകയില്ല, അന്വേഷിക്കാൻ ആളില്ല. എന്നാൽ സമരംചെയ്യുന്ന ജീവനക്കാരുടെ വീട്ടിൽ പോയി അവരെ തല്ലാം. അവരെ സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി മുണ്ടഴിപ്പിച്ച് നിറുത്താം. ലോക്കപ്പ് മർദ്ദനം നടത്താം. ഇതെല്ലാമാണ് നിങ്ങൾ ചെയ്തുകൊണ്ടിരി ക്കുന്നത്. പേരൂർക്കടയിലെ വഴയിലയിൽ ഞങ്ങളുടെ ഡി. സി. സി. മെമ്പർ രഘുനാഥന്റെ കട തല്ലിപ്പൊളിച്ചു. അതിന്റെ പേരിൽ 30 പേരെ പിടിച്ചു കൊണ്ടുപോയി സ്റ്റേഷൻ വരെ തല്ലി. എന്നിട്ട് എന്തോ സംഘട്ടനം ഉണ്ടായി യെന്നുപറഞ്ഞുകൊണ്ട് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻമാരെവരെ സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി തല്ലിച്ചതച്ചു. അതുപോലെതന്നെ ശിങ്കാരത്തോപ്പ് കോളനിയിൽ ഒരു സംഘട്ടനമുണ്ടായപ്പോൾ അവിടത്തെ പാവ പ്പെട്ട ഹരിജനങ്ങളെ സ്ഥലത്തെ റൗഡിയെക്കൊണ്ട് തല്ലിച്ചതപ്പിച്ചു. പിന്നെ പോലീസ് സ്റ്റേഷനുകളിൽ പ്രതികളെ കൊണ്ടുപോയാൽ ഡ്യൂട്ടികഴിഞ്ഞ് മടങ്ങിപ്പോകുന്ന പോലീസുകാരും കയറിച്ചെന്നു തല്ലുന്നതായിട്ടാണ് അറിയു ന്നത്. മഫ്ടി പോലീസുകാരെ, ഡ്യൂട്ടിയിൽ സ്റ്റേഷനിലില്ലാത്ത പോലീസു കാരെ, സാമൂഹ്യവിരുദ്ധരെ നിലയ്ക്കു നിറുത്തണം. പോലീസ് ഡിപ്പാർട്ട് മെൻറ് സാമൂഹ്യവിരുദ്ധൻമാർക്കു വേണ്ടി വിട്ടുകൊടുക്കുവാൻ സാധ്യമല്ല. ശ്രീ. എം. എം. ഹസ്സൻ പ്രസംഗിച്ചപ്പോൾ പേരുപറയാതെ ഒരു കാര്യം പറഞ്ഞു. ശ്രീമാൻ കരുണാകരനുവേണ്ടി അടിയന്തിരാവസ്ഥക്കാലത്ത് ഉരുട്ടിയ ആൾക്കാരെ പൊതുമേഖലാസ്ഥാപനങ്ങളുടെ മുകളിൽ വച്ചതുകൊണ്ട് എല്ലാം നഷ്ടമായിപ്പോയിയെന്നുപറഞ്ഞു. ഇതൊക്കെ പരസ്യമായി പറയുന്ന ശ്രീ. ഹസ്സൻ സത്യസന്ധമായി കാര്യങ്ങൾ പറയണം. അതിന് പരിഹാര മുണ്ടാകട്ടെ. ശ്രീ. വയലാർ രവിയെക്കുറിച്ച് പറഞ്ഞിട്ടൊന്നും കാര്യമില്ല. "മർക്കടസ്യ സുരപാനം മദ്ധ്യേ വൃശ്ചിക ദംശനം" എന്നു പറയുന്നതുപോലെ ശ്രീ. വയലാർരവിയുടെ മുമ്പിൽവച്ച് ശ്രീമാൻ കരുണാകരന്റെ സാന്നിദ്ധ്യ ത്തിൽവച്ച് ഒരു ഭരണകക്ഷി നേതാവ് നേരിട്ട് പറഞ്ഞ കാര്യമാണിത്. ഇതിനെ ക്കാൾ വലിയൊരു സർട്ടിഫിക്കററ് നൽകണമോ? ഇവിടെ വിദ്യുച്ഛക്തി ബോർഡിലെ സമരം ഒരു പ്രശ്നമായിത്തീർന്നിരിക്കയാണ്. മുഖ്യമന്ത്രി സത്യവിരുദ്ധമായ പ്രസ്താവന നടത്തുകയാണ്. 1983 മേയ് മാസത്തിൽ ജീവനക്കാരുടെ പ്രതിനിധികളെ വിളിച്ച് പറയുകയുണ്ടായി. ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞാൽ കേൾക്കാത്തവനാണ് അതുകൊണ്ടു ഞാൻ പറഞ്ഞു സമ്മതിപ്പിക്കാം നിങ്ങൾ സമരത്തിൽനിന്നും മാറണമെന്ന്. അപ്രകാരം പറഞ്ഞ കരുണാകരൻ ഇപ്പോൾ കാലുമാറുകയല്ലേ ചെയ്തിരിക്കുന്നത്. അതു പോലെതന്നെ 1982-ൽ ഉണ്ടാക്കിയ കരാർ പാലിക്കുന്നുണ്ടോ? പ്രതിപക്ഷക്കാരെ

LIBRARY ARCHIVES, Kerala Legislative Assembly

നോക്കി ആഹ്വാനമാണ്, അട്ടിമറി നിറുത്തണം എന്ന്. ഇവിടെ ആരാണ് സമരം ചെയ്യുന്നത്? നിങ്ങൾക്ക് ധൈര്യമുണ്ടോ നിങ്ങളെ അനുകൂലിക്കുന്ന യൂണിയനുകളോട് സമരം നിറുത്താൻ പറയാൻ? ശ്രീ. വി. പി. മരയ്ക്കാർ പ്രസിഡൻറ് ആയിട്ടുള്ള ശ്രീ. രമേശൻനായർ വർക്കിംഗ് പ്രസിഡൻറ് ആയിട്ടുള്ള യൂണിയൻ സമരത്തിലല്ലെ? അതുപോലെതന്നെ റവന്യൂമന്ത്രി ശ്രീ. പി. ജെ. ജോസഫ് പ്രസിഡൻറ് ആയിട്ടുള്ള ശ്രീ. പി. സി. ജോർജ് എം. എൽ. എ. വർക്കിംഗ് പ്രസിഡൻറ് ആയിട്ടുള്ള യൂണിയൻ സമരത്തിലല്ലെ? അതുപോലെതന്നെ പി. വി. ശങ്കരനാരായണൻ പ്രസിഡൻറ് ആയിട്ടുള്ള യൂണിയൻ സമരത്തിലല്ലേ, ശ്രീ. സീതിഹാജിയുടെ യൂണിയൻ സമരത്തിലല്ലെ ? നിങ്ങൾ നിങ്ങളുടെ യൂണിയനുകളെ വിളിച്ച് സമരം പിൻവലിക്കാൻ പറയണം. അട്ടിമറി ആര് നടത്തുന്നുവെന്ന് അവരോടു ചോദിച്ചാൽ മതി. അവരെക്കൊണ്ട് അട്ടിമറി നടത്തിക്കുന്നത് ഞങ്ങളാണെന്ന് പറയിക്കുവാൻ പററുമോ ? നിങ്ങൾ നിങ്ങളുടെ യൂണിയനുകളെ വിളിച്ചുപറയണം ഈ ദ്രോഹം നിർത്താൻ. അല്ലെങ്കിൽ അട്ടിമറി നടത്തുന്നത് ഞങ്ങളാണെന്ന് അവരെക്കൊണ്ട് നിങ്ങൾ പറയിപ്പിക്കണം.' നിങ്ങൾ യോഗം കൂടി വി. പി. മരക്കാരെ സെൻസർ ചെയ്യാൻ ശ്രമിച്ചല്ലോ? അതു നടന്നോ? ഈ സമരം രാഷ്ട്രീയസമരമല്ല, ജീവനക്കാരുടെ ശരിയായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സമരമാണ്. ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ജീവനക്കാർ സമരം നടത്തുമ്പോൾ ഈ രാജ്യം ഭരിച്ച് മുടിച്ചിരിക്കുന്ന, അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന ഒരു ഗവൺമെൻറ്, പ്രശ്നം പരിഹരിക്കുവാൻ കഴിയാത്ത ഒരു ഗവൺമെൻറ്, ഇതിൻെറ മുഴുവൻ പാപഭാരവും തൊഴിലാളികളുടേയും ജീവനക്കാരുടേയും മേൽകെട്ടിവച്ച് രക്ഷപ്പെടാൻ പോയാൽ ഞങ്ങൾ അതു സമ്മതിക്കുകയില്ല. 1982-ലെ കരാറുകൾ പാലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിളളയെ ഞാൻ എൻെറ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ സ്നേഹിക്കുന്നു. പക്ഷെ അദ്ദേഹത്തെ ബഹുമാനിക്കുവാൻ കഴിയുന്നില്ല. അദ്ദേഹം ജനങ്ങളുടെ ബഹുമാനം അർഹിക്കുന്നില്ല. സർ സി. പി. രാമസ്വാമി അയ്യർപോലും പെരുമാറാത്തരീതിയിൽ അത്രധിക്കാരമായി, തൊഴിലാളി വിരുദ്ധമായി ഒരു മന്ത്രി പെരുമാറുമ്പോൾ, ആടിക്കളിക്കുന്ന ഒരു ഗവൺമെൻറായതുകൊണ്ട് എല്ലാവരുടേയും കാല് പിടിക്കേണ്ട ഗതികേടല്ല ശ്രീമാൻ കരുണാകരന്. അദ്ദേഹത്തിന് സാമ്പത്തിക പ്രതിസന്ധി പ്രശ്നമല്ല, അദ്ദേഹത്തിനുള്ളത് കസേര പ്രതിസന്ധി ആണ്. അതായത് മുഖ്യമന്ത്രിക്കസേര. അതുകൊണ്ടു ഭരണകക്ഷി എം. എൽ. എ. മാരുടെ പുറകെ ഓടി എങ്ങനെയെങ്കിലും ഗവൺമെൻറിനെ നിലനിറുത്തണമെന്നുള്ളതുകൊണ്ട്, എല്ലാവരുടേയും തോന്ന്യാസങ്ങൾക്ക് കൂട്ടുനിന്നുകൊണ്ട്, എല്ലാ അനീതികൾക്കും കൂട്ടുനിന്നുകൊണ്ട് മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വം പോലും നിറവേററാൻകഴിയാതെ പരാജയപ്പെട്ട ഒരു മാപ്പുസാക്ഷിയെ പോലെ ശ്രീമാൻ കരുണാകരൻ അവിടെ ഇരിക്കുകയല്ലേ? ജീവനക്കാരുടെ മുഖത്തു നോക്കി, നിങ്ങളുടെ എഗ്രിമെൻറ് ഞാൻ ഈ കസേരയിൽ ഇരിക്കുകയാണെങ്കിൽ നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ പറയുന്നു ഒന്നുമില്ല എല്ലാം നടപ്പിലാക്കി എന്ന്. പതിമൂവ്വായിരം വേക്കൻസികളാണ് 1982-ൽ കരാർ ഉണ്ടാക്കിയപ്പോൾ ഉണ്ടായിരുന്നത്. അതങ്ങനെ എഴുതിവച്ചിട്ടുണ്ട്. ആ വേക്കൻസി

LIBRARY ARCHIVES Kerala Legislative Assembly

കൾ ഫില്ല് ചെയ്തില്ലങ്കിൽപോലും അത് ഫീഡർ കാററഗറിയായി കണ്ടുകൊണ്ട് അതിൽനിന്നും ഉണ്ടാകുന്ന പ്രൊമോഷൻ സാധ്യതകൾ അനുവദിക്കുമെന്നുപറഞ്ഞു. അതിനുശേഷം എത്ര ഓഫീസുകൾ അബോളിഷ് ചെയ്തു, എത്ര പോസ്ററുകൾ വേണ്ടന്നുവച്ചു. അവിടെയെല്ലാം പി. എസ്. സി. ക്കാരെ നിയമിക്കുന്നതിനുപകരം 75 വയസുകാരെ നിയമിച്ചില്ലേ? അതു നിഷേധിക്കാമോയെന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. ട്രാൻസ്ഫറിന്റെ നോംസ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ശ്രീ. ബാലകൃഷ്ണപിള്ള പുറപ്പെടുവിക്കുകയും മുഖ്യമന്ത്രി വീട്ടിൽ പോയപ്പോൾ ഉടനെതിരിച്ച് ക്യാൻസൽ ചെയ്യുകയും ചെയ്തില്ലേ ശ്രീ. ബാലകൃഷ്ണപിള്ള. അപ്പോൾ ജീവനക്കാർക്ക് കൊടുത്ത ഉറപ്പ് അദ്ദേഹത്തിന്റെ മുമ്പിൽവച്ച് ശ്രീ. ബാലകൃഷ്ണപിള്ള റദ്ദുചെയ്തത് . പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ, മുഖ്യമന്ത്രിക്ക്? കേരളത്തിലെ ജനങ്ങളെയല്ല, ജീവനക്കാരെയല്ല സത്യത്തിൽ മുഖ്യമന്ത്രിയെയാണ് ശ്രീ.ബാലകൃഷ്ണപിള്ള . അവഹേളിച്ചിരിക്കുന്നത്. ഈ ധിക്കാരം അനുവധിച്ചുകൊടുക്കുവാൻ സാധ്യമല്ല, ഇത് കേരളമാണ്. ഐതിഹാസികമായ സമരങ്ങളിലൂടെ തൊഴിലാളികൾ പല ആവശ്യങ്ങളും നേടിയെടുത്തിട്ടുണ്ട്. പ്രമാണിമാർക്ക് കൂട്ടുനിൽക്കുന്ന, വർഗ്ഗീയ താൽപര്യങ്ങൾക്ക് കൂട്ടുനിൽക്കുന്ന, മുതലാളിമാർക്കു കൂട്ടുനിൽക്കുന്ന തൊഴിലാളികളേയും പാവപ്പെട്ടവരേയും ദ്രോഹിക്കുന്ന ഒരു സംഘം ആളുകളാണ് ഇവിടം ഭരിക്കുന്നത്. നിങ്ങളുടെ വർഗ്ഗസ്വഭാവം അതാണ് കാണിക്കുന്നത്. അതുകൊണ്ട് നിങ്ങൾക്ക് ഈ പണം അനുവദിച്ചുതന്നാൽ നിങ്ങൾ ഇവിടത്തെ പാവപ്പെട്ടവരെ നന്നാക്കുമെന്നുള്ള വ്യാമോഹമൊന്നും ഞങ്ങൾക്കില്ല. നിങ്ങൾ ആവശ്യത്തിന് പണം ചിലവഴിക്കാത്തവരാണ്, നിങ്ങൾ അനാവശ്യത്തിനു വേണ്ടി പണം ചെലവഴിക്കുന്നവരാണ്. നിങ്ങൾ ഭരിക്കാൻ കൊള്ളരുതാത്തവരാണ്, നിങ്ങൾ ഒരു കാര്യവും നടപ്പിലാക്കുവാൻ കൊള്ളരുതാത്തവരാണ്, വിശ്വസിക്കുവാൻ കൊള്ളരുതാത്തവരാണ്. അതുകൊണ്ടാണ് ജനങ്ങളെ അവഹേളിക്കുന്നുവെന്ന് പറയുന്നത്. നാലുമാസത്തേയ്ക്കുവേണ്ടി ഇവിടെ ആവശ്യപ്പെട്ടിരിക്കുന്ന പണം അനുവദിച്ചുകൊടുത്താൽ അതു ജനങ്ങളെ ദ്രോഹിക്കുവാനും തൊഴിലാളികളെ ദ്രോഹിക്കുവാനും അഴിമതിനടത്താനും വേണ്ടി മാത്രമേ ഉപയോഗിക്കൂ. മറിച്ച് വികസനപരമായ കാര്യങ്ങൾ ചെയ്യാനോ സാമ്പത്തിക ബാധ്യത നിറവേററാനോ നല്ലകാര്യങ്ങൾ ചെയ്യാനോ ഉപയോഗിക്കുകയില്ലെന്നുള്ള മുൻകാലാനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഗവൺമെന്റിന്റെ 4 മാസത്തെ ഭരണത്തിനാവശ്യമായ ധനം അനുവദിക്കാനുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ അവസരത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാഗ്രഹിക്കുകയാണ്. പത്തുപന്ത്രണ്ട് കൊല്ലംകൊണ്ട് കേരളത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കാർഷിക സർവ്വകലാശാല ഈ കാലഘട്ടത്തിനുള്ളിൽ ഇൻഡ്യയിലെ മറെറല്ലാ പഴക്കംചെന്ന സർവ്വകലാശാലകളെക്കാളും വളരെ മുൻപന്തിയിലെത്തിയിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ കേന്ദ്രങ്ങളും വിജ്ഞാന വ്യാപനരംഗത്തും കാർഷിക രംഗത്തും വിപ്ലവകരമായ പരിവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കാർഷിക സർവ്വകലാശാലക്ക് ഇനിയും വളരെയേറെ പരിപാടികൾക്കുള്ള സാദ്ധ്യതകളും മററും ഉണ്ടെങ്കിലും ആവശ്യമായ ധനസഹായം നൽകാത്തതുകൊണ്ട് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സമഗ്രമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നുവെന്നുള്ള ഒരു പരാതിയുണ്ട്. കാർഷികരംഗത്തെക്കുറിച്ച് പല പല ചർച്ചകളും നടക്കുന്നുണ്ടെങ്കിലും കർഷകജനത അനുഭവിക്കുന്ന ബുദ്ധിമുട്ടിനെ സംബന്ധിച്ചും കാർഷിക വിളകൾക്കുണ്ടായ രോഗത്തെ സംബന്ധിച്ചും എല്ലാം പറയുമ്പോൾ ശാസ്ത്രീയാടിസ്ഥാനത്തിൽ പരിഹാരം കാണാനുള്ള നിർദ്ദേശങ്ങൾ ഗവേഷണങ്ങളിൽക്കൂടി കാർഷിക സർവ്വകലാശാലക്ക് നൽകാനുള്ള സാഹചര്യം നൽകുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. കാററുവീഴ്ച തുടങ്ങിയ മാരകരോഗങ്ങൾക്ക് ശാസ്ത്രീയമായ പരീക്ഷണ-നിരീക്ഷണങ്ങളിൽ കൂടി പരിഹാരം കാണാൻ ദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ള ഈ യൂണിവേഴ്സിററിയിൽ ഗവേഷകൻമാരും ശാസ്ത്രജ്ഞൻമാരും ഉണ്ടെങ്കിലും അവരുടെ സേവനം അനുഭവവേദ്യമാണെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകാരണം അവിടെ പ്രവർത്തനം നടത്താൻ സാധിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. കാർഷിക സർവ്വകലാശാലയുടെ ചാൻസലറായ ഗവർണ്ണറോടും വൈസ് ചാൻസലറോടും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോടും ഇതിനുവേണ്ടി കാര്യമായ സഹായധനം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും ആ കാര്യത്തെക്കുറിച്ച് അനുഭാവപൂർവ്വമായ സമീപനം കൈക്കൊള്ളാൻ ഇനിയും തയ്യാറായില്ലെന്നുള്ളത് ഖേദകരമാണ്.

കാർഷികപ്രധാനമായ നമ്മുടെ സംസ്ഥാനത്ത്, കർഷക ജനതയ്ക്കു മോചനം നൽകാനും, പരീക്ഷണശാലയിലെ വിജ്ഞാനം പാടത്തേക്ക് എത്തിക്കാനുമുള്ള സമഗ്രമായ വിപ്ലവകരമായ പരിപാടികൾ ത്വരിതപ്പെടുത്തത്തക്കവിധം കേരളത്തിലെ കാർഷിക സർവ്വകലാശാലക്ക് കാലോചിതമായ വിധത്തിൽ വർദ്ധിച്ച സഹായധനം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മതേതരത്വം പ്രഖ്യാപിതമായിട്ടുള്ള നമ്മുടെ രാജ്യത്ത് ഈശ്വരവിശ്വാസമില്ലാത്ത ആളുകൾപോലും ഭരണത്തിൽ കയ്യാളുന്ന വിധം നമ്മുടെ ദേവസ്വത്തിൽ സംഭവിച്ചിട്ടുള്ള അപാകതകളെ സംബന്ധിച്ച് എനിക്കും എന്റെ പാർട്ടിക്കും വ്യക്തമായ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും നിലവിലുള്ള സംവിധാനമനുസരിച്ച് ആയിരക്കണക്കിന് ക്ഷേത്രങ്ങളുടെ ഭരണം നടത്തുന്ന ദേവസ്വത്തെ സംബന്ധിച്ചിടത്തോളം അതിനാവശ്യമായ സഹായധനം നൽകണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. കാലാകാലങ്ങളിൽ പലരും ഈ ആവശ്യം ഉന്നയിച്ചിട്ടും വർഷങ്ങൾക്കു മുമ്പുണ്ടായ ഒരു കവനൻറിന്റെ പേരിൽ, കവനൻറിന്റെ വ്യവസ്ഥകൾ തടസ്സം നിൽക്കുന്നുവെന്നു പറഞ്ഞ്, ആനുകാലികമായി കാലോചിതമായി ദേവസ്വം ബോർഡിന് സഹായധനം വർദ്ധിപ്പിക്കണമെന്ന ന്യായമായ ആവശ്യം അംഗീകരിക്കാൻ പലരും തയ്യാറായിട്ടില്ല.

വളരെ വ്യക്തമായി ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ആയിരക്കണക്കിന് ഏക്കർ ഭൂമി ദേവസ്വത്തിന് സ്വന്തമായി ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ ലക്ഷക്കണക്കിന് പറ നെല്ല് ദേവസ്വത്തിന് ആദായമുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ അന്നത്തെ ഒരു കവനൻറ് അനുസരിച്ച്, നാമമാത്രമായ സംഖ്യ മാത്രമേ ദേവസ്വം ബോർഡിന് നൽകിയിരുന്നുള്ളു. പക്ഷേ മാറിമാറി വന്ന നിയമനിർമ്മാണങ്ങൾമൂലം, ഭൂനിയമംമൂലം ദേവസ്വത്തിന്റെ പതിനായിരക്കണക്കിന് ഭൂമി സർക്കാർ ഏറെറടുത്തപ്പോൾ നിസാരമായ സൗജന്യവും ആന്യുവിററിയും മാത്രം നൽകുന്ന സാഹചര്യം ഈ രാജ്യത്ത് ഉള്ളപ്പോൾ, മാറിമാറി വന്ന നിയമങ്ങളുടെ ഇംപാക്ട്മൂലം ദേവസ്വത്തിന്റെ സ്ഥിതി അധഃപതിച്ചു. ആ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ദേവസ്വംബോർഡിന് നൽകുന്ന സഹായധനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ മന്നം ഷുഗർ മില്ലിന്റെ കാര്യം പറഞ്ഞു. വ്യാവസായിക രംഗത്തെ സിക്കുയൂണിററുകളെ വളർത്താനും, അവയൊക്കെ ഏറെറടുക്കാനും, അതിന്റെ പ്രവർത്തനങ്ങൾ പുനരുദ്ധരിക്കാനും വ്യവസായ ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നുവെങ്കിലും, ലിക്വിഡേററ് ചെയ്യാനെടുത്ത തീരുമാനം പുനഃപരിശോധന ചെയ്തുവെങ്കിലും ആയിരക്കണക്കിന് തൊഴിലാളികളേയും കർഷകരേയും ബാധിക്കുന്ന മന്നം ഷുഗർ മില്ലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അക്ഷന്തവ്യമായ അപരാധമാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാസങ്ങൾ ഏറെ കഴിഞ്ഞിട്ടും തൊഴിലാളികളുടേയും കർഷകരുടേയും ജീവിതവുമായി ബന്ധപ്പെട്ട ഈ വ്യവസായ സ്ഥാപനത്തിന്റെ പുനഃരുദ്ധാരണത്തെക്കുറിച്ച് ബന്ധപ്പെട്ട ആളുകളുമായി ചർച്ച നടത്തിയിട്ടുണ്ടെങ്കിലും, ക്രിയാത്മകമായ പരിപാടിയുമായി മുന്നോട്ടുപോകാൻ ഈ സർക്കാർ തയ്യാറാകാത്തതിൽ യാതൊരു ന്യായീകരണവുമില്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളമുള്ള ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിന്റെ കേന്ദ്രസ്ഥാനമായ തൃശ്ശിവപേരൂരിൽ ഒരു ലാ കോളേജ് വേണമെന്ന ആവശ്യം വളരെക്കാലമായി ഉയർന്നുവന്നിട്ടുള്ളതാണ്. കാലിക്കട്ട് യൂണിവേഴ്സിററി അവിടെ ലാ കോളേജ് ആരംഭിക്കണമെന്ന് തക്കസമയത്ത് ശുപാർശ ചെയ്തിട്ടും, അത് സർക്കാരിൽ എത്തിയിട്ടും കഴിഞ്ഞ വർഷം അത് നടന്നിട്ടില്ല. അതിന്റെ പിന്നിലുള്ള രഹസ്യമെന്താണെന്ന് എനിക്ക് അറിയുകയില്ല. പത്രവാർത്ത ശരിയാണെങ്കിൽ, ജില്ലാ ഹെഡ്ക്വാർട്ടേഴ്സായ തൃശ്ശൂരിന്റെ ന്യായമായ ഈ ആവശ്യം അംഗീകരിക്കണമെന്ന് യൂണിവേഴ്സിററി പറഞ്ഞിട്ടും, മറേറതെല്ലാമോ സ്ഥലങ്ങളിൽ ലാ കോളേജ് വേണമെന്നു പറഞ്ഞപ്പോൾ അതിനെക്കുറിച്ച് ഹൈക്കോടതിയിൽ ചില ഹർജികൾ വന്നതിന്റെ അടിസ്ഥാനത്തിൽ, പല തടസ്സങ്ങളും പറഞ്ഞ് തൃശ്ശിവപേരൂരിന്റെ ന്യായമായ ആവശ്യത്തിൻമേൽ കാലവിളംബം വരുത്തുകയാണ്. അക്കാര്യത്തിൽ ശക്തിയായ പ്രതിഷേധം ഉണ്ടെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് തൃശ്ശൂരിന്റെ ന്യായമായ ആവശ്യം—ലാ കോളേജ് ആരംഭിക്കണമെന്ന ആവശ്യം—കാലിക്കട്ട് യൂണിവേഴ്സിററി അംഗീകരിച്ച് ശുപാർശ ചെയ്ത ആവശ്യം, കാലവിളംബമില്ലാതെന്നെ ആരംഭിക്കണമെന്നാണ് എന്റെ അഭിപ്രായം.

വ്യാപാരി വ്യവസായി സംഘടനയുടെ കാര്യത്തെ സംബന്ധിച്ച് ശ്രീ. നമ്പാടൻ മാസ്റററേക്കാൾ കൂടുതൽ എന്റെ വ്യക്തിപരമായ അഭിപ്രായം ഞാൻ ഈ വേദിയിൽ പലപ്പോഴും പറഞ്ഞിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. 15-ാം തീയതി നടന്ന അവിടത്തെ മർദ്ദനത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് വ്യക്തമായി ഞാൻ ആവശ്യപ്പെടുകയും രേഖാമൂലം ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനെപ്പററി വ്യക്തമായും വേണ്ട നടപടിയെടുക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുകയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ മാരകമായ രോഗം പിടിപെട്ട് അത്യാസന്ന നിലയിൽ കിടക്കുന്ന രോഗികളെ, അവരുടെ രോഗം ചികിൽസകൊണ്ട് ഭേദമാവുകയില്ലായെന്ന് ഉത്തമബോദ്ധ്യം വരുമ്പോൾ രോഗികളെ വേദനയിൽനിന്നും രക്ഷിക്കുന്നതിനും, ബന്ധുക്കളേയും മിത്രങ്ങളേയും അവരുടെ ബുദ്ധിമുട്ടിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയും മേഴ്സീകില്ലിംഗിന് വിധേയമാക്കാറുണ്ട്. ഡൈബെററിക്, ബ്ലഡ്പ്രഷർ, കിഡ്നി

LIBRARY ARCHIVES Kerala Legislative Assembly

ഡാമേജ്, ബയോകാർഡിയൽ ഇൻഫെക്ഷൻ, സെറിബെറൽ ഹെമറേജ് എന്നീ രോഗങ്ങൾ പിടിപെട്ട്, ഡയാലിസിസിന് വിധേയമായി, ഓക്സിജന്റെ സഹായത്തോടുകൂടി അത്യാസന്നനിലയിൽ കിടക്കുന്ന ഒരു രോഗിക്കു തുല്യ മാണ് ശ്രീ. കരുണാകരൻ ഗവൺമെന്റ്. ഒരു രോഗത്തിന് മരുന്നു കൊടുക്കു മ്പോൾ അതിന്റെ പ്രത്യാഘാതമെന്ന നിലയിൽ മറെറാരു രോഗം മൂർച്ഛിക്കും. എൻ. ഡി. പി. യുടെ രോഗത്തിനു മരുന്നു കൊടുക്കുമ്പോൾ എസ്. ആർ. പി. യുടെ രോഗം മൂർച്ഛിക്കും. ശ്രീ. ഭാസ്ക്കരന്റെ രോഗത്തിനു മരുന്നു കൊടു ക്കുമ്പോൾ ശ്രീമതി കമലത്തിന്റെ രോഗം ഇളകും. ശ്രീ. മാണിയുടെ രോഗ ത്തിന് മരുന്നു കൊടുക്കുമ്പോൾ ശ്രീ. ജോസഫിന്റെ രോഗം വഷളാകും. അങ്ങനെ അത്യാസന്ന നിലയിൽ കിടക്കുന്ന രോഗി രക്ഷപ്പെടുകയില്ലായെന്ന് ഈ സംസ്ഥാനത്തെ വിവിധ ഡോക്ടർമാരെല്ലാം സർട്ടിഫൈ ചെയ്തിരി ക്കുന്നു. എങ്കിലും വിദഗ്ദ്ധാഭിപ്രായത്തിനുവേണ്ടി ഈ രോഗിയുടെ ക്ലിനിക്കൽ ഹിസ്ററി, പത്തോളജിക്കൽ ഇൻവെസ്ററിഗേഷൻ റിപ്പോർട്ട് സഹിതം സെൻട്രൽ ഇൻസ്ററിററ്യൂട്ടിലേക്ക് അയച്ചിരിക്കുകയാണ്. അവിടത്തെ പ്രഗൽഭ ഡോക്ടർമാരായ ശ്രീമതി ഇന്ദിരാഗാന്ധിയും, ശ്രീ. രാജീവ് ഗാന്ധിയും പട്ടയം എന്ന ദിവ്യ ഔഷധം കൊടുത്താൽപോലും രോഗി രക്ഷ പ്പെടാൻ പോകുന്നില്ലെന്നാണ് കൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ രാജ്യത്തെ രക്ഷിക്കാൻ, ജനങ്ങളെ രക്ഷിക്കാൻ അത്യാസന്ന നിലയിൽ കിടക്കുന്ന ഈ ഗവൺമെൻറിനെ ഒരു മേഴ്സി കില്ലിംഗിന് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, ഞാൻ ഈ ബഡ്ജററിലേക്ക് കടക്കുകയാണ്. ഇതിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നും വസ്തുനിഷ്ഠമായ ചില പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. എന്നാൽ അതിനൊന്നും മറുപടി പറയാൻ ശ്രീ. മാണി തയ്യാറായില്ല. 'അരി എത്ര' എന്നുള്ള ചോദ്യത്തിന് 'പയർ അഞ്ഞാഴി' എന്ന നിലയിൽ മറുപടി പറഞ്ഞ് ഒഴിഞ്ഞുമാറാനാണ് ശ്രീ. മാണി ശ്രമിച്ചത്. ഇന്ന് മറുപടി പറയുമ്പോഴെങ്കിലും കേരളത്തിലെ ജനങ്ങൾ അഭി മുഖീകരിക്കുന്ന ചില കാര്യങ്ങൾക്കെങ്കിലും അങ്ങ് മറുപടി പറയാൻ തയ്യാറാക ണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബഡ്ജററ് പ്രസംഗത്തിൽ 100 കോടി രൂപയുടെ വരുമാനക്കുറവുണ്ടെന്ന് അങ്ങ് പറയുന്നു. 1984 ഫെബ്രുവരിയിൽ ഈ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കുള്ള, ട്രെഷറി മുഖേനയുള്ള പേമെൻറ് നിറുത്തിവയ്ക്കാൻ അങ്ങ് ഓർഡർ കൊടുത്തില്ലേ ? അങ്ങനെ ഓർഡർ കൊടുത്തുവെങ്കിൽ, അന്ന് ആ ആർഡർ കൊടുക്കുമ്പോൾ സംസ്ഥാന ത്തിന്റെ ഓവർഡ്രാഫ്ററ് എന്താണ്? കേന്ദ്രഗവൺമെൻറുമായി പ്ലാൻ ചർച്ച ചെയ്യുമ്പോൾ, 84 കോടി രൂപ ഈ വർഷത്തെ പ്ലാൻ വിഹിതത്തിൽ, കണക്കെടു ക്കുകയില്ലായെന്നു പറഞ്ഞല്ലോ? ആ 84 കോടി രൂപ അടുത്ത വർഷം കൊടു ക്കണ്ടേ? അങ്ങനെയാണെങ്കിൽ അടുത്ത വർഷം കൊടുക്കേണ്ടിവരുന്ന 84 കോടി രൂപയും ഈ വർഷം നീക്കിവച്ചിരിക്കുന്ന 200 കോടിയിൽപ്പരം രൂപയും ചേർത്ത് 300 കോടിയിൽപ്പരം രൂപ അടുത്ത വർഷം കൊടുക്കേണ്ടിവരുമ്പോൾ ഈ സംസ്ഥാനത്ത് അടുത്ത വർഷം എന്തെങ്കിലും വർക്ക് നടത്താൻ കഴിയുമോ? അത് ശ്രീ. മാണി വിശദീകരിക്കണ

ബഡ്ജററിനെക്കുറിച്ച് ശ്രീ. മാണി പറഞ്ഞ മറെറാരു കാര്യം, ഈ ബഡ്ജററ് സാധാരണക്കാരെ ബാധിക്കാത്ത ബഡ്ജററ് ആണെന്നാണ്. ശ്രീ. മാണിയുടെ സാമ്പത്തികശാസ്ത്രം എന്താണെന്ന് എനിക്ക് മനസ്സിലാ കുന്നില്ല. ഒരു ബഡ്ജററ് ആ സംസ്ഥാനത്തിന്റെ ധ്രുതഗതിയിലുള്ള സാമ്പത്തിക പുരോഗതിയെ എങ്ങനെ ബാധിക്കും എന്നുള്ളതിന്റെ അടിസ്ഥാന ത്തിലാണ് ബഡ്ജററിനെ വിലയിരുത്തേണ്ടത്. അതാണ് സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രം. എന്നാൽ ശ്രീ. മാണി ആ കാര്യങ്ങളെക്കുറിച്ചൊന്നും ഒന്നും പറഞ്ഞിട്ടില്ല. 1982-83-ലും 1983-84-ലും ശ്രീ. മാണി അവതരിപ്പിച്ച ബഡ്ജററിന്റെ ഫലമായി നമ്മുടെ കാർഷിക വ്യാവസായിക മേഖലയുടെ വളർച്ച പുറകോട്ടു പോയിരിക്കുന്നു. മൈനസ് ആയിരിക്കുന്നു. ശ്രീ. മാണിക്ക് നിഷേധിക്കാൻ കഴിയുമോ? കഴിഞ്ഞ വർഷത്തെ എക്കണോമിക്ക് റിവ്യൂ നോക്കൂ. ഈ വർഷത്തെ എക്കണോമിക്ക് റിവ്യൂവിൽ പറയുന്നത് എന്താണ്? കാർഷിക മേഖലയിലും, വ്യാവസായിക മേഖലയിലുമെല്ലാം നമ്മുടെ രാജ്യത്തിന്റെ വളർച്ച നിരക്ക് പുറകോട്ടു പോയിരിക്കുന്നു. ഒരു രാജ്യത്തിന്, കാർഷിക മേഖലയിലും, വ്യാവസായിക മേഖലയിലും പുരോഗതി ആർജ്ജിക്കാതെ സാമ്പത്തിക പുരോഗതി ആർജ്ജിക്കാൻ കഴിയുമെന്ന് ശ്രീ. മാണി കരുതുന്നുണ്ടോ? എന്തു ശാസ്ത്രമാണ് നിങ്ങൾ പഠിച്ചിരിക്കുന്നത്? ഇങ്ങനെയുള്ള ഈ സംസ്ഥാനത്ത് കാർഷിക, വ്യാവസായിക മേഖലക്ക് കൂടുതൽ ഇൻവെൻസ്ററ്മെൻറ് ഉണ്ടാകണം. അതിനുപകരമായി ശ്രീ. മാണി എന്താണ് ചെയ്തിരിക്കുന്നത്? ഈ വർഷം കഴിഞ്ഞ വർഷങ്ങളേക്കാൾ കാർഷിക വ്യാവസായിക മേഖലക്ക് ഏററവും കുറച്ചു പണം കൊടുത്തിരിക്കുന്നു. വിലക്കയററം കൂടി കണക്കിലെടുക്കുമ്പോൾ ഈ സംസ്ഥാനത്തിന്റെ ഭാവി എന്താണ്? അഗ്രിക്കൾച്ചർ, അനിമൽ ഹസ്ബൻററി, കോ-ഓപ്പറേഷൻ ഇതിനുവേണ്ടി 1983-84-ൽ 9,032 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നുവെങ്കിൽ 1984-85-ൽ വകകൊള്ളിച്ചിട്ടുള്ളത് 8,551 ലക്ഷം രൂപയാണ്. അതായത് 481 ലക്ഷം രൂപ കുറവ്. കമ്മ്യൂണിററി ഡവലപ്പ്മെൻറിന് 1983-84-ൽ വകയിരുത്തിയിരുന്നത് 13,318 ലക്ഷം രൂപ. 1984-85-ൽ 12,207 ലക്ഷം രൂപ. പബ്ലിക് വർക്സ് 1983-84-ൽ 4,411 ലക്ഷം രൂപ. 1984-85-ൽ 2,981 ലക്ഷം രൂപ. അതായത് 1,330 ലക്ഷം രൂപ കുറവ്. എക്കണോമിക്ക് റെവ്യൂവിൽ പറയുന്നു, Major items on this account are Irrigation, Public Works, Forest, Transport and Communication. The proposed expenditure on this account during 1984-85 is less than the expenditure incurred in 1983–84 by Rs. 1,135 lakhs.

മിസ്ററർ മാണി, നിങ്ങൾ ഈ രാജ്യത്തെ തകർത്തിരിക്കുന്നു. ഈ രാജ്യത്തിലെ കാർഷിക വ്യാവസായിക വികസന രംഗങ്ങളെയെല്ലാം നിങ്ങൾ തകർത്തിരിക്കുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയെ നിങ്ങൾ തകർത്തിരിക്കുന്നു. സാമ്പത്തിക ശാസ്ത്രം പഠിക്കുന്ന ഈ സംസ്ഥാനത്തിലെ കുട്ടികൾക്കറിയാം. മാണി, നിങ്ങളെ 'മുടിയനായ പുത്രൻ' എന്നായിരിക്കും ഭാവി തലമുറ ഓർക്കാൻ പോകുന്നത്.

ഈ ബഡ്ജററ് നികുതിയില്ലാത്ത ബഡ്ജററാണ്, സാധാരണക്കാരെ ബാധിക്കാത്ത ബഡ്ജററാണെന്നൊക്കെ നിങ്ങൾ പറഞ്ഞു. വികസനത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തിന്റെ സമ്പദ്ഘടനയിൽ നികുതി അനിവാര്യമാണ്. നികുതി പിരിക്കണം. നികുതി പിരിക്കാതെ എങ്ങനെയാണ് കൂടുതൽ വികസന പ്രവർത്തനങ്ങൾ ഉണ്ടാക്കാൻ കഴിയുക? 1984 ഒക്ടോബറിൽ ഒരു പൊതു തെരഞ്ഞെടുപ്പ് ഉണ്ടാകുമെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് പാർലമെൻറിൽ അവതരിപ്പിച്ച ബഡ്ജററിൽ നികുതി കൊണ്ടുവന്നിട്ടില്ല. ഇവിടെ നികുതി കൊണ്ടുവരണം, നികുതി പിരിക്കണം. പക്ഷേ നികുതി പിരിക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗമുണ്ട്. നികുതി പിരിക്കുമ്പോൾ പാവപ്പെട്ട ആളുകളെ ബാധിക്കാതെ സമ്പന്നൻമാരായ ആളുകളിൽനിന്ന് പിരിക്കാൻ കഴിയണം. എന്നാൽ നിങ്ങൾ ഈ രാജ്യത്തെ സമ്പന്ന കൃഷിക്കാർക്ക്, തോട്ടം ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുത്തിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിന്റെ കാര്യം എടുത്തു പരിശോധിച്ചാൽ ഇത് കാണാൻ സാധിക്കും. 1957–58-ൽ കാർഷികാദായനികുതി



LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മൊത്തം റവന്യൂ വരുമാനത്തിന്റെ 13.77 ശതമാനം ഉണ്ടായിരുന്നു വെങ്കിൽ 1984–85-ൽ അത് 2.02 ശതമാനമായി മാറിയിരിക്കുന്നു. ഈ രാജ്യത്തെ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കണം, അതിന് ആരും എതിരല്ല. എന്നാൽ ഈ സംസ്ഥാനത്തെ സമ്പന്ന കൃഷിക്കാർ, തോട്ടം ഉടമകൾ ഇവർക്കെല്ലാം ആശ്വാസം പകർന്നുകൊടുത്തുകൊണ്ട് സാധാരണക്കാരുടെ പേരിൽ നിങ്ങൾ നികുതികൾ അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്.

ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞു ദേവസ്വം ബോർഡിന്റെ വരുമാനം കൂട്ടിക്കൊടുക്കണമെന്ന്. അദ്ദേഹം ഇത് പറയാൻ എന്താണ് കാരണം? ഈ ബഡ്ജററ് പ്രഖ്യാപനത്തിൽ വക്കഫ് ബോർഡിന് അധികമായി വേണ്ടിവരുന്ന തുക കൊടുക്കണമെന്നു പറഞ്ഞു. മുല്ലമാർക്ക് പെൻഷന്റെ കാര്യമാണെങ്കിൽ അത് തുറന്നു പറയണം. പള്ളി ജീവനക്കാർ, ദേവസ്വം ജീവനക്കാർ തുടങ്ങിയവർക്കും പെൻഷൻ വേണമെന്ന അഭ്യർത്ഥനകളൊക്കെ ഇപ്പോൾ പത്രങ്ങളിൽ എഴുതിയിരിക്കുന്നു. ഈ രാജ്യം എങ്ങോട്ടാണ് പോകാൻ പോകുന്നതെന്ന് ആലോചിച്ചു നോക്കണം.

മററൊരു കാര്യം എനിക്കു പറയാനുള്ളത് നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിസിററി ജീവനക്കാരുടെ സമരം നടക്കുകയാണ്. ഇവിടെ ഒരു ഗവൺമെൻറുണ്ടോ സർ, ഇല്ല. ഇവിടെ ഒരു മന്ത്രി മാത്രമേ ആണായിട്ടുള്ളു. ബാക്കി 18 മന്ത്രിമാരും വനിതാ മന്ത്രിമാരാണ്. ഒരു മന്ത്രിയുടെ ധിക്കാരത്തിന്, വിവരക്കേടിന് 18 അബലകളായ മന്ത്രിമാർ കൂട്ടുനിൽക്കുന്നു. സമരത്തെ നേരിടുന്നതിനുവേണ്ടി ഇന്നലെവരെ 4 കോടി 60 ലക്ഷം രൂപയാണ് ഇലക്ട്രിസിററി ബോർഡ് ചെലവാക്കിയിരിക്കുന്നത്. ജീവനക്കാരുടെ ആവശ്യം അംഗീകരിക്കാൻ വെറും 60 ലക്ഷം രൂപ മതി. അതിന്റെപേരിലും ധൂർത്തടിക്കാനും കൊള്ളയടിക്കാനുമാണ് ഈ മന്ത്രിയും ബോർഡും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 4 കോടി 60 ലക്ഷം രൂപ ഇവർ ഇതിനുവേണ്ടി ചെലവാക്കിയത് ഈ രാജ്യത്തിന്റെ സമ്പത്താണ്. ഇത് നമ്മുടെ നാട്ടിലെ പാവങ്ങളിൽ നിന്ന് ഇലക്ട്രിസിററി ഇനത്തിൽ വാങ്ങി എടുക്കുന്ന പണമാണ്. അല്ലാതെ ഇത് ബാലകൃഷ്ണപിള്ളയുടെ കുടുംബ സ്വത്തല്ല. മിസ്ററർ മാണി ഇത് മനസിലാക്കണം.

നട്ടെല്ലില്ലാത്ത മന്ത്രിമാർ, വെറും അബലകളായ മന്ത്രിമാർ ഒരു മന്ത്രിയുടെ ധിക്കാരത്തിന്, അഹങ്കാരത്തിന് കൂട്ടുനിന്നുകൊണ്ട് ഈ രാജ്യത്തെ അപകടപ്പെടുത്താൻ പോകുന്നു. അതുകൊണ്ട് ഞാൻ ഈ ഗവൺമെൻറ് കൊണ്ടുവന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. എൻ. എ. മമ്മുഹാജി</u> : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. ഇതിനെ എതിർക്കുന്നതിന് ചില കാരണങ്ങൾ ഇല്ലായ്കയില്ല. നാടിന്റെ പുരോഗതിക്കും വികസനപരമായ പ്രവർത്തനങ്ങൾക്കും പരിമിതമായ തുകകൾ മാത്രം നീക്കിവെയ്ക്കുകയും അനാവശ്യമായ ചെലവുകൾക്കു അമിതമായ തുക ചെലവഴിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു സർക്കാരാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് നമുക്കെല്ലാവർക്കും ഒരുപോലെ ബോധ്യമായിരിക്കുകയാണ്. നാടിന്റെയും നാട്ടുകാരുടെയും ആവശ്യങ്ങൾ പലതും ഈ സർക്കാർ വിസ്മരിക്കുകയാണ്. കേവലം മന്ത്രികസേരകൾ ഉറപ്പിക്കുക എന്നുള്ളതിൽ കവിഞ്ഞ് യാതൊരു താൽപര്യവും ഈ മന്ത്രിമാരുടെ (സർക്കാരിന്റെ) പ്രവർത്തനങ്ങളിൽ കാണുന്നില്ല എന്നുള്ളത് വസ്തുതയാണ്. പരസ്പരം മല്ലടിച്ചുകൊണ്ട് അവരവരുടെ ആഭിജാത്യം നിലനിറുത്തുന്നതിൽ കവിഞ്ഞ് ഒരു പ്രാധാന്യവും നമുക്ക് മന്ത്രിമാരിൽ നിന്ന് കാണാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ ആഫീസുകളിലിരുന്ന് ഫയലുകൾ നോക്കുന്ന കാര്യത്തിൽപോലും എത്രയും ദുഃഖകരമായ ആത്മവിശ്വാസമാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ചില ഫയലുകൾ നാലും അഞ്ചും മാസങ്ങൾ മന്ത്രിമാരുടെ ആഫീസുകളിൽ കെട്ടികിടക്കുന്നു എന്നുള്ളത് ഒരു സത്യം മാത്രമാണ്. ഇവർ ഇത് നോക്കിയിട്ട് വേണം താഴെകിടയിൽ കിടക്കുന്ന ആഫീസുകളിൽ പോകേണ്ടത്. മന്ത്രിമാരുടെ ആഫീസുകളിലെ സ്ഥിതി ഇതാണെങ്കിൽ താഴോട്ടുള്ള ആഫീസുകളുടെ ഗതി എന്താണെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇങ്ങനെ ദുഃഖകരമായ ഒരു അവസ്ഥ ഇവിടെ നിലനിൽക്കുകയാണ്.

ഏതെങ്കിലും ഒരു പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടിയോ, ഏതെങ്കിലും ഒരു പദ്ധതിയുടെ പുരോഗതിക്കുവേണ്ടിയോ ഈ ഗവൺമെൻറ് യാതൊരു ശ്രമവും നടത്തുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരൊററ പദ്ധതിയും പൂർത്തിയായിട്ടില്ല എന്ന് നേരത്തെ ജലസേചനവകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞു. ഏതെങ്കിലും ഒരു പദ്ധതിക്കുവേണ്ടി അംഗീകാരം വാങ്ങിക്കാൻപോലും ഈ സർക്കാർ സൻമനസ്സ് കാണിക്കുന്നില്ല. കേന്ദ്രത്തിൽ നിന്ന് ഒരൊററ പദ്ധതിക്കു മാത്രമാണ് അംഗീകാരം ലഭിക്കാൻ കഴിഞ്ഞത്. അത് ലോവർ പെരിയാർ പദ്ധതിയാണ്. കേന്ദ്രത്തിൽ നിന്ന് നമുക്ക് ലഭിക്കേണ്ട പദ്ധതി വിഹിതമോ മററ് ആനുകൂല്യങ്ങളോ ലഭ്യമാക്കാൻ വേണ്ടിയുള്ള പരിശ്രമം ഈ സർക്കാരിൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നുള്ളത് ഒരു സത്യം മാത്രമാണ്. ഇവിടെ നേരത്തെ ഭരണപക്ഷത്തുനിന്നും ചൂണ്ടി കാണിച്ചപോലെ നാട്ടിൻെറ വികസനം പ്രദർശിപ്പിക്കാൻ കഴിയുന്ന പൊതുമരാമത്തുവകുപ്പിനും സാമൂഹ്യവികസനവകുപ്പിനും വേണ്ടി നീക്കിവെച്ച തുകകൾ വളരെ പരിമിതമായി പോയി എന്നു പറയാതിരിക്കാൻ പററില്ല. നാട്ടിൻെറ വികസനവും അഭിവൃദ്ധിയും നടത്തുന്ന ഈ വകുപ്പുകളിലേക്ക് ആവശ്യമായ തുക വെട്ടികുറച്ചതിനു പുറകിൽ വല്ല കറുത്തകരങ്ങളും പ്രവർത്തിച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സ്ഥിതിവിശേഷം നാട്ടിൽ ഉണ്ടായികൂടാത്തതാണ്.

പണി പൂർത്തിയാക്കിയ കോൺട്രാക്ടർക്ക് പണം കൊടുക്കാൻ നിർവ്വാഹമില്ലാത്ത ഒരു സ്ഥിതി ഈ സർക്കാരിന് ഉണ്ടെന്ന് ഉത്തരവാദപ്പെട്ട മെമ്പറൻമാർ തന്നെ ഇവിടെ പറഞ്ഞു. മന്ത്രിമാരുടെ ആഫീസുകളുടെ മുമ്പിലും മററ് സർക്കാർ ആഫീസുകളുടെ മുമ്പിലും (ധർണ നടത്തിയും മററുവിധത്തിലും) അവർ അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി നെട്ടോട്ടം ഓടുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. നാടിൻെറ പൊതുവായ അഭിവൃദ്ധിയിലും വികസന പ്രവർത്തനരംഗങ്ങളിലും വളരെ ശോഷിച്ച വളരെയധികം ആക്ഷേപാർഹമായ ഒരു രീതിയാണ് ഈ സർക്കാർ നിലനിറുത്തി കൊണ്ടുപോകുന്നത് എന്നുള്ളത് ചൂണ്ടികാണിക്കപ്പെട്ടിട്ടുള്ള ഒരു സത്യമാണ്. പിന്നോക്ക സമുദായങ്ങളുടെ കാര്യം പറയുകയാണെങ്കിൽ അവരെ ആശ്വസിപ്പിക്കുക എന്നുള്ളതല്ലാതെ ഈ സർക്കാരിൽനിന്ന് ഒരു പരിരക്ഷയും അവർക്കു ഉണ്ടായിട്ടില്ല. പിന്നോക്ക സംവരണ കമ്മിഷൻ ഇന്ന് കേവലം കടലാസിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു വസ്തുവായി മാറികഴിഞ്ഞിരിക്കുകയാണ്. അതിൻെറ രൂപവും ഭാവവും നിർണ്ണയിക്കാൻവേണ്ടി ഉണ്ടാക്കപ്പെട്ട സബ്കമ്മിററിയിൽ ഒരു മുസ്ലീമിനെപോലും അംഗമാക്കിയില്ലെന്നുള്ളത് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. സംവരണ കമ്മിഷൻെറ ശുപാർശകൊണ്ട് ആനുകൂല്യങ്ങൾ ലഭിക്കേണ്ടുന്ന സമുദായങ്ങളിൽ പ്രമുഖമായ ഒരു സമുദായമാണ് മുസ്ലീം സമുദായം. ആ സമുദായത്തിലെ ഒരൊററ അംഗത്തെപോലും ഈ സബ്കമ്മിററിയിൽ അംഗമാക്കിയില്ല എന്നുള്ളത് ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത ഒരു സംഗതിയാണ്. മണ്ഡൽകമ്മിഷൻ റിപ്പോർട്ടിൻെറ കാര്യം പറയുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ച് ഒന്നു പരാമർശിക്കാൻപോലും വാസ്തവത്തിൽ ഇന്ന് അവസരം നൽകുന്നില്ല. നിയമസഭാതലത്തിൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള പരാമർശനം ഒഴിവാക്കണമെന്നാണ് നിയമസഭാദ്ധ്യക്ഷൻ പറയുക ഉണ്ടായത്. ഒരുപക്ഷേ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് വല്ലതും ഉരിയാടി പോയാൽ അവിടത്തെ ഉന്നത സമുദായത്തിലെ ആളുകൾ കോപിച്ചേക്കും എന്നുള്ള ഭയംകൊണ്ടു മാത്രമാണ്. യഥാർത്ഥത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് വളരെ ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു കമ്മിഷനാണത്. ആ കമ്മിഷന്റെ കാര്യത്തിൽ കേന്ദ്രം ആവശ്യപ്പെട്ട റിപ്പോർട്ടു പോലും നാളിതുവരെയായിട്ടും അയച്ചുകൊടുത്തിട്ടില്ല എന്നുള്ളതാണ് വസ്തുത. ആ ഫയലുകൾ ഇവിടത്തെ കോൾഡ് സ്റ്റോറേജുകളിൽ സൂക്ഷിച്ചിട്ട് ഒരു കൊല്ലത്തിലേറെയായി. ഇതാണ് ഇവിടത്തെ സ്ഥിതി. മത നിരപേക്ഷതയാണ് ഈ സർക്കാരിന്റെ ലക്ഷ്യം എന്നാണ് ഇവിടെ പലപ്പോഴും ഉയർത്തി കാണിക്കുന്നത്.

ഇന്നത്തെ മാതൃഭൂമിയിൽ വന്ന റിപ്പോർട്ട് ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭർത്താക്കൻമാരുടെ ആരോഗ്യത്തെച്ചൊല്ലി സ്ത്രീകളാരും ഇനി ദുഃഖിക്കേണ്ടതില്ല. കേരള സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പിന്റെ മന്ത്രശക്തി സ്ത്രീകളെ അനുഗ്രഹിക്കാൻ എത്തിയിരിക്കുന്നു എന്ന വാചകത്തിൽ ആരംഭിക്കുന്ന ആ റിപ്പോർട്ടിന്റെ മററു ഭാഗം എല്ലാ ദിവസവും പുലർച്ചയ്ക്കും സന്ധ്യയ്ക്കും സൗമംഗല്യ പഞ്ചകം എന്ന സ്തോത്രം ജപിക്കുന്ന സ്ത്രീയുടെ ഭർത്താവിന് യാതൊരുവിധമായ ആപത്തും ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് മന്ത്രശക്തിയുള്ള അനുഭവസിദ്ധമായ കാര്യമാണെന്ന് എഴുതിയിരിക്കുന്നത് ആരാണെന്ന് അറിയാമോ ? സാംസ്ക്കാരിക വകുപ്പിന്റെ ചുമതല വഹിക്കുന്ന ഉത്തരവാദിത്വം ഉള്ള ഉദ്യോഗസ്ഥൻ അദ്ദേഹം എഴുതിയിരിക്കുന്നത് തുളസീവനം എന്ന ഒരു തൂലികാ നാമത്തിലാണെങ്കിലും തുളസീവനം എന്ന തൂലികാ നാമം ഉപയോഗിക്കുന്നത് യഥാർത്ഥത്തിൽ സാംസ്കാരിക വകുപ്പിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ശ്രീമാൻ ആർ. രാമചന്ദ്രൻനായരാണ് എന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണ്. സാംസ്കാരിക കേരളത്തിന്റെ ആ ഭാഗമാണ് ഞാൻ ഇവിടെ വായിക്കുന്നത്. സൗമംഗല്യ പഞ്ചകം എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയിരിക്കുകയാണ് വിവാഹിതകളായ സുമംഗലികളും സൗമംഗല്യം ആഗ്രഹിക്കുന്ന അവിവാഹിതകളായ പെൺകുട്ടികളും നിത്യവും പ്രഭാതത്തിലും പ്രദോഷത്തിലും ശിവസ്മരണയോടുകൂടി' ജപിക്കേണ്ട ഒരു സ്തോത്രം ആണ് ഇത്. ഹരനും ശ്രീ. പാർവ്വതിയുടെ നാഥനും സകലഗതങ്ങളെയും സംഹരിക്കുന്നതിൽ വിദഗ്ധനും കാരുണ്യാമൃതം നിറഞ്ഞ് ആർദ്രമായ മൂന്നു തൃക്കണ്ണുള്ളവനും വൈദ്യനാഥനും സകല ദേവൻമാരുടേയും അധ്യക്ഷസ്ഥാനം വഹിക്കുന്ന മഹാദേവനും എന്നൊക്കെ വിശേഷണം നൽകിക്കൊണ്ട് ശിവനെ അവിടെ എടുത്ത് എഴുന്നള്ളിക്കുന്നു.

"ഹരേ ഗോപിനാഥാ സകലഗത സംഹാര നിപുണ" എന്ന് തുടക്കം കുറിക്കുന്ന ഈ സ്തോത്രം ദിവസവും രാവിലേയും അതുപോലെ സന്ധ്യാ സമയത്തും ജപിക്കണമെന്ന് ആവശ്യപ്പെടുന്നു. ഗവൺമെൻറിന്റെ ഔദ്യോഗിക പത്രത്തിൽ ഉള്ള കാര്യമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതാണ് ഇവിടത്തെ മതനിരപേക്ഷത. ഇവിടെ ഔദ്യോഗിക തലങ്ങളിലെല്ലാം തന്നെ ഹൈന്ദവമായ ഉൾക്കൊള്ളുന്ന ചടങ്ങുകൾ മാത്രമാണ് കാണാൻ കഴിയുന്നത്. എന്നിട്ടും പറയുന്നത് ഇവിടെ ഭൗതിക രാഷ്ട്രമാണ് ; ഇവിടെ ഒരു മതത്തിനും പ്രത്യേകം പ്രാധാന്യം നൽകപ്പെടുന്നില്ല എന്ന്. സർക്കാരിന്റെ മുഴുവൻ ചലനങ്ങളും യഥാർത്ഥത്തിൽ മതന്യൂനപക്ഷങ്ങളെ തികച്ചും അവഗണിച്ചുകൊണ്ടുള്ള

താണ്. ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ പിന്നോക്കസമുദായങ്ങൾക്ക് ഹാനികരമാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾക്കു ചെലവഴിക്കുന്നതിനു വേണ്ടി അവതരിപ്പിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുവാൻ നിർവ്വാഹമില്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഈ സാംസ്കാരിക വകുപ്പിന്റെ ചുമതല വഹിക്കുന്ന സെക്രട്ടറി ആർ.എസ്. എസ്സിന്റെ നേതാവാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എൻ. എ. മമ്മുഹാജി: അദ്ദേഹം ആർ.എസ്. എസ്സിന്റെ നേതാവ് ആണെന്ന കാര്യം ഇപ്പോൾ പ്രസിദ്ധമാണെന്ന വസ്തുത ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ നിലയിലുള്ള നീക്കത്തോട് യോജിക്കുവാൻ ഒരിക്കലും നിർവ്വാഹമില്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഇതിനെ എതിർക്കുകയാണ്.

ശ്രീ. വി. ദിനകരൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. ശ്രീ. താമരാക്ഷൻ സംസാരിച്ച അവസരത്തിൽ ഒരു കാര്യം സൂചിപ്പിച്ചു. രോഗം മൂർച്ഛിച്ച് അത്യാസന്ന നിലയിൽ കിടക്കുന്ന ഒരു രോഗിയുടെ സ്ഥിതിയാണ് ഈ ഗവൺമെൻറിന് എന്ന് അദ്ദേഹം പറയുകയുണ്ടായി. ഈ രോഗത്തെക്കുറിച്ച് വിദഗ്ദ്ധമായി പരിശോധന നടത്തിയത് ശ്രീ. രാജീവ്ഗാന്ധിയും ഇന്ദിരാഗാന്ധിയും ആണെന്നും പറയുകയുണ്ടായി. അവർ നടത്തിയ വിദഗ്ദ്ധ പരിശോധനയിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം രോഗം മൂർച്ഛിച്ചിരിക്കുന്നു എന്നു പറയുന്നത് സത്യ വിരുദ്ധമാണ്. മാത്രവുമല്ല, ഏററവും കൂടുതൽ ആരോഗ്യത്തോടുകൂടി ഏററവും കൂടുതൽ പ്രസരിപ്പോടുകൂടി മുന്നോട്ടു പോകുന്നു എന്ന് ആ റിപ്പോർട്ടിൽ വളരെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറിന് രോഗം ബാധിച്ചതല്ലെന്നു മാത്രമല്ല, ദീർഘായുസ്സുണ്ടെന്നും ഇനിയും അഞ്ചു കൊല്ലവും അഞ്ചു ദിവസവും കൂടി ഇരിക്കാനുള്ള സാഹചര്യം ഉണ്ടെന്നും ശ്രീമതി ഇന്ദിരാഗാന്ധിയുടെ വിദഗ്ദ്ധമായ പരിശോധനയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിന്റെ തെളിവല്ലേ സർ, ഇവിടെ ജോസഫും മാണിയും കരുണാകരനും ശ്രീനിവാസനും എല്ലാം ഒരുപോലെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ആർക്കും സംശയം വേണ്ട, സഭയെ തെററിദ്ധരിപ്പിക്കരുത്. ശ്രീമതി ഇന്ദിരാഗാന്ധിയും രാജീവ്ഗാന്ധിയും അങ്ങനെ പറഞ്ഞിട്ടില്ലെന്ന് വളരെ വിനയപുരസ്സരം പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഞാൻ ഇന്നത്തെ ചർച്ചയിൽ വളരെ വിശദമായി ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത് പതിമൂന്നാമത്തെ ജില്ല വരാൻ പോകുന്നതിനെ സംബന്ധിച്ചാണ്. പതിമൂന്നാമത്തെ ജില്ല വരുന്ന അവസരത്തിൽ നിലവിലുള്ള ജില്ലയെ സംബന്ധിച്ച്, ആലപ്പുഴ ജില്ലയെ സംബന്ധിച്ച് ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു കാലത്ത് തെക്കു കിഴക്കൻ വെനീസ് എന്നറിയപ്പെട്ടിരുന്ന ആലപ്പുഴ ജില്ല ഇന്ന് നമ്മുടെ ചാലക്കമ്പോളത്തിന്റെ ഗതിപോലും ഇല്ലാത്ത സ്ഥിതിയിലേക്ക് അധ:പതിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയുടെ രൂപീകരണത്തോടുകൂടി ആലപ്പുഴയുടെ ഹൃദയ ഭാഗം വെട്ടി മുറിച്ചു മാററി. ആലപ്പുഴ ജില്ലയ്ക്ക് വെള്ളക്കെട്ടുകളും മണലാരണ്യവുമുള്ള ഒരു ഹൃദയമാണ് ഇപ്പോഴുള്ളത്. അതിനൊരു മാററം വരുത്തണം. ആലപ്പുഴയിൽ നിന്ന് പ്രഗൽഭൻമാരായ രണ്ട് മന്ത്രിമാർ ഉണ്ട്. ശ്രീമാൻ വയലാർ രവിയും അതുപോലെതന്നെ ശ്രീമാൻ കെ.പി.രാമചന്ദ്രൻ നായരും. ആലപ്പുഴയുമായി നിത്യബന്ധം പുലർത്തുന്ന ശ്രീമാൻ എൻ. ശ്രീനിവാസനുമുണ്ട്. മററു

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകൾ പുരോഗമിക്കണം, പുതിയ ജില്ലകൾ ഉണ്ടാകണം, അതുപോലെതന്നെ എല്ലാ നിലയിലും അവഗണിക്കപ്പെട്ടിരുന്ന ഒരു കാലത്ത് നമുക്ക് എവർക്കും ഊററം കൊള്ളുവാൻ സാധിക്കുമായിരുന്ന ആലപ്പുഴ ജില്ലയുടെ പുനരുദ്ധാരണത്തിന് ക്രിയാത്മകമായ നടപടിയുമായി മുന്നോട്ടു വരണം എന്ന് വളരെ വിനയപുരസ്സരം ഞാൻ അറിയിക്കുകയാണ്.

സർ, ആലപ്പുഴയ്ക്ക് ഒരു തുറമുഖമുണ്ട്. തുറമുഖം എന്നുള്ള ബോർഡല്ലാതെ അവിടെ ഒന്നും നടക്കുന്നില്ല സർ. കപ്പലുകൾ വരുന്നില്ല. ആ സ്ഥിതി ഒന്നു മാററണം. വ്യവസായികളോട് ചോദിക്കുമ്പോൾ കൺടെയിനർ സിസ്ററം ഉണ്ടായെങ്കിൽ മാത്രമേ ആ തുറമുഖം വികസിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നു പറയുന്നു. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി ആലപ്പുഴയുമായി നിത്യബന്ധം പുലർത്തുന്ന ആളാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ആ കൺടെയിനർ സിസ്ററത്തോടുകൂടി ആലപ്പുഴ തുറമുഖം ഒന്നു പുനരുദ്ധരിക്കാനുള്ള ക്രിയാത്മകമായ നടപടിയുമായി മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ആലപ്പുഴയിൽ രണ്ടു പാലമുണ്ട്. പള്ളാത്തുരുത്തി, നെടുമുടി എന്നീ പാലങ്ങൾ. എത്ര വർഷമായി എന്നറിയാമോ അതിന്റെ പണി ആരംഭിച്ചിട്ട്. ഒച്ചിന്റെ വേഗത്തിലാണ് ആ പണി നടന്നുകൊണ്ടിരിക്കുന്നത്. കിഴക്കൻ മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരുപാട് സ്മരണകൾ അയവിറക്കുവാൻ പര്യാപ്തമായ രീതിയിൽ തെക്കു കിഴക്കൻ വെനീസ് എന്ന് അറിയപ്പെട്ടിരുന്ന ആലപ്പുഴയെ ഒന്നു പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി ആ രണ്ടു പാലങ്ങളുടേയും നിർമ്മാണം ഒന്നു പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതിനാവശ്യമായ പണം നൽകിക്കൊണ്ട് ആ പാലങ്ങളുടെ പണി സമയബന്ധിത പരിപാടി അനുസരിച്ച് പൂർത്തീകരിക്കാൻ ഉള്ള നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ആലപ്പുഴ-എറണാകുളം റെയിൽവേ. ആലപ്പുഴ-കായംകുളം റെയിൽവേ ലൈൻ. ആലപ്പുഴക്കാരെ സംബന്ധിച്ചിടത്തോളം ട്രെയിൻ ഒരു കാഴ്ചവസ്തുവായി മാറിയിരിക്കുന്നു. കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക വാങ്ങിയെടുത്ത് ആലപ്പുഴ-എറണാകുളം ലൈനും, ആലപ്പുഴ-കായംകുളം ലൈനും യാഥാർത്ഥ്യമാക്കിത്തീർക്കാനും അങ്ങനെ ആലപ്പുഴയെ ഒന്ന് ഓജസ്സ് ഉള്ളതാക്കിത്തീർക്കുവാൻ വേണ്ട നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു ഗവൺമെൻറ് കോളേജില്ലാത്ത ജില്ല ഏതാണെന്നു ചോദിച്ചാൽ അത് ആലപ്പുഴ ജില്ലയാണ് സർ. ചില ജില്ലകളെ കേന്ദ്രീകരിച്ച് യൂണിവേഴ്സിററി ഉണ്ടാക്കുന്നു. ആലപ്പുഴ ജില്ലയിൽ ഗവൺമെൻറിന്റെ കീഴിൽ ഒരു ആർട്സ് കോളേജോ സയൻസ് കോളേജോ ഒരു ലാ കോളേജോ ഒരു എഞ്ചിനീയറിംഗ് കോളേജോ ഒരു ട്രെയിനിംഗ് കോളേജോ ഇല്ല. എല്ലാ നിലയിലും വിദ്യാഭ്യാസപരമായി ഏററവും മുന്നോട്ടു നിൽക്കുന്ന ജില്ലയിൽ ഒരു ഗവൺമെൻറ് കോളേജ് പോലും ഇല്ലെന്ന് പറയുന്ന സ്ഥിതി വരുന്നത് വളരെ ശോചനീയമാണ്. അതുകൊണ്ട് ആലപ്പുഴ ജില്ലയിൽ ഗവൺമെൻറിന്റെ കീഴിൽ ആർട്സ് കോളേജ് ഉണ്ടാകണം, സയൻസ് കോളേജ് ഉണ്ടാകണം, ട്രെയിനിംഗ് കോളേജ് ഉണ്ടാകണം, ലാ കോളേജ് ഉണ്ടാകണം, എഞ്ചിനീയറിംഗ് കോളേജ് ഉണ്ടാകണം. മററു ജില്ലകളിൽ ഗവൺമെൻറിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുപോലെ ഈ ജില്ലയുടെ കാര്യത്തിലും അൽപ്പം താൽപ്പര്യം കാണിക്കണം എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെ ആലപ്പുഴയിലെ എ.ഇ.ഒ.ഓഫീസും താലൂക്ക് ഓഫീസും കത്തിപ്പോയി. ഇന്ന് ആ രണ്ട് ഓഫീസുകളും അനാഥമായ നിലയിൽ പ്രവർത്തിക്കുകയാണ്. അതിന് രണ്ട് പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊണ്ട് ആ രണ്ട് ഓഫീസുകളും മാന്യമായി പ്രവർത്തിപ്പിക്കുവാൻ ഉള്ള സാഹചര്യം ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ആലപ്പുഴ വ്യവസായങ്ങൾക്ക് വളരെയേറെ പ്രാധാന്യം ഉള്ള സ്ഥലമാണ്. പക്ഷേ വരുന്ന വ്യവസായങ്ങൾ മന്ദഗതിയിൽ നീങ്ങുന്നു. വ്യവസായശാലകൾ പലതും പൂട്ടിക്കൊണ്ടിരിക്കുന്നു. പല വ്യവസായ സ്ഥാപനങ്ങളും ആലപ്പുഴയെ വിട്ടൊഴിഞ്ഞു പോകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയുവാനുള്ളത് വ്യവസായ വകുപ്പുമന്ത്രി പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യമാണ്. സ്കൂട്ടേഴ്സ് കേരള പോലെയുള്ള വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മോപഡ് നിർമ്മാണത്തെ സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പിലാക്കാനുള്ള നടപടി ഗവൺമെൻറിൻെറ ഭാഗത്തു നിന്ന് ഉണ്ടാകണം.

അതുപോലെ തന്നെ സ്ററീൽ ഇൻഡസ്ട്രീസിൻെറ കാര്യത്തിൽ ആ സ്ഥാപനത്തിൻെറ പ്രവർത്തനം വളരെ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. മൊറാർജി കെമിക്കൽസ് എന്നു പറയുന്ന സ്ഥാപനം താമരാക്ഷൻെറ നിയോജകമണ്ഡലത്തിലാണ്. അത് പൂട്ടിയിടുന്ന സാഹചര്യം ഉണ്ടായി. അവിടത്തെ തൊഴിലാളികൾ സമരം ചെയ്തു. ഇപ്പോൾ ചില ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടായിട്ടുണ്ട്. അത് പ്രാവർത്തികമാക്കാനുള്ള നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ആലപ്പുഴയിൽ ഒരു റേഡിയോനിലയമുണ്ട്. അതൊരു റിലേയിംഗ് സ്റേറഷനാണ്. അതൊരു ബ്രോഡ്കാസ്ററിംഗ് സ്റേറഷനാക്കി മാററുവാനുള്ള നടപടിയുണ്ടാകണം. അതുതന്നെ മാററിക്കൊണ്ടുപോകാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു എന്ന് ചില വാർത്തകൾ പരന്നിരിക്കുന്നു. അതൊരു ബ്രോഡ്കാസ്ററിംഗ് സ്റേറഷനാക്കി മാററിക്കൊണ്ട് അത് നില നിറുത്താനുള്ള നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടാകണം.

എറണാകുളത്ത് ഇന്നുള്ള വിമാനത്താവളത്തിൻെറ അസൗകര്യം പരിഗണിച്ച് ചേർത്തല ഭാഗത്ത് തൈക്കാട്ടുശ്ശേരിയിൽ ഒരു വിമാനത്താവളം നിർമ്മിക്കണമെന്നുള്ള ശുപാർശ കേന്ദ്ര ഗവൺമെൻറിന് പോയിട്ടുണ്ട്. അത് യാഥാർത്ഥ്യമാക്കണം. നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് കൂടി താൽപ്പര്യമുള്ള കാര്യമാണ്. കാരണം അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട തൈക്കാട്ടുശ്ശേരിയിൽ സ്ഥാപിക്കാൻ വേണ്ടിയാണ് ശുപാർശ പോയിട്ടുള്ളത്. അതുകൊണ്ട് അ പ്രദേശത്ത് ആ വിമാനത്താവളം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

തോട്ടപ്പള്ളി കായംകുളം ഫിഷിംഗ് ഹാർബർ ശ്രീ. തച്ചടി പ്രഭാകരനും ശ്രീ. രമേശ് ചെന്നിത്തലയ്ക്കും ശ്രീ. വിജയരാജനുമൊക്കെ താൽപ്പര്യമുള്ള കാര്യമാണ്. എത്രയോ വർഷമായി ? തോട്ടപ്പള്ളി കായംകുളം ഫിഷിംഗ് ഹാർബറിൻെറ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

പാതിരാമണൽ ഒരു ടൂറിസ്ററ് കേന്ദ്രമാക്കി പ്രഖ്യാപിക്കാൻ പോകുന്നുവെന്ന് പറഞ്ഞു. ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കുട്ടനാടൻ പ്രദേശവും ഒരു ടൂറിസ്ററ് കേന്ദ്രമാക്കി പ്രഖ്യാപിക്കണം. നെഹ്റു ട്രോഫി വള്ളംകളി

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിലൊരിക്കലാണ് നടക്കുന്നത്. അവിടെ സ്ഥിരമായി ഒരു സ്റേറഡിയം ഉണ്ടാക്കണം. മാസംതോറും വള്ളംകളി നടത്തിക്കൊണ്ട് അവിടെ ടൂറിസ്ററുകളെ ആകർഷിക്കുവാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

കയർ മേഖലയിൽ തൊണ്ടിന്റെ ലെവി സംഭരണം സംബന്ധിച്ച് ഒരു പുന:പരിശോധന നടത്തണം. ശ്രീമാൻ തച്ചടി പ്രഭാകരനും ആനത്തലവട്ടം ആനന്ദനുമൊക്കെ കൺവീനറും ചെയർമാനുമായിട്ടുള്ള സമരസമിതി ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ രംഗത്തു വന്നിരിക്കുകയാണ്. ആ ലെവി സമ്പ്രദായം സംബന്ധിച്ച് ഒരു പുന:പരിശോധന നടത്തണം.

ചെത്തു തൊഴിലാളികളുടെ ലൈസൻസിംഗ് സമ്പ്രദായം ഇന്നൊരു വിവാദ വിഷയമായി മാറിയിരിക്കുന്നു. എല്ലാപേരേയും കൂട്ടി യോജിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത തീരുമാനമെടുത്തുകൊണ്ട് മുന്നോട്ടു പോകാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

രാഷ്ട്രീയമായി ഒരു വാക്ക് പറയാനാഗ്രഹിക്കുകയാണ്. ഇവിടെ ചിലർ സംസാരിച്ച അവസരത്തിൽ അകത്തും പുറത്തും ചെറിയ പാർട്ടികളുടെ എണ്ണം വർദ്ധിക്കുന്നു, കൊടികളുടെ എണ്ണം വർദ്ധിക്കുന്നു എന്ന് പറയാറുണ്ട്. വിഷമിച്ചിട്ട് കാര്യമൊന്നുമില്ല. ഇവിടത്തെ ഭൂമിശാസ്ത്രം അങ്ങനെയാണ്. ഇവിടത്തെ ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് അതിനുത്തരവാദികളായിട്ടുള്ളത്. ഈ രാജ്യത്തെ ഒന്നായിക്കാണാനും അതനുസരിച്ച് പ്രവർത്തിക്കാനും ഈ രാജ്യത്തെ ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകാത്ത പശ്ചാത്തലത്തിലാണ് സർ, ഇവിടെ പുതിയ പുതിയ കൊടികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആ പുതിയ പുതിയ കൊടികളെ മാററിവച്ചുകൊണ്ട് അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും കേരള നിയമസഭയിലേക്കും ഇന്ത്യൻ പാർലമെന്റിലേക്കും കടന്നുവരാൻ സാധിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് തെരഞ്ഞെടുപ്പ് വരുമ്പോൾ ഞങ്ങളുടെ സഹായം തേടുകയും തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഞങ്ങളെ തള്ളിപ്പറയുകയും ചെയ്യുന്ന ആ നടപടി നിറുത്തിവയ്ക്കണമെന്നുള്ളതാണ്. ഈ ചെറിയ ചെറിയ പാർട്ടികൾ സംസ്ഥാന നിയമസഭയിലും പാർലമെന്റിലും അതുപോലുള്ള വേദികളിലും പറഞ്ഞുവിടാൻ പര്യാപ്തമായിട്ടുള്ള ശക്തി പകർന്നു കൊടുക്കുന്നവയാണെന്നു മനസിലാക്കിക്കൊണ്ട് ഞങ്ങളെ നിലനിറുത്താനുള്ള സാധ്യത അപ്പുറത്തിരിക്കുന്നവർക്കായാലും ഇപ്പുറത്തിരിക്കുന്നവർക്കായാലും ഉണ്ട്. ചെറിയ പാർട്ടികളെ തള്ളിപ്പറയുന്നത് ശരിയല്ല. ദൈവം വിചാരിച്ചാൽ പോലും കേരളത്തിൽ ചെറിയ പാർട്ടികളെ തള്ളിപ്പറഞ്ഞുകൊണ്ട് ഭരിക്കാനാവാത്ത ഭൂമിശാസ്ത്രപരമായ സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ള വസ്തുത ഈ നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് മേലിൽ നേതാക്കൻമാർ സംസാരിക്കുമ്പോൾ ഒന്ന് സൂക്ഷിച്ച് സംസാരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. ചന്ദ്രശേഖരൻ</u> : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീമാൻ മാണി കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുവാനായി ദൈനംദിനം ഒരു പിടി നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. ഭരണകക്ഷിയിലെ ഒരു പ്രമുഖ അംഗമായ ശ്രീ. ഹസൻ ഇന്നു കാലത്ത് ബഹുമാനപ്പെട്ട മാണിയോട് നിർദ്ദേശിച്ചത് പിരിക്കാനുള്ള പണം, റെവന്യൂ ഒരു പൈസ പോലും വിട്ടുകൊടുക്കാതെ ഗവൺമെന്റ് പിരിച്ചെടുക്കണമെന്നാണ്. അത് പിരിച്ചെടുക്കാനുള്ള എല്ലാ നടപടികളും അദ്ദേഹം പിന്താങ്ങുന്ന ഗവൺമെന്റ് ചെയ്യുമെന്നാണ് പറഞ്ഞത്. സർ, 1979-ൽ ഇൻറർസ്റേററ് സെയിൽസ്ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

പിരിഞ്ഞു കിട്ടുവാനുണ്ടായിരുന്നത് രണ്ട് ഓർഡർ മുഖാന്തിരം സർക്കാർ ഉപേക്ഷിച്ചു. ഇന്നത്തെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അന്ന് പോലീസ് മന്ത്രിയായിരുന്നു. അതിനു ശേഷം സംഭവിച്ചിട്ടുള്ള കാര്യങ്ങളിലേക്ക് ഞാൻ വരാം. അക്കൗണ്ടൻറ് ജനറൽ അതിനെ ആക്ഷേപിച്ചു. വലുതായിട്ടുള്ള നഷ്ടം സംസ്ഥാനത്തിനുണ്ടാക്കി എന്നുള്ള ആക്ഷേപം വന്നു. നിയമസഭ ചെയ്യേണ്ടതായിട്ടുള്ള കാര്യമാണെന്നു പറഞ്ഞു. അതെല്ലാം നിലനിൽക്കുകയാണ്. അതെല്ലാം നിലനിൽക്കുന്ന സമയത്ത് ആ ഓർഡർ ഉപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട മാണി 12-8-1983-ന് ഇൻറർസ്റ്റേററ് സെയിൽസ്ടാക്സ് പിരിഞ്ഞു കിട്ടുവാനുള്ളത് ഉപേക്ഷിച്ചു കൊണ്ടുള്ള ഓർഡർ പാസാക്കി. ജി.ഒ.എം.എസ്. 59/83/ടാക്സസ് (ഡി) ഡിപ്പാർട്ടുമെൻറ് 12–9–'1983. വളരെ സൂത്രം ഉപയോഗിച്ചിട്ടുണ്ട്. വാക്കുകളൊക്കെ നോക്കുകയാണെങ്കിൽ എത്ര നിസ്സാരമായ സംഗതി? 1979–ൽ എന്തേ ചെയ്തത്? ആ ചെയ്തതിന് സംശയങ്ങൾ വന്നിരിക്കുന്നു. ഒരു സംശയവും ആ ഓർഡർ വായിച്ചു നോക്കിയാൽ ഇല്ല. ആ സംശയത്തിന് ഒരു ക്ലാരിഫിക്കേഷൻ കൊടുക്കണം. ചെറിയ ക്ലാരിഫിക്കേഷൻ എന്നുള്ള നിലയിൽ നേരത്തെയുള്ള ഓർഡറുകൾ പ്രകാരം ആറുകോടി രൂപ നഷ്ടപ്പെട്ടുവെന്ന് അക്കൗണ്ടൻറ് ജനറൽ ആക്ഷേപിച്ചിട്ടുണ്ട്. ഈ ക്ലാരിഫിക്കേഷൻെറ അടിസ്ഥാനത്തിൽ ഇന്ന് കണക്കാക്കപ്പെടുന്നത് ഒരു ആറുകോടി രൂപ കൂടി ഗവൺമെൻറ് ഉപേക്ഷിച്ചു എന്നുള്ളതാണ്. ഞാൻ ആ മുൻ ഓർഡറുകളിലേയ്ക്ക് ആദ്യം പോവുകയാണ്. ജി. ഒ. എം. എസ്. 43/79/ററി.ഡി. 23–3–1979 പ്രകാരം 1978 ജൂൺ ഒന്നാം തീയതിക്കു മുമ്പ് കേരളത്തിലെ റബ്ബർ പ്ലാൻററർമാരിൽ നിന്ന് നിയമപ്രകാരം പിരിച്ചെടുക്കേണ്ടതായിട്ടുള്ള, കുറെഭാഗം പിരിച്ചെടുത്തിട്ടുള്ള ഇൻറർസ്റ്റേററ് സെയിൽസ് ടാക്സ് ഗവൺമെൻറ് ഉപേക്ഷിച്ചു. ജി. ഒ. എം. എസ്.99/79/ററി.ഡി. തീയതി 7,8,9, പ്രകാരം നേരത്തെ പാസാക്കിയിട്ടുള്ള ഓർഡർ കേരളത്തിലെ പ്ലാൻറേഴ്സിനെ സംബന്ധിച്ചു മാത്രമല്ല കേരളത്തിനു പുറത്തുള്ള പ്ലാൻറേഴ്സിനെ സംബന്ധിച്ചുള്ള ഇൻറർസ്റ്റേററ് സെയിൽസ്ടാക്സും ഗവൺമെൻറ് ഉപേക്ഷിച്ചിരിക്കുന്നു എന്ന് നിർദ്ദേശിച്ചു. ഈ രണ്ട് ഓർഡറുകളും അക്കൗണ്ടൻറ് ജനറലിൻെറ പരിശോധനയ്ക്ക് വിധേയമായി. അക്കൗണ്ടൻറ് ജനറൽ, കേരള ആർ. ആർ. /ഡി.പി./921/83-84/155 തീയതി 23–8–1983 എന്ന 23-9-1983 ന് ഗവൺമെൻറിനയച്ചിട്ടുള്ള കമ്മ്യൂണിക്കേഷൻപ്രകാരം അക്കൗണ്ടൻറ് ജനറൽ പറഞ്ഞു ഈ രണ്ട് ഓർഡറുകളും തെററാണ്. ഈ രണ്ട് ഓർഡറുകളും നിയമസഭയ്ക്കു മാത്രമേ പാസാക്കാനുള്ള അധികാരമുള്ളു. നിയമസഭയുടെ സമ്മതം വേണം. എക്സിക്യൂട്ടീവ് ആക്ഷൻ കൊണ്ട് ചെയ്യാവുന്നതല്ല. അതിലും ഉപരിയായി സംസ്ഥാനത്തിൻെറ ഖജനാവിന് വലുതായിട്ടുള്ള നഷ്ടം വരുന്ന സംഗതി ചെയ്യേണ്ട ഒരു കാര്യവും കേരള അക്കൗണ്ടൻറ് ജനറലിന് മനസിലാക്കുവാൻ സാധിക്കുന്നില്ല. അക്കൗണ്ടൻറ് ജനറൽ എഴുതിയിരിക്കുകയാണ് ഈ രണ്ട് ഓർഡറുകൾ പ്രകാരം ഈ സംസ്ഥാനത്തിലെ ഗവൺമെൻറിനു വന്നിട്ടുള്ള നഷ്ടം അഞ്ച്, ആറ് കോടി രൂപയായിരിക്കും. അതുകൊണ്ട് ഇതു പാടില്ലെന്നു പറഞ്ഞു. അതിൽ അദ്ദേഹം സ്ററീൽ പ്രോഡക്ട്സിനും അയൺ പ്രോഡക്ട്സിനും ഉണ്ടായിരുന്ന ഇൻറർസ്റ്റേററ് സെയിൽസ്ടാക്സ് ഉപേക്ഷിച്ച കാര്യത്തെപ്പററിയും ആക്ഷേപിക്കുന്നുണ്ട്. 23–9–1983-ലെ കമ്മ്യൂണിക്കേഷൻ പ്രകാരം ഇതിനൊരു എക്സ്പ്ലനേഷൻ സ്റ്റേററ് ഗവൺമെൻറിൽ നിന്ന് അക്കൗണ്ടൻറ് ജനറൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനുശേഷം അദ്ദേഹത്തിന് തീരുമാനമെടുക്കാമെന്നുള്ള നിലയിൽ അതിന് കഴിയുന്നത്ര വേഗം ഗവൺമെൻറിന് പറയാനുള്ള കാര്യങ്ങൾ അക്കൗണ്ടൻറ് ജനറലിനെ അറിയിക്കണമെന്ന് അക്കൗണ്ടൻറ് ജനറൽ ആഗ്രഹിച്ചിരുന്നു. പക്ഷേ 23–9–1983 ലെ കമ്മ്യൂണിക്കേഷൻ അവിടെ



LIBRARY ARCHIVES Kerala Legislative Assembly

ഡ്രാഫ്റ്റ് ചെയ്യുന്ന സമയത്താണ് 12–9–1983- ന് ജി.ഒ.എം.എസ്. 59/83/ ററി.ഡി. പ്രകാരം ബഹുമാനപ്പെട്ട മാണി ക്ലാരിഫിക്കേഷൻ ഓർഡർ ഇറക്കിയത്.

അത് വരുന്നതിനു മുൻപുതന്നെ ഈ ക്ലാരിഫിക്കേഷൻ ഓർഡർ ആകണമെന്നുള്ള നിർബന്ധം കൊണ്ടായിരിക്കാം ഇങ്ങനെ സംഭവങ്ങൾ എല്ലാം അവിടെ നടക്കുന്നുണ്ട്' എന്ന് അറിഞ്ഞുകൊണ്ട് 12–9–1983-ൽ 11 ദിവസം മുൻപ് ഈ ഓർഡർ പാസാക്കിയത്.

12 Noon

കേരളത്തിന്റെ പുറത്തും അകത്തുമുള്ള എല്ലാ പ്ലാന്റേഴ്സിന്റേയും ഇന്റർ സ്റേററ് സെയിൽസ് ടാക്സ് മാത്രമല്ല, ആ പ്ലാന്റേഴ്സിന്റെ കീഴിലുള്ളതായിട്ടുള്ള എല്ലാ കൈവശക്കാരിൽ നിന്നും കുടിയാൻമാരിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ഇന്റർ സ്റേററ് സെയിൽസ ടാക്സ് പോലും ഗവൺമെന്റ് ഉപേക്ഷിച്ചിരിക്കുന്നു എന്നാണ് 12–9–1983-ലെ ഓർഡറിൽ പറയുന്നത്. ആദ്യത്തെ രണ്ട് ഓർഡർ പ്രകാരം അക്കൗണ്ടന്റ് ജനറൽ കണക്കാക്കിയിട്ടുള്ള നഷ്ടം അഞ്ചുറു കോടി രൂപയാണ്. എനിക്ക് കിട്ടിയിട്ടുള്ള ഇൻഫർമേഷൻ അനുസരിച്ച് ഈ ഓർഡർ പ്രകാരം അതിനേക്കാൾ കൂടുതലായിരിക്കും പിരിച്ചുകിട്ടേണ്ടതായിട്ടുള്ള സംഖ്യ ഒട്ടും കുറയാനായിട്ട് നിവൃത്തിയില്ല എന്നാണ്. വളരെയധികം ആളുകളിൽ നിന്ന് കിട്ടേണ്ടതായിട്ടുള്ള ഇന്റർ സ്റേററ് സെയിൽസ് ടാക്സ് 12–9–1933- ലെ ഓർഡറിൽ വരുന്നുണ്ട്. 12–9–1983- ലെ ആ ഓർഡർ ബോർഡ് ഓഫ് റവന്യൂവിന് അയച്ചുകൊടുത്ത് നടപ്പിലാക്കണമായിരുന്നു. ബോർഡ് ഓഫ് റവന്യൂ അത് എല്ലാ ഉദ്യോഗസ്ഥൻമാർക്കും അയച്ചു കൊടുക്കുന്നത്, ബോർഡ് ഓഫ് റവന്യൂവിന്റെ എൻഡോഴ്സ്മെന്റ് സി (1)63205/79/ഡി.എക്സ്/ഡി.ഡിസ് 1–12–1983-ലത്തെ കമ്മ്യൂണിക്കേഷൻ പ്രകാരമാണ്. സർ, 1–12–1983 ആകുമ്പോഴേക്കും 23–9–1983- ലെ അക്കൗണ്ടന്റ് ജനറലിൽ നിന്ന് ആക്ഷേപം കിട്ടിക്കഴിഞ്ഞു. മൂലമായിട്ടുള്ള 1979–ലെ രണ്ടു ഓർഡറുകളും തെററാണ്. അതുകൊണ്ട് നഷ്ടം വന്നിരിക്കുന്നു എന്ന് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആ ആക്ഷേപം വരുമ്പോൾ സാമാന്യമായിട്ടും ഒരു റീസണബിൾ ഗവൺമെന്റ്, ഒരു സെൻസിബിൾ ഗവൺമെന്റ് എന്താണ് ചെയ്യുക? 12–9–1983- ലെ ഒാർഡർ അവിടെ നിൽക്കട്ടെ, 12–9–1983–ലെ ഓർഡറിന്റെ അടിസ്ഥാനരേഖയായിട്ട് പറയുന്നത് 23–3–1979-ലെ ഓർഡർ ആണ്. 23–3–1983-ലെ ഓർഡർ തെററാണ് എന്ന് അക്കൗണ്ടന്റ് ജനറൽ വിശദീകരണം ആവശ്യപ്പെട്ടിരിക്കെ, 12-9-1983-ലത്തെ ഓർഡർ തൽക്കാലം നടപ്പിലാക്കേണ്ടതില്ല എന്ന് ബോർഡ് ഓഫ് റവന്യൂവിനെ അറിയിക്കുക എന്നതിനു പകരമായി 1–12–1983-ൽ ബോർഡ് ഓഫ് റവന്യൂ അത് എല്ലാവർക്കും അയച്ചു കൊടുക്കുന്നതായിട്ടുള്ള ഒരവസ്ഥയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. 1979-ലെ Continuation ഓർഡർ, 1983- ൽ ബഹുമാനപ്പെട്ട മാണി പാസാക്കിയപ്പോൾ കൂടുതൽ നഷ്ടം ഈ സംസ്ഥാനത്തിന് ഉണ്ടാക്കി. ഇത് അക്കൗണ്ടന്റ് ജനറലിന് ആക്ഷേപം കിട്ടിയശേഷം ബോർഡ് ഓഫ് റവന്യൂവിന് കമ്മ്യൂണിക്കേററ് ചെയ്തപ്പോൾ അക്കൗണ്ടന്റ് ജനറലിനെ പാടെ നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്തിരിക്കുകയാണ്. അതുമാത്രമല്ല 1983-ൽ ബഹുമാനപ്പെട്ട മാണി പാസാക്കിയിട്ടുള്ള ഓർഡറിന് റിട്രോസ്പെക്ടീവ് effect ഉണ്ട്. പിൻകാലപ്രാബല്യം വച്ചു കൊണ്ടാണ് ആ ഓർഡർ പാസാക്കിയത്. പിൻകാലപ്രാബല്യം കൊടുത്തിട്ടില്ല എന്നുണ്ടെങ്കിൽ ആ ഓർഡറിന് ഗുണമില്ല. ഒരു എക്സിക്യൂട്ടീവ് ഓർഡർ പബ്ലിക് ഇന്ററസ്റ്റിനെതിരായി പിൻകാലപ്രാബല്യത്തോടുകൂടി പാസാക്കുകയെന്നുള്ളത് നിയമ വിധേയമല്ല. ഈ ഓർഡർ കൊണ്ട് ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ ഏതാണ്ട് വീണ്ടും ഒരു ആറുകോടി രൂപ ഈ സംസ്ഥാനത്തിന് കിട്ടേണ്ടതാണ്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മാണി പാസാക്കിയിരിക്കുന്ന ഓർഡർ പ്രകാരം അത് ഇല്ലാതായിരിക്കുകയാണ്. ഈ ഓർഡറുകളെല്ലാം തന്നെ ക്യാൻസൽ ചെയ്യേണ്ടതാണ്. 1979-ലെ ഓർഡറും ക്യാൻസൽ ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ 1983-ൽ ബഹുമാനപ്പെട്ട ശ്രീമാൻ മാണി പാസാക്കിയ ഓർഡറും ക്യാൻസൽ ചെയ്യണം. എന്നിട്ട് അത് അക്കൗണ്ടന്റ് ജനറലിനെ അറിയിക്കണം. ഇതെല്ലാം നിങ്ങൾ ചെയ്തിരിക്കുന്നുവെന്ന്. അതിനുപകരം ഇത്തരത്തിലുള്ള സൂത്രവിദ്യ സ്വീകരിച്ചുകൊണ്ട് 1979-ൽ നടന്നതായിട്ടുള്ള ഒരു ഓർഡറിന്റെ വിശദീകരണം കൊടുക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ആ ഓർഡറിന്റെ വ്യാപ്തി വലുതായ തോതിൽ വർദ്ധിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഖജനാവ് കുറച്ചുകൊണ്ടുവരുവാനുള്ള ഒരേർപ്പാടാണ് ബഹുമാനപ്പെട്ട മാണി സ്വീകരിച്ചിട്ടുള്ളത്. കൂടുതൽ ഇൻഫർമേഷൻ ഇല്ലാത്തതുകൊണ്ട് ഞാൻ മററ് കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. പലതും കേൾക്കുന്നുണ്ട്. കേൾക്കുന്നതൊക്കെ ഈ നിയമസഭയിൽ പറയുന്നത് ശരിയല്ല. മററ് കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അത് ഏതായാലും ശരിയല്ല എന്നെനിക്ക് തോന്നിപ്പോകുകയാണ്.

എന്താവശ്യത്തിനായി ഈ 1983-ലെ ഓർഡർ പാസാക്കി. എന്ത് കൺസിഡറേഷൻ ഈ സംസ്ഥാന ഗവൺമെന്റിന് ഉണ്ടായി. എന്ത് കൺസിഡറേഷൻ ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായി എന്നുള്ള കാര്യം ഈ സഭയ്ക്കറിയേണ്ട ഉൽക്കണ്ഠയുണ്ട്. സംശയത്തിന്റെ മറവിൽ നിന്നുകൊണ്ട് പാസാക്കിയ ഈ കല്പന ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കത്തെ തകർക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട ഹസൻ ആവശ്യപ്പെട്ടതായിട്ടുള്ള റവന്യൂ പിരിവിനെ തകർക്കുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞു കൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അങ്ങേയററം എതിർക്കുന്നു.

ശ്രീ. എം. വി. മാണി : സർ, മാണിസാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പരിപൂർണ്ണമായി പിന്താങ്ങുകയാണ്. ബഹുമാന്യനായ ശ്രീ. ചന്ദ്രശേഖരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്റെ നേതാവ് ശ്രീമാൻ കെ. എം. മാണി ദുരുദ്ദേശപരമായി ചില കാര്യങ്ങൾ ചെയ്തതായി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഏതായാലും ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അതിനുതക്കതായ മറുപടി അദ്ദേഹം അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ഈ മുന്നണി ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിനാവശ്യമായ, അടുത്ത നാലുമാസത്തേക്കാവശ്യമായ തുകയാണ് ഇവിടെ ചോദിച്ചിരിക്കുന്നത്. ഈ മുന്നണി മുന്നോട്ടുപോകുമ്പോൾ, ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഈ സർക്കാരിനെ തകർക്കുന്നതിനുവേണ്ടി പ്രതിപക്ഷങ്ങൾ എല്ലാ വിധമായ ആയുധങ്ങളും എടുത്തു പ്രയോഗിക്കുകയാണ്. പക്ഷേ ഇതൊക്കെയാണെങ്കിലും ഈ ആടിന്റെ പുറകേ കുറുക്കൻ നടക്കുന്ന ഒരു പ്രതീതി ആണ് ഇന്ന് ഇവിടെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഉള്ളത്. ആടിന്റെ ചില അവയവങ്ങൾ കാണുമ്പോൾ കുറുക്കനുതോന്നും അത് പെട്ടെന്ന് വീണുകിട്ടുമെന്ന്. കുറുക്കൻ ആടുപോകുന്ന വഴിയൊക്കെ പോകും. പക്ഷേ അത് വളരെ ഉറച്ച ഒരവയവമായതുകൊണ്ട് കാണുമ്പോൾ അത് ഇങ്ങനെ ആടും അനങ്ങും എന്നു വിചാരിച്ചുകൊണ്ട് താഴെ പോരുകയൊന്നുമില്ല. അത് കുറച്ച് കിട്ടുകയൊന്നുമില്ല എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ തകർക്കാമെന്നുള്ള വ്യാമോഹം ഉണ്ടെങ്കിൽ അതങ്ങ് മനസ്സിൽ ഇരിക്കട്ടെ എന്നു മാത്രമാണ് ഈയവസരത്തിൽ എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറുവശത്ത്, പ്രതിപക്ഷമുന്നണിയെ സംബന്ധിച്ചിടത്തോളം ഇന്ന് എന്താണ് നിങ്ങളുടെ സമീപനം? നിങ്ങറം ഈ മുന്നണിയെ മറിച്ചിടുവാൻ ആലോചിക്കുന്ന അവസരത്തിൽ നിങ്ങറക്കെന്തെങ്കിലും ജനക്ഷേമകരമായ ഒരു പരിപാടി ആവിഷ്കരിക്കാൻ സാധിച്ചോ? ഇന്നലെ കോഴിക്കോട് വച്ച് ബഹുമാനപ്പെട്ട ചന്ദ്രശേഖരന്റെ പാർട്ടി സെക്രട്ടറിയായ സുരേന്ദ്രമോഹന്റെ പ്രസംഗം റേഡിയോയിൽ ഉണ്ടായിരുന്നു. മുസ്ലീം ലീഗിനെ ജനതാ മുന്നണിയിൽ ഇവർ ചേർക്കുകയില്ലയെന്ന് പറഞ്ഞു. അതുപോരാഞ്ഞിട്ട് അദ്ദേഹം ഒരുപടികൂടി കടന്നു പറഞ്ഞു. ബി. ജെ. പി. യുമായി ഞങ്ങറം ധാരണയ്ക്കു വേണ്ടി ശ്രമിക്കുകയാണെന്ന്. ബി. ജെ. പി. യുമായിട്ടുള്ള ധാരണയിൽ സഖാവ് നായനാരുടെയും, ശ്രീ. കെ. പി. പ്രഭാകരന്റെയും ശ്രീമാൻ അബ്ദുറഹിമാൻ ഹാജിയുടെയും മമ്മുഹാജിയുടെയുമൊക്കെ പാർട്ടി ചേരാൻ തീരുമാനിച്ചിരിക്കുകയാണോ എന്ന് ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്. ഇത് രാജ്യത്തിനുതന്നെ, ഇന്ത്യയുടെ ഭാവിക്ക്, ഇന്ത്യയുടെ അഖണ്ഡതയ്ക്കു തന്നെ എതിരായിരിക്കും. ഇത് ഇന്നലെ കോഴിക്കോട് ജനതാപാർട്ടിയുടെ മീററിംഗിൽ, ചന്ദ്രശേഖരന്റെ പാർട്ടിയുടെ സെക്രട്ടറി പറഞ്ഞതാണ്. വിപ്ലവം പറയുന്ന സഖാവ് നമ്പൂതിരിപ്പാടിന്റെ പാർട്ടിയൊക്കെ ഇതംഗീകരിക്കുന്നുണ്ടോ? ഇത് മുന്നോട്ടുപോകാനുള്ള ഒരു മുന്നണിയാണോ എന്ന് ഞാൻ ചോദിക്കുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ആവശ്യം ഇവിടെ പറഞ്ഞിട്ടുണ്ട്. ഞങ്ങറക്ക് ചില അഭിപ്രായവ്യത്യാസങ്ങളൊക്കെ ഉണ്ട്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം വിവിധ ആശയങ്ങളുള്ള വരാണ്. ഞങ്ങറം അതൊക്കെ പ്രകടിപ്പിക്കുകയും ചെയ്യും. ജനാധിപത്യ സ്വഭാവമുള്ള പാർട്ടികളായതുകൊണ്ട് ഞങ്ങറം അതൊക്കെ പ്രകടിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ഇത് പൊട്ടിത്തകർന്നുപോകും, ഇത് മാറിപ്പോകുമെന്നൊന്നും ആരും പ്രതീക്ഷിക്കേണ്ട. ഞങ്ങറം, സഹോദരപാർട്ടികളെ തമ്മിൽ അകററാനുള്ള പല ഒളിയമ്പുകളും നിങ്ങറം പ്രയോഗിക്കുന്നുണ്ട്. പക്ഷേ അതിലൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങറക്ക് യാതൊരു പ്രയാസവുമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം അഭിപ്രായ വ്യത്യാസങ്ങറം ദൂരീകരിച്ചുകൊണ്ട് ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളുമായി അഞ്ചുവർഷവും മുന്നോട്ടുപോകുമെന്നതിൽ യാതൊരു സംശയവുമില്ല. ഇന്നലെ ശ്രീമാൻ നമ്പൂതിരിപ്പാട് ഉദ്യോഗമണ്ഡലിൽവച്ച് ഒരു പ്രസ്താവന ചെയ്തിട്ടുണ്ട്. കോൺഗ്രസ് തന്നെ മുന്നിൽ എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കോൺഗ്രസിനെതിരായി ഒരു ബദൽസംവിധാനവും ഇല്ല എന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഒരുപടികൂടി കടന്നു പറഞ്ഞിരിക്കുന്നു സർ? 1977-ലെ പോലെയുള്ള മുന്നണി ഞങ്ങറക്ക് സാദ്ധ്യമല്ല. 1977-ലെ മുന്നണിയിൽ എന്താണ് സർ? ഞങ്ങറം ആ മുന്നണിയിൽ സംതൃപ്തരല്ല എന്നാണ് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നത്. 1977-ലെ മുന്നണിയെന്നു പറയുന്നത് ശ്രീമാൻ ബേബിജോണും, ശ്രീമാൻ കെ. പി. പ്രഭാകരനുമൊക്കെക്കൂടിയുള്ള മുന്നണിയാണ് സർ. ആ രീതിയിലുള്ള മുന്നണിയെ സംബന്ധിച്ചിടത്തോളം ശ്രീമാൻ നമ്പൂതിരിപ്പാടിന് യാതൊരുവിധമായ കോംപ്രമൈസും ഇല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അതേ രീതിയിലുള്ള മുന്നണികറം ഇനിയും ഉണ്ടാക്കുവാൻ ശ്രീമാൻ നമ്പൂതിരിപ്പാട് തയ്യാറല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ആ അർത്ഥത്തിലല്ലേ സർ നമ്മറം അതിനെ മനസ്സിലാക്കേണ്ടത്.

ആ രീതിയിൽ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഭാവിയിൽ ഈ സംസ്ഥാനത്ത് ഒരു ശക്തമായ മുന്നണിക്കു രൂപം കൊടുക്കാൻ സാധിക്കാതെ ആശയക്കുഴപ്പത്തിൽ കഴിയുകയാണ്. അങ്ങനെയുള്ള നിങ്ങറക്ക് ഈ രാജ്യത്തെ ജനങ്ങറക്കുവേണ്ടി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്ന് തെളിയിച്ചിരിക്കുകയാണ്. എന്റെ ബഹുമാനപ്പെട്ട നേതാവ് ശ്രീ. കെ. എം. മാണി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, പ്ലാന്റേഷൻ ടാക്സിനുമൊക്കെ ഇളവു കൊടുത്തുയെന്ന്. സർ, തീർച്ചയായിട്ടും കുറച്ചിട്ടുണ്ട്. ഈ സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കാൻ കഴിവുള്ള ഒരു പാർട്ടിയും അതിന്റെ നേതാവുമെന്ന നിലയിൽ കൃഷിക്കാർക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അദ്ദേഹം കഴിഞ്ഞ ആറു ബഡ്ജററുകളിലായി, പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഞാൻ അഭിമാനപൂർവ്വം അതു സ്മരിക്കുകയാണ്. ഈ രാജ്യത്ത് ആർക്കാണ് സർ, ആനുകൂല്യം കൊടുക്കാത്തത് ? ഈ ബഡ്ജററിൽതന്നെ 3,000 രൂപവരെയുള്ള കടങ്ങളുടെ മൂന്നിലൊന്ന് എഴുതിത്തള്ളുന്നതിനും പലിശ ഇളവു ചെയ്യുന്നതിനും തീരുമാനിച്ചത് ഈ സംസ്ഥാനത്തെ വൻകിടക്കാർക്കുവേണ്ടിയാണോ എന്നു ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ ഈ സംസ്ഥാനത്തു റീഹാബിലിറേറഷനുവേണ്ടി, വരൾച്ചകൊണ്ട് കൃഷിനശിച്ചിട്ടുള്ളവർക്കു ഒരു ഹെക്ടറിന് 500 രൂപ വച്ച് പലിശയില്ലാത്ത വായ്പ കൊടുക്കുന്നത് ഈ രാജ്യത്തെ വൻകിടക്കാർക്കാണോ സർ. നിങ്ങൾ പ്രതിപക്ഷത്തുനിന്ന് ആർക്കെങ്കിലും നെഞ്ചിൽ കൈവച്ചുകൊണ്ട് പറയാൻ സാധിക്കുമോ, ഇല്ലെന്ന്. ഒരു കാലത്തു പാവപ്പെട്ട കൃഷിക്കാരുടെ പറമ്പുകളിൽ കയറി മരമെണ്ണി ഏക്കർ നിശ്ചയിക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. അവിടെ ഇത്ര കുരുമുളകു ചെടിയുണ്ടെങ്കിൽ അത് ഇത്ര ഏക്കർ, അവിടെ ഇത്ര അടക്കാമരമുണ്ടെങ്കിൽ അതിത്ര ഏക്കർ അവിടെ ഇത്ര തെങ്ങു കൃഷിയുണ്ടെങ്കിൽ അത് ഇത്ര ഏക്കർ, അങ്ങനെ ഒരു ഏക്കറിനെ പത്തേക്കറായി കാണിച്ചുകൊണ്ട് ഉണ്ടാക്കുന്ന വികൃതമായ പ്ലാന്റേഷൻ ടാക്സിന് ഒരു നീതീകരണമുണ്ടോ ? അത് എടുത്തു കളഞ്ഞതു തെററായിപ്പോയോ ? ഈ രാജ്യത്തെ സാധാരണക്കാർക്കു അല്ലാതെ മററാർക്കാണ് സർ, അതുകൊണ്ട് പ്രയോജനമുള്ളത്. കഴിഞ്ഞകാലത്ത് കുറെ കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. ഈ രീതിയിൽ ഗവൺമെൻറ് അനാവശ്യമായി പാവപ്പെട്ട കർഷകരെ ഞെക്കിപ്പിഴിഞ്ഞ് നികുതി ഈടാക്കിക്കൊണ്ടിരുന്നത് കുറഞ്ഞിട്ടുണ്ടെങ്കിൽ, ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളോട് ചെയ്യുന്ന നീതിയാണത്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം നമുക്ക് അഭിമാനിക്കാം. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് ചെയ്തിരിക്കുന്ന നല്ലകാര്യങ്ങൾ താറടിച്ചു കാണിക്കുന്നതിനു വേണ്ടി നിങ്ങൾ ഈ രീതിയിൽ പാഴ്ശ്രമങ്ങൾ നടത്തുന്നതു കഷ്ടമാണെന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. സർ, ഞാൻ ചോദിക്കുകയാണ്. ശ്രീ. താമരാക്ഷൻ ഉൾപ്പെടെയുള്ള പ്രതിപക്ഷക്കാർ പ്രതിനിധാനം ചെയ്യുന്ന നമ്മുടെ കയർ മേഖല, ഞാൻ ചോദിക്കട്ടെ അതു തകർന്നടിഞ്ഞ്, സാധാരണക്കാരായ തൊഴിലാളികൾക്ക് അവരുടെ ഉല്പന്നങ്ങൾ കയററിയയ്ക്കാൻ നിവൃത്തിയില്ലാതെ, മാർക്കററുമായി കംപീററ് ചെയ്യാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ ഈ ഗവൺമെൻറ് വളരെ ധൈര്യപൂർവ്വം അവരെ സഹായിക്കാൻ മുന്നോട്ടുവന്നു. കയറിന്റെ സെയിൽസ് ടാക്സ് നിറുത്തലാക്കി. അതിനുപരിയായി കയറിന് ചായംകൊടുക്കുന്ന കെമിക്കൽസിനുള്ള നികുതിയും നിറുത്തലാക്കി. ആർക്കാണ് സർ, ഇതുകൊണ്ടൊക്കെ പ്രയോജനം കിട്ടുക ? ഈ രാജ്യത്തെ വൻകിടക്കാർക്കാണോ സർ ? വൻകിട തോട്ടമുടമകൾക്കാണോ സർ ? ഈ രീതിയിൽ ഈ ഗവൺമെൻറ് ജനക്ഷേമകരമായ നൂറുനൂറു പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഞാൻ ദീർഘമായി അതിലേയ്ക്ക് കടക്കുന്നില്ല.

സർ, കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാത്ത രീതിയിൽ കേന്ദ്ര ഗവൺമെൻറിന്റെ വിഹിതം ഈ ഗവൺമെൻറിനു വാങ്ങിയെടുക്കുവാൻ സാധിച്ചു. ഞങ്ങൾ അഭിമാനം കൊള്ളുന്നു. ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണിക്ക് കേന്ദ്രഗവൺമെൻറുമായി നല്ല

LIBRARY ARCHIVES Kerala Legislative Assembly

ബന്ധമുള്ളതുകൊണ്ടാണ് ഇതു സാധിച്ചത്. കഴിഞ്ഞമാസത്തിൽ ഉദ്ഘാടനം ചെയ്ത കാദപ്രോലാക്ടം പ്ലാൻറ്, 200 കോടി രൂപ വരെ ഇൻവെസ്റ്റുമെൻറ് വരുന്ന ആ വലിയ പ്ലാൻറ് യു. പി. യിൽ സ്ഥാപിക്കാൻ ഓർഡറായതാണ്. ശ്രീമാൻ കരുണാകരൻെറ കഴിവുകൊണ്ട്, ഐക്യജനാധിപത്യമുന്നണിയെ നയിക്കുന്ന ശ്രീമാൻ കരുണാകരൻെറ കേന്ദ്രവുമായുള്ള നല്ല ബന്ധംകൊണ്ട്, സ്വാധീനശക്തികൊണ്ട് കേരളത്തിന് അനുവദിച്ചുകിട്ടി. അതിൽ നമുക്കു അഭിമാനം കൊള്ളാം. ശ്രീ. വെങ്കിടരാമൻ ഡിഫൻസ് മിനിസ്റ്ററായിരിക്കുന്ന മദ്രാസിൽ 100 ഏക്കർ സ്ഥലം ഫ്രീയായിട്ടു കൊടുക്കാമെന്നു പറഞ്ഞിട്ടും അത് ഏഴിമലയിൽ സ്ഥാപിക്കാൻ സാധിച്ചത് ശ്രീ. കരുണാകരൻെറ കേന്ദ്രവുമായുള്ള നല്ല ബന്ധംകൊണ്ടുമാത്രമാണ്. തിരുവനന്തപുരത്തു സ്ഥാപിക്കാൻ പോകുന്ന ആയിരംകോടി രൂപയുടെ ഇൻവെസ്റ്റുമെൻറ് വരുന്ന എയർ ഫോഴ്സ് സ്റേറഷൻ ഇവിടെ സ്ഥാപിക്കാൻ സാധിക്കുന്നത് കേന്ദ്രഗവൺമെൻറുമായിട്ടുള്ള നല്ല ബന്ധംകൊണ്ടാണ്. കേരളത്തിൻെറ ചരിത്രം പരിശോധിച്ചാൽ ഇത്രമാത്രം കേന്ദ്രവിഹിതം ഈ ഗവൺമെൻറിന് ഇതിനുമുമ്പ് ഒരിക്കലും കിട്ടിയിട്ടില്ല എന്നു മനസ്സിലാക്കാം.

ഈയവസരത്തിൽ ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വളരെ പ്രശസ്തമായ രീതിയിൽ നടത്തുന്ന ഒരു സ്ഥാപനമാണ് ഇൻസ്ററിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ്. അതിൻെറ ചാർജ് മുഖ്യമന്ത്രിക്കാണെന്നാണ് എനിക്കു തോന്നുന്നത്. അവിടെ ഈയടുത്ത കാലത്തായി ഒരു വിസിററിംഗ് പ്രൊഫസർ ജോലി നോക്കിയിരുന്നു. ഐ. എ. എസ്. കാരനായിരുന്ന അദ്ദേഹം നേരത്തെ കെൽട്രോണിൽ ഉദ്യോഗസ്ഥനായിരുന്നു. അവിടെ നിന്നും രാജിവച്ചുപോയതാണ്. ഇവിടെ അദ്ദേഹം വന്നപ്പോൾ ഡൽഹി യൂണിവേഴ്സിററിയിൽ നിന്നും എം.ബി.എ.യും പി. എച്ച്. ഡിയും എടുത്തിട്ടുണ്ട് എന്നുള്ള രീതിയിലാണ് വർക്ക് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ അടുത്തകാലത്തായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നത് അദ്ദേഹത്തിന് എം. ബി. എ. യും പി. എച്ച്. ഡിയും ഡെൽഹി യൂണിവേഴ്സിററി കൊടുത്തിട്ടില്ല എന്നാണ്. അതു വളരെയധികം ഗുരുതരമായ ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഉന്നതമായ രീതിയിൽ ഉദ്യോഗസ്ഥൻമാർക്ക് ട്രെയിനിംഗ് കൊടുക്കുന്ന ഒരു സ്ഥാപനമാണിത്. ഇങ്ങനെ വ്യാജരേഖകളുമായിവന്ന് ഒരു വിസിററിംഗ് പ്രൊഫസ്സറുടെ ജോലി ചെയ്തിട്ടുണ്ടെങ്കിൽ, മുഖ്യമന്ത്രി അടിയന്തിരമായി ഈ കാര്യത്തിൽ നടപടി കൈക്കൊള്ളണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ നമ്മുടെ രാജ്യത്ത് പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം, ഈററക്ക് ടണ്ണിന് 25 രൂപയായിരുന്നു നികുതി. അത് എടുത്തു കളഞ്ഞിരിക്കുന്നു. ലക്ഷക്കണക്കിനു തൊഴിലാളികൾക്കു അതുകൊണ്ടു പ്രയോജനം കിട്ടും.

ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈററ, പനമ്പ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കു ഇന്നു റാ-മെററീരിയലായ ഈററ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. നമ്പൂതിരിപ്പാടിൻെറ കാലത്ത്, 1957-ൽ ഇൻഡ്യയിലെ കുത്തകക്കാർക്ക് വെറുതെ ഈററ കൊടുത്തുകൊണ്ടിരുന്നു. ആ രീതിയിൽ ലോംഗ്-ടേം എഗ്രിമെൻറ് വച്ചുകൊണ്ട് ഈററ കൊടുക്കുന്നതുകൊണ്ട് ഈററ വ്യവസായ മേഖലയിലെ, കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾക്ക് ഇന്ന് ആവശ്യത്തിന് ഈററ കിട്ടുന്നില്ല. അങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെൻറ് സത്വരമായി പരിഗണിക്കണം. വൻകിടക്കാരെ സംബന്ധിച്ചിടത്തോളം അവർക്കുണ്ടായിരുന്ന പരാതികളനുസരിച്ച് ഇതിൽ എന്തെങ്കിലും ഭേദഗതി വരുത്തിക്കൊണ്ട് ഈ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ഈററ കൊടുത്തുകൊണ്ട് ലക്ഷക്കണക്കിനായ തൊഴിലാളികളെ രക്ഷിക്കണം. സ്വന്തം ജോലികണ്ടെത്തുന്നതിനുള്ള ഒരു മേഖലകൂടിയാണിത്. നമ്മുടെ രാജ്യത്ത് അങ്ങോളമിങ്ങോളമുള്ള പരമ്പരാഗത വ്യവസായത്തൊഴിലാളികളുണ്ട്. അതുപോലെതന്നെ പുതുതായി ഈ മേഖലയിൽ വരാൻ സാധ്യതയുള്ള ലക്ഷക്കണക്കിനായ തൊഴിലാളികളുണ്ട്. അവർക്ക് ഇന്നു വീട്ടിലിരുന്ന് സ്വന്തമായി ജോലിചെയ്യാൻ സാധിക്കുന്ന, കേരളത്തിന്റെ പരിതഃസ്ഥിതിക്കു പററിയ ഏററവും നല്ല ഒരു വ്യവസായമാണ് സർ, ഈ പനമ്പു വ്യവസായം. ഇത് ഈ സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വ്യാപിപ്പിക്കണം. ലക്ഷക്കണക്കിന് പാവപ്പെട്ടവർക്കു ജോലി കൊടുക്കാൻ സാധിക്കും. അതിനാവശ്യം യിട്ടുള്ളത് നമ്മുടെ കാടുകളിൽ ഉണ്ടാകുന്ന ഈററ കിട്ടുകയെന്നുള്ളതാണ്. ഇന്ന് വൻകിട ഫാക്ടറികൾക്ക് ഈററ കൊടുക്കുന്ന നീണ്ടകരാറുകൾ ഉള്ളതുകൊണ്ടു വളരെയധികം ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ട്. അതുപരിഹരിക്കുന്നതിന് ഈററ പനമ്പു വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് സത്വരമായ നടപടി സ്വീകരിച്ച് മുന്നോട്ടുവരണം. കൂടുതൽ ഈററ കൊടുത്തുകൊണ്ട് ഈ രാജ്യത്തെ പരമ്പരാഗത വ്യവസായത്തെ അശ്രയിച്ചു ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്കു കൂടുതലാശ്വാസം നൽകിക്കൊണ്ട്, കൂടുതലാളുകളെ ഈ വ്യവസായത്തിലേക്ക് ആകർഷിച്ചുകൊണ്ടുവരുന്നതിന് കൂടുതൽ ഈററ കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുകയാണ്.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ നിയമസഭ മന്ദിരത്തിനു കിഴക്കെ ഗേററിൽ സത്യാഗ്രഹം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ സന്തത സഹചാരികളും സഖാക്കളുമായ മുസ്ലീം ലീഗിലെ അംഗങ്ങളും ശ്രീ. ദിനകരനുമെല്ലാം ഇന്നു വേദനയോടുകൂടി ഈ നിയമസഭയിൽ അവതരിപ്പിക്കേണ്ട ചില കാര്യങ്ങൾ ഞാൻ അവതരിപ്പിക്കുമെന്ന് അറിഞ്ഞപ്പോൾ പ്രകടിപ്പിച്ച വികാരത്തിനു കടിഞ്ഞാണിട്ടുകൊണ്ടുമാത്രമേ ഞാൻ പ്രസംഗിക്കുന്നുള്ളു. എന്റെ മനസിലെ മുഴുവൻ വികാരങ്ങളും പ്രകടിപ്പിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിയാണ് ഇന്നുള്ളത്.

ഞാൻ ആദ്യം ഞങ്ങളുടെ സ്നേഹിതൻമാരെക്കുറിച്ചുള്ള ചോദ്യത്തിനു മറുപടി പറയാം. ഇവിടെ എന്നെ നിരന്തരമായി എതിർത്തുകൊണ്ടിരിക്കുന്ന ഒരു വാചകമുണ്ട്. ആ വാചകത്തിന് ഞാൻ ആദ്യമായി മറുപടി പറയട്ടെ. നമ്മുടെ ഭരണഘടനയിലില്ലാത്ത, People's Representative Act-ൽ ഇല്ലാത്ത, ഇതുവരെ ശ്രീ. നമ്പൂതിരിപ്പാട് തൊട്ട് ഇന്ദിരാഗാന്ധി തൊട്ട് ഈ രാജ്യത്തെ എല്ലാ സൽഗുണങ്ങളുടേയും മൂർത്തീഭാവമാണെന്ന് അഭിനന്ദിക്കുന്ന ഒരു നേതാവും, എന്റെ പ്രിയങ്കരനും ജനശ്രദ്ധമുഴുവൻ ആകർഷിച്ച ജനകീയ നേതാവ് അച്യുതമേനോനാണ്. ആ അച്യുതമേനോൻ നേരെ ഡൽഹിയിൽ നിന്ന് വന്ന് ഇവിടെ മുഖ്യമന്ത്രിയായ ചരിത്രം തൊട്ട് നമ്മുടെ മുൻ മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻ തമ്പൂതിരിപ്പാട് തുടങ്ങിവച്ച വഞ്ചനതൊട്ടുള്ള വഞ്ചനകളുടെ നീണ്ട ചരിത്രമറിയാവുന്ന ഞാൻ കാലുമാറിയെന്നു പറയുന്ന ഒരു വാചകമുണ്ട്. അതു വിവരമുള്ള ആളുകൾ വിവരത്തോടുകൂടി ചെയ്യുന്നുവെങ്കിൽ അതു വിവരക്കേട് എന്നു പറയുന്ന നിങ്ങളുടെ ആ ഭാഷയെ മുഴുവൻ ഞാൻ നഖശിഖാന്തം എതിർക്കുന്നു. ഞാൻ ഒരു കാര്യം പറയട്ടെ, ഈ കഴിഞ്ഞ പ്രാവശ്യം എനിക്ക് ഒരബദ്ധം പററി. അവിശ്വാസപ്രമേയം കൊണ്ടുവന്ന സമയമായിരുന്നു. ഞാൻ നിർഭാഗ്യവശാൽ മറെറാരു ചേരിയിൽനിന്ന് വോട്ടു വാങ്ങി വന്നവനാണ്. അതൊന്നു പരിശോധിക്കാൻ എന്റെ മനഃസാക്ഷി എന്നെ പ്രേരിപ്പിച്ചു. അന്നാണ് ഞാൻ സാക്ഷാൽ നമ്പൂതിരിപ്പാടിനെ കണ്ടെത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

ആരാണ് സാക്ഷാൽ നമ്പൂതിരിപ്പാട്? ശ്രീ. കരുണാകരൻ ഒരിക്കലും ഭയപ്പെടേണ്ട. നമ്മുടെ നമ്പൂതിരിപ്പാട് ജീവിച്ചിരിക്കുന്നിടത്തോളം കാലം ഈ ഗവൺമെൻറിനു ഒരു അപകടവും വരികയില്ല എന്നുള്ളതിനെക്കുറിച്ച് അശേഷം ശങ്കിക്കേണ്ട എന്നു പറയാം. ഞാൻ രണ്ടുമൂന്നു കാര്യങ്ങൾ പറയാം. ബംഗാളിലും ത്രിപുരയിലും കേരളത്തിലും ഈ ഗവൺമെൻറ് ഉണ്ടായാൽ, ഇൻറർനാഷണലായി കേരളത്തിലെ വിപ്ളവകാരികളെന്നു പറയുന്ന നിങ്ങളുടെ പിതാക്കൻമാർ അവിടെയിരിക്കുമ്പോൾ നമ്പൂതിരിപ്പാടിനെ തിരിച്ചറിയാൻ സാധിക്കുകയില്ല എന്നുള്ളതുകൊണ്ട് തിരിച്ചിങ്ങോട്ടു മാറി. അതിന് കാല്, വയറ്, മൂക്ക് എന്നുള്ള ഭാഷ ചേർത്ത വർത്തമാനം വേണ്ട.

മറെറാരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു. പുരുഷായുസു മുഴുവൻ തൊഴിലാളികളോടൊത്ത് പ്രവർത്തിച്ചിട്ടുള്ള ഒരു തൊഴിലാളി പ്രവർത്തകനാണ് ഞാൻ. ഏനാമാവ് പെരിങ്ങോട്ടുകര നിന്ന് എസ്. എൻ. ഡി. പി. യോഗം ഉണ്ടാക്കിയ ചെത്തു തൊഴിലാളികളെ സംഘടിപ്പിച്ച് ശക്തരാക്കി അവസാനം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ കൊണ്ടുപോയി ഏല്പിച്ച ചരിത്രംതൊട്ടുള്ള ചില കടൽക്കിഴവൻമാരുടെ ചരിത്രം എനിക്കറിയാം. ഞാൻ നിറുത്തുന്നു. ഞങ്ങൾക്കുള്ള ഏക ബന്ധു ഒന്ന് മുസ്ലീം ലീഗ്, രണ്ട് ദിനകരൻ, മൂന്ന് ജനാധിപത്യ മുന്നണി. കാരണം മറുഭാഗത്തെ ചരിത്രം എന്താണെന്നറിയുന്നതുകൊണ്ട് അതിരു കവിഞ്ഞ് പ്രവേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു സൂചന തരാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സൂചന ഇതാണ്. ശ്രീ. നാരായണ ഗുരുദേവൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ മദ്യം വിഷമാണ് ചെത്തരുത്, വില്ക്കരുത്, കുടിക്കരുത് എന്നു പറഞ്ഞു. മദ്യം വിഷമാണ് എന്ന് ഇന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഏകാധിപത്യ കമ്മ്യൂണിസ്ററ് രാഷ്ട്രത്തിൽ, റഷ്യയിൽ വോഡ്ക്ക ഒരു ദേശീയ പാനീയമായി അംഗീകരിച്ചിരിക്കുന്നു. കേരളത്തിൻെറ ദേശീയപാനീയമായി ഇന്ന് അംഗീകരിക്കാവുന്നത് ഏററവും വിഷം കുറഞ്ഞ ഭക്ഷണാംശം ഉള്ളത് മദ്യം ആണ്. ആ മദ്യത്തിൻെറ നേർക്കാണ് നിശാക്ളബ്ബുകളിലിരുന്ന് ചില ഐ. എ. എസ്സ് ഉദ്യോഗസ്ഥൻമാർ താണ്ഡവനൃത്തം ചെയ്ത് എടുക്കുന്ന തീരുമാനങ്ങൾ ജനാധിപത്യമുന്നണിയുടെ ഈ ഗവൺമെൻറിൽകൂടി പ്രത്യക്ഷപ്പെടുന്നത് എങ്കിൽ പൊന്നും സൂചികൊണ്ടുപോലും കണ്ണിൽ കുത്തിയാൽ കണ്ണ് പൊട്ടും എന്നു പറഞ്ഞുകൊണ്ട് അത് നടപ്പാക്കാൻ തൊഴിൽ രംഗത്ത് പ്രവർത്തിച്ച എൻെറ ധാരണ അന്തിക്കാട് പെരിങ്ങോട്ടുകര ഭാഗത്തുനിന്ന് ഉള്ള തൊഴിലാളികളുടെ വികാരം അറിയാവുന്ന കരുണാകരൻ അറിയുന്നില്ലായെങ്കിൽ ശ്രീ. രാഘവനോടും ശ്രീ. സുധീരനോടും ശ്രീ. വിജയനോടും ഒന്നു ചോദിക്കൂ എന്താണ് സ്ഥിതിയെന്ന്? ഈ തൊഴിലാളികളുടെ വയററത്തടിക്കുന്ന ഏർപ്പാട് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ വിശ്വസിക്കുന്നത് ദേശീയ നിരയിൽ ഇന്ന് അവശേഷിക്കുന്ന ആ കണ്ണി തൊഴിലാളി വർഗ്ഗത്തിൻെറ ശത്രുവായി മാറുകയാണെങ്കിൽ മുസ്ലീംലീഗല്ല എൻെറ ഏററവും അടുത്ത ബന്ധുവും എൻെറ സർവ്വസ്വവുമായ എൻെറ അച്ഛൻ വീണ്ടും ജനിച്ചുവന്ന് എന്നോടാവശ്യപ്പെട്ടാൽ എൻെറ ശവശരീരത്തിൽക്കൂടിയല്ലാതെ ഈ കടൽക്കിഴവൻമാർ മുഴുവൻ ഒന്നിച്ച് നിന്ന് എതിർത്താലും ഇത് നടപ്പാക്കാൻ ഞാൻ അനുവദിക്കുകയില്ല എന്ന് അസന്നിഗ്ധമായി ഈ നിയമസഭയുടെ അകത്തു നിന്നുകൊണ്ട് ഉറക്കെ പറയാൻ എനിക്ക് അശേഷം മടിയില്ല. തൊഴിലാളി വർഗ്ഗത്തെ വഞ്ചിക്കുന്ന ഏർപ്പാടാണിത്. ഗുരുദേവൻ എന്താണ് പറഞ്ഞത്? ചെത്തരുത്, വില്ക്കരുത്, കുടിക്കരുത് എന്നാണ്. ഇന്ന് എന്താണ് പറയുന്നത്? നിശാക്ളബ്ബുകളിൽ വൈകുന്നേരം കുറെ ഐ. എ. എസ്. ആഫീസർമാർ ഇരുന്ന് കുടിച്ച് ലക്കില്ലാതെ, ബോധമില്ലാതെ ആ കടൽക്കിഴവൻമാർ ചിലത് നിശ്ചയിക്കുന്നു. ഞങ്ങളുടെ പൂർവ്വികൻമാർ

LIBRARY ARCHIVES Kerala Legislative Assembly

ചെത്തിയിരുന്നു, ഇന്ന് ഞങ്ങളുടെ ആളുകൾ ചെത്തുന്നു. ചെത്തിവിററ് അവൻെറ ഭാര്യയെ വ്യഭിചരിക്കാനുള്ള സൗകര്യം ഉണ്ടാക്കുന്നവൻ ആരായാലും അവനെ റോഡിൽ പിടിച്ചു നിറുത്തി അവൻെറ മൂക്കിന് നേരെ ഇടിക്കുമെന്ന കാര്യത്തിൽ അശേഷം ശങ്ക ഞങ്ങൾക്കില്ല. ആ സമയത്ത് കമ്മ്യൂണിസ്ററുകാർ യോജിച്ചുനിന്ന് എതിർക്കുന്നുവോ എന്ന് ഞങ്ങൾ നോക്കാൻ കൂട്ടാക്കുകയില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ ഞാൻ ഇവിടെ അവതരിപ്പക്കുന്നതിൻെറ ശാശ്വതമായ ശത്രു ഇവിടെ ഇല്ലല്ലോ എന്ന് ധരിച്ചിട്ടാണ്. പോലീസുകാർ ഉപദ്രവിച്ച കാര്യമൊന്നും ഞാൻ ഇവിടെ വളരെ പ്രസക്തമായി പറയുന്നില്ല. എങ്കിലും അത് വളരെ നിർഭാഗ്യകരമായിപ്പോയി. ഞാൻ ഇന്നലെ എസ്. എൻ. ഡി. പി. യോഗം പ്രസിഡൻറിനെ കാണാൻ വേണാട്ടിൽ പോയി. എൻെറ അവകാശമാണ്, എൻെറ സർവ്വസ്വവുമാണ്. എസ്. എൻ. ഡി. പി. പ്രസിഡൻറിൻെറ വീട്ടിൽ സംസാരിക്കാൻ ചെന്നിരുന്നപ്പോൾ സമരക്കാരാണ് എന്ന് പറഞ്ഞ്; ഡി. വൈ. എസ്. പി. റാങ്ക് തൊട്ട് സബ് ഇൻസ്പെക്ടർവരെ തലയിൽ കെട്ടുംകെട്ടി കുറെ ആളുകൾ അവിടെ നിന്നു. ഞങ്ങൾക്ക് രഹസ്യമൊന്നും പറയാനില്ല. ഇന്നലെ എസ്. എൻ. ഡി. പി. യോഗം നേതൃത്വവും ഈ ജനാധിപത്യമുന്നണിയുടെ നേതൃത്വവും കൂടി എടുത്ത തീരുമാനം എന്താണെന്ന് ചോദിച്ചാൽ ഞങ്ങളോട് ഇന്നത് ചെയ്യണമെന്ന് ആജ്ഞാപിച്ചാൽ, എസ്. എൻ. ഡി. പി. യോഗം പ്രസിഡൻറ് നാളെ കടലിൽ ചാടാൻ ആജ്ഞാപിച്ചാൽ ഞങ്ങൾ കടലിൽ ചാടും. ഈ ഗവൺമെൻറിനെ നില നിർത്താൻ പറഞ്ഞാൽ ഞങ്ങൾ നില നിർത്തും. ഞങ്ങൾ അതിനെ കാത്തു സൂക്ഷിക്കും. മററ് മാർഗ്ഗങ്ങൾ ഇല്ലാത്തത് കൊണ്ട് ഇങ്ങേഭാഗത്തെ ഏററവും വലിയ അപകടം, കമ്മ്യൂണിസ്ററ് വിപത്ത് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് ജീവിച്ച രിക്കുന്നിടത്തോളം കാലം ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാൻ സാധിക്കുകയില്ലായെന്ന് ഞങ്ങൾക്ക് അറിയാം. ഇങ്ങേഭാഗത്തേക്ക് കടന്നാൽ ഈ ഗവൺമെൻറ് ഉണ്ടാക്കുന്നതിന് ഇൻഡ്യയിൽ ഖ്യാതി നേടി ജനങ്ങളെ സംഘടിപ്പിച്ച് ജനകീയ നേതാവാണ് ശ്രീ. കരുണാകരൻ ഇന്ന്. ആ കരുണാകരൻെറ പാർട്ടിക്കകത്തെ സ്ഥിതി എന്താണ് ?

ചെറിയ ചെറിയ പാർട്ടികൾ വേണ്ട എന്നാണ് രാജീവ് ഗാന്ധി പറയുന്നത്. അതു പറയുമ്പോൾ എന്തുണ്ടാകും. പി. എസ്. പി.—പാവം—സുന്ദരം സ്വാമി വട്ടത്തിലാകും. ആർ. എസ്. പി. പാവം ഞങ്ങളുടെ മറേറ മന്ത്രി വട്ടത്തിലാകും. ദേശീയ ആർ. എസ്. പി., പി. എസ്. പി., അവസാനം ജനത ഇത്തരം കക്ഷികൾ ഒന്നിച്ച് ഇല്ലാതാകും. നല്ലതാണ്. കരുണാകരനെ ക്കുറിച്ച് ഈ രാജ്യത്തെ ചരിത്രം അറിയാവുന്ന ജനങ്ങൾക്ക് അറിയാം. കോൺഗ്രസ്സിനെ കാത്തു സൂക്ഷിക്കുന്നതിനു വളർത്തുന്നതിന് എന്തും ചെയ്യുന്ന ആളാണ് കരുണാകരൻ. അത് കരുണാകരൻെറ ചുമതലയാണ്. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം ചില ചുമതലകൾ ഉണ്ട്. ഈ രാജ്യത്തെ ജനവിഭാഗങ്ങളെ കൂട്ടിയിണക്കി ഒന്നിച്ചു നിറുത്തിക്കൊണ്ട്, ജനകീയ ആവശ്യങ്ങൾ നേടിയെടുക്കാൻ യത്നിക്കുക എന്നുള്ളത്. അതാണ് ഇന്ന് കേരളത്തിൻെറ എല്ലാ സ്ഥലങ്ങളിലും നടക്കുന്നത്. അതിൻെറ ഫലമായിട്ട് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം എന്ന ആവശ്യം കോൺഗ്രസിൻെറ പാർലമെൻററി പാർട്ടി സെക്രട്ടറി സഹിതം ഒന്നിച്ചുനിന്നുകൊണ്ട് ആവശ്യപ്പെടുകയാണ്. ഞങ്ങളെ ഏകരായി നിന്ന് എതിർക്കുന്നത് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയാണ്. മററു കക്ഷികൾ അല്ല. ഞങ്ങൾ ഒന്നിച്ച് നിൽക്കും. ഈ രാജ്യത്തെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾ ഒന്നിച്ചു നിൽക്കും. ലീഗും, നാടാരും, ആദിവാസികളും ഹരിജനങ്ങളും പണിയെടുക്കുന്ന



LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളും ഒന്നിച്ചു നിൽക്കും. ഞങ്ങൾ യോജിച്ച് ഒന്നിച്ച് നിന്ന് ശക്തരാകും. നിങ്ങൾ ആകുന്ന വിപത്തിനെതിരെ, നമ്പൂതിരിപ്പാടാകുന്ന വിപത്തിനെതിരേ, ജാതിമേധാവിത്വമാകുന്ന വിപത്തിനെതിരെ പടപൊരുതാൻ ശക്തിയുള്ളവരാണ്. ഈ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ പരിപൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഒരു അന്വേഷണം നടത്തണം മുസ്ലീം ലീഗ് ഒരു അലീബി മാത്രമാണെന്നാണ് തോന്നുന്നത്.

ശ്രീ. എം. വി. രാഘവൻ : ഇപ്പോൾ മുസ്ലീം ലീഗാണ് ചാക്കിട്ടുപിടിച്ചത് എന്നാണ് പറയുന്നത്, എത്രയാണ് കൂലി ?

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഞാൻ പ്രസംഗിക്കുന്നില്ല. പാലായിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള "മലയാളം ബൈബിളിലെ" മത്തായിയുടെ സുവിശേഷ ഭാഗങ്ങളിലൂടെ മാത്രം മാണി സാറിന്റെ വോട്ട് ഓൺ അക്കൗണ്ടിനെയും ഈ സർക്കാരിനേയും മൂന്നു മിനിട്ടുകൊണ്ട് വിലയിരുത്തുകയാണ്.

കേരളത്തിലെ ജനങ്ങളോടും പ്രതിപക്ഷത്തോടുമെന്ന പോലെ "യേശു ജനക്കൂട്ടത്തോടും ശിഷ്യൻമാരോടും പറഞ്ഞു. വേദജ്ഞരും ഫരിസേയരും മോശയുടെ പീഠത്തിലിരിക്കുന്നു. അതുകൊണ്ട് അവർ നിങ്ങളോട് പറയുന്നവ ശ്രദ്ധിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുക. പക്ഷേ അവർ ചെയ്യുന്നത് നിങ്ങൾ പ്രമാണമാക്കരുത . കാരണം അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല. അവർ ദുർവഹമായ ചുമടുകൾ കെട്ടുന്നു, അവ മനുഷ്യരുടെ ചുമലിൽ വെയ്ക്കുന്നു. എന്നാൽ തങ്ങളുടെ വിരൽകൊണ്ടുപോലും സഹായിക്കാൻ അവർ ഒരുക്കമല്ല. അവർ ചെയ്യുന്നതെല്ലാം മനുഷ്യരെ കാണിക്കാൻവേണ്ടിയാണ്. അവർ തിരുവചനങ്ങളെഴുതിയ നെററിപ്പട്ടങ്ങൾക്ക് വീതി കൂട്ടുന്നു. മേലങ്കിയിലെ തൊങ്ങലുകൾക്ക് നീളം കൂട്ടുന്നു, അവർ വിരുന്നുകളിൽ മുഖ്യസ്ഥാനവും സുനഗോഗുകളിൽ ഏററവും മികച്ച ഇരിപ്പിടവും ചന്ത സ്ഥലങ്ങളിൽ അഭിവാദനവും മനുഷ്യരിൽനിന്ന് "ഗുരോ" എന്ന സംബോധനയും മോഹിക്കുന്നു.

അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുന്നു, അതിനൊരു മറയായി ദീർഘനേരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവർ കൂടുതൽ കഠിനമായി ശിക്ഷിക്കപ്പെടും."

കേരളത്തിലെ മന്ത്രിമാരോടെന്നവിധം യേശു വീണ്ടും :—"വേദജ്ഞരെ, ഫരിസേയരെ, കപടനാട്യക്കാരായ നിങ്ങൾക്ക് ദുരിതം ! തുളസി, ചതകുപ്പ, ജീരകം ഇവയുടെ ദശാംശം നിങ്ങൾ കൊടുക്കുന്നു. പക്ഷേ നിയമത്തിലെ കൂടുതൽ കനപ്പെട്ട കാര്യങ്ങളായ നീതി, കരുണ, വിശ്വാസം എന്നിവയെ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണ്, മററുള്ളവയെ അവഗണിക്കാതെ തന്നെ നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. അന്ധരായ വഴികാട്ടികളെ, നിങ്ങൾ കൊതുകിനെ അരിച്ചു നീക്കുന്നു ; ഒട്ടകത്തെ വിഴുങ്ങുന്നു, നിങ്ങൾ ചഷകങ്ങളുടേയും തളികകളുടേയും പുറം വൃത്തിയാക്കുന്നു, എന്നാൽ അവയുടെ അകം പൊള്ളയും അത്യാർത്തിയും കൊണ്ട് നിറഞ്ഞിരിക്കുന്നു. അന്ധനായ ഫരിസേയ, ആദ്യം ചഷകങ്ങളുടേയും തളികകളുടേയും അകം വൃത്തിയാക്കുക. അപ്പോൾ അവയുടെ പുറം വൃത്തിയായികൊള്ളും. നിങ്ങൾ വെള്ള പൂശിയ ശവക്കല്ലറകൾക്ക് തുല്യരാണ്. അവ പുറമെ മനോഹരമായി കാണപ്പെടുന്നു ; എന്നാൽ അവക്ക് ഉള്ളിൽ മരിച്ചവരുടെ എല്ലുകളും സർവ്വവിധ മാലിന്യങ്ങളും നിറഞ്ഞിരിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർക്ക് നിങ്ങളും പുറമെ നീതിമാൻമാരായ

LIBRARY ARCHIVES Kerala Legislative Assembly

കാണപ്പെടുന്നു. എന്നാൽ നിങ്ങളുടെ ഉള്ളിൽ കാപട്യവും അപരാധവും നിറഞ്ഞിരിക്കുന്നു. നിങ്ങൾ പ്രവാചകർക്ക് ശവക്കല്ലറകൾ നിർമ്മിക്കുന്നു, അങ്ങനെ പ്രവാചകരെ വധിച്ചവരുടെ സന്താനങ്ങളാണ് നിങ്ങളെന്ന് നിങ്ങൾക്കെതിരെ നിങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. സർപ്പങ്ങളെ, അണലി സന്തതികളെ, നരകശിക്ഷയിൽ നിന്ന് നിങ്ങൾ എങ്ങനെ രക്ഷപ്പെടും ? നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലിടും. ജനക്കൂട്ടമെ ; വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളു അവർ ആടിന്റെ വേഷത്തിൽ നിങ്ങളെ സമീപിക്കും. എന്നാൽ അവർ അകത്ത് ദുര നിറഞ്ഞ ചെന്നായ്ക്കളാണ്. ഫലങ്ങൾകൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം. മുൾച്ചെടിയിൽ നിന്ന് മുന്തിരിപ്പഴമോ, ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴമോ ശേഖരിക്കാറുണ്ടോ ? അതേ നല്ല വൃക്ഷങ്ങളിൽ നല്ല ഫലമുണ്ടാകും. ചീത്ത വൃക്ഷങ്ങളിൽ ചീത്ത ഫലവും. നല്ല വൃക്ഷം ചീത്ത ഫലവും, ചീത്ത വൃക്ഷം നല്ല ഫലവും കായ്ക്കുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലിടും. അപ്രകാരം അവരേയും നിങ്ങൾക്ക് ഫലംകൊണ്ട് തിരിച്ചറിയാം ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

ശ്രീ. സിറിയക് ജോൺ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ധനകാര്യമന്ത്രി മാണി ഒരു നല്ല ചെപ്പടി വിദ്യാക്കാരനാണ്. ചെപ്പടിവിദ്യക്ക് അവാർഡ് കൊടുക്കുന്ന കാര്യത്തിൽ ഈ സഭ ഏകകണ്ഠമായി ശ്രീ. മാണിയുടെ പേര് നിർദ്ദേശിക്കണം എന്നാണ് എന്റെ അഭിപ്രായം. കൃഷിക്കാരുടെ പേരിൽ ഒരുപാട് ആനുകൂല്യങ്ങൾ ശ്രീ മാണി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് പെരുമ്പറയടിച്ചു. വരൾച്ച ബാധിച്ച കൃഷിക്ക് ഏക്കറൊന്നിന് 500 രൂപ വച്ച് കൊടുക്കണമെന്ന് ഇവിടെ പറഞ്ഞു. ഇത് ഈ സംസ്ഥാനത്തെ ആർക്കെങ്കിലും കിട്ടുമോ ? വരൾച്ച ബാധിച്ച കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ചില നിർവചനങ്ങളുണ്ട്. ഇതിനെ സംബന്ധിച്ച് ചില മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങൾവച്ച് നോക്കുമ്പോൾ ഈ രാജ്യത്തെ ഒററ കൃഷിക്കാരനുപോലും ഈ ആനുകൂല്യം കിട്ടുകയില്ല. അങ്ങനെയാണെങ്കിൽ ആ മാനദണ്ഡങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാണോ എന്ന് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുമോ. എങ്ങനെയാണ് കഴിഞ്ഞ വർഷത്തെ കടങ്ങൾ കൃഷിക്കാർ ഇക്കൊല്ലം തിരിച്ച് അടക്കുന്നത്. കഴിഞ്ഞ വർഷം കൃഷി മുഴുവൻ വരൾച്ചകൊണ്ട് നഷ്ടപ്പെട്ടു. ആ നഷ്ടപ്പെട്ട കർഷകന്റെ കാർഷിക പുനരുദ്ധാരണത്തിൽ ചില പദ്ധതികൾ ഗവൺമെന്റ് ഉണ്ടാക്കി. 603 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ബഹുമാനപ്പെട്ട മാണി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ അതിനെപ്പററി ഒരു വാക്കുപോലും പറഞ്ഞില്ല. കേന്ദ്രത്തിൽ നിന്ന് ഒരു നയാപൈസപോലും ഇന്നോളം കൃഷിക്കാരനെ സഹായിക്കാൻ ലഭിച്ചില്ല. ആ കാർഷിക പുനരുദ്ധാരണ നടപടിയൊന്നും ചെയ്യാൻ സാധിക്കാത്ത പരിതഃസ്ഥിതിയിൽ ഈ കടങ്ങൾ അവർ എങ്ങനെ തിരിച്ചടയ്ക്കാനാണ്. 1984 ജൂണിൽ ഇവിടെയുള്ള ഒരു കർഷകനും ഒരു കടവും തിരിച്ചടയ്ക്കാൻ സാധിക്കുകയില്ല. പക്ഷേ മാണിയുടെ വാചാലമായ പ്രഖ്യാപനം കൃഷിക്കാർക്ക് ഒക്കെ ഈ കടവും പലിശ സബ്സിഡി 50 ശതമാനം ഇളവ് എന്നൊക്കെയാണ്. 500 രൂപയല്ല 50,000 രൂപ വരെ ഇളവ് പ്രഖ്യാപിച്ചു കൂടേ. ആർക്കും ഇവിടെ ഇളവ് കൊടുക്കേണ്ടി വരുകയില്ല എന്ന് മാണിക്കും ഈ രാജ്യത്തിലെ മുഴുവൻ ആളുകൾക്കും അറിയാം. കടലാസിലെ പശു പുല്ല് തിന്നുമോ ? അതുതന്നെയാണ് മാണിയും ചെയ്തിരിക്കുന്നത്. പി. ജെ. ജോസഫിനെ അവിടെ കാണുന്നില്ല. ഡോക്ടർ കെ. സി. ജോസഫ് ഉണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പട്ടയത്തിന്റെ കാര്യം പറഞ്ഞു. ഇതിന്റെ പേരിലുണ്ടായ ആ കൊടുങ്കാററ് കെട്ടടങ്ങിയോ. കേന്ദ്രഗവൺമെൻറ് പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച് ന ക്കറിയാ മാത്യൂവിനോട് ചില കാരണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ഇവിടെ പുതിയതായിട്ട് എന്തുണ്ട്. പാവപ്പെട്ട കർഷകർ വർഷങ്ങൾക്ക് മുൻപ് അവിടെ കുടിയേറി പാർത്തതാണ്. അത് ഒരുപക്ഷേ അന്ന് വനഭൂമിയായിരിക്കും, വനഭൂമി മാത്രമല്ല എം. പി. എഫ്. ആക്ടിന്റെ പരിധിയിൽ പെട്ടിരുന്ന സ്ഥലങ്ങൾ കെ. എൽ. ആർ. ആക്ടിന്റെ പരിധിയിൽ വരുന്നില്ല. അത് സംബന്ധിച്ച് പറയുമ്പോൾ ഇതൊക്കെ വളരെ മുൻപ് മുതലേ കൈവശംവച്ച് കൃഷി ചെയ്യുന്നവരാണ്. അവർക്ക് പട്ടയം കൊടുക്കേണ്ടതാണ്. അതിന് ഈ രാജ്യത്ത് ആരും തടസ്സമല്ല. ഒരു നിയമവും തടസ്സമുണ്ടാക്കാൻ പാടില്ല. ജോസഫിന് പട്ടയം കൊടുക്കാൻ വ്യഗ്രതയുള്ളത് ഇടുക്കി ജില്ലയിലെ ഏലത്തോട്ടക്കാരുടെ പട്ടയത്തിന്റെ കാര്യത്തിലാണെന്നാണ് ഇടുക്കിയിലുള്ളവർ പറയുന്നത്. അവിടെയുള്ള പാവപ്പെട്ട കൃഷിക്കാരന് പട്ടയം കൊടുക്കുന്ന കാര്യത്തിൽ ജോസഫിന് അല്പം പോലും ആത്മാർത്ഥതയില്ല എന്നുള്ള പരാതിയുമുണ്ട്. ഏതായാലും ഇപ്പോൾ തൽക്കാലം ജോസഫിന്റെ മുഖം രക്ഷപ്പെട്ടിരിക്കുന്നു. പത്രങ്ങളിലൂടെ വലിയ വാർത്തകൾ വന്നതോടുകൂടി ജോസഫ് ഈ രംഗത്തെടുത്ത ഒരു സമീപനത്തിന്റെ ഫലമായിട്ട് കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ കേന്ദ്രഗവൺമെൻറ് അനുഭാവപൂർണ്ണമായ ഒരു നിലപാടിലേക്ക് വന്നിരിക്കുന്നു എന്ന് തൽക്കാലം പറഞ്ഞു നിൽക്കാം. ജോസഫിന് അത്രകൊണ്ടു മതിയെങ്കിൽ "പിള്ളേളർക്കിതു മതി" എന്നു പറയാറുള്ളതുപോലെ ജോസഫിന് ഇതുമതിയെന്നാണെങ്കിൽ ജോസഫിന് സമാധാനിക്കാം. അതിനെപ്പററി കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഒരു കാര്യം തീർച്ചയാണ്. മലമ്പ്രദേശത്ത് കഠിനാദ്ധ്വാനം ചെയ്യുന്ന, എല്ലാ വെല്ലുവിളികളേയും നേരിട്ടുകൊണ്ട് അവിടെ പ്രവർത്തിക്കുന്ന കർഷകനെ എന്ത് നിയമത്തിന്റെ പേരിലായാലും ശരി ഒഴിവാക്കാൻ പാടില്ല. അതിന് ഈ ഗവൺമെൻറ് മുൻകൈയെടുത്താൽ, ഒരു ചെറുവിരൽ അനക്കിയാൽ ഒരു സംശയവും വേണ്ട, അവരെ സംരക്ഷിക്കുന്നതിന് വേണ്ടി ജീവനൊടുക്കാൻ ഇവിടെ ഞങ്ങളെപ്പോലുള്ളവർ ഉണ്ടാകുമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ കർഷകനെ കുടിയൊഴിപ്പിക്കാൻ നടപടി സ്വീകരിച്ച അവസരത്തിൽ അവിടെ പോയി മാറു കാണിച്ചുകൊടുത്തത് ഞങ്ങളെപ്പോലുള്ളവരാണ്. കാസർകോഡ് മുതൽ തിരുവനന്തപുരംവരെയുള്ളവർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി അന്ന് ഗവൺമെൻറിന്റെ ശ്രദ്ധ തിരിച്ചുവിടാൻവേണ്ടി ജാഥ നടത്തിയത് ഞങ്ങളാണ്. അതിന് ആരും കുത്തക അവകാശപ്പെടേണ്ട. ഇപ്പോൾ റവന്യൂ മന്ത്രി എന്തിനാണ് ഇവിടെയിരിക്കുന്നത്. റവന്യൂ മന്ത്രിക്കുള്ള അധികാരം പൂർണ്ണമായി മററ് ചിലർ കൈയടക്കിവച്ചിരിക്കുന്നു. റവന്യൂ മന്ത്രിക്ക് സ്റേറ കൊടുക്കാൻ അധികാരമില്ല, ബന്ധപ്പെട്ട മന്ത്രി അനുവദിച്ചെങ്കിൽ മാത്രം അത് കൊടുക്കാം. എന്തൊരു ദയനീയമായ സ്ഥിതിയാണ്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഇവിടെ ഇതാണ് നടക്കുന്നത്.

എനിക്ക് ജോർജിനോട് ഒരു കാര്യം ചോദിക്കാനുണ്ട്. വണ്ണപ്പുറത്തെ കുടിയിറക്കിന്റെ പ്രശ്നം വന്നപ്പോൾ, നൂറുദ്ദീൻ എല്ലാവരേയും കുടിയിറക്കാൻ തീരുമാനിച്ചു. ജോർജും, ജോസഫും അവിടെ പോയി. ഇപ്പോൾ അവരെ കുടിയിറക്കുമോ കുടിയിറക്കുന്നതിനെക്കുറിച്ച് നൂറുദ്ദീന്റെ നിലപാട് എന്താണ്? അഭിമാനമുണ്ടെങ്കിൽ, ആത്മാർത്ഥതയുണ്ടെങ്കിൽ അത് നൂറുദ്ദീൻ വ്യക്തമാക്കണം. അവിടുത്തെ വനം സംരക്ഷിക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള നൂറുദ്ദീന്റെ ആത്മാർത്ഥത ഇവിടെയാണ് പരീക്ഷിക്കപ്പെടേണ്ടത്. ഞാൻ അതൊക്കെ വിശദീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇതൊക്കെയല്ലേ നടക്കുന്നുള്ളു. കേരളത്തിൽ ആയതുകൊണ്ട് ഇത്രയുമേ നടക്കുന്നുള്ളു. കേരളത്തിലെ ജനങ്ങൾ കണ്ണിൽ എണ്ണയൊഴിച്ച് നോക്കി നിൽക്കുന്നവരായതുകൊണ്ടാണ് കൂടുതൽ ഒന്നും നടക്കാത്തത്. മഹാരാഷ്ട്രയിൽ ഒക്കെ നടക്കുന്നത് വച്ച് നോക്കുമ്പോൾ കേരളത്തിൽ എന്തുമാത്രം ആശ്വാസം. നമുക്ക് എന്തുമാത്രം സമാധാനത്തിന് വഴിയുണ്ട്. എല്ലാ കുംഭകോണവും നടത്തി കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടത്തി തട്ടിപ്പ് നടത്തിയ മുൻമുഖ്യമന്ത്രി ആന്തുലേയെ സംരക്ഷിക്കാൻ അവിടെ നിയമം ഭേദഗതി ചെയ്യാൻ കോൺഗ്രസ് (ഐ) യുടെ ഹൈക്കമാൻഡ് അവിടുത്തെ പ്രാദേശിക നിയമസഭാകക്ഷിക്ക് ആദ്യം നിർദ്ദേശം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തു. പിന്നെ അത് തിരിച്ചുകൊടുത്തു. ഇപ്പോൾ അവിടെ കോൺഗ്രസ് പാർട്ടിക്ക് വീണ്ടും നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഗവണ്മെന്റിന്റെ ചെലവ് സംബന്ധിച്ച് കൃത്രിമക്കാരെ സംരക്ഷിക്കുവാനും തട്ടിപ്പുകാരനെ സംരക്ഷിക്കുവാനും ഉന്നത നിലവാരമുള്ള ഒരു വക്കീലിനെ വച്ചിരിക്കുകയാണ്. ഇതാണ് കോൺഗ്രസ് (ഐ) യുടെ ധിക്കാരം. ഇതാണ് ഈ രാജ്യത്ത് നീതി നടത്തുന്നതിനെ സംബന്ധിച്ചുള്ള നിലവാരം. ഇങ്ങനെയുള്ള കോൺഗ്രസ്(ഐ) യുടെ നേതാവ് കരുണാകരൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ചെപ്പടി വിദ്യകളല്ലാതെ ആത്മാർത്ഥമായ യാതൊരു സമീപനവും ഉണ്ടാകുകയില്ല. അതുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്.

ശ്രീ. പി. സീതിഹാജി : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അടുത്ത നാല് മാസക്കാലത്തേയ്ക്കു ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കും വേണ്ടി അവതരിപ്പിച്ചിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. എന്റെ പ്രസംഗം തുടങ്ങുന്നതിനുമുമ്പ് ശ്രീ. സിറിയക്ക് ജോണിനോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാനം നിസ്ക്കാര തഴമ്പും ചന്ദനത്തിരിയും കുരിശും ഒന്നിച്ച് ഘോഷയാത്ര നടത്തുന്ന സംസ്ഥാനമാണ്. കഴിഞ്ഞ ആഴ്ച അദ്ദേഹം കമ്പനപ്പാറയിൽ കുററ്യാനി കോൺഗ്രസ്സിന്റെ കൺവെൻഷന് എന്നു പറഞ്ഞുകൊണ്ടാണ് പോയത്. അവിടത്തെ കൃസ്ത്യൻ സഹോദരൻമാരെ അദ്ദേഹം വിളിച്ചുകൂട്ടി കുട്ടിമോൻഹാജി എന്ന ആളിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം കൃസ്ത്യാനികളെക്കൊണ്ട് കൈയേറുന്നതിന് പരിശ്രമിക്കുകയും തക്ക സമയത്ത് അവിടത്തെ ആളുകൾ ഇടപെട്ടതിന്റെ പേരിൽ കൈയേറാൻ കഴിയാതെ വരികയും ചെയ്തു. അദ്ദേഹം കോഴിക്കോട് പോയിട്ടു അവിടത്തെ ഡി ഐ. ജി യെ ഫോണിൽ വിളിച്ചിട്ട്—ഇപ്പോഴും അദ്ദേഹം കോൺഗ്രസ്സ് (ഐ) ആണെന്നാണ് വിചാരം—അവിടെ കൃസ്ത്യാനികളും

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

മുസ്ലീങ്ങളും തമ്മിൽ സംഘടനം ഉണ്ടാകാൻ പോകുന്നു, അവരെ പിടിച്ച് കെട്ടണമെന്നും എനിക്കവിടെ കഴിയണമെന്നും പറഞ്ഞു. ഈ രാജ്യത്തെ കൃസ്ത്യാനികളേയും മുസ്ലീങ്ങളേയും തമ്മിൽ അടിപ്പിച്ച് കുററ്യാനി കോൺഗ്രസ്സിലേക്ക് ആളെ ചേർക്കാമെന്ന് നിങ്ങൾ വിചാരിക്കേണ്ട. എന്നിട്ട് ഇന്നലെയും ആളെ ചേർത്തെന്നാണ് ഇവിടെ വന്ന് പറയുന്നത്. ശ്രീ. കുട്ടിമോൻഹാജിയുടെ കാർ വാങ്ങിച്ച് എലക്ഷന് ഉപയോഗിക്കുന്ന അദ്ദേഹത്തിന്റെ ജീപ്പ് ഇലക്ഷനുവേണ്ടി ഉപയോഗിക്കുന്ന, അദ്ദേഹത്തിന്റെ തോട്ടത്തിലെ തൊഴിലാളികളുടെ ലെവി വാങ്ങിച്ച് കൊണ്ടിരിക്കുന്ന സിറിയക് ജോൺ കുററ്യാനി കോൺഗ്രസ്സ് ഉണ്ടാക്കുന്നതിനുവേണ്ടി എട്ടും പൊട്ടും അറിയാത്ത

LIBRARY ARCHIVES Kerala Legislative Assembly

ക്രിസ്ത്യൻ സഹോദരൻമാർക്ക് ഭൂമി കൈയേറാൻ നേതൃത്വം കൊടുത്തിരിക്കുകയാണ്. കോൺഗ്രസ്സിനോട് വിരോധമുണ്ടെങ്കിൽ അത് ആ രീതിയിൽ നോക്കണം. ഞങ്ങളെ തൊട്ടു കളിച്ചാൽ അക്കളി തീക്കളിയായിരിക്കുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

എനിക്ക് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് ഒന്നു രണ്ട് കാര്യങ്ങൾ പറയാനുണ്ട്. 1977-ന് മുമ്പ് കുടിയേറിയിട്ടുളള ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം അന്ന് ശ്രീ. എ. കെ. ആൻറണിയുടെ കാലുകഴുകി വെളളം കുടിച്ച് നടന്ന ആളാണ് ശ്രീ. സിറിയക്ക് ജോൺ. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി ആയിരുന്നപ്പോഴാണ് 1977-നു മുമ്പ് കുടിയേറിയിട്ടുളള ആളുകൾക്ക് പട്ടയം കൊടുക്കാമെന്ന് ശ്രീ. ബേബിജോൺ റവന്യൂ മന്ത്രിയായിരുന്ന അവസരത്തിൽ ഞങ്ങൾ കൂടി തീരുമാനിച്ചത്. ആ തീരുമാനം ആണ് നടപ്പിലാക്കാൻ പോകുന്നത്. അതിനു ശേഷം 1980-ൽ ഇൻഡ്യാ ഗവൺമെൻറിന്റെ ഫോറസ്റ്റ് ആക്ട് വന്നു. ഇവർക്ക് കൊടുക്കാൻവേണ്ടി മാത്രമല്ല മലബാർ ഭാഗത്തും മററും ഇതുപോലെ പട്ടയം കൊടുക്കേണ്ട കേസ്സുകൾ ഉണ്ട്. ശ്രീ. സിറിയക്ക് ജോണിന്റെ ക്രിസ്ത്യാനികൾക്കു കൊടുക്കണ്ടേ ? 1977-ന് മുമ്പ് ഭൂമി കൈയേറിയ ആളുകൾ ഇല്ലേ ? ഇവർക്കെല്ലാം, കൊടുക്കാൻവേണ്ടിയാണ് നിയമം കൊണ്ടു വന്നത്. അതുകൊണ്ടു ഇവർക്ക് കൊടുക്കാൻവേണ്ടി മാത്രമാണെന്നു പറഞ്ഞാൽ അത് ശരിയാവുകയില്ല. പട്ടയം കൊടുക്കുന്ന കൂട്ടത്തിൽ എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. മലബാർ പ്രദേശത്ത് 35 കൊല്ലത്തിന് മുമ്പ് ജന്മിമാർ പാട്ടത്തിന് കൊടുത്ത ഭൂമിയുണ്ട്. ആ ആളുകൾ അവിടെ കൃഷി ചെയ്ത് വീടുവച്ച് ജീവിച്ചുവരികയാണ്. ചില ജന്മിമാർക്കുവേണ്ടി ഇത് മിച്ചഭൂമിയാണെന്നു പറഞ്ഞുകൊണ്ട് ലാൻറ് ബോർഡിന് ഡിക്ലറേഷൻ കൊടുത്തുകൊണ്ട് അതിന്റെ പേരിൽ ഒഴിപ്പിക്കാൻ നിൽക്കുകയാണ്. ഞങ്ങൾ പല പ്രാവശ്യം റവന്യൂ മന്ത്രിയെ കണ്ടു. ബഹുമാനപ്പെട്ട ബേബിജോൺ റവന്യൂ മന്ത്രിയായിരുന്നപ്പോഴും മററ് പലരും റവന്യൂ മന്ത്രിയായിരുന്നപ്പോഴും ഞങ്ങൾ സ്റേറ വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. അതിനും ഈ ബില്ലിൽ അമൻറുമെൻറ് വേണമെന്നാണ് റവന്യൂ മന്ത്രി പറയുന്നത്. പാവപ്പെട്ട ഈ ആളുകളെ ഇത് മിച്ചഭൂമിയാണെന്നുളള പേരിൽ ഒഴിപ്പിക്കാൻ അനുവദിക്കരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കുറേ കോളേജുകൾ കൊടുത്തു. കഴിഞ്ഞകൊല്ലം കുറേ കോഴ്സുകൾക്കുവേണ്ടി അപേക്ഷയും കൊടുത്തു. പക്ഷേ അനുവദിച്ചിട്ടില്ല. ഈ കൊല്ലം ആ കോഴ്സുകൾ അനുവദിക്കണം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ കോളേജുകൾ കൊടുക്കണം. മലബാറിനെ സംബന്ധിച്ചിടത്തോളം ഏററവും പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസ ജില്ലയാണ്. പ്രത്യേകിച്ച് മിക്സഡ് കോളേജുകളിൽ മുസ്ലീം വിദ്യാർത്ഥിനികൾ പോകാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടു അവിടെ വനിതാ കോളേജുകൾ അനുവദിക്കണം. എല്ലാ വിഭാഗം ജനങ്ങളേയും ഉയർത്തിക്കൊണ്ടുവരാൻവേണ്ടി നിലകൊളളുന്ന ആളുകളാണ് അപ്പുറത്തും ഇപ്പുറത്തും ഉളളത്. ഞങ്ങളുടെ സമുദായത്തിലെ സ്ത്രീകളേയും ഉയർത്തിക്കൊണ്ടുവരാൻ വേണ്ടി ഒരു വനിതാ കോളേജ് മുസ്ലീങ്ങൾ കൂടുതൽ താമസിക്കുന്ന മഞ്ചേരിയിൽ അനുവദിച്ചു തരണമെന്നഭ്യർത്ഥിക്കുന്നു. ഇവിടെ ഇന്നലെ ആരോ ഇലക്ഷൻ നടത്താമോയെന്ന് വെല്ലുവിളിച്ചുകൊണ്ടു ചോദിച്ചു. ഞങ്ങൾ തയ്യാറാണ്. എന്റെ മഹാനായ നേതാവ് ശ്രീ. സി. എച്ചിന് കിട്ടിയതിനേക്കാൾ 1000-ത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ഈ മുന്നണി അവിടെ ജയിക്കും. ഇലക്ഷൻ കമ്മിഷനാണ് അത് തീരുമാനിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പഞ്ചായത്ത് തെരഞ്ഞെടുപ്പല്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പാണെങ്കിൽ ശ്രീ. സുന്ദരം നടത്തിയാൽ മതി. എത്ര കക്ഷിയാണ് ഇപ്പുറത്തുള്ളതെന്ന് നോക്കണം. കോൺഗ്രസ് മുസ്ലീംലീഗ്, രണ്ടു കേരളാ കോൺഗ്രസ്സുകാർ, പോരെങ്കിൽ എസ്. ആർ. പി., എൻ. ഡി. പി. തുടങ്ങിയ പാർട്ടികൾ ഞങ്ങളുടെ കൂടെയുണ്ട്. നിങ്ങളുടെ കൂടെ ശ്രീ. നായനാർ കഴിഞ്ഞാൽ ആരാണുള്ളത് ? എനിക്കും യജമാനനുംകൂടി 365 രൂപ ശമ്പളമെന്നു പറയുന്നതു മാതിരിയാണ്. ഇലക്ഷൻ എന്നു ഡിക്ലയർ ചെയ്താലും ഞങ്ങൾ അതിനെ നേരിടാൻ തയ്യാറാണ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : മഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ഷൻ നടത്താമോ ?

ശ്രീ. പി. സീതിഹാജി : ശ്രീ. കുഞ്ഞിക്കണ്ണനറിയില്ല മഞ്ചേരിയിലും പുനലൂരിലും ഇലക്ഷൻ നടത്തിയാൽ ആണുങ്ങൾ ജയിച്ചുവരും. പറവൂരിൽ 56 ബൂത്തിൽ ഇലക്ഷൻ നടത്തിയാലും അവിടെയും ജയിക്കുമെന്നു മാത്രമല്ല വോട്ടിന്റെ എണ്ണം കൂടുകയും ചെയ്യും. അതിൽ നിങ്ങൾ ബേജാറാകേണ്ട. അഞ്ചു കൊല്ലം, അഞ്ചു ദിവസം, അഞ്ചു മണിക്കൂർ, അഞ്ചു മിനിററ് ഞങ്ങൾ ഭരിക്കും.

മറെറാരു കാര്യം എനിക്കു പറയാനുള്ളത് ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കിയ കേന്ദ്ര ഗവൺമെൻറിന്റെ പെൻഷൻകൂടി സ്വാതന്ത്ര്യ സമര സേനാനികൾക്ക് കൊടുക്കണമെന്നുള്ളതാണ്. ഇപ്പോൾ മലബാർ കലാപത്തിലും പുന്നപ്ര-വയലാർ കലാപത്തിലും പങ്കെടുത്ത ആളുകൾക്ക് കേന്ദ്ര ഗവൺമെൻറ് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും അത് കിട്ടുന്നില്ല. അതിന് കാരണം പറയുന്നത് ജയിലിൽ കൂടെ ഉണ്ടായിരുന്ന ആളുകളുടെ സർട്ടിഫിക്കററ് വേണമെന്നുള്ളതാണ്. സംസ്ഥാന ഗവൺമെൻറ് ഈ പെൻഷൻ കൊടുക്കുന്ന ആളുകൾക്കു കേന്ദ്ര പെൻഷൻ കൂടി കൊടുക്കാൻ വേണ്ടിയുള്ള നടപടിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നഭ്യർത്ഥിക്കുന്നു. ഇവിടെ ആർക്കും ആ പെൻഷൻ കൊടുക്കാൻ സാധിക്കാത്ത നിലപാടാണുള്ളത്. കൊടുക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെൻറ് എല്ലാം അന്വേഷിച്ച് പെൻഷൻ കൊടുത്തതുപോലെ ആ പെൻഷൻ കൊടുത്തവർക്കു ഈ പെൻഷൻകൂടി കൊടുക്കാനുള്ള നടപടിയുണ്ടാകണം.

ബഹുമാനപ്പെട്ട നൂറുദ്ദീൻ മന്ത്രിയോട് എനിക്കൊരു കാര്യം പറയാനുണ്ട്. ഈ രാജ്യത്ത് 1,85,000 ഏക്കർ വനഭൂമി ഒരു നയാ പൈസപോലും പ്രതിഫലം കൊടുക്കാതെ നമ്മൾ ഏറെറടുത്തു. ഭൂപരിഷ്ക്കരണ നിയമപ്രകാരം ഭൂമി ഇല്ലെങ്കിൽ ആ ജന്മിമാർക്ക് 15 ഏക്കർ കൊടുക്കാൻ നമ്മൾ പറഞ്ഞു. ഇപ്പോൾ 1984 ആയി. ഇപ്പോൾ ഫോറസ്ററ് ഭൂമി കൊടുക്കണമെന്നാണ്. അത് കൊടുക്കാൻ ഇപ്പോൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ട്. അത് നിങ്ങൾ കൊടുക്കുമെങ്കിൽ കൊടുക്കുമെന്നു പറയണം, ഇല്ലെങ്കിൽ കൊടുക്കുകയില്ലെന്നു പറയണം. സുപ്രീം കോടതിവരെ പോയ സംഭവമാണ്. ആ കുടുംബത്തിന് 15 ഏക്കർ കൊടുക്കുകയില്ലെന്നു പറഞ്ഞാൽ എങ്ങനെയാണ് ? അന്നത്തെ മുന്നണി, അന്നത്തെ ലയിസാൺ കമ്മിററി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് 15 ഏക്കർ കൊടുക്കാമെന്നു പറഞ്ഞത്. ഇപ്പോൾ അത് കൊടുക്കാതിരിക്കാനുള്ള പല ഓർഡിനൻസുകളും വരുന്നുണ്ട്. ഇപ്പോൾ ഓർഡിനൻസ് മൂന്നാമത് വരാൻ പോവുകയാണ്. രണ്ടെണ്ണം വന്നിട്ട് അത് നിയമമാക്കാൻ സാധിച്ചിട്ടില്ല. നിങ്ങൾ ആളുകളെ ബുദ്ധിമുട്ടിക്കരുത്. ആ കാര്യം ഗവൺമെൻറ് വളരെ ഗൗരവമായി കണക്കിലെടുക്കണം. ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ദ്രോഹിക്കരുത്. ഇത് ഇടതുപക്ഷ ഗവൺമെൻറല്ല. ജനാധിപത്യ ഗവൺമെൻറാണ്. ഇത്തരം കാര്യങ്ങളിൽ നിയമത്തിൻെറ നൂലാമാലകം നോക്കാതെ പോയോഗികമായി അത് നടപ്പിലാക്കാനുള്ള പദ്ധതികൾക്ക് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. രാജൻ ഇന്നിവിടെ ഒരു സംഭവത്തെപ്പററി പറഞ്ഞു. എന്താണ് നമ്മുടെ രാജ്യത്തെ സ്ഥിതി? ശ്രീ. ഗോപാലൻ മാത്രമാണോ ഈ രാജ്യത്ത് മരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കൊലപാതകരാഷ്ട്രീയം അവസാനിപ്പിക്കുന്നതിന് എല്ലാവരും ഒററക്കെട്ടായി മുമ്പോട്ടു വരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നിയമസഭയിൽ വാക്കൗട്ട് നടത്തിപ്പോയതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. ഈ കാര്യത്തിൽ ശാശ്വതമായ പരിഹാരം വേണം. അതിനെന്താണ് മാർഗ്ഗം. ഈ രാജ്യത്ത് എല്ലാവർക്കും രാഷ്ട്രീയ പ്രവർത്തനം നടത്താനും രാഷ്ട്രീയം പ്രസംഗിക്കാനും രാഷ്ട്രീയം പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. അത് ആളെ കൊല്ലലാകരുത്. ശ്രീ. കേശവദേവ് പറഞ്ഞതുപോലെ 'കൊല്ലരുതനിയാ കൊല്ലരുതെന്നു' വിളിച്ചുപറഞ്ഞുകൊണ്ട് ഘോഷയാത്ര നടത്താൻ തയാറുണ്ടെങ്കിൽ ഈ സംസ്ഥാനം രക്ഷപ്പെടും. കോൺസ്സുകാരെ മാർക്സിസ്ററുകാർ കൊല ചെയ്യുന്നു, മാർക്സിസ്ററുകാരെ കോൺഗ്രസ്സുകാർ കൊല ചെയ്യുന്നു, ആർ. എസ്സ്. എസ്സ്കാരനെ മാർക്സിസ്ററുകാർ കൊല ചെയ്യുന്നു, ആർ. എസ്സ്. എസ്സ്കാരൻ മാർക്സിസ്ററുകാരനെ കൊല ചെയ്യുന്നു. എന്നു പത്രമെടുത്തു നോക്കിയാലും എന്നും കൊല തന്നെയാണ് കാണാൻ സാധിക്കുന്നത്. നമ്മളാരും ആരേയും കൊല്ലാൻ പാടില്ല. ആർ. എസ്സ്. എസ്സുകാരൻ മാർക്സിസ്ററുകാരനെ കൊല്ലാൻ പാടില്ല. മാർക്സിസ്ററുകാരൻ ആർ. എസ്സ്. എസ്സുകാരനെ കൊല്ലാൻ പാടില്ല. അതുപോലെ കോൺഗ്രസ്സുകാരനേയും കൊല്ലാൻ പാടില്ല. ഈ രീതിയിൽ പോയാൽ ഈ രാജ്യം എവിടെ ചെന്നു നിൽക്കുമെന്നുള്ള കാര്യം കൂടി നാം ആലോചിക്കണം. രാവിലെ വീട്ടിൽനിന്നും ഇറങ്ങിയാൽ വൈകുന്നേരം വീട്ടിൽ ശവമായി തിരിച്ച് കൊണ്ടുചെല്ലുന്ന ഒരു ഗതികേടിലേക്ക് ഈ സംസ്ഥാനം ചെന്ന് എത്താതിരിക്കണമെങ്കിൽ എല്ലാ പാർട്ടികളും ഒരുമിച്ച് ആ കാര്യത്തെപ്പററി ആലോചിക്കാൻ തയാറാകണം. നമുക്ക് ഇലക്ഷന് നിൽക്കാം, പ്രസംഗിക്കാം. തോററാൽ അപ്പുറത്തിരിക്കാം. ജയിച്ചാൽ ഇപ്പുറത്തിരിക്കാം. അല്ലാതെ ആളുകളെ കൊന്നുകൊണ്ട് ഇവിടെ രാഷ്ട്രീയം വളർത്താമെന്ന വിശ്വാസം അപ്പുറത്തുള്ളവർക്കും ഇപ്പുറത്തുള്ളവർക്കും ഇല്ല. അതിന് വഴിയൊരുക്കുന്നതിനുവേണ്ടി ശ്രീ. നായനാരും ശ്രീ. കരുണാകരനും ആലോചിച്ച് ഒരു തീരുമാനം ഉണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. രാഷ്ട്രീയമായി ഗവൺമെൻറിൻെറ നൻമ നോക്കി മാത്രമാണ് പറയുന്നത്. മനുഷ്യൻെറ ജീവന് വിലയുണ്ട്. മനുഷ്യൻെറ രക്തത്തിന് വിലയുണ്ടെന്നുള്ളതുകൊണ്ടാണ് പറയുന്നത്. ഞങ്ങൾക്കതിൽ വളരെ വേദനയുണ്ട്. നിങ്ങളുടെ സഖാക്കളെ കൊല്ലുന്നത് ഞങ്ങൾ പത്രത്തിൽ വായിച്ചിട്ടുണ്ട്. മററ് സഖാക്കളുടെ കൈ മുറിച്ചിട്ടുണ്ട്. കാലു മുറിച്ചിട്ടുണ്ട്. കണ്ണു ചൂന്നിട്ടുണ്ട്. ഇത്ര അധഃപതിച്ച രാഷ്ട്രീയം ഈ രാജ്യത്തുണ്ടാകാൻ പാടില്ല. ഇതിനെപ്പററിയൊന്നും നിങ്ങൾ ചിന്തിച്ചില്ലെങ്കിൽ നമ്മുടെ ഭാവി എന്തായിരിക്കുമെന്നുള്ള കാര്യം കൂടി നമ്മൾ ചിന്തിക്കണം. ബഹുമാനപ്പെട്ട നായനാരോടും ഈ കാര്യം ചിന്തിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ഈ ഗവൺമെൻറിനെ നിങ്ങൾ എതിർക്കുന്നതിൽ ഞങ്ങൾക്കാർക്കും വിരോധമില്ല. ഗവൺമെൻറ് നടപ്പിലാക്കുന്ന പരിപാടികളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അതിനെ എതിർക്കണം. അല്ലാതെ നിഷേധാത്മകമായ എതിർക്കൽ

LIBRARY ARCHIVES Kerala Legislative Assembly

അത്ര ശരിയല്ല. ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ ഇന്നു ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞുകേട്ടു. ഇതിനുമുൻപ് എന്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചില്ല ? ക്രിയാത്മകമായ വിമർശനങ്ങൾ വന്നാൽ അതിനെക്കുറിച്ച് മനസ്സിലാക്കാം. ഏതായാലും നിങ്ങൾ ഇവിടെ ഭരിക്കേണ്ട, ഞങ്ങൾ കൊല്ലവും ഭരിക്കട്ടെ.

ശ്രീ. എം. വി. രാഘവൻ : ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ നടത്തുന്ന സമരം കൂടിയാലോചിച്ച് തീരുമാനിക്കുമോ, നിങ്ങളുടെ യൂണിയനും പണിമുടക്കിലാണല്ലോ ?

ശ്രീ. പി. സീതിഹാജി : ഞങ്ങൾ പറഞ്ഞിട്ടുണ്ട്, അട്ടിമറി സമരം മതിയാക്കിയിട്ട് വന്നാൽ പ്രശ്നങ്ങൾ കൂടിയാലോചിച്ച് പരിഹരിച്ചുകൊടുക്കാമെന്ന്. അതിൽ യാതൊരു സംശയവുമില്ല. ഞങ്ങൾ നിങ്ങളുടെ മാതിരി അല്ല. ഞങ്ങൾ സ്വതന്ത്രമായി നിൽക്കുന്ന സംഘടനയാണ്. ഞങ്ങളുടെ യൂണിയൻ അട്ടിമറിക്കാനൊന്നും പോവുകയില്ല. ബഹുമാനപ്പെട്ട നായനാർ ഈ സമരം പറഞ്ഞ് ഒതുക്കിതീർക്കണം. ഈ ഗവൺമെൻറിന്റെ സ്റ്റാൻറും അതാണ്. നിങ്ങൾ അട്ടിമറി നിറുത്തിയിട്ട് ചർച്ചയ്ക്കു വന്നാൽ ചായയും കേക്കും എല്ലാം തരാൻ ഞങ്ങൾ തയ്യാറാണ്. പോകട്ടെ, കോഴി ഇറച്ചി വേണമെങ്കിലും നിങ്ങൾക്ക് തരാം.

പെരിങ്ങളം മെമ്പർ സാംസ്ക്കാരിക വകുപ്പിനെക്കുറിച്ച് പറഞ്ഞു. മതേതര രാഷ്ട്രമായ ഇൻഡ്യയിൽ ഇതൊക്കെ വേണമോയെന്നു ചിന്തിക്കണം. അദ്ദേഹത്തിന്റെ സ്വന്തം അനുഭവത്തിൽ പറഞ്ഞതാണെങ്കിൽ എനിക്ക് വിരോധമില്ല. സാംസ്കാരിക വകുപ്പ് കലയെ പ്രോൽസാഹിപ്പിക്കുവാനുള്ളതാണ്. അതിന് ഒരു ഐ. എ. എസ്. ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഒരു വിഭാഗത്തെ മാത്രം പ്രോൽസാഹിപ്പിക്കുന്നത് ശരിയല്ല, പല സമുദായങ്ങളും ഉള്ള ഒരു രാജ്യമാണ് നമ്മുടേത്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള എന്തെങ്കിലും കാര്യം നടന്നിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പരിഹരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ കെ. മുഹമ്മദാലി : സർ, ബഹുമാന്യനായ ധനകാര്യമന്ത്രി അവതരിപ്പിച്ച നാലുമാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു ബഡ്ജററ് അവതരിപ്പിച്ചശേഷം ആണ് ബഹുമാന്യനായ ധനകാര്യമന്ത്രി ഈ വോട്ട് ഓൺ അക്കൗണ്ടുമായി സഭയിലെത്തിയത്. സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ധനകാര്യമന്ത്രി നേരത്തെ അവതരിപ്പിച്ച ബഡ്ജററ് നിർദ്ദേശങ്ങൾ വളരെയേറെ പ്രയോജനകരമായിരുന്നുവെന്നുള്ളതുകൊണ്ട്, സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നുവെന്നുള്ളതുകൊണ്ട് എല്ലാ തുറകളിൽപ്പെട്ട ജനങ്ങളും അതിനെ സ്വാഗതം ചെയ്തിട്ടുണ്ട്. സാമ്പത്തിക ബാധ്യത ജനങ്ങളുടെമേൽ അടിച്ചേല്പിക്കാതെതന്നെ എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസം പകരുന്ന രീതിയിലുള്ള ഒരു ബഡ്ജററായിരുന്നു ബഹുമാന്യനായ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

പ്രതിപക്ഷത്തുനിന്നും പ്രസംഗിച്ചവർ പറയുകയുണ്ടായി, ഇവിടെ അധികച്ചെലവ് വരുത്തിവയ്ക്കുന്നു, ഫൈനാൻഷ്യൽ കമ്മിററ്മെൻറ് ഉണ്ടാക്കുന്നു എന്നെല്ലാം. ഫൈനാൻഷ്യൽ കമ്മിററ്മെൻറ് ഉണ്ടാവുക സ്വാഭാവികമാണ്. അധികച്ചെലവ് ഉണ്ടാവുക സ്വാഭാവികമാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെക്കുറിച്ച് പറയുകയാണെങ്കിൽ ഈ ഗവൺമെൻറ് പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറാണ്. പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറ് ആയതുകൊണ്ട് സ്വാഭാവികമായും അധികച്ചെലവ് ഉണ്ടാകും ; ഫൈനാൻഷ്യൽ



LIBRARY ARCHIVES Kerala Legislative Assembly

കമ്മിററ്റെൻറ് ഉണ്ടാകും. കേരള സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ഇത്രയേറെ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ള കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടുണ്ടോയെന്നുള്ള കാര്യത്തെക്കുറിച്ച് നിഷ്പക്ഷമായി ആലോചിക്കണമെന്നു മാത്രമേ എനിക്ക് പറയാനുള്ളു. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ തലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്. കുടിവെള്ളം എത്തിക്കുന്ന കാര്യത്തിൽ ഏററവും കൂടുതൽ മുൻഗണന നൽകി പ്രവർത്തിച്ച ഭരണകൂടമാണ് ഈ ഭരണകൂടം. ഒന്നര കൊല്ലക്കാലംകൊണ്ട് കേരളത്തിലെ 47 ലക്ഷത്തോളം വരുന്ന ജനങ്ങൾക്കാണ് കുടിവെള്ളമെത്തിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അതും ഈ ഗവൺമെൻറിൻെറ പ്രവർത്തനത്തിനുള്ള ഒരംഗീകാരമായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ ഈ വർഷം ഒരു കോടി ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുവാൻ കഴിയുമെന്നുള്ള കാര്യത്തിൽ ഒരു ധാരണയിലെത്താനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഈ ഗവൺമെൻറിനെ നിലനിറുത്തുന്ന കാര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണമുണ്ടായിക്കൊണ്ടിരിക്കുന്നത്. തൊഴിലാളി സമരങ്ങളോടുള്ള ഈ ഗവൺമെൻറിൻെറ സമീപനത്തെക്കുറിച്ചും ഈ ഗവൺമെൻറിൻെറ നയത്തെക്കുറിച്ചും മറുഭാഗത്തുള്ള സുഹൃത്തുക്കൾ ആക്ഷേപമുന്നയിച്ചുകേട്ടു. ഇവിടെ ഇലക്ട്രിസിററിബോർഡ് ജീവനക്കാർ നടത്തുന്ന സമരം അടിച്ചമർത്താനും പരാജയപ്പെടുത്താനുമുള്ള ശ്രമം നടത്തുന്നുവെന്നും പറഞ്ഞു. ഞാനൊന്നു ചോദിക്കട്ടെ. 1957-ലും 1967-ലും 1977-ലും 1980-ലും അധികാരത്തിൽ വരാൻ കഴിഞ്ഞിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനമാണ് ഇന്ന് അപ്പുറത്തിരിക്കുന്നത്. അന്നും ഈ രാജ്യത്ത് തൊഴിലാളി സമരങ്ങളുണ്ടായിട്ടുണ്ട്. ആ സമരത്തെ നിങ്ങൾ ഏത് രീതിയിൽ കൈകാര്യം ചെയ്തുവെന്നുള്ളതിനെക്കുറിച്ച് പുറംതിരിഞ്ഞാലോചിക്കാനുള്ള മനോഭാവമെങ്കിലും കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അധ്യാപകർ സമരം ചെയ്തതിനെക്കുറിച്ച് അറിയാം. ഈ സെക്രട്ടേറിയേററിൻെറ മുൻവശത്തുവച്ച് അധ്യാപകരെ ക്രൂരമായി മർദ്ദിച്ച ചിത്രം നമ്മുടെയെല്ലാം മനസ്സിലുണ്ട്. അതുപോലെതന്നെ ഏത് തൊഴിലാളി സമരങ്ങളോടും അന്നത്തെ പോലീസ് പ്രയോഗിച്ച നടപടിക്രമങ്ങളും നമ്മുടെ മനസ്സിലുണ്ട്. എന്നാൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇവിടെ നടന്ന തൊഴിലാളി സമരങ്ങളോട് ഈ ഗവൺമെൻറ് സ്വീകരിച്ച നിലപാടിനെക്കുറിച്ച് ആർക്കും തന്നെ ആക്ഷേപമുന്നയിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇലക്ട്രിസിററി ബോർഡ് ജീവനക്കാർ നടത്തുന്ന സമരമായാലും മററത് മേഖലയിലെ തൊഴിലാളികൾ നടത്തുന്ന സമരം ആയാലും ആ സമരമെല്ലാം കൂടിയാലോചനവഴി ഒത്തുതീർപ്പിലെത്തിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഈ തൊഴിലാളികൾ ഇന്നു നടത്തുന്നത് വേതന വർദ്ധനവിനുവേണ്ടിയുള്ള ഒരു സമരമല്ല. മറിച്ച് ജനാധിപത്യ വിരുദ്ധമായ, രാഷ്ട്രീയപ്രേരിതമായ അട്ടിമറി സമരമാണ്. അതുകൊണ്ടാണ് ഈ സമരത്തോട് കർശനമായ നിലപാട് ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവർ ജനങ്ങളെ കഷ്ടപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ ജനദ്രോഹകരമായ നിലപാട് മാററി, ഈ സമരം പിൻവലിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള സാഹചര്യം മറുഭാഗത്തുള്ള സുഹൃത്തുക്കൾ ഉണ്ടാക്കുകയാണെങ്കിൽ ഈ രംഗത്ത് സമാധാനപരമായ ഒരു സാഹചര്യം ഉണ്ടാക്കുവാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവിടെ ബഹുമാന്യനായ ധനകാര്യമന്ത്രി ഐക്യജനാധിപത്യമുന്നണിയുടെ മൂന്നാമതു ബഡ്ജററും അദ്ദേഹത്തിൻെറ ആറാമതുബഡ്ജററും അവതരിപ്പിക്കുന്ന സന്ദർഭത്തിൽ അപ്പുറത്തുള്ള സുഹൃത്തുക്കൾ ഇത് അദ്ദേഹ
1 P.M. ത്തിൻെറ അവസാനത്തെബഡ്ജററാണ്, ഒടുക്കത്തെ ബഡ്ജററാണെന്നൊക്കെ അറം പറയുകയുണ്ടായി. ഒരു കാര്യം വ്യക്തമാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിൻെറ ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി പരിശോധിച്ചുനോക്കിയാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് ഇനിയും ബഡ്ജററ് അവതരിപ്പിക്കാൻ സാഹചര്യമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, ഈ ഗവൺമെൻറിൻെറ പിന്നിൽ നിൽക്കാൻ, ഈ ഗവൺമെൻറിനെ സ്വാഗതം ചെയ്യാൻ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽകൂടി ഈ മുന്നണിയെ അധികാരത്തിൽകൊണ്ടുവരാൻ സാദ്ധ്യതയുണ്ടാക്കിയ ജനവിഭാഗവും കൂട്ടത്തിൽ അല്ലാത്തജനവിഭാഗവും തയ്യാറാകുന്ന സാഹചര്യമാണ് ഈ സംസ്ഥാനത്തൊട്ടാകെ ഉണ്ടായിക്കാണുന്നത്.

ഗ്രാമപ്രദേശങ്ങളിലും, നഗരപ്രദേശങ്ങളിലും നടന്നുവരുന്ന വികസനപ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കണം. കുടിവെള്ളത്തിൻെറ കാര്യത്തിലും ചികിൽസാരീതിയുടെ കാര്യത്തിലും അടുത്തകാലത്തെങ്ങും ഉണ്ടാകാത്ത രീതിയിൽ വളരെയേറെ മുന്നോട്ടുപോകാൻ ഇന്ന് ഗ്രാമപ്രദേശങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. റോഡുകളുടെ കാര്യത്തിലായാലും പാലങ്ങളുടെ കാര്യത്തിലായാലും വളരെയേറെ മുന്നോട്ടു പോകാൻ ഈ ഗവൺമെൻറിന് കഴിഞ്ഞ 22 മാസക്കാലംകൊണ്ട് കഴിഞ്ഞുവെന്നുള്ള കാര്യം ആർക്കും നിഷേധിക്കാൻ സാധിക്കുന്ന കാര്യമല്ല.

പൊതുമരാമത്തു വകുപ്പിൻെറ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായി. പൊതുമരാമത്തു വകുപ്പിൽ കൂടുതൽ പണം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ അടിയന്തിരമായും ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇന്ന് പല പ്രധാനപ്പെട്ട പ്രവർത്തനങ്ങളും നടത്താൻ പററാത്തരീതിയിൽ സാമ്പത്തികമായ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. ആ നിയന്ത്രണം പരമാവധി ഒഴിവാക്കി, അത്യാവശ്യമുള്ള പാലങ്ങളും റോഡുകളും പൂർത്തിയാക്കാൻവേണ്ടിയുള്ള പണം സമാഹരിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയുൾപ്പെടെ; ഈ ഗവൺമെൻറിലെ എല്ലാ ആളുകളും ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. എന്തെല്ലാം പ്രതികൂലമായ സാഹചര്യമുണ്ടായാലും ഈ ഗവൺമെൻറിന്, ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന പിൻതുണ ഒന്നുകൊണ്ടുമാത്രം, ഏതു പ്രതികൂല സാഹചര്യത്തേയും നേരിട്ടുകൊണ്ട് മുന്നോട്ടു പോകാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

നമുക്കറിയാം, നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ദേശീയ തൊഴിൽദാനപദ്ധതിയനുസരിച്ചും, സംയോജിത ഗ്രാമവികസന പദ്ധതിയനുസരിച്ചും നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആത്മാർത്ഥമായി പരിശോധിച്ചിട്ടുണ്ട് മറെറല്ലാ സംസ്ഥാനങ്ങൾക്കും മാതൃകാപരമായ രീതിയിൽ വളരെയേറെ നല്ല പ്രവർത്തനങ്ങൾ ഈ സംസ്ഥാനം കാഴ്ചവച്ചുകൊണ്ടിരിക്കുകയാണ്. ഇതിൻെറ പ്രയോജനം ലഭിക്കാത്ത ജനവിഭാഗങ്ങളില്ല. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ജനജീവിതത്തിൽ ചലനങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന പദ്ധതികളുമായി ഈ ഗവൺമെൻറ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ രംഗത്ത്, സഹകരണാത്മകമായ പങ്കാളിത്തത്തോടുകൂടിയ ഒരു സമീപനമുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഇവിടെ നിയമസമാധാനനിലയെക്കുറിച്ച് മറുഭാഗത്തുള്ള ആളുകൾ വളരെ വാചാലമായി പ്രസംഗിക്കാറുണ്ട്. ക്രമസമാധാന നില ഭദ്രമായി കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഏററെടുത്തിട്ടുള്ള ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, ആ ഉത്തരവാദിത്വം ഏറെറടുക്കാൻ തയ്യാറായി, ജനങ്ങളുടെ വോട്ടു വാങ്ങി വന്ന ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നിയമസമാധാനം ഭദ്രമായി കാത്തുസൂക്ഷിക്കുവാനുള്ള കർത്തവ്യവുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. അതിന്, അനിവാര്യമായ, ആധുനിക സൗകര്യങ്ങളോടുകൂടിയ സംവിധാനം പോലീസിലുണ്ടാക്കാൻ ഈ ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്കു അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കഴിഞ്ഞ ദിവസം പ്രസംഗിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പ്രധാനപ്പെട്ട പ്രവർത്തകൻമാർ പഞ്ചായത്തു പ്രസിഡൻറുകൂടി ആയ സഖാവ് ഗോപാലൻെറ കൊലപാതകത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ആ കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. രാഷ്ട്രീയ കൊലപാതകത്തിനെതിരായി കർശനമായ നിലപാട് സ്വീകരിക്കാൻ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മുന്നോട്ടുവരണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടുവരാനും, ഈ തരത്തിലുള്ള നീക്കങ്ങളെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് തകർക്കാനും എല്ലാപേരും ഒരുമയോടു കൂടി നിൽക്കാൻ തയ്യാറാവുകയാണെങ്കിൽ ഇതിനെല്ലാം മാററമുണ്ടാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ ആളുകൾക്ക് കുഴപ്പം വരുമ്പോൾ അതിനെക്കുറിച്ച് മുറവിളികൂട്ടുകയും മററുള്ളവർക്ക് ബുദ്ധിമുട്ടുവരുമ്പോൾ ആ കാര്യത്തിൽ നിശബ്ദത പാലിക്കുകയും ചെയ്യുന്ന രണ്ടുതരത്തിലുള്ള സമീപനം സ്വീകരിക്കാതെ, ഇത്തരത്തിലുള്ള നീക്കങ്ങൾക്കെതിരായി കർശനമായ നടപടി എടുക്കാൻ തയ്യാറാകണം. ആ ചുമതല അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾക്ക് ഉണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവിടെ ഇപ്പോൾ അഴിമതി ആരോപണങ്ങളാണ് ഈ സഭാ വേദിയിൽ നടന്നു കൊണ്ടിരിക്കുന്നത്. ആരോപണങ്ങളുടെ ആവർത്തനം മൂലം ഇന്ന് നിയമസഭാ സാമാജികൻമാർക്കും രാഷ്ട്രീയ പ്രവർത്തകൻമാർക്കും പുറത്തിറങ്ങി നടക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിരിക്കുകയാണ്. ഇന്ന് സിനിമപോലുള്ള കരുത്തുള്ള, ശക്തിയേറിയ മാദ്ധ്യമങ്ങളിലും, മററ് മേഖലകളിലും നിയമസഭാ സാമാജികൻമാരെക്കുറിച്ചും രാഷ്ട്രീയപ്രവർത്തകൻമാരെകുറിച്ചും ജനങ്ങൾക്കും നൽകുന്ന ചിത്രം നാം മനസിലാക്കണം. സ്വന്തം നാട്ടിൽ സിനിമ കാണാൻ പോകാൻ പററാത്ത ചുററുപാടാണ് രാഷ്ട്രീയ പ്രവർത്തകൻമാർക്കും എം. എൽ. എ. മാർക്കും ഉള്ളത്. എല്ലാ കൊള്ളരുതായ്മയുടേയും പോക്കിരിത്തത്തിൻെറയും അവതാരമായിട്ടാണ് നിയമസഭാ സാമാജികൻമാരേയും, രാഷ്ട്രീയ പ്രവർത്തകൻമാരേയും അവതരിപ്പിക്കാൻ ഇന്നു ശ്രമിക്കുന്നത്. ആ തരത്തിലുള്ള സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ളത് നമ്മുടെ എല്ലാം പരസ്പരമുള്ള അഴിമതി ആരോപണങ്ങളുടെ ആവർത്തനംകൊണ്ടാണ്. അത്തരത്തിലുള്ള സ്ഥിതിവിശേഷം ഉണ്ടാകുന്നത് ജനാധിപത്യവ്യവസ്ഥിതിക്ക്, അതിൻെറ ശക്തിമത്തായ പ്രവർത്തനത്തിന് നല്ലതല്ല എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുജനങ്ങളുടെ പിൻതുണ ഉള്ളിടത്തോളംകാലം ഈ ഗവൺമെൻറിനെ താഴെയിറക്കാൻ ആർക്കും കഴിയുകയില്ലായെന്നു പറഞ്ഞുകൊണ്ട്, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിൻതാങ്ങികൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഈ വരുന്ന നാലു മാസത്തേക്കുള്ള മന്ത്രിമാരുടെ ചെലവുകൾക്കു വേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. തകർച്ചയുടെ പടുകുഴിയിലകപ്പെട്ട് കരകയറാൻ കിടക്കുന്ന കൃഷിക്കാരേയും തൊഴിലാളികളേയും തെരുവാധാരമാക്കുന്ന ബഡ്ജററിനെതുടർന്ന് കൊണ്ടുവന്നിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ഇത്. എന്താണ് നമ്മുടെ സംസ്ഥാനത്തിൻെറ ഇന്നത്തെ സ്ഥിതി ? വികസന പ്രവർത്തനങ്ങൾ ആകെ സ്തംഭിച്ചു, പദ്ധതികൾക്ക് ചെലവാക്കാൻ കാശില്ല. ക്രമസമാധാനം പാടെ തകർന്നു. കൊലപാതകങ്ങളും, ബലാൽസംഗങ്ങളും നിത്യ സംഭവങ്ങളായി മാറി. അഴിമതി പെരുകി വരുന്നു. നിത്യോപയോഗ സാധനങ്ങൾക്ക് വാണം പോലെ വില ഉയരുന്നു. ജനജീവിതംതന്നെ ദുസ്സഹമായി തീർന്നിരിക്കുകയാണ്. കാർഷിക മേഖലയും വ്യാവസായിക മേഖലയും തകർന്ന്

തരിപ്പണമായി. രൂക്ഷമായ വരൾച്ചയുടെ കെടുതിയിൽ നട്ടംതിരിയുന്ന കൃഷിക്കാർക്ക്, ഓർക്കാപ്പുറത്തു വന്ന കുംഭത്തിലെ പേമാരി ഭക്ഷിക്കുവാനുള്ള നെല്ലും കപ്പയും നഷ്ടപ്പെടുത്തി. അൽപ്പം ആശ്വാസം തോന്നിയ കശുവണ്ടി കൃഷിക്കാർക്ക് പുകരിച്ചിലോടു കൂടി ഇടിത്തീ വീണ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. ഇതിനെക്കുറിച്ച് അന്വേഷിക്കുവാനോ, കാര്യമായ ആശ്വാസം നൽകുവാനോ മന്ത്രിമാർക്ക് സമയമില്ല. നാടു നീളെ ഓടിനടന്ന്, ഖജനാവിലെ കാശും മുടിച്ച് കല്ലിടാനും നുണ പ്രചരണങ്ങൾ നടത്താനും മാത്രമേ മന്ത്രിമാർക്ക് സമയമുള്ളു. അതാണ് അവരുടെ വ്യവസായം. കബറടക്കിയ ശവകുടീരങ്ങൾ പൊങ്ങി വരുന്നതുപോലെ, മന്ത്രിമാരിട്ട കല്ലുകൾ ഗതികിട്ടാ പ്രേതങ്ങളെപ്പോലെ ജനങ്ങളുടെ ശാപവും തേടി നിൽക്കുന്നു. അലഞ്ഞു തിരിയുന്ന പട്ടികൾ ഈ കല്ലുകൾ കാണുമ്പോൾ കാലും പൊക്കി മൂത്രാഭിഷേകം ചെയ്യുന്നു.

എന്റെ നിയോജക മണ്ഡലമായ ഉദുമയിൽ ഒരു സ്പിന്നിംഗ് മില്ലിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി തറക്കല്ലിട്ടിട്ട് മാസങ്ങൾ പതിനെട്ടു കഴിഞ്ഞു. ഈ നിമിഷം വരെ ഒന്നും നടന്നിട്ടില്ല. ആദ്യകാലത്ത് ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിരുന്നു. അദ്ദേഹം ആറു മാസത്തിനു മുമ്പ് പെൻഷൻ പററി പിരിഞ്ഞു. പകരം ഒരാളെ നിയമിക്കുവാൻ പോലും തയ്യാറായിട്ടില്ല. അതേ സമയത്തു തന്നെ തറക്കല്ലിട്ട ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ പണി പൂർത്തിയാകാറായി. കാസർകോട്ടുകാരോട് ഇങ്ങനെ മതി എന്നുള്ള ചിന്താഗതിയാണ് മന്ത്രിക്കും മന്ത്രി സഭയ്ക്കുമുള്ളത് എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഏതു മേഖലയിലായിരുന്നാലും കാസർകോട് ഹോസ്ദുർഗ് താലൂക്കുകളെ അവഗണിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ജൂണിൽ ഉണ്ടായ കൊടുങ്കാററിന്റെ ഫലമായി ലക്ഷക്കണക്കിന് നേന്ത്രവാഴ നശിച്ചു. അന്ന്, ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി അവർക്ക് അതിന് പ്രതിഫലം കൊടുക്കുമെന്ന് ഉറപ്പു പറഞ്ഞതാണ്. പക്ഷേ ഇന്നേവരെ ഒരു പൈസ പോലും കിട്ടാതെ വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. ഇതൊരു സർക്കാരാണോ ? അവിടത്തെ കൃഷിക്കാർക്ക് ഭീമമായ നഷ്ടം സംഭവിച്ചതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരു അന്വേഷണ കമ്മിഷനെ നിയമിച്ചോ. അവർക്ക് എന്തെങ്കിലും ആനുകൂല്യം കൊടുക്കാൻ ഒരു പൈസ പോലും ഈ ബഡ്ജററിൽ വകകൊള്ളിച്ചിട്ടില്ല എന്നുള്ള കാര്യം ഓർക്കണം. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന കശുവണ്ടിയുടെ 75 ശതമാനവും കണ്ണൂർ ജില്ലയിലാണ് ഉൽപ്പാദിപ്പിക്കുന്നത്. കാഷ്യൂ പ്ലാന്റേഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള 90 ശതമാനം തോട്ടങ്ങളും നിലകൊള്ളുന്നത് നിർദ്ദിഷ്ട കാസർകോട് ജില്ലയിലാണ്. പക്ഷേ വിചിത്രമെന്നു പറയട്ടെ, കാഷ്യൂ പ്ലാന്റേഷന്റെ ആഭിമുഖ്യത്തിൽ ഒരു റീജിയണൽ ആഫീസ് പണിയുവാൻ ഉദ്ദേശിക്കുന്നത് കോഴിക്കോട് ജില്ലയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

41 സെന്റ് സ്ഥലം 8 ലക്ഷം രൂപ കൊടുത്ത് വാങ്ങി പ്ലാന്റേഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഈ കെട്ടിടം പണിയാനാണ് ഉദ്ദേശിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാസർകോട് പ്രദേശത്ത് ചുരുങ്ങിയ വിലയ്ക്ക് സ്ഥലം കിട്ടാനുള്ളപ്പോൾ അല്ലെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈയിൽത്തന്നെ സ്ഥലം ഉള്ളപ്പോൾ 8 ലക്ഷം രൂപ കൊടുത്ത് 41 സെന്റ് സ്ഥലം വാങ്ങിയതിൽ അഴിമതി ഉണ്ടെന്ന് ഞാൻ ആരോപിക്കുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു അന്വേഷണം നടത്തണം. ഇത് പ്ലാന്റേഷൻ കോർപ്പറേഷൻ ഭരണസമിതി എടുത്ത തീരുമാനമാണ്. ഇതിന് മന്ത്രി ഒരിക്കലും ക്ലിയറൻസ് കൊടുക്കരുതെന്നും ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. തീർച്ചയായും

LIBRARY ARCHIVES Kerala Legislative Assembly

99 ശതമാനം തോട്ടങ്ങളും കാസർകോട് മേഖലയിലുള്ളപ്പോൾ അതിന്റെ റീജിയണൽ ആഫീസ് കോഴിക്കോട്ട് നിലനിറുത്തുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് ഈ അവസരത്തിൽ അറിയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിനെല്ലാം പുറമെ കാസർകോട് ജില്ലയുടെ കാര്യത്തിലും ജനങ്ങളെ വഞ്ചിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഡ്ജററിൽ നിർദ്ദിഷ്ട കാസർകോട് ജില്ലക്ക് ഒരു നയാ പൈസ പോലും വകകൊള്ളിച്ചിട്ടില്ല എന്നുള്ളത് ഞാൻ ഒന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എത്ര കോടി രൂപ വേണമെങ്കിലും അനുവദിക്കാമെന്ന്. ബഡ്ജററിൽ വകകൊള്ളിച്ചില്ലെങ്കിൽ ഈ കാശ് അനുവദിക്കേണ്ടത് എവിടെ നിന്നാണ്? അതേസമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു മേയ് മാസത്തിൽ ജില്ല നിലവിൽ വരുമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ആ വാചകം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. അവിടെയുള്ള ആളുകളോട് ആത്മാർത്ഥതയുണ്ടോ എന്ന് സംശയിക്കുകയാണ്. അതിന് അടിസ്ഥാനപരമായിട്ടുള്ള കാരണം അദ്ദേഹം അത് അർത്ഥഗർഭമായിട്ടാണ് പറഞ്ഞത്. മേയ് മാസം എന്ന് അദ്ദേഹം പറഞ്ഞത് ഏത് മേയ് മാസമെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. നാം മരിച്ചാലും മേയ് മാസം വരുമെന്നും അങ്ങനെ ആ വാക്ക് പാലിച്ചു എന്ന് വരുത്തിത്തീർക്കാനാണ്. ഏതെങ്കിലും ഒരു മേയ് മാസത്തിൽ ജില്ല വന്നാൽ മതി എന്നുള്ള അടിസ്ഥാനത്തിലാണത്. ഇനിയെങ്കിലും കാസർകോട്ടുള്ള ജനങ്ങളുടെ ക്ഷമ പരീക്ഷിക്കാൻ നോക്കരുത്. അത് തീക്കൊള്ളികൊണ്ട് തല ചൊറിയുന്നതിന് തുല്യമായിരിക്കും. അവിടത്തെ ജനങ്ങളുടെ രക്തം ചിന്താനുള്ള സന്ദർഭം ഉണ്ടാക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീമാൻ സി. ടി. അഹമ്മദ് അലി അവിടെ ഇരിപ്പുണ്ട്. ഈ ജില്ലയുടെ വക്താവായിട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്. കാസർകോട് ജില്ലയിലെ ജനങ്ങളെ വഞ്ചിച്ച ഈ ഗവൺമെന്റ് കൊണ്ടുവന്ന വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ച് അദ്ദേഹം വോട്ട് ചെയ്യുകയില്ല എന്ന് ഞാൻ വിശ്വസിക്കുകയാണ്. അദ്ദേഹം ഇക്കാര്യത്തിൽ വോട്ട് ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ കന്നഡയിൽ ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. അങ്ങ് അത് അനുവദിച്ചില്ല. കാസർകോട് പ്രദേശത്തുള്ള ഭാഷാന്യൂനപക്ഷത്തിന്റെ ഭാഷയാണ് കർണ്ണാടകം. നിയമസഭയിലുള്ള കാര്യങ്ങളൊക്കെ അവർ ശ്രദ്ധിക്കുന്നുണ്ട്. ഇവിടെ തമിഴ് ഭാഷയിൽ ചോദ്യം ഉന്നയിക്കുകയും അതിന് മറുപടി പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ കാസർകോട്ടുകാരുടെ ഭാഷയായ കർണ്ണാടക ഭാഷ ഇവിടെ ഉപയോഗിക്കാൻ അനുവദിക്കുന്നില്ല എന്നു പറഞ്ഞാൽ നിശ്ചയമായും അവരുടെ വികാരം ഇളക്കി വിടാനേ ഉപകരിക്കൂ എന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ട് അതിന് ഒരു പോംവഴി ഉണ്ടാക്കിക്കൊണ്ട് ആ ഭാഷയും കൈകാര്യം ചെയ്യാനുള്ള സ്ഥിതിവിശേഷം ഇവിടെ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ മററൊരു വൈരുദ്ധ്യം കൂടി ചൂണ്ടിക്കാണിക്കാൻ ഞാനഗ്രഹിക്കുകയാണ്. കാസർകോട് പ്രദേശത്തിലെ പല സ്ക്കൂളുകളിലും ഇന്ന് മലയാള ഭാഷ പഠിപ്പിക്കുന്നില്ല എന്നുള്ള ഒരു വസ്തുത കൂടി ഉണ്ടെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ഭാഷയിൽ പഠിപ്പിക്കാനുള്ള സൗകര്യം ഇല്ലാതെ പോകുന്നത് തീർച്ചയായും അപമാനമാണ്, അത് ജനങ്ങളോട് ചെയ്യുന്ന തെററാണ്. ന്യൂനപക്ഷ ഭാഷയായ കർണ്ണാടകത്തിനോടൊപ്പം തന്നെ മലയാളവും പഠിപ്പിക്കാനുള്ള സൗകര്യം എല്ലാ സ്ക്കൂളുകളിലും ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വനഭൂമിക്ക് പട്ടയം കൊടുക്കാനുള്ള സംവിധാനങ്ങളുണ്ടായി എന്നു പറഞ്ഞു. അതിന്റെ അനുമതിക്കുവേണ്ടി ഒരു ഉദ്യോഗസ്ഥനെ തന്നെ ഡൽഹിയിലേക്ക് അയയ്ക്കുകയുണ്ടായി. ഞാൻ അതിനെ അനുകൂലിക്കുന്നു. പക്ഷെ അതേയവസരത്തിൽ തന്നെ അഞ്ചെട്ടു കൊല്ലമായി പണിത് പകുതിയാക്കി വെച്ച റോഡുകൾ ഫോറസ്റ്റിൽ കൂടി കടന്നുപോകുന്നു എന്നതിന്റെ പേരിൽ അതിന് മോചനം കിട്ടാതെ കിടക്കുകയാണ്. വരുന്ന വരുന്ന മന്ത്രിമാരുടെ ശ്രദ്ധയിലൊക്കെ ഇത് പെടുത്തി. എന്തുകൊണ്ട് പട്ടയത്തിന്റെ കാര്യത്തിന് ആളെ അയച്ചപ്പോൾ ഈ കാര്യം കൂടി പരിഗണിക്കാൻ ശ്രദ്ധിച്ചില്ല എന്നു ഞാൻ ചോദിക്കുകയാണ്. പട്ടയത്തിന്റെ കാര്യം രാഷ്ട്രീയമായിട്ടുള്ള കാര്യം (മന്ത്രിസഭയുടെ നിലനിൽപ്പിന്റെ കാര്യം) വികസനത്തിന്റെ കാര്യം ആരാന്റെ കാര്യമായി മാറുന്ന സ്ഥിതിവിശേഷം ഉണ്ടാകരുത്.

എന്റെ നിയോജക മണ്ഡലത്തിനെക്കുറിച്ചു കൂടി രണ്ട് വാക്ക് പറയാനുണ്ട്. ഒരൊററ കോളേജുപോലും എന്റെ നിയോജക മണ്ഡലത്തിലില്ല. അതിന് ഈ സാമ്പത്തിക വർഷത്തിലെങ്കിലും പരിഹാരം ഉണ്ടാക്കണം. കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള കോളേജ് ഇനിയെങ്കിലും അവിടെ അനുവദിക്കണമെന്ന് ഞാനീയവസരത്തിൽ ശക്തിയായി ആവശ്യപ്പെടുന്നു. അതുപോലെ തന്നെ നല്ല സുന്ദരമായിട്ടുള്ള ബേക്കൽ പോർട്ട് അങ്ങ് മന്ത്രിയായിരുന്ന സമയത്ത് ക്ലിയറൻസ് കൊടുക്കണമെന്ന് ആവശ്യപ്പെട്ട ബേക്കൽ പോർട്ട് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാനുള്ള നടപടി എടുക്കണം. അതുപോലെതന്നെ കടലോരപ്രദേശത്ത് ഭിത്തി കെട്ടാത്തതുകൊണ്ട് അവിടെ താമസിക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ വളരെ കൂടുതൽ വിഷമത അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് കടലോരപ്രദേശത്ത് ഭിത്തി കെട്ടാനുള്ള നടപടികൾ എടുക്കണം. അങ്ങനെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ രക്ഷിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ഡോക്ടർ കെ.സി. ജോസഫ്: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബഡ്ജററിൽ കർഷകർക്ക് ആശ്വാസം നൽകാൻ ചില കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഒരു ഹെക്ടർ വരെ ഭൂമിയുള്ള ആളുകൾക്ക് 3,000 രൂപ വരെയുള്ള കടങ്ങൾക്ക് ഇളവ് പ്രഖ്യാപിച്ചിരിക്കുന്നു. അതിനു മുകളിലുള്ള ആൾക്കാർക്ക് പലിശ ഇളവ് പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ ഗവൺമെന്റ് നേരിട്ടു കൊടുത്തിരിക്കുന്ന കടങ്ങൾക്കു മാത്രമേ ഇത് ബാധകമാവുകയുള്ളു. അനേകം കൃഷിക്കാർ ഇന്ന് വളരെയധികം സാമ്പത്തിക ബാദ്ധ്യതയെ നേരിട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വരൾച്ച കർഷകന്റെ നട്ടെല്ലൊടിച്ചു. ഈ വർഷം കുട്ടനാടൻ പ്രദേശങ്ങളിലെ നെൽകൃഷി മുഴുവൻ വ്യാപകമായി നശിച്ചിരിക്കുന്നു. സാമ്പത്തികനില കർഷകരെ സംബന്ധിച്ചിടത്തോളം വളരെ മോശമായ സാഹചര്യത്തിൽ സ്വകാര്യ മേഖലകളിലേക്കുകൂടി ഈ ആനുകൂല്യങ്ങൾ വ്യാപകമാക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ വർഷം ഞങ്ങളുടെ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം പുതിയതായി രണ്ടാം കൃഷിക്കു കൂടി പമ്പിംഗ് സബ്സിഡി ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനം ഉണ്ടായിരിക്കുന്നു. ഈ പ്രഖ്യാപനം കേൾക്കുമ്പോൾ ഇത് എന്നത്തേക്ക് നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് മറുപടി പ്രസംഗത്തിൽ ധനകാര്യമന്ത്രി പറയണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. രണ്ടു വർഷം മുമ്പുള്ള ബഡ്ജററിൽ പ്രഖ്യാപിച്ച വളം സബ്സിഡി ഇതുവരെയായിട്ടും ലഭിച്ചിട്ടില്ല. കഴിഞ്ഞ രണ്ടു വർഷത്തേയും ബഡ്ജററിൽ അതിനുള്ള ഹെഡ് കാണുന്നില്ല. എന്നാൽ ഈ വർഷത്തെ ബഡ്ജററിൽ അതിന് ഹെഡ് ഉണ്ട്. 10 ലക്ഷം രൂപ അതിലേക്ക് നീക്കി വെച്ചിട്ടുണ്ട്. ഈ തുക അപര്യാപ്തമാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചപോലെ

LIBRARY ARCHIVES Kerala Legislative Assembly

50 ലക്ഷം രൂപയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ വളം സബ്സിഡി ആ പ്രദേശത്തുള്ളവർക്ക് മുഴുവൻ കൊടുക്കാൻ പററുകയുള്ളു. അതിനാവശ്യമായ തുക കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നു പറയുന്നതോടൊപ്പംതന്നെ രണ്ടാം കൃഷിക്കുള്ള പമ്പിംഗ് സബ്സിഡി ആനുകൂല്യങ്ങൾ—ഇപ്പോൾ പുഞ്ചക്കൃഷി വിളവ് എടുത്തുകൊണ്ടിരിക്കുകയാണ്, രണ്ടാം കൃഷി അടുത്തമാസം ആരംഭിക്കാൻ പോകുന്നു—ഈ കൃഷിക്കാർക്ക് മുഴുവൻ ലഭിക്കുമോ ഇല്ലയോ എന്നുള്ള കാര്യം ആധികാരികമായി ധനകാര്യമന്ത്രി മറുപടി പറയുമ്പോൾ പറയണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

വരൾച്ച ദുരിതാശ്വാസത്തെക്കുറിച്ച് ശ്രീ. സിറിയക് ജോൺ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. പക്ഷെ അദ്ദേഹത്തിന്റെ നിർവചനത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. മുഴുവൻ കൃഷി നാശം എന്നു പറഞ്ഞാൽ കൃഷിക്കാർക്ക് ഒരിക്കലും ആനുകൂല്യങ്ങൾ ലഭിക്കുകയില്ല. അതുകൊണ്ട് ഇതിനെക്കുറിച്ചുള്ള നിയമം ഭേദഗതി ചെയ്യുകയും നാശനഷ്ടങ്ങൾ ഭാഗികമായിട്ടെങ്കിലും ഉണ്ടായിട്ടുള്ള കൃഷിക്കാർക്ക് സഹായം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കാൻ ഞാനീയവസരം ഉപയോഗിക്കുകയാണ്.

സർ, ഈ സംസ്ഥാനത്ത് ഇന്ന് വളരെ വ്യാപകമായി ചില പ്രചരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒരു മാറെറാലിയാണ് ശ്രീ. സിറിയക് ജോൺ ഇന്ന് ഈ നിയമസഭയിൽ ഉന്നയിച്ച ഒരു പ്രശ്നം എന്നു ഞാൻ കരുതുകയാണ്. പട്ടയം നൽകണമെന്നുള്ള കാര്യത്തിൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും താൽപ്പര്യം ഉണ്ടായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പക്ഷേ അവർക്ക് ഈ മുന്നണിയിൽ നിന്നും അപ്പുറം പോകേണ്ടിവന്നു, ഈ പട്ടയം കൊടുക്കണമെന്ന ആവശ്യം അംഗീകരിക്കുവാൻ. അദ്ദേഹത്തിന്റെ നേതാവ് ഈ മുന്നണി വിട്ടുകൊണ്ട് ഇവിടെ നടത്തിയ പ്രസംഗം ഞാൻ ഓർക്കുന്നു. ചെറുകിടക്കാരായ കർഷകർക്ക് പട്ടയം കൊടുക്കണമെന്ന പി. ജെ. ജോസഫിന്റെ സമ്മർദ്ദത്തിൽ കരുണാകരൻ വഴങ്ങിയതിൽ പ്രതിഷേധിച്ചുകൊണ്ട് കോൺഗ്രസ് പാർട്ടി വിട്ടുപോയ കുററ്യാനിയുടെ അനുയായിയാണ് ശ്രീ. സിറിയക് ജോൺ. അദ്ദേഹം ഇപ്പോൾ പട്ടയം കൊടുക്കണമെന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അദ്ദേഹം അടക്കം ആര് ഇക്കാര്യത്തിൽ സഹകരിക്കാൻ വന്നാലും ഞങ്ങൾക്ക് സന്തോഷമേ ഉള്ളു. ഇന്ന് ഇവിടെ നടക്കുന്ന പ്രചരണം എന്താണ്? വനം മുഴുവനും നശിപ്പിച്ചുകൊണ്ട് ഇവിടത്തെ പരിസ്ഥിതി നശിപ്പിക്കുവാൻ വേണ്ടിയാണ് ഈ പട്ടയം കൊടുക്കുന്നത് എന്ന് പല പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കൾ പ്രചരണം നടത്തുന്നു. പത്രങ്ങൾ പ്രചരണം നടത്തുന്നു. ജനങ്ങളുടെ ഇടയിൽ തെററിദ്ധാരണ ഉണ്ടാക്കുവാനുള്ള വ്യാപകമായ ശ്രമം ഇന്നു നടന്നുകൊണ്ടിരിക്കുന്നു. ഇടതുപക്ഷ പാർട്ടിയുടെ സംസ്ഥാന നേതാവ് തന്നെ പ്രസംഗിക്കുന്നത് ഏലത്തോട്ടങ്ങൾക്ക് പട്ടയം കൊടുക്കുന്നത് വൻകിട ജന്മികളെ സഹായിക്കുവാൻ വേണ്ടിയാണ് എന്നാണ്. ഇവിടെ ഏലത്തോട്ടങ്ങൾക്ക് പട്ടയം കൊടുക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമില്ല. സംസ്ഥാന ഗവൺമെന്റിന് അതിന്റെ അധികാരത്തിൽ നിന്നുകൊണ്ട് തന്നെ ഏലത്തോട്ടങ്ങൾക്ക് പട്ടയം കൊടുക്കാനുള്ള അധികാരമുണ്ട്. ആ അധികാരം ഗവൺമെന്റിന് ഉണ്ടായിട്ടുപോലും ഇന്നേവരെ ഒരൊററ ഏലത്തോട്ടത്തിനുപോലും പട്ടയം കൊടുക്കുവാനുള്ള പ്രാഥമികമായ നടപടികൾ പോലും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ പട്ടയത്തിനെതിരെ വ്യാപകമായി പ്രചരണം നടത്തുന്ന ആൾക്കാർ ആ പ്രദേശങ്ങളിലേക്ക് കടന്നു വരണം, അതിനെക്കുറിച്ച് പഠിക്കുവാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഏതൊക്കെയാണ് ഈ പ്രദേശങ്ങൾ. വളരെ പുരോഗമിച്ച മുണ്ടക്കയം, മുരിക്കാശ്ശേരി പട്ടണങ്ങളിൽ കോളേജ് ഉണ്ട്. ഹൈസ്കൂളുകൾ ഉണ്ട്. കുലച്ചു നിൽക്കുന്ന തെങ്ങിൻ തൈകൾ ഉണ്ട്. കട്ടപ്പനയിൽ ഗവൺമെൻറ് കോളേജ് ഉണ്ട്. നെടുങ്കണ്ടത്തെ സ്കൂളുകളും വളരെ പുരോഗമിച്ചിരിക്കുന്നു. ഇതുപോലെയുള്ള നാഗരികതയുടെ പരിവേഷം അണിഞ്ഞ പ്രദേശങ്ങളാണ് ഈ പട്ടയത്തെ പറ്റ പ്രശ്നത്തിൽ വന്നിരിക്കുന്നത്. സർ, ഈ നിയമസഭയിൽ 1960 മുതൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നിന്ന് എം.എൽ.എ. ഉണ്ട്. ഈ ഉടുമ്പൻചോല താലൂക്ക് മുഴുവൻ തന്നെ റിക്കോർഡിൽ ഫോറസ്റ്റ് ആണ്. റിക്കോർഡിൽ ഫോറസ്റ്റായ ഒരു സ്ഥലത്ത് നിന്ന് ഈ നിയമസഭയിൽ ഒരു എം.എൽ.എ. എങ്ങനെ വന്നു. അങ്ങനെ റിക്കാർഡിൽ വനഭൂമിയാണെങ്കിലും അവിടെ ജനവാസം 1960-ന് മുമ്പ് ഉണ്ടായിരുന്നു. അതുകൊണ്ട് മാത്രമാണ് ആ പ്രദേശത്തെ പ്രതിനിധീകരിക്കുവാൻ ഒരു എം.എൽ.എ.യെ ഇങ്ങോട്ട് നിയോഗിച്ചത്. അങ്ങിനെ 1960 മുതൽ എം.എൽ.എ. മാർ ആ പ്രദേശത്തെ ആളുകൾക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുകയാണ്. രാഘവൻ പൊഴക്കടവിൽ എം.എൽ.എ. ഇവിടെ വന്നിരിക്കുന്നു. ജനങ്ങളുടെ വോട്ട് മേടിച്ചുകൊണ്ടാണ് വന്നിരിക്കുന്നത്. അവിടെ വനഭൂമിയാണെന്ന് റിക്കോർഡിൽ ഉണ്ടെങ്കിൽപ്പോലും അവിടെ അനേക വർഷങ്ങളായി ജനങ്ങൾ അധിവസിക്കുന്നു. ആ നിലയിൽ റിക്കോർഡിൽ വനഭൂമിയാണെന്നുണ്ടെങ്കിൽ പോലും അനേക വർഷമായി കുടിയേറിപ്പാർത്തു വരുന്ന കർഷക ജനതയ്ക്ക് പുരോഗതിയിലേക്ക് പോകുവാൻ, അവർക്കുള്ള ന്യായമായ അവകാശം സംരക്ഷിക്കുവാൻ ഈ ഗവൺമെൻറിന് ഉത്തരവാദിത്വം ഉണ്ട്. ആ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു പോകും എന്നു ഞാൻ കരുതുന്നില്ല. അനേകം ഏക്കറുകൾ ആർക്കും പതിച്ചു കൊടുക്കുവാൻ കഴിയുകയില്ല. പട്ടയം കൊടുക്കണമെങ്കിൽ, ലാൻറ് അസൈൻ ചെയ്തു കൊടുക്കണമെങ്കിൽ അതിന് വ്യവസ്ഥകൾ ഉണ്ട്. ലാൻറ് അസൈൻമെൻറ് റൂൾസ് ഉണ്ട്. ലാൻറ് അസൈൻമെൻറ് റൂൾസിനുള്ളിൽ ഒതുങ്ങി നിന്നുകൊണ്ട് മാത്രമേ ഏത് ഗവൺമെൻറിനും പട്ടയം കൊടുക്കുവാൻ കഴിയുകയുള്ളു. ലാൻറ് അസൈൻ ചെയ്യാനായിട്ട് കഴിയുകയുള്ളു. അതിൽ കൂടുതലായി സ്ഥലം ആർക്കെങ്കിലും പതിച്ചു കൊടുക്കണമെന്ന് ഈ ഗവൺമെൻറിന് ആഗ്രഹം ഉണ്ടെന്നു ഞാൻ കരുതുന്നില്ല. ഞങ്ങളുടെ പാർട്ടിക്ക് അതിന് താൽപ്പര്യവും ഇല്ല. ഈ പ്രശ്നത്തെക്കുറിച്ച് പറയുമ്പോൾ തെററിദ്ധാരണ ജനങ്ങളുടെ ഇടയിൽ ഉണ്ടായി. വനം നശിപ്പിക്കുന്നതിന് വേണ്ടി ചില വിഭാഗങ്ങൾ ചില പാർട്ടിക്കാർ മുൻകൈ എടുത്തു പ്രവർത്തിക്കുന്നു വെന്നാരോപിച്ചുകൊണ്ട് വനം നശിപ്പിക്കുന്നതിൻെറ മുഴുവൻ ഉത്തരവാദിത്വം അവരുടെ മേൽ അടിച്ചേൽപ്പിക്കുവാനുള്ള ശ്രമം നടക്കുന്നു. വനം സംരക്ഷിക്കുവാനുള്ള ചുമതലയുള്ള വകുപ്പ് ഒരു കാലത്തും കേരളാ കോൺഗ്രസ് പാർട്ടി കൈകാര്യം ചെയ്തിട്ടില്ല. ഇത്തരം പ്രസ്താവനകളും പ്രചരണങ്ങളും ഏതു ഭാഗത്തുനിന്നുണ്ടായാലും അത് തിരുത്തണം. അത് ബോദ്ധ്യപ്പെടുത്തുവാൻ അവർ തയ്യാറാകണം. അതിനുവേണ്ടി ആ പ്രദേശങ്ങൾ സന്ദർശിക്കുവാൻ ഈ പ്രചരണം നടത്തുന്ന ആളുകൾ തയ്യാറാകണം എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

മററൊരു കാര്യം കൂടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നിവിടെ ഇലക്ട്രിസിററി സമരം നടക്കുകയാണ്. ഇതിനു മുമ്പും ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ സമരം നടത്തിയിരുന്നു. അന്ന് ആ സമരം ഒത്തു തീർപ്പിലെത്തിക്കുവാൻ വേണ്ടി ശ്രമിച്ച ഒരു വ്യക്തിയാണ് ഞാൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലായോ ഇല്ലയോ എന്നുള്ളതിനാണ് വിവാദം നടക്കുന്നത്. ആ ചർച്ച



LIBRARY ARCHIVES Kerala Legislative Assembly

യിൽ ഞാനും പങ്കാളിയായിരുന്നു. അതിന്റെ നിജസ്ഥിതിയെക്കുറിച്ചൊന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. ആ ഒത്തു തീർപ്പു വ്യവസ്ഥകൾ നടപ്പാക്കിയോ ഇല്ലയോ എന്നുള്ള തർക്കം നിൽക്കുമ്പോൾ അതിന്റെ നിജസ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്യുവാൻ, അതിന്റെ നേതാക്കൻമാരെ വിളിച്ച് ചർച്ച ചെയ്യുവാൻ ആ പ്രശ്നം പരിഹരിക്കുവാനുള്ള മഹാമനസ്കത ഈ ഗവൺമെന്റ് കാണിക്കണം എന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു.

**ശ്രീ. ടി. കെ. അബ്ദു :** സർ, ഈ സഭയിൽ നാലു മാസത്തെ ചെലവിനു വേണ്ടി ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ സഭയിൽ കഴിഞ്ഞ വർഷവും ഈ വർഷവും ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചു. അതിനെ സംബന്ധിച്ച് ചർച്ച നടത്തുന്ന എല്ലാ സന്ദർഭങ്ങളിലും ഭരണ പക്ഷത്തിരിക്കുന്നവരും മന്ത്രിമാരും ഉൾപ്പെടെ കേരളത്തിന്റെ സാമ്പത്തിക കുഴപ്പങ്ങളെ സംബന്ധിച്ചിടത്തോളവും പ്രതിസന്ധിയെ സംബന്ധിച്ചിടത്തോളവും എല്ലാം ഇവിടെ സംസാരിച്ചതാണ്. ഈ വർഷവും അതു തന്നെയാണ് നടക്കുന്നത്. ഈ ഗവൺമെൻറ് വലിയ സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന ഈ കാലയളവിലും കേരളത്തിലെ ജനങ്ങളുടെ, കർഷകരുടെ അദ്ധ്വാനിക്കുന്ന കഷ്ടപ്പെടുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ആണ് മുൻഗണന നൽകിയത് എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ഈ ഗവൺമെൻറിന് ഇതുവരെ കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളോ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ടി എന്തു മാർഗ്ഗം സ്വീകരിക്കണം എന്നുള്ളതിനെ സംബന്ധിച്ചോ വ്യാപകമായ യാതൊരു കാഴ്ചപ്പാടും ഇല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. എത്ര ജില്ലകൾ ഈ കേരള സംസ്ഥാനത്ത് ഉണ്ടാകണം. ഒരാൾ പിരിയും എന്നു കാണുമ്പോൾ പത്തനംതിട്ട ജില്ല. ഞാൻ ജില്ലയ്ക്ക് എതിരൊന്നുമല്ല. കാസർകോട് ജില്ല. നാളെ മൂവാററുപുഴ ജില്ല. പിന്നെ മററൊരു ജില്ല. എത്ര ജില്ല, എത്ര താലൂക്ക്. ഈ സംസ്ഥാനത്തെ ഈ ഗവൺമെൻറിന്റെ സാമ്പത്തിക ശേഷി വച്ചുകൊണ്ട് എന്തെല്ലാം നടത്താൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം യാതൊരു കാഴ്ചപ്പാടും ഈ ഗവൺമെൻറിനില്ല. അതുപോലെ തന്നെയാണ് കോളേജിന്റേയും യൂണിവേഴ്സിററിയുടേയും കാര്യം. ഇപ്പോൾ സീതിഹാജിയ്ക്ക് മുസ്ലീം സ്ത്രീകൾക്കുവേണ്ടിയുള്ള കോളേജിനോ യൂണിവേഴ്സിററിയ്ക്കോ ഒക്കെ അനുമതികൊടുത്തിരിക്കുകയാണ്. മഞ്ചേരിയിലും വേണം. പക്ഷേ ഈ രാജ്യത്ത് രണ്ടരക്കോടിയിലധികം വരുന്ന ജനങ്ങൾക്ക് ഈ രാജ്യത്ത് ജീവിക്കുന്നതിനുവേണ്ടിയുള്ള വരുമാനം എങ്ങിനെ ഉണ്ടാക്കണം എങ്ങിനെ കൈകാര്യം ചെയ്യണം എന്നുള്ളതിനെ സംബന്ധിച്ച് യാതൊരു കാഴ്ചപ്പാടും ഇല്ല. അധികാരത്തിൽ ഇരിക്കുന്നതിനു വേണ്ടി ചില രാഷ്ട്രീയ സമ്മർദ്ദത്തിനുവേണ്ടി വഴങ്ങി എന്തും ചെയ്യാൻ മടിയില്ലാത്ത ഒരു ഗവൺമെൻറ് ചെലവ് ചുരുക്കണമെന്നു പറയുന്നു. ഈ കാലഘട്ടത്തിൽ വളരെയേറെ ചെലവു ചുരുക്കി മുന്നോട്ടു പോകണമെന്നു പറയുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീമാൻ മുഹമ്മദാലി പറയുന്നു രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലെല്ലാം വികസനപ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുവെന്ന്. കുറെ കാലങ്ങളായിട്ടു എവിടെയാണ് നടക്കുന്നത് ? പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽ എവിടെയെങ്കിലും വല്ലവർക്കും നടക്കുന്നുണ്ടോ ? ആശുപത്രികൾ, ഹൈസ്ക്കൂളുകൾ തുടങ്ങിയവയുടെ കെട്ടിടങ്ങളെല്ലാം പൊളിഞ്ഞ് തകർന്ന് തരിപ്പണമായിട്ട് അതിന്റെ റിപ്പയർപോലും നടത്താൻ കഴിയുന്നില്ല. ആശുപത്രിയിൽ ചെന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ സ്ഥിതി എന്താണ്? ഒരു ഓപ്പറേഷൻ കഴിഞ്ഞാൽ അത് തുന്നിക്കെട്ടാൻ നൂലുപോലുമില്ല. മരുന്നില്ല. ഈ രാജ്യത്ത് കുറെ വർക്കുകൾ നടന്നിരുന്നു എന്നു പറയുമ്പോൾ തന്നെ എൻ. ആർ. ഇ. പി. യുടെ കുറെ വർക്കുകൾ നടന്നിരുന്നു. ആ വർക്ക് നടന്നിരുന്ന സന്ദർഭത്തിൽ ഇപ്പോൾ എന്തിനുവേണ്ടി സ്പെഷ്യൽ ഓർഡറിനുവേണ്ടി ശ്രമിക്കുന്നു. ഞാനും സ്പെഷ്യൽ ഓർഡറിനുവേണ്ടി മന്ത്രിയെ സമീപിക്കാറുണ്ട്. ചിലപ്പോൾ തരാറുമുണ്ട്. ഡി. ആർ. ഡി എ. എന്നു പറയുന്ന പ്രത്യേക സംവിധാനമുണ്ടാക്കി അവിടെ 13 പുതിയ പോസ്റ്റുകൾ നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. രാജ്യത്തെമ്പാടും പാട്ടാണ്. ഇന്ന് എറണാകുളം ജില്ലയിൽ പി. ഡബ്ല്യു. ഡി. യുടെ 15 എൻജിനീയറുണ്ട്. അവരോട് ആരോട് ചോദിച്ചാലും അറിയാം. എറണാകുളത്തുള്ള ഡി. ആർ ഡി. എ. എൻജിനീയർമാത്രം ബഹുമാനപ്പെട്ട എം. എൽ. എ. തങ്കച്ചൻ ഇടപ്പെട്ടതുകൊണ്ട് 75,000 രൂപയേ കൊടുത്തിട്ടുള്ളൂ. ബാക്കി എല്ലാപേരുടേയും കയ്യിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ഈ ഭരണകക്ഷിയിലെ പ്രമാണിമാരായ കക്ഷികൾ കൈക്കൂലി വാങ്ങിയിട്ടുണ്ട്. ഇത് ഞാൻ പറയുന്നതല്ല. എന്നോട് എൻജിനീയർമാർ പറഞ്ഞിട്ടുണ്ട്. ഒരാളും ഇന്ന് ഈ വർക്ക് ഏറ്റെടുക്കാൻ തയ്യാറില്ല. ശ്രീമാൻ വേലായുധൻ വാങ്ങി എന്നൊന്നും ഞാൻ പറയുന്നില്ല. പി ഡബ്ല്യു. ഡി. എൻജിനീയർമാർ പറയുന്ന ഓരോ ലക്ഷം വീതം കൊടുത്തുവെന്ന്. അങ്ങനെ 13 ലക്ഷം രൂപ വാങ്ങിയെന്ന്. അതിൽ ബഹുമാനപ്പെട്ട തങ്കച്ചൻ ഇടപെട്ടതുകൊണ്ട് ഒരാൾക്കുമാത്രം 25,000 രൂപ കുറച്ച് 75,000 ആക്കി എന്നു പറഞ്ഞു. അവരാരും ഈ വർക്ക് ചെയ്യാൻ തയ്യാറില്ല. പി. ഡബ്ല്യു. ഡി. യെ ധിക്കരിച്ചുകൊണ്ട് പുറമേ നിന്ന് ഡി. ആർ. ഡി. എ. എൻജിനീയർമാരെ നിങ്ങൾ പോസ്റ്റ് ചെയ്തതിന്റെ ഫലമായി ഡി. ആർ ഡി. എ. എൻജിനീയർമാരോട് ആ ഫയലെല്ലാം നിങ്ങൾ കൊണ്ടുവരാൻ പറഞ്ഞാൽ ഞങ്ങൾ ആ ഫയൽ കൊണ്ടുവരാൻ തയ്യാറില്ല, ഞങ്ങളുടെ ചീഫ് എൻജിനീയർ വരുമ്പോഴേ ഞങ്ങൾ കൊടുക്കുകയുള്ളു എന്നു പറയും. അതുകൊണ്ട് ഈയിരിക്കുന്ന എല്ലാ എം. എൽ. എ. മാരും സ്പെഷ്യൽ ഓർഡറിനുവേണ്ടി മന്ത്രിമാരെ സമീപിക്കേണ്ട ഗതികേടും, രാജ്യത്ത് പ്രവർത്തനങ്ങളൊന്നും നടക്കാത്തതുമായ സ്ഥിതി വിശേഷവുമാണുള്ളത്. 13 ആളുകളെ പോസ്റ്റ് ചെയ്തപ്പോൾ അവർക്ക് ശമ്പളം കൊടുക്കണ്ടേ? ചെലവ് ചുരുക്കുന്ന പണിയാണ് നിങ്ങൾ ചെയ്യുന്നതെന്നു പറഞ്ഞിട്ട് ഇതല്ലേ രാജ്യത്തെ സ്ഥിതി? അതിനൊരു പരിഹാരമുണ്ടാക്കണം. ശ്രീ. മുഹമ്മദാലി പറയും അവിടെ വർക്ക് നടക്കുന്നുണ്ട്, ഇവിടെ വർക്ക് നടക്കുന്നുണ്ട് എന്നൊക്കെ. ഈ രാജ്യത്ത് ഒരു വർക്കും നടക്കുന്നില്ല. നിങ്ങൾ കുറെ എം. എൽ. എ. മാരും മന്ത്രിമാരും അവരുടെ കയ്യിൽ ഓർഡർ ഉണ്ടെന്നു പറഞ്ഞാൽ നിങ്ങളുടെ മാത്രം മണ്ഡലത്തിൽ കാര്യങ്ങൾ നടന്നാൽ മതിയോ? ഞങ്ങളൊക്കെ ഇവിടെ വരുന്നതെന്തിനാണ്? നിങ്ങളുടെ ശുപാർശക്ക് വന്നതല്ല. ഞങ്ങൾക്കും നിങ്ങളെപ്പോലെ തത്തുല്യമായ അവകാശമുണ്ട് ഇപ്പുറത്താണ് ഇരിക്കുന്നതെങ്കിലും. അതാണ് ഈ രാജ്യത്തെ സ്ഥിതി. അതിനൊരു പരിഹാരമുണ്ടാക്കണം.

മറ്റൊന്ന് സംസ്ഥാനത്തെ ചെത്തുതൊഴിലാളികൾക്ക് ലൈസൻസ് കൊടുക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ ശ്രീ. ജനാർദ്ദനൻ വാചാലമായി, ആവേശത്തോടുകൂടി സംസാരിച്ചു. 1948 മുതൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ഈ ചെത്തുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ തകർക്കാൻ ശ്രമിക്കുന്നു. മന്ത്രിയുടെ രാഷ്ട്രീയം അവർ അംഗീകരിക്കുന്നില്ല എന്നതുകൊണ്ട് അന്തിക്കാട് സമരം മുതൽ ഈ തൊഴിലാളികളെ തകർത്ത് തരിപ്പണമാക്കണമെന്ന ദുരുദ്ദേശത്തോടുകൂടി പരിശ്രമിക്കുന്നു. ഈഴവരുടെ പേരിൽ കടന്നുവന്ന എസ്. ആർ. പി. യുടെ മന്ത്രി അതിനുവേണ്ടി എന്തിന് ബലിയാടായി? ഇത് ഈ രാജ്യത്ത് നടക്കുകയില്ല

എന്നു പറഞ്ഞപ്പോൾ എല്ലാപേരും ജീവൻ ആഹുതി കൊടുക്കാൻപോകുന്നു എന്നു പറഞ്ഞു. ശ്രീ. ജനാർദ്ദനൻ വിചാരിച്ചാലും മന്ത്രി വിചാരിച്ചാലും ഈ രാജ്യത്ത് നടക്കുകയില്ല. ലേലത്തിൽ കള്ളുഷാപ്പുകൾ പോകാത്ത സന്ദർഭത്തിൽ ചെത്തു തൊഴിലാളി സഹകരണസംഘങ്ങൾ മാതൃകാപരമായി നടത്തിയിട്ടുണ്ട്. അപ്പുറത്തിരുന്ന് ആ തൊഴിലാളികളെ തകർത്തിട്ട് സുഖമായി ഭരിക്കാമെന്ന് ആരും വിചാരിക്കണ്ട.

ഇവിടെ ഹരിജനഗിരിജനങ്ങളെ സംബന്ധിച്ചിടത്തോളം പട്ടയം പട്ടയം എന്നു പറയുന്നു. ഞാനൊരു കാര്യം പറയട്ടെ. എറണാകുളം ജില്ലയിൽ മണിയന്തറ എന്നു പറയുന്ന ഒരു ഹരിജൻ കോളനി മാതൃകാപരമായി പ്രവർത്തിപ്പിക്കാൻവേണ്ടി മുൻ ഗവൺമെന്റിന്റെ കാലത്ത് 384 ഏക്കർ ഭൂമി അവിടെ മാററിയിട്ടതാണ്. ഹരിജനങ്ങളെ താമസിപ്പിക്കുന്നതിനും മാതൃകാപരമായ ഒരു കോളനി സ്ഥാപിക്കുന്നതിനുംവേണ്ടി അവിടെ മാററിയിട്ട ആ ഭൂമി പ്രമാണിമാർ കയ്യേറി; കയ്യേറിയ പ്രമാണിമാർക്ക ശ്രീ. കരുണാകരനും ശ്രീ. ജോസഫുമൊക്കെ സ്റേറ കൊടുത്തിട്ടുണ്ട്. 384 ഏക്കർ ഭൂമിയുണ്ട്. കയ്യേറിയവരെ ഒഴിപ്പിക്കുന്നതിനും പാവപ്പെട്ട ഹരിജനങ്ങൾക്കും ആദിവാസികൾക്കും കൊടുക്കുന്നതിന് നീക്കിയിട്ട ആ സ്ഥലത്തിന്റെ പട്ടയം കൊടുക്കുന്നതിനും നിങ്ങൾക്കു കഴിയുന്നില്ല. ഈ രീതിയിലുള്ള പ്രവർത്തനവുമായിട്ടല്ലേ നിങ്ങൾ പോകുന്നത്. ഒരു വശത്ത് കയ്യേറിയ കാടെല്ലാം വെട്ടിപ്പിടിക്കുക പിന്നെ പട്ടയം പട്ടയം എന്നു പറയുക. പട്ടയം കൊടുത്താലും തീരുകയില്ല. മൂവാററുപുഴ ജില്ല വേണം. പിന്നെ വേറെ ജില്ല വേണം. മുക്രിക്കും മുസ്ലിയാർക്കും കപ്യാർക്കും അതുപോലെ ദേവസ്വത്തിൽ പണിയെടുക്കുന്നവർക്കും എല്ലാം പെൻഷൻ കൊടുക്കണം. അങ്ങനെ പെൻഷൻ കൊടുക്കുന്നതിന്, ആ വക കാര്യങ്ങളൊക്കെ ആവശ്യമുള്ള സമുദായങ്ങൾക്ക് അവർ പണിയെടുത്തുണ്ടാക്കുന്ന പണത്തിൽ നിന്ന് കൊടുത്തിട്ട് സമുദായത്തിലുള്ള ഈ ആചാരങ്ങളൊക്കെ നിലനിറുത്തുകയല്ലാതെ ഇവിടെ വന്ന് പണം കൊടുക്കണം, പണം കൊടുക്കണം ഇല്ലെങ്കിൽ എല്ലാപേരുംകൂടി ഈ ഗവൺമെന്റിന് എതിരുനിൽക്കുമെന്നു പറഞ്ഞാൽ നിങ്ങൾ പിന്തിരിപ്പൻ സ്ഥാപിത താൽപ്പര്യക്കാരുടെ നയങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇവിടെ വന്നിട്ടുള്ള അലവലാതി മന്ത്രിസഭയാണ്. നിങ്ങൾക്ക് ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാനൊന്നും കഴിയുകയില്ല.

കൃഷിക്കാർക്ക് ഗവൺമെന്റ് കൊടുത്തിട്ടുള്ള 3,000 രൂപയിൽ താഴെയുള്ള കടം തിരിച്ചടക്കാൻ പററാതെ കണ്ട് അത് ഇളവു ചെയ്യുമെന്ന് പറഞ്ഞു. ബാങ്കുകളിൽ നിന്നും സഹകരണസംഘങ്ങളിൽ നിന്നും അതുപോലെ കടമെടുത്തിട്ടുള്ള ആളുകളുണ്ട്. അവരുടെ നിസ്സഹായാവസ്ഥയിൽ അവരേയും മോചിപ്പിക്കണം. എന്റേയും ശ്രീ. തങ്കപ്പന്റേയുമൊക്കെ നിയോജക മണ്ഡലത്തിൽ ലക്ഷക്കണക്കിനു രൂപ അവിടത്തെ കൃഷിക്കാർ 25 കൊല്ലത്തെ വെള്ളക്കരമായി കൊടുക്കാനുണ്ട്. 25 കൊല്ലം എന്നു പറഞ്ഞാൽ ഇന്ന് അവരുടെ കയ്യിൽ കൃഷിഭൂമിയില്ല, അവർക്ക് കൃഷിയില്ല. അവരുടെയൊക്കെ വീട്ടിൽ 25 കൊല്ലത്തെ മുൻകാലപ്രാബല്യത്തോടുകൂടി കരം പിരിക്കുന്നതിന് ജപ്തി നടപടികൾ സ്വീകരിച്ചിരിക്കുന്നു. കാശ് കിട്ടുമോ ? കിട്ടുകയില്ല. കൊള്ളരുതായ്മയും ചീത്തപ്പേരും സമ്പാദിക്കുക എന്നല്ലാതെ ഒററ പൈസ നിങ്ങൾക്ക് പിരിച്ചെടുക്കാൻ സാധിക്കുമോ ? വളരെ ദുരിതമനുഭവിക്കുന്ന ആ കൃഷിക്കാരെ വെള്ളക്കരത്തിൽ നിന്നെങ്കിലും ഒഴിവാക്കാനുള്ള പൊതുവായ തീരുമാനം നിങ്ങൾ എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളം എല്ലാപേർക്കും കൊടുത്തു എന്നു പറഞ്ഞു. വെള്ളം കുടിച്ചില്ലെങ്കിൽ ആളുകൾ ചത്തുപോകും. കുറെ കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ അത് അർഹിക്കുന്ന എവിടെയെങ്കിലും നിങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ? ഞാൻ പത്തു പ്രാവശ്യം നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഗംഗാധരനോട് പറഞ്ഞു. ചെങ്ങമനാട് പ്രദേശത്ത് ഒരു കുഴൽക്കിണർ ഉദ്ഘാടനം ചെയ്തു. ചെങ്ങമനാട്ടിലെ വെള്ളം കിട്ടാത്ത പ്രദേശത്ത് നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. അവിടെ വരൾച്ചയില്ലാത്ത കാലത്തുപോലും വെള്ളം കിട്ടാത്ത കുന്നുംപുറമുണ്ട്. മനുഷ്യർ അവിടെ താമസിക്കുന്നുണ്ട്. അവിടെ ഒരു തുള്ളി വെള്ളം കൊടുന്നുന്നതിനുള്ള മനുഷ്യത്വം നിങ്ങൾ ഇതുവരെ കാണിച്ചിട്ടില്ല. ആ രീതിയിൽ എവിടെയെല്ലാം ജനങ്ങൾ കഷ്ടപ്പെടുന്നു ? അവരെയെല്ലാം സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ രീതിയിൽ കാര്യങ്ങൾ ആലോചിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരു സാമ്പത്തിക നയമില്ലാത്ത ഈ ഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർത്തുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. മുഹമ്മദ്: സർ, ഞാനീ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയുണ്ട്. ഇവിടെ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഇതൊന്നുമല്ല പ്രശ്നം. കരുണാകരൻ മന്ത്രിസഭ തകരണം. അതാണ് അവരുടെ ഭാവവും അവരുടെ വിചാരവും അവരുടെ വേവലാതിയും. ആരംഭിച്ചതുമുതൽ തന്നെ പലതും നോക്കി. ആഗ്രഹിച്ചതുപോലെയൊന്നും നടന്നില്ല. ഷോക്ക് കൊടുത്തു കൊല്ലണമെന്നാണ് ഇപ്പോൾ അവസാനമായി തീരുമാനിച്ചത്. അതാണ് സർ, ഈ ഇലക്ട്രിസിററി ജീവനക്കാരുടെ സമരത്തിൻെറ പിന്നിലുള്ളത്. ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞതും ഞാൻ പറഞ്ഞതും ഒന്നുതന്നെയാണ്. ഈ രാജ്യത്തെ ആളുകൾക്ക് വെള്ളമില്ലെങ്കിലും വെളിച്ചമില്ലെങ്കിലും അതൊന്നും അവർക്ക് പ്രശ്നമേയല്ല. കരുണാകരൻ ഗവൺമെൻറ് ഈ കറൻറുകൊണ്ടെങ്കിലും അവസാനിക്കണമെന്നു മാത്രമേ ഉദ്ദേശമുള്ളു. ഈ സമരത്തിൻെറ പേരിൽ ഇവിടെ എന്താണ് നടക്കുന്നത് ? പല സ്ഥലങ്ങളിലും അട്ടിമറി നടക്കുന്നു. ട്രാൻസ്ഫോർമർ കത്തിക്കുന്നു. അത് നിലംപതിക്കുന്നു അതൊന്നും അപ്പുറത്തിരിക്കുന്ന ആളുകൾക്ക് പ്രശ്നമേയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, നടപ്പാക്കാതെയിരിക്കുന്ന എന്തെങ്കിലും പ്രശ്നങ്ങൾ ബാക്കിയുണ്ടെങ്കിൽ സമരം അവസാനിപ്പിച്ച് വന്നാൽ വളരെ മാന്യമായ രീതിയിൽ അവരെ സ്വീകരിക്കുകയും സംസാരിക്കുകയും തീരുമാനമുണ്ടാക്കുകയും ചെയ്യാമെന്ന്. ആ വാക്കുകൾ അപ്പുറത്തിരിക്കുന്ന ആരെങ്കിലും ഒരാൾ സ്വീകരിക്കുമോ? ഈ രാജ്യത്തെ ജനങ്ങളോട് സ്നേഹമുണ്ടെങ്കിൽ ഈ രാജ്യത്തെ ജനങ്ങളുടെ ദുരിതത്തോട് താൽപ്പര്യമുണ്ടെങ്കിൽ അത് ചെയ്യുമായിരുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: സമരം വിത്ഡ്രാ ചെയ്തതിനു ശേഷമേ ചർച്ചയുള്ളു എന്ന നിലപാടല്ലേ മുഖ്യമന്ത്രി എടുത്തത്?

ശ്രീ. പി. വി. മുഹമ്മദ്: ഞങ്ങളുടെ യൂണിയൻ സമരസമിതിയിലില്ല. സമരസമിതിയിൽ ചേർന്നിട്ടില്ല. അട്ടിമറിയിൽ ഇല്ല. അട്ടിമറിയിൽ വിശ്വസിക്കുന്നില്ല. ......................................................

.............................. (ബഹളം) ..............................

ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം അപ്പുറത്തും ഇപ്പുറത്തുമുള്ളവർ പ്രസംഗിച്ചു. ഈ സമരംതന്നെയും ഒരു ലാഭക്കച്ചവടത്തിനായി അവർ ഉപയോഗിക്കുന്നുവെന്നല്ലാതെ ഈ രാജ്യത്തെ ജനങ്ങളുടെ താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആരും പ്രസംഗിച്ചിട്ടില്ല. ഇവിടെ വെള്ളവും വെളിച്ചവും ഇല്ലാതായാൽ ഈ രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസങ്ങളും ബുദ്ധിമുട്ടുകളും എന്തെല്ലാമെന്നുള്ളത് മനസ്സിലാക്കേണ്ടതാണ്. കരാർ പ്രകാരം ബാക്കിയിരിക്കുന്ന കാര്യങ്ങൾ തീരുമാനിക്കണമെന്നു പറഞ്ഞാൽ അതിനെങ്കിലും ഒരവസരം കൊടുക്കാൻ എന്തുകൊണ്ട് ശ്രമിച്ചുകൂടാ? എന്തുകൊണ്ട് പ്രതിപക്ഷനേതാവിന് ഈ കാര്യങ്ങളിൽ ഒരു പ്രസ്താവന ചെയ്തുകൂടാ? അവരെ വിളിക്കാൻ തയ്യാറാണ്; പക്ഷേ അവർ സമരം നിറുത്തണ്ടേ? അനാവശ്യമായി ഉണ്ടാക്കിയ സമരം നിറുത്തുകയും ടവ്വറിന്റെ മുകളിൽനിന്ന് ഇറങ്ങിവരുകയും ചെയ്താൽ വിളിക്കാം. ഈ രാജ്യത്തെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിന് പ്രതിപക്ഷങ്ങൾകൂടി സഹകരിക്കേണ്ടതാണ്.

ശ്രീ. ഇ. കെ. നയനാർ: സമരം പിൻവലിച്ചിട്ടില്ല കൂടിയാലോചന; കൂടിയാലോചിച്ചിട്ടാണ് സമരം പിൻവലിക്കുന്നത്.

ശ്രീ. പി. വി. മുഹമ്മദ്: ട്രാൻസ്പോർട്ട് ജീവനക്കാർ പണിമുടക്കിയാൽ ബസ് കത്തിക്കുകയാണോ വേണ്ടത്? അദ്ധ്യാപകർ സമരം നടത്തിയാൽ കലാലയങ്ങൾ തല്ലിപ്പൊട്ടിക്കുകയാണോ വേണ്ടത്? ഇലക്ട്രിസിറ്റി ജീവനക്കാർ സമരം ഉണ്ടാക്കിയാൽ ആ സമരം ഇവിടത്തെ ടവ്വറുകൾ പൊളിക്കുകയാണോ വേണ്ടത്, ട്രാൻസ്ഫോർമർ കത്തിക്കുകയാണോ വേണ്ടത്? ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇത്തരം കാര്യങ്ങളെയെല്ലാം നിങ്ങൾ പ്രോൽസാഹിപ്പിക്കുകയല്ലേ? പക്ഷേ നിങ്ങളുടെ ഉദ്ദേശം എന്താണെന്നുള്ളത് അറിയാം. ഏതായാലും ഈ സർക്കാരിനെ തകർക്കണമെന്നുള്ളതാണ് നിങ്ങളുടെ ലക്ഷ്യം. അല്ലേ? ബൈബിളിൽ പറഞ്ഞതുപോലെയാണ്; യേശുവിനെ ക്രൂശിക്കാം; അതേസമയം ബറാബസിനെ വെറുതെ വിടണമെന്നാണ്. അതുപോലെയാണ്, നിങ്ങൾ ഈ ടൗവ്വർ പൊട്ടിക്കുന്ന ആളുകളെ വെറുതെ വിടണമെന്ന് പറയുന്നത്. പാവം ബാലകൃഷ്ണ പിള്ളയെ ക്രൂശിക്കാൻ പറയുന്നത് ശരിയല്ല, ന്യായമല്ല. നിങ്ങൾക്ക് ഇഷ്ടം ഇരുട്ടാണല്ലോ? അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഇരുട്ട് ആണ് നല്ലത് എന്നെനിക്കറിയാം.................................(ബഹളം)...............

മറ്റൊരു കാര്യം ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുവാനുള്ളത് അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത ആളുകൾക്ക് 25,000 രൂപവരെ കൊടുക്കുക എന്ന ഒരു വലിയ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനെപ്പററിയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ 15,000 ആളുകൾക്ക് അത് കൊടുക്കാൻ ശുപാർശ ചെയ്തുവെന്നാണ് അറിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടെനിക്ക് അഭ്യർത്ഥിക്കാനുള്ളത് 15,000 ത്തോളം ആളുകൾ ഇപ്പോൾ ബാങ്കിന്റെ മുമ്പിൽ നിൽക്കുകയാണ്. ബാങ്കാണ് കനിയേണ്ടത്; ബാങ്കാണ് കൊടുക്കേണ്ടത്. 15,000 ത്തോളം അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്ക് തൊഴിലവസരം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളത് ഇന്ത്യാരാജ്യത്തെ ഏററവും വലിയ റിക്കാർഡ് ആണ്. മറെറാരു സംസ്ഥാന സർക്കാരിനും ഇത്രയധികം സംഭാവന നൽകാൻ കഴിഞ്ഞിട്ടില്ല. അതുപോലെ അവരെ സഹായിക്കേണ്ടതാണ്. അവർ ബാങ്കുകളുടെ മുമ്പിൽ കാത്തുനിൽക്കുകയാണ്; അത് കൊടുക്കാനുള്ള സൻമനസ് കാണിക്കണം. അതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കഴിവിന്റെ പരമാവധി ശ്രമിക്കണം. ഇത്രയും തൊഴിലില്ലാത്ത ഈ പാവപ്പെട്ട ചെറുപ്പക്കാരെ ഒരിക്കലും അനാഥരാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളത് താലൂക്ക് പുനർ വിഭജനത്തെ സംബന്ധിച്ച് ഒന്നും സൂചിപ്പിച്ചിട്ടില്ലെന്നതിനെക്കുറിച്ചാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പരന്നുകിടക്കുന്ന താലൂക്കുകൾ ഉണ്ട്; മലപ്പുറം ജില്ലയിലും കോഴിക്കോട് ജില്ലയിലും ഉണ്ട്. കോഴിക്കോടുതന്നെ കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് എടുത്താൽ അതിന്റെ ഒരററം രാമനാട്ടുകര ആണ്. മറേറഅററം വയനാട് ചുരം ആണ്. അത്തരം ഒരു വലിയ താലൂക്ക് കേരളത്തിൽ വളരെ ചുരുക്കമായേ ഉണ്ടാകൂ. പത്തിരുപത് കൊല്ലത്തോളമായി ആ പ്രദേശത്തെ ജനങ്ങൾ താലൂക്ക് പുനർ വിഭജനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. ഒരുപാട് നല്ലകാര്യങ്ങൾ ചെയ്യുന്ന ഈ സർക്കാർ, ജനക്ഷേമകരമായ പ്രവർത്തനങ്ങൾ മുൻനിറുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ സർക്കാർ ജനങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അത്തരത്തിൽ പുനർ വിഭജനംകൂടി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കോഴിക്കോട് താലൂക്കിന്റെ മദ്ധ്യം കൊടുവള്ളിയാണ്. അതുകൊണ്ട് കൊടുവള്ളി ആസ്ഥാനമാക്കിക്കൊണ്ട് ഒരു താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കുമെല്ലാം നേരത്തേ നിവേദനം കൊടുത്തതാണ്. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. നായയുടെ കൈയിൽ പൊതിക്കാത്ത നാളികേരം കിട്ടിയിട്ടെന്താണ് സർ കാര്യം? ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ഈ ഗവൺമെന്റ് വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന ഗവൺമെന്റ് അല്ല. വാഗ്ദാനങ്ങൾ നൽകുന്ന ഗവൺമെന്റ് ആണ്. ഇവിടെ സി. ജി. ജനാർദ്ദനന്റെ പ്രസംഗംകേട്ടതാണ്. എനിക്ക് അദ്ദേഹത്തോട് ഒന്ന് പറയാനുള്ളത്, അദ്ദേഹം എന്തും പ്രസംഗിച്ചുകൊള്ളട്ടെ, പക്ഷേ ശ്രീനാരായണഗുരുവിനെ സാക്ഷി വയ്ക്കരുത്. അത് വളരെ മോശമായിട്ടുള്ള ഒരു കാര്യമാണ്. ഈ ഐക്യ ജനാധിപത്യ മുന്നണി എങ്ങനെയാണെന്നും എന്താണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ഇവിടെയുള്ള എല്ലാവർക്കുമറിയാവുന്നതാണ്. ഓരോ ദിവസവും ഘടകകക്ഷികളുടെ സമ്മർദ്ദത്തിന്റെ ഫലമായി മുഖ്യമന്ത്രിയുടെ രക്തസമ്മർദ്ദം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം പരക്കെ അറിയപ്പെടുന്ന ഹൃദയശൂന്യനായതുകൊണ്ട് അദ്ദേഹത്തിന് ഹൃദ്രോഹം ഉണ്ടാകില്ലെന്നുള്ള കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. ശ്രീമാൻ കെ. എം. മാണി ഇപ്രാവശ്യവും ഇവിടെ ബഡ്ജററ് അവതരിപ്പിച്ചു. ഈ പ്രാവശ്യത്തെ ബഡ്ജററവതരണത്തിൽ ജോസഫ് ഗ്രൂപ്പ് ഇടഞ്ഞുനിന്നതു കാരണം വലിയ ഗുണം ഉണ്ടായില്ല. ജനങ്ങൾക്ക് പ്രത്യേക ഗുണം ഇല്ലെന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. ഏതായാലുംശരി ശ്രീ. പ്രണാബ്കുമാർ മുക്കർജിയെപ്പോലുള്ള മന്ത്രിമാർ കേന്ദ്രത്തിൽ, ഇന്ത്യാരാജ്യത്തിന്റെ ധനകാര്യസ്ഥിതി വളരെ മോശമാണെന്ന് തുറന്നു സമ്മതിച്ചിട്ടുണ്ട്. കേരളത്തിൽ അത് സമ്മതിക്കാത്ത ഏക ആൾ ശ്രീമാൻ കെ. എം. മാണി മാത്രമാണ്. ഭദ്രം! എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സർ, പെൺകുട്ടികളോട് വയസ്സു ചോദിക്കുന്നതും ശ്രീമാൻ മാണിയോട് ഓവർഡ്രാഫ്ററിനെക്കുറിച്ച് ചോദിക്കുന്നതും ഒരുപോലെയാണ്. അദ്ദേഹം പറയാറുണ്ട് ബംഗാളിലെ ഓവർഡ്രാഫ്ററിനെക്കാൾ 10 കുറവ് ബീഹാറിനെക്കാൾ 10 കൂടുതൽ എന്നൊക്കെ. പക്ഷേ അദ്ദേഹം ഒരിക്കലും സത്യസ്ഥിതി പറയാറില്ല. ഈ നിലയിൽ വികസന പ്രവർത്തനങ്ങൾ ഇല്ലാതെ വഴിമുട്ടി നിൽക്കുന്ന സംസ്ഥാനത്തിന് ഇന്ന് ഭരണവിനിയോഗത്തിനുവേണ്ടി പണം കൈയിൽ ചെന്നുകഴിഞ്ഞാൽ ഇവിടെ സാധാരണ ചെയ്യുന്നതുപോലെ തൊഴിലാളിദ്രോഹ നടപടികൾ ആരംഭിക്കാനല്ലാതെ ഈ ഗവൺമെന്റിന് മറെറാന്നിനും കഴിയുകയില്ല സർ. ഈനാംപേച്ചിക്ക് കൂട്ടു മരപ്പട്ടി എന്ന് കേട്ടിട്ടുണ്ടോ സർ? ഇവിടെ മുഖ്യമന്ത്രിക്ക് കൂട്ട് ശ്രീ. ബാലകൃഷ്ണ പിള്ളയാണ്. ഇലക്ട്രിസിററി തൊഴിലാളികൾ ഇപ്പോൾ ഒരു പണിമുടക്ക് നടത്തിക്കൊണ്ടിരിക്കുകയാണ്. അത് നിരോധിക്കപ്പെട്ട പണിമുടക്കമാണത്രെ! നിരോധിക്കപ്പെട്ട പണിമുടക്കമാണെങ്കിൽ മൂന്നു ലക്ഷം തുറമുഖത്തൊഴിലാളികളുടെ പണിമുടക്കം

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചചെയ്യാൻ ശ്രീമാൻ കരുണാകരൻ ശ്രീ. വിജയഭാസ്കരനുവേണ്ടി തയ്യാറായില്ലേ. അതിനു തയ്യാറായി രാജാവിനെക്കാൾ രാജഭക്തി കാണിച്ചു നിൽക്കുകയാണ്. പണിമുടക്കിന് നോട്ടീസ് നൽകിയാൽ ചർച്ച ഇല്ല; പണിമുടക്കിയാൽ ചർച്ച ഇല്ല. ഇനി ഇത് എന്ന് അവസാനിച്ച് സാഷ്ടാംഗപ്രണാമം നടത്തി വന്നുപറഞ്ഞ്, അടിയറ പറഞ്ഞ് വേണമെങ്കിൽ ചെയ്യാമെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഞാൻ ശ്രീമാൻ ബാലകൃഷ്ണ പിള്ളയോട് പറയുന്നു, ആറ് ബാലകൃഷ്ണ പിള്ളയല്ല 60 ബാലകൃഷ്ണ പിള്ളമാർ വിചാരിച്ചാലും ഈ സംസ്ഥാനത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തെ തോൽപ്പിക്കാൻ കഴിയുകയില്ല.

ഇവിടെ ഇലക്ട്രിസിററി തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന അവകാശങ്ങൾ കഴിഞ്ഞ 15-9-1982-ൽ ഉണ്ടായ എഗ്രിമെൻറിൻെറ അടിസ്ഥാനത്തിൽ കാര്യം നടപ്പാക്കാത്തതുകൊണ്ട് മേയ് മാസത്തിൽ ഒരു ചർച്ച നടത്തി. 13-5-1982-ൽ പുതിയ എഗ്രിമെൻറ് ഉണ്ടാക്കി. ആ എഗ്രിമെൻറും പൂർണ്ണമായി നടപ്പിലാക്കിയെന്നാണ് ശ്രീമാൻ കരുണാകരൻ പറയുന്നത്. ബാലകൃഷ്ണ പിള്ള പറയുന്നത് ക്യാബിനററിനു ബോദ്ധ്യപ്പെട്ടു കഴിഞ്ഞാൽ ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കും അങ്ങേയ്ക്ക് ബോധ്യപ്പെട്ടോ; അങ്ങേയ്ക്ക് ബോദ്ധ്യമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അപൂർണ്ണമായ ഒരു സത്യം പറഞ്ഞാൽ ഈ ഐക്യ ജനാധിപത്യ മുന്നണി തകരുമെന്നതാണ് നിലയെങ്കിൽ എനിക്ക് ധനകാര്യമന്ത്രിയോട് സഹതാപം ഉണ്ട്. പക്ഷേ ഈ എഗ്രിമെൻറ് നടപ്പിലാക്കിയിട്ടില്ല എന്നു മാത്രമല്ല ഈ എഗ്രിമെൻറ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിനേക്കുറിച്ചല്ലേ ആദ്യമായി പറയേണ്ടത്. എന്നിട്ട് പറയുന്നത് വേണമെങ്കിൽ പണിമുടക്കാൻ. മുഖ്യമന്ത്രി അങ്ങനെ പറഞ്ഞിട്ടുണ്ടെന്നുള്ളതിന് എൻെറ കൈവശം രേഖകളുണ്ട്. 23-5-1983-ൽ അങ്ങയുടെ ഓഫീസിൽ സമരസമിതിയുടെ നേതാവ് വന്ന് ഒരു കത്ത് തന്നു. ചർച്ച ചെയ്തു. ചർച്ച ചെയ്തപ്പോൾ അങ്ങ് ആവശ്യപ്പെട്ടു വിശദവിവരങ്ങൾ വേണമെന്ന്. 16-7-1983-ൽ നടപ്പിലാക്കുമെന്നു പറഞ്ഞ യാതൊന്നും നടപ്പിലാക്കിയില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങേയ്ക്കൊരു കത്തു തന്നു. 22-11-1983-ൽ അതുവരെയുള്ള കാര്യങ്ങൾ വച്ചുകൊണ്ട് സമരസമിതി നേതാക്കന്മാർ അങ്ങേയ്ക്ക് കത്തു തന്നിട്ടുണ്ട്. അത് ചർച്ച ചെയ്തിട്ടില്ല. ചർച്ച ചെയ്യാൻ തയ്യാറായില്ല. 1981-ൽ അവസാനിച്ച ദീർഘകാല കരാറിൻെറ സ്ഥാനത്ത് പുതിയ ദീർഘകാലകരാർ 1983 നവംബർ മാസം 30-ാം തീയതിക്കകം ഒപ്പുവയ്ക്കുമെന്നാണ് എഗ്രിമെൻറ് വച്ചിരിക്കുന്നത്. നാലു തവണ ലേബർ കമ്മീഷണറെ ചർച്ചയ്ക്ക് വിളിച്ചു. ലേബർ കമ്മീഷണറെ വിളിച്ചാൽ ആരു വരാൻ? രണ്ടു പ്രാവശ്യം വന്നു; രണ്ടു പ്രാവശ്യം വന്നില്ല. 1983 സെപ്ററംബർ 12-ാം തീയതി ലേബർ കമ്മീഷണറുമായി ചർച്ച ചെയ്തതിനു ശേഷവും ഫെയിലുവർ റിപ്പോർട്ട് അല്ലേ? സെപ്ററംബർ 12-ാം തീയതി ഗവൺമെൻറിന് ഫെയിലുവർ റിപ്പോർട്ട് അയച്ച ശേഷം ഈ പണിമുടക്കിന് നോട്ടീസ് നൽകുകയും ഫെബ്രുവരി മാസം 19-ാം തീയതിവരെ അതിനേക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല എന്നുള്ളതല്ലേ സത്യം. സത്യം അതാണ്. ഈ വിധത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ഒരു എഗ്രിമെൻറ് ഉണ്ടാക്കിയാൽ ആ എഗ്രിമെൻറ് നടപ്പിലാക്കിയിട്ടില്ല എന്നുണ്ടെങ്കിൽ അതിൽ ഇൻറർഫിയർ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെൻറിനുവേണ്ടി ശ്രമിച്ചിരുന്നെങ്കിൽ, അക്കാര്യം ചെയ്തിട്ടില്ല എന്നതിൽ അതിനേക്കാൾ വലിയ തെളിവുകൾ വേണമെന്ന് ഞാൻ കരുതുന്നില്ല.

സർ, ഇവിടെ ഒരു സമയത്ത് എഗ്രിമെൻറിൽ പറഞ്ഞു 100 പുതിയ സെക്ഷനുകൾ ആരംഭിക്കുന്നുയെന്ന്, 15-9-1982-ലെ എഗ്രിമെൻറിലും 13-5-1983-ലെ എഗ്രിമെൻറിലും 100 സെകഷനുകൾ ആരംഭിക്കുന്നതിനെക്കുറിച്ചു പറഞ്ഞു. ശ്രീ. പി, സി. ജോർജും ഒരു സമരസമിതിയുടെ നേതാവാണ്.

LIBRARY ARCHIVES Kerala Legislative Assembly

444 സെക്ഷനുകൾ ഉണ്ടായിരുന്നു. ഈ 444 സെക്ഷനുകളുടെകൂടെ 100 സെക്ഷനുകൾകൂടി കൂട്ടിയാൽ 544 സെക്ഷനുകൾ വരണം. ശ്രീ. ബാലകൃഷ്ണപിള്ള ഓർഡർ പുറപ്പെടുവിച്ചു കഴിഞ്ഞപ്പോൾ 444+100 എന്നുള്ളത് 451 ആയി. 13 സെക്ഷനുകൾ പുതുതായി ആരംഭിക്കുകയും ആ 13 സെക്ഷനുകൾ ആരംഭിച്ചുകഴിഞ്ഞതിനു ശേഷം........................... എന്റെ പേര് ബാലകൃഷ്ണപിള്ളയെന്നു മാററിയാൽ പുതിയ ആൾ ആകുകയില്ലല്ലോ. 'സെക്ഷൻ' എന്നതിനു പകരം 'മേജർ സെക്ഷൻ' എന്നാക്കി 38 സെക്ഷനുകളുണ്ടാക്കി. 21 ഇലക്ട്രിക്കൽ സബ് ഡിവിഷനുകൾ .........

ശ്രീ. പി. സി. ജോർജ് – 444 സെക്ഷനുകളല്ല, 473 സെക്ഷനുകളുണ്ടായിരുന്നു.

ശ്രീ. കാനം രാജേന്ദ്രൻ :- നന്ദി, മി. ജോർജ്. 21 ഇലക്ട്രിക്കൽ സബ്ഡിവിഷനുകൾ നിറുത്തലാക്കിക്കൊണ്ട് ശ്രീ. ബാലകൃഷ്ണപിള്ള പുറപ്പെടുവിച്ച ഓർഡറിന്റെ കോപ്പി എന്റെ കൈവശമുണ്ട്.

തസ്തികകൾ നിറുത്തലാക്കുന്നതും ഓഫീസുകൾ നിറുത്തലാക്കുന്നതും ഇനിയാതൊരു കാരണവശാലും യൂണിയനുമായി ചർച്ച ചെയ്തല്ലാതെ ഉണ്ടാകുകയില്ല എന്ന് 15-9-1982-ലെ എഗ്രിമെന്റിലുണ്ട്, ആ 15-9-1982-ലെ എഗ്രിമെന്റ് അപ്പടി നടപ്പിലാക്കുമെന്നാണ് 13-5-83-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞത്. സമയക്കുറവുമൂലം ഞാനതു വായിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ-47, ഇലക്ട്രിക്കൽ എഞ്ചിനീയർ-47, സിവിൽ എഞ്ചിനീയർ-20, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ-227, സിവിൽ-139, സെക്കന്റ് ഗ്രേഡ് ഓവസീയർ-85, അങ്ങനെ മൊത്തം 2,638 തസ്തികകൾ ഈ എഗ്രിമെന്റിനു ശേഷം നിറുത്തലാക്കിയിട്ടുണ്ടെന്നുള്ളതിന് തെളിവ് എന്റെ പക്കലുണ്ട്.

അതുപോലെതന്നെ ട്രാൻസ്ഫർ നോംസിനെക്കുറിച്ചു പറഞ്ഞു. തൊഴിലാളികളെ അനധികൃതമായി ട്രാൻസ്ഫർ ചെയ്യുന്ന നടപടിയുണ്ടായിട്ടുണ്ട്. ആ നടപടികൾ റദ്ദു ചെയ്യുമെന്ന് കഴിഞ്ഞ എഗ്രിമെന്റിൽ പറഞ്ഞിരുന്നു. എന്നാൽ റദ്ദു ചെയ്തത് ആ ട്രാൻസ്ഫർ നോംസ് ആണെന്നുള്ളതാണ് സത്യം എന്നു മുഖ്യമന്ത്രി മനസ്സിലാക്കണം. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത ആ നോംസ് റദ്ദു ചെയ്തുകൊണ്ടുള്ള ഓർഡർ റദ്ദു ചെയ്തു എന്നു പറഞ്ഞിരുന്നെങ്കിൽ മൂന്നു നാലു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും 2-7-1983-ൽ ആ നോംസ് തന്നെ റദ്ദു ചെയ്തു. അങ്ങനെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടായ എഗ്രിമെന്റ് ലംഘിച്ചതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

ഇപ്പോൾ മുഖ്യമന്ത്രി ആവശ്യപ്പെടുന്നത് പ്രതിപക്ഷ നേതാക്കൻമാർ ഇതു തീർക്കണമെന്നാണ്. എങ്ങനെയാണ് സാർ ഇതു തീർക്കാൻ കഴിയുന്നത്. അങ്ങയുടെ ഐ. എൻ. ററി. യു.സി. അല്ലേ മരക്കാരുടെ യൂണിയൻ ഉമ്മൻചാണ്ടിയുടെ ഇമിഗ്രേഷൻ ഐ. എൻ. ററി യു. സി അല്ലല്ലോ സാക്ഷാൽ ഐ. എൻ. ററി. യു. സി (മരക്കാർ) സീതിഹാജിയുടെ എസ്. ററി. യു., പി. സി. ജോർജിന്റെ യൂണിയൻ അങ്ങനെ ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ യൂണിയനുകളും ഒരുമിച്ചുനിന്നുകൊണ്ട് ഒരു വ്യവസായസ്ഥാപനത്തിൽ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ സമരം ചെയ്യുമ്പോൾ പ്രതിപക്ഷക്കാർ അതു തീർക്കണമെന്നു പറയുന്നതിൽ എന്താണർത്ഥം. ഒരു സമയത്തു അട്ടിമറിയുടെ പേരുപറഞ്ഞു കൊണ്ടിരിക്കുകയാണ്. അട്ടിമറിയുടെ പേരിൻ ഈ സംസ്ഥാനത്തെ ഏററവും വലിയ കൊള്ള നടക്കുന്നുയെന്നുള്ളിതിനുദാഹരണം ശ്രീ. പി. സി. ജോർജ് തന്നെ കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചു 5,000 രൂപയുടെ



LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനുപകരം ഇപ്പോൾ 10,000 ന്റേയും 15,000 ന്റേയും ബില്ലുകളാണ് വരുന്നത്. അച്ഛൻ മരിക്കാൻ കിടക്കുമ്പോൾ പോലും കട്ടിലിനടിയിൽ നിന്നും പെട്ടിയുമായിപ്പോകുന്ന ആളുകൾക്കല്ലാതെ ഇങ്ങനെ ചെയ്യാൻകഴിയുമോ? പുരയ്ക്കു തീകത്തുമ്പോൾ വാഴവെട്ടുന്നു എന്നു പറയുന്നതു പോലെ ഈ സമയം ധനാഗമത്തിനും ധനസമ്പാദനത്തിനുമുള്ള സമയമായി സ്വീകരിക്കുകയാണ്. ഞങ്ങൾ ചിലപ്പോൾ ചില നടപടികൾ സ്വീകരിച്ചു പോയിട്ടുണ്ട്. ആ സന്ദർഭത്തിൽ അദ്ദേഹം ഞങ്ങളെ ആക്ഷേപിച്ചു; പ്രതിപക്ഷത്തുള്ളവരെല്ലാം കൽപ്പന ഗോപിയുടെ ശമ്പളം വാങ്ങുന്ന ആളുകളാണത്രേ. ഇപ്പോൾ തിരുവനന്തപുരം ഡിസ്ട്രിക്ട് കോർട്ടിൽനിന്ന് പുതിയ ജഡ്ജ്മെന്റ് വന്നിട്ടുണ്ട്. ശ്രീ. കൽപ്പന ഗോപി ഫയൽ ചെയ്ത കേസിൽ ആർബിട്രേറ്ററെ തീരുമാനിച്ചു എന്തിനാണ്, നഷ്ടംവന്നതു കൊടുക്കാൻ വേണ്ടി. ശ്രീ. ബാലകൃഷ്ണപിള്ള, അദ്ദേഹത്തിന്റെ ഇലക്ട്രിസിറ്റി ബോർഡിന്റെ വക്കീലൻമാർ ഒന്നും പറഞ്ഞില്ല. അതിനു പ്രതിഫലം എന്താണെന്നറിയുമോ, സർ. ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായി കോടതിയിൽ കൊടുത്ത കേസ് പിൻവലിക്കുകയെന്നുള്ളതാണ്. അങ്ങനെ എത്ര ദ്രോഹനടപടികൾ. ഈ സമരം ഒത്തുതീർപ്പിലെത്തിക്കാൻ വേണ്ടി ചർച്ചയ്ക്ക് വിളിക്കണം. ഈ നിയമസഭയിലെ ഭരണകക്ഷിയിലെ ശ്രീ. കെ. സി. ജോസഫിന്റെ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഒരു കാലയളവിൽ വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പരിപാടികളും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പ്രതിജ്ഞാ ബദ്ധമായ ഒരു സമീപനമാണ് ഈ ബഡ്ജറ്റിലുടനീളം കാണുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്താൻ ധനകാര്യവകുപ്പുമന്ത്രി ശ്രമിച്ചത് സാധാരണക്കാരുടെ മേൽ ഒരു പൈസയുടെപോലും നികുതിഭാരം ചുമത്താതെയാണ്. എന്തൊക്കെ പ്രാരാബ്ധങ്ങളും ബുദ്ധിമുട്ടുകളുമുണ്ടെങ്കിലും അതൊക്കെ ആരേയും അറിയിക്കാതെ തന്നെ കുടുംബാംഗങ്ങളെ യാതൊരു അല്ലലും അലട്ടലും ഇല്ലാതെ പോററുന്ന സ്നേഹനിധിയായ കുടുംബനാഥന്റെ സമീപനമാണ് മിടുക്കനായ ധനകാര്യവകുപ്പുമന്ത്രി ബഡ്ജററിലൂടെ ഇവിടെ പ്രഖ്യാപിച്ചത് എന്നിവിടെ എടുത്തു പറയേണ്ടതുണ്ട്. കേരളത്തിന്റെ മക്കളെ അടുത്ത ഒരു വർഷം അല്ലലും അലട്ടും അറിയിക്കാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ദൃഢമായ ഒരു സമീപനം ഈ ബഡ്ജററിലുണ്ടെന്നുള്ളത് ആർക്കും തർക്കമില്ലാത്ത സംഗതിയാണ്. സർ, അതേ സമയം ബഡ്ജററ് ചർച്ചാവേളയിൽ ഉയർന്നുവന്ന കാര്യമായ എല്ലാ നല്ല നിർദ്ദേശങ്ങളും സ്വീകരിക്കാൻ ധനകാര്യവകുപ്പുമന്ത്രി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കയറുല്പന്നങ്ങളുടെ സെയിൽസ് ടാക്സ് എടുത്തു കളയാനും ചെറുകിട കർഷകരുടെ പലിശയില്ലാത്ത വായ്പ 250 രൂപയിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കാനുമൊക്കെ ധനകാര്യവകുപ്പുമന്ത്രി സമ്മതിച്ചുവെന്നുള്ളത് വളരെയേറെ ചാരിതാർത്ഥ്യജനകമായ ഒരു കാര്യമാണ്.

പ്രതിപക്ഷത്തിന്റെ സമീപനമെന്താണ്? പ്രതിപക്ഷത്തിന്റെ സമീപനത്തെപ്പററി പറയുമ്പോൾ ഒരു കഥയാണ് ഓർമ്മവരുന്നത്. എന്തിനേയും എതിർക്കുക യെന്നുള്ളത് പ്രതിപക്ഷത്തിന്റെ സമീപനമാണ്. പണ്ട് ഒരു വലിയ പണ്ഡിതനുണ്ടായിരുന്നു. ആ പണ്ഡിതനും, താനാണ് വലിയ പണ്ഡിതൻ എന്നവകാശപ്പെടുന്ന മറെറാരു പണ്ഡിതനും തമ്മിൽ പല കാര്യത്തിലും തർക്കമുണ്ടായി. തർക്കം ഉണ്ടാകുമ്പോൾ വലിയ പണ്ഡിതനെന്നു പറയുന്ന, എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിലും പാണ്ഡിത്യമുണ്ടെന്നവകാശപ്പെടുന്ന പണ്ഡിതൻ പറയും 'നഹീം' 'നഹീം' എന്ന്. അവസാനം വലിയ പണ്ഡിതന് ദേഷ്യം വന്നു. ആ വലിയ പണ്ഡിതൻ പറഞ്ഞു, 'തവ മാതാ പതിവ്രത' എന്ന് അപ്പോൾ സ്വയം പാണ്ഡിത്യമുണ്ടെന്ന് അവകാശപ്പെടുന്ന പണ്ഡിതൻ പറഞ്ഞു 'നഹീം' 'നഹീം' എന്ന്. സർ, അതുപോലെ ഒരു സമീപനമാണ് പ്രതിപക്ഷത്തിനുള്ളത്. എന്തു പറഞ്ഞാലും എതിർക്കുക, എന്താണ് ഈ ബഡ്ജററിലുള്ള കാര്യമായ നിർദ്ദേശങ്ങളെന്നു മനസ്സിലാക്കിയിട്ടില്ല. ഭരണപക്ഷം കൊണ്ടുവന്നത് എന്തായാലുംശരി അതിനെ എതിർക്കുകയെന്നുള്ളതാണ് പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളമുള്ളത്. കഷ്ടകാലത്തിന്, ഒരു പക്ഷേ ധനകാര്യവകുപ്പുമന്ത്രി പ്രതിപക്ഷത്തിന് ക്രിയാത്മകമായ സമീപനമുണ്ടെന്നു പറഞ്ഞിരുന്നെങ്കിൽ അതും ശരിയല്ല എന്നു പ്രതിപക്ഷം പറഞ്ഞേനേ എന്നാണ് എനിക്കു തോന്നുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന അന്നു മുതൽ എന്തു കാര്യത്തേയും എതിർക്കുക എന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ സമീപനം.

ഒരു സുഹൃത്ത് ഇവിടെ സൂചിപ്പിച്ച മാതിരി, സർക്കാരിനെ വൈദ്യുതാഘാതമേൽപിച്ച് കൊല്ലാനുള്ള സമീപനമാണോ പ്രതിപക്ഷം എടുക്കുന്ന സമീപനം. സി.പി.എം.കാരോട് ഞാൻ ചോദിക്കട്ടെ ഒരു കാര്യം വളരെ വ്യക്തമായി നിങ്ങൾ ജനങ്ങളോടു പറയാൻ ബാദ്ധ്യസ്ഥരാണ്. വളരെയേറെ സാമ്പത്തികമായ പ്രതിസന്ധി നേരിട്ട ഒരു കാലയളവിലൂടെ നമ്മുടെ സംസ്ഥാനം കടന്നുപോകുമ്പോൾ കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ താറുമറാക്കുന്ന ഈ സമരത്തെ മനസ്സിലാക്കാം ഈ അട്ടിമറി സമരത്തെക്കുറിച്ച് നിങ്ങളുടെ സമീപനമെന്താണ്? അതു ജനങ്ങളോടു പറയാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. തൊഴിലാളികളുടെ, ഈ രാജ്യത്തെ മൊത്തം ജനങ്ങളുടെ പ്രശ്നമാണിത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന പ്രശ്നമാണ്. അട്ടിമറിയെക്കുറിച്ച് എതിർത്ത് ഒരു വാക്കു സംസാരിക്കാൻ നിങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടോ? തൊഴിലാളികൾ സമരം ചെയ്യുന്നതു മനസ്സിലാക്കാം സമരത്തിന് ഞങ്ങളാരും എതിരല്ല. സമരം ചെയ്യുന്നത് നമുക്ക് മനസ്സിലാക്കാവുന്ന കാര്യമാണ്. അട്ടിമറി സമരം നടത്തുന്നതിനെക്കുറിച്ച്, അട്ടിമറി തെററാണെന്നു പറയാനുള്ള ചങ്കൂററം ഈ നേതാക്കൻമാർ കാണിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ കാര്യത്തിനു സമാധാനം പറയേണ്ടതായിട്ടുണ്ട്. ഇന്ന് കേരളത്തിലെ ജനജീവിതം തകർക്കുന്ന സമരമാണ് ഇവിടെ നടക്കുന്നത്. ഇവിടെ ചില കരാറുകളെക്കുറിച്ചൊക്കെ പറഞ്ഞു. സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ കരാറാണോ ഇത്. ഐക്യജനാധിപത്യമുന്നണി സർക്കാർ ഉണ്ടായിരുന്നപ്പോൾ ഉണ്ടാക്കിയ കരാറാണോ, ഇത്. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് ആ കരാറുകൾ പൂർണ്ണമായി നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായ ആളുകൾ അന്നു നടപ്പാക്കാതെ ഇന്ന് ഈ കരാറുകൾ പൂർണ്ണമായും നടപ്പാക്കണമെന്നു പറയുന്നു. ഈ കാര്യത്തിന് എന്താണ് സർ, പ്രസക്തി. ഞാൻ ഇതിനെക്കുറിച്ച് ദീർഘമായി സംസാരിക്കാനാഗ്രഹിക്കുന്നില്ല.

നിങ്ങൾ ഇവിടുത്തെ സമരത്തെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ? നിങ്ങളുടെ നേതാവ് സാക്ഷാൽ ജ്യോതിബാസു ഭരിക്കുന്ന സംസ്ഥാനത്ത് സമരത്തെക്കുറിച്ചുള്ള സമീപനമെന്താണ്? അവിടെ മുഖ്യമന്ത്രി ശ്രീ. ജ്യോതിബാസു പറയുന്നത് ഒരു വ്യവസായശാലയിൽ ഡിമാന്റ് നോട്ടീസ് കൊടുക്കുമ്പോൾ വ്യവസായ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെകൂടി കണക്കിലെടുത്തു മാത്രമേ ഡിമാന്റ് നോട്ടീസ് കൊടുക്കാവു എന്നാണ്. അവിടെ രണ്ടുമാസമായി 54 ചണമില്ലുകളിൽ സമരം നടക്കുകയാണ്. ആ 54 ചണമില്ലുകളിൽ

സമരം നടത്തുന്നത്; എല്ലാ തൊഴിലാളി യൂണിയനും ഒന്നിച്ചാണ്. രണ്ടുമാസമായിട്ടു പോലും അവിടുത്തെ സർക്കാരിന് ഒരു ചെറുവിരൽ പോലും അനക്കാൻ തൊഴിലാളികൾക്കനുകൂലമായി ഒരു ചെറുവിരൽപോലും അനക്കാൻ സർക്കാർ തയ്യാറായില്ല. അതുമാത്രമാണോ? നിങ്ങൾ ഈ രാജ്യത്തെ ഏററവും വലിയപുരോഗമന വാദികളാണല്ലോ? കഴിഞ്ഞ കാലങ്ങളിൽ സർക്കാർ ഏറെറടുത്ത സ്വകാര്യ സ്ഥാപനങ്ങൾ സ്വകാര്യ വ്യവസായ ശാലകൾ സ്വകാര്യ മുതലാളിമാർക്ക് വീണ്ടും തിരിച്ചു കൊടുക്കുന്ന തീരുമാനമാണ്. അവിടെ ജ്യോതിബാസുവിന്റെ സർക്കാർ എടുത്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിങ്ങൾ കഴിഞ്ഞ ചർച്ചാവേളകളിലൊക്കെ പറഞ്ഞിരുന്നത്, അഴിമതിയുടെ കാര്യമാണ്. സന്തോഷത്തോടുകൂടി അഭിമാനത്തോടുകൂടി തലയുയർത്തിപ്പിടിച്ചുകൊണ്ടുതന്നെ എനിക്കു പറയാൻ കഴിയും അഴിമതിയോടു കുരിശുയുദ്ധം പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന്.

നിങ്ങൾ ഭരിച്ചില്ലേ പല കാലങ്ങളിൽ ? 1957-ൽ ഭരിച്ചു, 67-ൽ ഭരിച്ചു, 80-ൽ ഭരിച്ചു. ആ ഭരിച്ചിരുന്ന കാലഘട്ടങ്ങളിലൊക്കെ അഴിമതി എന്നു പറയുമ്പോൾ ധാർമ്മികരോഷം കൊള്ളുന്ന ആളുകൾ അഴിമതി അവസാനിപ്പി-

2 P.M. ക്കാനുള്ള എന്തെങ്കിലും ഒരു തീരുമാനത്തിന് നേതൃത്വം കൊടുക്കാൻ മുന്നോട്ട് വന്നിട്ടുണ്ടോ? അഴിമതി നിരോധനബില്ല് പാസ്സാക്കുക മാത്രമല്ല പ്രസിഡൻറിന്റെ അനുമതി വാങ്ങുകമാത്രമല്ല, ഈ വക ആരോപണം അന്വേഷിക്കുന്നതിന് ഈ മാസവസാനത്തിന് മുൻപ് കമ്മിഷനെ നിയമിക്കണമെന്നുള്ള പ്രഖ്യാപനം തന്നെ മുഖ്യമന്ത്രി ഇവിടെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അങ്ങനെ അഴിമതിയുടെ കറപുരളാത്ത മന്ത്രിമാരുള്ള ഒരു മന്ത്രിസഭയാണിത് എന്നുള്ളതിന് ഇതിലപ്പുറം ഇനി എന്ത് തെളിവു വേണം? എന്ത് അഴിമതി ആരോപണമായാലും ശരി ആ അഴിമതി ആരോപണത്തെ നേരിടാനുള്ള ചങ്കൂററത്തോടുകൂടിതന്നെയാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ എന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾക്ക് ആരെക്കുറിച്ചെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്തസ്സോടെ ബന്ധപ്പെട്ട കമ്മിഷന്റെ മുമ്പിൽ അഴിമതി ആരോപണം ഉന്നയിച്ച് അത് തെളിയിക്കാനുള്ള അവസരം നിങ്ങൾക്കുണ്ട്. അത് നിങ്ങൾ അന്തസ്സോടെ ഉപയോഗപ്പെടുത്തണം. നിങ്ങൾ അഴിമതി ആരോപണത്തെക്കുറിച്ചൊക്കെ പറയുന്നല്ലോ. നിങ്ങൾ ശ്രീ. കെ.കെ. ബാലകൃഷ്ണന് എതിരായി അഴിമതി ആരോപണം ഉന്നയിച്ചില്ലേ? അതിനെക്കുറിച്ച് നിങ്ങളുടെ സമീപനം എന്താണ്? കോൺഗ്രസ്സുകാർ കേൾക്കണം, ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ജിനദേവൻ കൈപൊക്കിക്കൊണ്ട് പറഞ്ഞത് ആ അഴിമതി ആരോപണത്തിൽ അവർ ഇന്നും ഉറച്ചു നില്ക്കുന്നു, സി.പി.ഐ.ക്കാർ ഉറച്ചു നില്ക്കുന്നു എന്നാണ്. ശ്രീ. കുററ്യാനിയും ശ്രീ. കെ. കെ. ബാലകൃഷ്ണനും ശ്രീ. സിറിയക്ക് ജോണും അടക്കമുള്ള ആളുകൾ അപ്പുറത്ത് പോയിരുന്ന് തങ്ങളുടെ കൂടെയുള്ള ആളുകൾ ഇന്നും അഴിമതിക്കാരാണ് എന്ന് പറയുന്നു. ഇത് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ സമീപനമാണ്. ഞാൻ അക്കാര്യങ്ങളെക്കുറിച്ചൊന്നും ദീർഘമായി സംസാരിക്കാൻ ഈയവസരം ഉപയോഗപ്പെടുത്തുന്നില്ല. നിങ്ങൾ ഈ സർക്കാരിനെ മറിച്ചിടാൻ നടത്തുന്ന ശ്രമം ഇന്നൊന്നും തുടങ്ങിയതല്ല. കഴിഞ്ഞ നിയമസഭാസമ്മേളനകാലത്തും നിങ്ങൾ ശ്രമം നടത്തി. എന്നിട്ട് ഈ അടുത്ത കാലത്ത് പ്രസ്താവന ഇറക്കിയിരിക്കുന്നത് ബദൽ സംവിധാനം ഉണ്ടാക്കുകയില്ല എന്നാണ്. ബദൽ സംവിധാനമുണ്ടാക്കുമെന്നാണ് ശ്രീ. കെ. കെ. ബാലകൃഷ്ണനേയും ശ്രീ. കുററ്യാനിയേയും ശ്രീ. സിറിയക്ക് ജോണിനേയും പറഞ്ഞു ധരിപ്പിച്ചത്. അങ്ങനെ അപ്പുറത്തു പായി കൊടികുത്തിയ കാറിൽ മന്ത്രിമാരായി വാഴാം എന്ന ധാരണയിലാണ് അവർ പോയത്. ശ്രീ. നായനാരും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവനും ഉൾപ്പെടെ സി. പി. എം. കാർ അധികാരത്തിനുവേണ്ടി എന്തു വൃത്തികേടും ചെയ്യില്ലേ? നിങ്ങൾ കൂട്ടുകൂടാത്ത കക്ഷികളുണ്ടോ? സംസ്ഥാനതലത്തിലെടുത്തുനോക്കിയാൽ; ദേശീയ തലത്തിലെടുത്തുനോക്കിയാൽ ഏതൊരു കക്ഷിയുമായിട്ടാണ് നിങ്ങൾ കൂട്ടുകൂടാത്തത്? വരുന്ന പൊതു തെരഞ്ഞെടുപ്പിൽ ബി. ജെ. പി. യുമായി കൂട്ടുകൂടാനുള്ള ചില നീക്കങ്ങൾ നിങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ശരിഅത്ത് നിയമത്തെക്കുറിച്ച് ഉള്ള പരാതി ന്യൂനപക്ഷ വർഗ്ഗീയതയും ഭൂരിപക്ഷ വർഗ്ഗീയതയും തെററാണെന്ന് ഒരുപോലെ തറപ്പിച്ചു പറയുന്ന സമീപനം ഇതൊക്കെ ആരെ ബോദ്ധ്യപ്പെടുത്താനാണ്? ബി. ജെ. പി. യെ പ്രീതിപ്പെടുത്തിക്കൊണ്ട് വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ അഖിലേന്ത്യാതലത്തിൻ ബി. ജെ. പി. യുമായി കൂട്ടുകൂടിക്കൊണ്ടുള്ള ഒരു മുന്നണി ഉണ്ടാക്കുന്നതിനുള്ള സമീപനമാണ് നിങ്ങളുടെ ആ പ്രസ്താവനയിലൂടെ ശ്രീ. ഇ. എം. എസ്. ചെയ്തിരിക്കുന്നത്.

ഞാൻ ഒരു കാര്യം കൂടി ചോദിക്കാനാഗ്രഹിക്കുകയാണ്. നിങ്ങൾ ഏററവും കൂടുതൽ എതിർക്കുന്നത് കോൺഗ്രസ്സിനെയാണല്ലോ. കോൺഗ്രസ്സിനോട് നിങ്ങൾക്ക് യഥാർത്ഥത്തിൽ എതിർപ്പുണ്ടോ? അധികാരം കിട്ടുന്നതിനുവേണ്ടി നിങ്ങൾ കോൺഗ്രസ്സിനെ കൂട്ടുപിടിക്കാൻപോലും തയ്യാറാണ്. 1980-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്–യു-ക്കാരുമായി കൂട്ടുപിടിച്ചുകൊണ്ടല്ലേ നിങ്ങൾ മുമ്പോട്ട് പോയത്? ഒരു കക്ഷിയോടും നിങ്ങൾക്ക് എതിർപ്പില്ല. അധികാരം കിട്ടുമെങ്കിൽ ആരുമായും കൂട്ടുകൂടാനും അങ്ങനെ അധികാരത്തിൽ വരാനും നിങ്ങൾ തയ്യാറാണെന്നുള്ളതിന് വേറെ തെളിവെന്തിനാണ്? ഞാൻ അക്കാര്യങ്ങളെക്കുറിച്ച് അധികം സംസാരിക്കുന്നില്ല. ഒരു കാര്യം പറയുന്നു, നിങ്ങൾ ഈ കോൺഗ്രസ്സിനോട് എതിർപ്പ് പറയുമ്പോൾ ഏററവും പ്രധാനമായി പറയുന്നത് കോൺഗ്രസ്സിന്റെ വിദേശനയം കൊള്ളാം ആഭ്യന്തരനയം കൊള്ളില്ല എന്നാണ് ശ്രീ. നായനാരും ശ്രീ. എം. വി. രാഘവനും മി. ലെനിൻ പറഞ്ഞിരിക്കുന്നത് വായിച്ചിട്ടുണ്ടോ? 'ഒരു രാജ്യത്തിന്റെ ആഭ്യന്തര നയത്തിന്റെ പ്രതിഫലനമാണ് വിദേശനയം' എന്നാണ്. ഇതിന്റെ അർത്ഥം കോൺഗ്രസ്സിന്റെ വിദേശനയത്തെ നിങ്ങൾ അനുകൂലിക്കുന്നു എന്നല്ലേ? ആഭ്യന്തരനയത്തെയും നിങ്ങൾ അനുകൂലിക്കാൻ തയ്യാറാകണം.

ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഭരണകക്ഷിക്കകത്തുള്ള ആളുകളെ ഭിന്നിപ്പിച്ച് ഭിന്നിപ്പിച്ച് അടർത്തിയെടുക്കാമെന്നുള്ള നിങ്ങളുടെ വ്യാമോഹംവേണ്ട അടർത്തിയെടുക്കാൻ കഴിയാവുന്ന അഴിമതിക്കാരടക്കമുള്ള ആളുകളെ നിങ്ങൾ അങ്ങോട്ട് കൊണ്ടുപോയിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പുറത്തുനിന്ന് ആരെയെങ്കിലും കാലുമാററി ഇനി അപ്പുറത്ത് കൊണ്ടുപോയി വീണ്ടും അധികാരത്തിൽ വരാനുള്ള ശ്രമമാണെങ്കിൽ അത് നടക്കാൻ പോകുന്നില്ല എന്നും ഐക്യജനാധിപത്യമുന്നണി പാറപോലെ ഉറച്ച് ഉരുക്കുകട്ട പോലെ മുന്നോട്ട് ഒന്നായി നീങ്ങുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒന്നുകൂടി അനുകൂലിക്കുന്നു.

**ശ്രീ. സി. വാസുദേവമേനോൻ:** സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. എനിക്ക് ആദ്യമായി പറയാനുള്ളത് ഇന്ന് കാലത്ത് ഈ സഭയിൽ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിൽ ഉൾക്കൊണ്ട ഒരു കാര്യത്തെ സംബന്ധിച്ചാണ്. വളരെ ഗൗരവവും ഗുരുതരവുമായിട്ടുള്ള ഒരു സ്ഥിതി വിശേഷമാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്. എനിക്കറിയേണ്ടത് ഈ കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്നാണ്. ബഹുമാനപ്പെട്ട ഹസ്സൻ കഴിഞ്ഞ തവണ സംസാരിച്ച സമയത്ത് ഈ രാജ്യത്ത് ഏററവും ആപൽക്കാരിയായിട്ടുള്ളത് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയാണെന്നും

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്സ്.എസ്സ്. അടക്കമുള്ളവരെ കൂട്ടുപിടിച്ചുകൊണ്ട് ഈ രാജ്യത്ത് ഐക്യമുന്നണി ഉണ്ടാക്കലുമാണെന്ന് പ്രഖ്യാപിച്ചു. അത് ഈ റെക്കോർഡിലുണ്ട്. അതാണോ നയം ?

വളരെ പാരമ്പര്യമുള്ള ഒരു പൊതുപ്രവർത്തകനെ പട്ടാപ്പകൽ യാതൊരു കാരണവുമില്ലാതെ വെട്ടി കൊലപ്പെടുത്തുന്നു. ഇന്ന് കാലത്ത് അതേക്കുറിച്ച് കൂടുതൽ വിവരം കിട്ടി. ഇന്നലെ രാത്രി പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ഗോപാലൻെറ വീട് പോലീസ് റേയ ഡ് ചെയ്തു. അദ്ദേഹത്തിൻെറ ഇളയച്ഛൻെറ ഭാര്യ കൗസല്യയെ അറസ്ററ് ചെയ്തുകൊണ്ടുപോയി. ഒൻപത് വയസ്സായ ഷാജി എന്നു പറയുന്ന കുട്ടിയെ—ഇന്ന് പരീക്ഷ എഴുതേണ്ട കുട്ടിയാണ്—അറസ്ററ് ചെയ്തുകൊണ്ടുപോയി. ഞങ്ങളാരും ഭിക്ഷ ചോദിക്കുകയില്ല. പക്ഷേ നായെ വിട്ട് കടിപ്പിക്കരുത്. നിങ്ങളാരും ഭിക്ഷ തരേണ്ട. ഞങ്ങളെ ആരും രക്ഷിക്കേണ്ട. പക്ഷേ നായെ വിട്ട് കടിപ്പിക്കരുത്. ഇന്ന് ഈ നയം ഇവിടെ മാത്രമുള്ളതല്ല. ഇന്നലെ കുഴൽമന്നത്ത് ഇവരുടെ ഡിസിസി സെക്രട്ടറി ശ്രീ. ഗോപിനാഥ് ശ്രീ. വയലാർ രവിക്കും ശ്രീ. ഉമ്മൻചാണ്ടിക്കും അറിയാം. ശ്രീ. ഗോ പി നാ ഥി നെ—അ വി ട ത്തെ പഞ്ചായത്ത് പ്രസിഡൻറാണ്, അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ കുഴൽമന്നം പോലീസ് സ്റേറഷനിൽവച്ച് ആർ.എസ്സ്.എസ്സുകാർക്ക് ആയുധ പരിശീലനം നല്കുന്നതിന് പോലീസ് പ്രൊട്ടക്ഷൻ കൊടുക്കണമെന്ന് തീരുമാനിച്ചു. ഈ രാജ്യത്ത് ആർ. എസ്സ്. എസ്സിൻെറ ആയുധപരിശീലനം വളർത്തി ഈ രാജ്യത്തെ പാർലമെൻറ് തെരഞ്ഞെടുപ്പിനെ നേരിടാമെന്നാണോ? നിങ്ങൾ അഖിലേന്ത്യാ നയമാണോ ഇവിടെ നടപ്പിലാക്കുന്നത് ? ഇത് നിങ്ങളുടെ പ്രത്യേക നയമാണോ? എനിക്ക് ഇവിടെയുള്ള മററു കക്ഷിക്കാരായ ആളുകളോട് ചോദിക്കാനുള്ളത് ശ്രീ. ഹസ്സൻ പ്രഖ്യാപിച്ച നയമാണോ ശ്രീ. സീതിഹാജിയുടേയും ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജിയുടേയും നയം എന്നറിയണം. കേരളാ കോൺഗ്രസ്സുകാർ ഉണ്ട്, പട്ടയത്തിൻെറ മററ് കാര്യങ്ങളെ സംബന്ധിച്ചും അവരുടെ നയം എന്താണ് ? ആർ.എസ്സ്.എസ്സുകാരുടെ അക്രമം എന്നു പറഞ്ഞാൽ ഇത് ഈ രാജ്യത്തെ വളർത്താൻ വേണ്ടിയാണോ? ഇവിടെ തലശ്ശേരി കത്തിയെരിഞ്ഞത് എല്ലാവർക്കും അറിയാം. എത്ര വലിയ ആപത്ത്. ഇത് തീക്കൊള്ളികൊണ്ട് തല ചൊറിയലാണ്. ഇതിവിടെ വളർത്താനാണ് ഭാവമെങ്കിൽ അത് തുറന്നു പ്രഖ്യാപിക്കണം. ഇതിനെ എങ്ങനെ നേരിടണമെന്ന് ഞങ്ങൾക്കറിയാം. അതിന് ഞങ്ങൾക്ക് ശ്രീ. വയലാർ രവിയുടെ സംരക്ഷണം ആവശ്യമില്ല. പക്ഷേ തീകൊള്ളികൊണ്ട് തല ചൊറിയരുത് എന്നു മാത്രമേ ഞങ്ങൾക്ക് പറയാനുള്ളു.

മറെറാരു കാര്യം പറയാനുള്ളത് ഇലക്ട്രിസിററി സമരത്തെ സംബന്ധിച്ചാണ്. ഇവിടെ നടക്കുന്ന ഇലക്ട്രിസിററി സമരം തീരരുതെന്നും അത് നീണ്ടുപോകണമെന്നും ആഗ്രഹിക്കുന്ന ഒരേ ഒരാൾ ശ്രീ. ബാലകൃഷ്ണപിള്ള മാത്രമാണ്, കാരണം ഇത് എത്രത്തോളം നീണ്ടുപോകുന്നുവോ അത്രയും നല്ലത്. ഇന്നുവരെ നാലുകോടി രൂപയാണ് ഈ അട്ടിമറിയുടെ പേരിൽ ചെലവാക്കിയിട്ടുള്ളത്. ഇതിന് പ്രോപ്പർ എസ്ററിമേററ് വേണ്ട. പ്രോപ്പർ സാങ്ഷൻ വേണ്ട ഇതെല്ലാം സൗകര്യം പോലെ ചെലവാക്കാം. ഇത് ഇങ്ങനെ നീണ്ടുപോയാൽ ഈ രാജ്യത്തിനാണ് നഷ്ടം. മററാർക്കും നഷ്ടമില്ല. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് ലാഭവും. അതുകൊണ്ട് ഈ സമരം നീണ്ടുപോകണമെന്ന് ആഗ്രഹമുള്ള ഒരേ ഒരാൾ ഈ രാജ്യത്ത് ജീവിച്ചിരിപ്പുള്ളത് ശ്രീ. ബാലകൃഷ്ണപിള്ള മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീ. സീതിഹാജി പറഞ്ഞു സമരം തീർക്കണമെന്ന്. കേരള കോൺഗ്രസ്സിന്റെ ആളുകൾ പറഞ്ഞു തീർക്കണമെന്ന്. ഈ സഭയിലുള്ള മററ് ആളുകളെല്ലാം ഈ സമരം തീർക്കണമെന്നു പറഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ മുഖ്യമന്ത്രി മുഖ്യമന്ത്രിയായിട്ട് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്തുകളുടെ ഇലക്ട്രിസിററി ചാർജ്ജ് കുറയ്ക്കണമെന്ന് പറഞ്ഞ് കോൺഫറൻസ് കൂടിയ സമയത്ത് മുഖ്യമന്ത്രി മിണ്ടുന്നില്ല, ശ്രീ. ബാലകൃഷ്ണപിള്ള പറയട്ടെ എന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ബാലകൃഷ്ണപിള്ള പറയുന്നതേ നടപ്പിലാകു എങ്കിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോൺഫറൻസ് വിളിക്കേണ്ട ആവശ്യമില്ലായിരുന്നു. ഇങ്ങനെ തുമ്മിയാൽ പോകുന്ന മൂക്കുംവച്ച് എത്ര കാലം നിങ്ങൾ നടക്കും ? ഇത് ഈ രാജ്യത്തിന്റെ താല്പര്യം.............

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : അന്ന് മുനിസിപ്പാലിററിയും പഞ്ചായത്തും ഏത് തോതിലടക്കണമെന്നുള്ളത് ഞാനാണ് നിർദ്ദേശിച്ചത്. നിങ്ങൾ അത് അംഗീകരിക്കാമെന്ന് പറഞ്ഞു പോയി. തിരിച്ച് വന്ന് വിവരം അറിയിച്ചില്ല. കുറേ ആളുകൾ അത് അംഗീകരിച്ചു.

ശ്രീ. സി. വാസുദേവമേനോൻ : ആദ്യത്തെ കോൺഫറൻസിൽ ഈ നിർദ്ദേശം വച്ചു. ഞങ്ങൾ അതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് പറയാമെന്നു പറഞ്ഞു. അടുത്ത കോൺഫറൻസിൽ ഇതുകൊണ്ട് പഞ്ചായത്തുകൾക്കോ മുനിസിപ്പാലിററികൾക്കോ കോർപ്പറേഷനുകൾക്കോ യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല, അതുകൊണ്ട് ഇക്കാര്യം പുനഃപരിശോധിക്കണമെന്നു പറഞ്ഞു. അതുകൊണ്ടാണ് വീണ്ടും മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ചത്. ഞാൻ ആ കോൺഫറൻസിനെ സംബന്ധിച്ചാണ് പറഞ്ഞത്. മുഖ്യമന്ത്രി അക്കാര്യത്തിൽ എനിക്ക് ഒന്നും പറയാനില്ല എന്നാണ് പറഞ്ഞത്. ശ്രീ. ബാലകൃഷ്ണപിള്ളയാണോ ഇവിടെ ഇതിനെ സംബന്ധിച്ച് പറയാനുള്ളത്?

ശ്രീ. കെ. കരുണാകരൻ: ഞാൻ വച്ച നിർദ്ദേശം ഈ മൂന്നിൽരണ്ട് ഇനങ്ങളുടെ ബുദ്ധിമുട്ട് പറഞ്ഞപ്പോൾ പറഞ്ഞ ഈ 50 ശതമാനം ഇപ്പോഴും 50 ശതമാനം അടുത്ത വർഷവും, അങ്ങനെ മൂന്ന് ഗഡുവായിട്ട് പറഞ്ഞു. പിന്നെ വന്നപ്പോൾ ഞാൻ അതിനെക്കുറിച്ച് പറഞ്ഞതാണ് ഇനി എനിക്ക് അതിൽകൂടുതലായി ഒന്നും പറയാനില്ലായെന്ന്.

ശ്രീ. സി. വാസുദേവമേനോൻ: സർ, മുഖ്യമന്ത്രി എനിക്കൊന്നും പറയാനില്ല എന്നാണ് പറഞ്ഞത്. അദ്ദേഹം അത് സമ്മതിച്ചു, അങ്ങനെ ബാലകൃഷ്ണപിള്ളയുടെ ഇഷ്ടത്തിന് കാര്യങ്ങൾ വിട്ടു കൊടുക്കുന്ന ഈ ഏർപ്പാട് ഈ രാജ്യത്തെ എവിടെ കൊണ്ടെത്തിക്കുമെന്ന് മുഖ്യമന്ത്രി ചിന്തിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് നമ്മുടെ സെക്രട്ടേറിയററിനു മുൻപിൽ ബീഡിത്തൊഴിലാളികളുടെ എല്ലാ യൂണിയനുമുൾപ്പെടെ പിക്കററിംഗ് നടത്തി. കോൺഗ്രസ് (ഐ,എ,എസ്) പാർട്ടികൾ പിക്കററിംഗിൽ പങ്കെടുത്തിരുന്നു. ഈ സഭയിലിരിക്കുന്ന മററ് ആളുകളെ സംബന്ധിച്ച് എനിക്ക് പറയാനില്ല. ഏതായാലും മുഖ്യമന്ത്രിക്ക് അറിയാം, അദ്ദേഹം ഒരു തൊഴിലാളി പ്രവർത്തകനായിട്ടാണ് ഈ രംഗത്തേക്ക് കടന്നു വന്നത്. ഈ രാജ്യത്തെ രാഷ്ട്രീയ നേതാക്കൻമാരെ വളർത്തിയെടുത്തതിൽ ഏററവും അധികം പങ്കുവഹിച്ചിട്ടുള്ളവരാണ് ബീഡിത്തൊഴിലാളികൾ. അവർ ഏററവും ന്യായവും മിതവും ഗവൺമെൻറിന് ഫിനാൻഷ്യൽ കമിററ്മെൻറ്സ് ഇല്ലാത്തതുമായ കാര്യങ്ങളാണ് വച്ചിട്ടുള്ളത്. അവർ ആ കാര്യത്തിൽ അന്ന് പറഞ്ഞിട്ടുള്ളത് ബീഡി, സിഗാർ നിയമം ഇവിടെ നടപ്പിലാക്കുക മാത്രമല്ല അതിൽ ചില ഭേദഗതിക

LIBRARY ARCHIVES Kerala Legislative Assembly

ളോടു കൂടി ഇൻഡ്യയിലെ മററ് സ്റേററുകളിലും കൂടി അത് നടപ്പിലാക്കുന്നതിന് ഈ സ്റേററ് ഗവൺമെൻറ് മുൻകൈ എടുക്കണമെന്നും സമ്മർദ്ദം ചെലുത്തണമെന്നുമാണ്. ഈ നിയമം നമ്മുടെ രാജ്യത്ത് പാസായിക്കഴിഞ്ഞതിന് ശേഷം ലോക്സഭയിൽ വളരെയധികം പ്രക്ഷോഭങ്ങൾക്ക് ശേഷം സഖാവ് എ.കെ.ജി. യുടെ നേതൃത്വത്തിൽ ഒരു പ്രൈവററ് ബിൽ അവതരിപ്പിച്ചു. അതിനു ശേഷമാണ് ഗവൺമെൻറ് ബിൽ കൊണ്ടുവന്നത്. അങ്ങനെ പാസാക്കിയെടുത്ത ആ നിയമം നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇവിടെയുള്ള ബീഡിക്കമ്പനികളുടെ തെറുപ്പ് നടക്കുന്നത് തമിഴ് നാട്ടിലാണ്. അതുപോലെ തന്നെ ലേബൽഡ് ബീഡിക്ക് നികുതി ചുമത്തി നമ്മുടെ രാജ്യത്തെ ബീഡി വ്യവസായത്തെ തകർക്കുകയാണ്. ലേബൽ ഇല്ലാത്ത ബീഡികൾ ധാരാളമായി മററു സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് എണ്ണി കുറേശ്ശേയായിട്ട് ലേബൽ ഇട്ടു വയ്ക്കുകയാണ്. അത് ഇത്ര ലക്ഷത്തിൽ കൂടിയാൽ മാത്രമേ നികുതി ചുമത്താവൂ എന്നാണ്. അങ്ങനെ ബീഡി വ്യവസായത്തെത്തന്നെ നശിപ്പിക്കുന്ന രീതിയിലുള്ള നികുതിയാണ് ഇവിടെ ചുമത്തിക്കൊണ്ടിരിക്കുന്നത്. കൃഷിക്കാർക്ക് ദോഷമില്ലാത്ത തരത്തിൽ എന്തുകൊണ്ട് വാങ്ങുന്ന സ്ഥലത്തുചെന്ന് അവിടെയുള്ള കച്ചവടക്കാരുടെ മേൽ നികുതി ചുമത്തിക്കൂടാ. അങ്ങനെയായിരുന്നു നികുതി ചുമത്തിയിരുന്നത്. യു. പി. യിലേയും മററും ബീഡി മുതലാളിമാരുടെ സമ്മർദ്ദത്തിനു വിധേയമായിട്ടാണ് അത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നത്. ഇന്നത്തെ പിക്കററിംഗും അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും ഗവൺമെൻറ് പരിഗണിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെൻറിനെ സംബന്ധിച്ച് ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ പറഞ്ഞു. അൽപ്പത്വം കുറെയെങ്കിലും കുറയ്ക്കണം. വികസന പ്രവർത്തനങ്ങൾക്ക് ഈ രാജ്യത്തെ എല്ലാ വിഭാഗത്തിലുംപെട്ടയാളുകളുടെ സഹകരണം വേണമെന്നാണ് പറയുന്നത്. കാരണം ഹസൻ പറയുന്നതുപോലെയും പറയുന്നുണ്ട്. നിങ്ങൾ ആരും സഹകരിച്ചില്ലെങ്കിലും ഞങ്ങൾ ഇത് പാസാക്കിയെടുക്കുമെന്ന് പറയുന്നവരുണ്ട്.

പാലക്കാട് ജില്ലയിൽ ഇലവഞ്ചേരി പഞ്ചായത്ത് ഗ്രാമോത്സവ പഞ്ചായത്തായിട്ട് പ്രഖ്യാപിച്ചു. ആ ഗ്രാമോത്സവം ഉത്ഘാടനം ചെയ്യുന്നതിനു വേണ്ടി എല്ലാ പാർട്ടികളും ചേർന്ന് ഒരു കമ്മററിയുണ്ടാക്കി. അതുമായി ബന്ധപ്പെട്ട മന്ത്രി ജോസഫാണെന്നു വിചാരിച്ച് കമ്മിററി ഒരു പ്രമേയം പാസാക്കി. അദ്ദേഹത്തിനെ ക്ഷണിക്കാൻ എൻെറ കയ്യിലൊരു കത്തുതന്നു. ഞാൻ അത് അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം കളക്ടറെ വിളിച്ച് അന്വേഷിച്ചു. അപ്പോൾ കളക്ടർ പറഞ്ഞു ഇതുമായി ബന്ധപ്പെട്ട മന്ത്രി ഗംഗാധരൻ ആണെന്ന്. ഏതു മന്ത്രിയായാലും ഞങ്ങൾക്കൊന്നുമില്ല. ശ്രീ. ഗംഗാധരനോട് ഒന്നാം തീയതി ഉൽഘാടനം നടത്താമെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന് അസൗകര്യമാണെന്നു പറഞ്ഞു. പിന്നെ ഒരു ദിവസം പത്തു മുന്നൂറ് പോലീസുകാരോടൊപ്പം മന്ത്രിയും കുറെ കോൺഗ്രസുകാരും കൂടി ചേർന്ന് അത് ഉദ്ഘാടനം നടത്തി. അവിടത്തെ പഞ്ചായത്ത് പ്രസിഡൻറ് പോലും അറിഞ്ഞില്ല. അങ്ങനെ പത്തു മുന്നൂറ് പോലീസുകാരേയും കൊണ്ടുവന്ന് ഞങ്ങൾ ആരെങ്കിലും ഇങ്ങനെ ചെയ്തിട്ടുണ്ടോ? ഇതേ തരത്തിലുള്ള അൽപ്പത്വം കാണിക്കരുത് എന്നു മാത്രമേ എനിക്ക് പറയാനുള്ളു.

ഇവിടെ കൃഷിക്കാരുടെ കടങ്ങളെ സംബന്ധിച്ച് പറഞ്ഞു. ഇന്നലെ പാലക്കാട് ജില്ലയിലെ കൃഷിക്കാർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പിക്കററിംഗ് നടത്തി. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് അറിയാം കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് കൃഷിക്കാർക്ക് എത്ര രൂപ കടം കൊടുത്തിട്ടുണ്ട് എന്ന്. അതു കൊണ്ടാണ് ഗവർമെൻറിൻെറ കടമെന്നു പറഞ്ഞത്. സഹകരണസ്ഥാപനങ്ങളും സ്റേററ് ബാങ്ക് ഓഫ് ഇൻഡ്യയും അതുപോലെയുള്ള സ്ഥാപനങ്ങളുമാണ് കോടിക്കണക്കിന് രൂപ കടം കൊടുത്തിട്ടുള്ളത്. ഐ.ആർ. ഡി.പി. ക്ക് കൃഷിക്കാർക്ക് കൊടുത്തിട്ടുള്ള ലോണും ബാങ്കുകളിൽ നിന്നാണ് കൊടുത്തത്. അപ്പോൾ ഗവൺമെൻറിൻെറ കടമെന്നു പറയുന്നത് വളരെ തുച്ഛമായ കടം മാത്രമേയുള്ളു. അതിനാണ് ചെറിയ ഒരു ഇളവ് പ്രഖ്യാപിച്ചിട്ടുള്ളത്. നിങ്ങൾ വലിയ സൗജന്യം കൊടുക്കേണ്ട, അടുത്ത ഫെബ്രുവരി വരെ എങ്കിലും ഈ ജപ്തി നടപടികൾ നിർത്തിവയ്ക്കാമോ? ഫെബ്രുവരി വരെ ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള സൻമനസ് എന്തുകൊണ്ട് ഈ ഗവൺമെൻറ് കാണിക്കുന്നില്ല. കൃഷിക്കാരെ സഹായിക്കലാണ്, പറഞ്ഞുപററിക്കലല്ല പരിപാടി എങ്കിൽ ഇതെങ്കിലും ഒന്നു ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. നെല്ലിയാംപതി പഞ്ചായത്തിൽ കൂടുതലും തോട്ടം തൊഴിലാളികളാണ്. അവിടെ തോട്ടം തൊഴിലാളികൾ ആകെ പണിമുടക്കിലാണ്. ഇപ്പോൾ ആ തോട്ടം പൂട്ടിയിട്ടിരിക്കുകയാണ്. അവിടെ വലിയ സമരമാണ്. ഇത് ഒത്തു തീർപ്പിലാക്കാൻ ഈ രാജ്യത്ത് ആളുണ്ടോ? എത്രയോ കാലമായി അവിടെ സമരം തുടങ്ങിയിട്ട്. ആ തോട്ടം ഗവൺമെൻറ് ഉണ്ടാക്കിയതൊന്നുമല്ല. വളരെക്കാലമായി നമ്മുടെ രാജ്യത്ത് ഉള്ളതാണ്. തോട്ടം പൂട്ടിയിട്ട് കൂലി കുറയ്ക്കുമെന്ന് പറഞ്ഞ് തൊഴിലാളികളുടെ മേൽ സമ്മർദ്ദം ചെലുത്തുകയാണ്. ഗവൺമെൻറ് എന്തെങ്കിലും നടപടി എടുക്കുന്നുണ്ടോ. ഡിസ്ട്രിക്ട് ലേബർ ഓഫീസർ വരുന്നതും പോകുന്നതും താമസിക്കുന്നതും എല്ലാം തോട്ടം മുതലാളിമാരുടെ ബംഗ്ലാവുകളിലാണ്. അത് ഒത്തുതീർപ്പിലാക്കുമോ. എത്രയോ കാലമായിട്ട് തൊഴിലാളികൾ സമരം ചെയ്തു നേടിയെടുത്ത അവകാശമാണ് അത് എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. മുഖ്യമന്ത്രിക്ക് അറിയാം അദ്ദേഹത്തിൻെറ ശിഷ്യനായ ചിന്നപ്പാ നെല്ലിയാംപതിയിൽ സമരത്തിൻെറ കൂടെയുള്ള ആളാണ്. ഈ തോട്ടം തൊഴിലാളികളുടെ പ്രശ്നം വളരെ ഗൗരവമായി പരിഗണിക്കണം. തോട്ടം ഉറപ്പിക്കുന്നതിനും അവർക്ക് പണി കൊടുക്കുന്നതിനും ഗവൺമെൻറ് നടപടിയെടുക്കണം.

പറമ്പിക്കുളത്ത് വളരെയധികം ഗിരിജനങ്ങൾ താമസിക്കുന്നുണ്ട്. രണ്ടു കൊല്ലമായി നിരന്തരമായി അവർ വെള്ളത്തിനു വേണ്ടി ഡി. ഡി. സി. യിൽ ആവശ്യപ്പെടുന്നതാണ്. അവിടെ വെള്ളം കൊടുക്കാൻ ഇതുവരെ ഈ ഗവൺമെൻറിന് കഴിഞ്ഞില്ല. അതിൻെറ പണി പൂർത്തിയായിട്ട് രണ്ടു കൊല്ലമായി. അന്വേഷിക്കുമ്പോൾ കണക്ഷൻ കിട്ടിയില്ല എന്നാണ് പറയുന്നത്. അവർക്ക് കുടിക്കാൻ പോലും വെള്ളം കിട്ടുന്നില്ല. ഈ ഗവൺമെൻറ് ഇതൊന്ന് ശ്രദ്ധിക്കണം. ഈ രാജ്യത്തെ പോലീസുകാരും ആർ.എസ്.എസ്.കാരും കൊല നടത്തുന്ന ഏർപ്പാടാണ് ഉള്ളത്. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

<u>ശ്രീ. പി. ഭാസ്ക്കരൻ</u> : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടിനെ മനസ്സാക്ഷിക്കുത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. ഐക്യജനാധിപത്യ മുന്നണി സർക്കാരിൻെറ ഒരു ഘടക കക്ഷി എന്നുള്ള നിലയിലാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്. ഇത് എൻെറ ഒരു ധാർമ്മിക കടമയായി ഞാൻ കരുതുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ രണ്ടര ലക്ഷത്തോളം വരുന്ന ബീഡിത്തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന വിവിധ ട്രേയിഡ് യൂണിയൻനേതാക്കൻമാർ ഇന്ന് സെക്രട്ടേറിയററ് പടിക്കൽ ധർണ നടത്തുകയാണ്. ക്ഷേമനിധി പോലെയുള്ള അതിപ്രധാനമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പാവപ്പെട്ട തൊഴിലാളി നേതാക്കൻമാർ ധർണ നടത്തുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

അതിനൊരു പരിഹാരം കണ്ടെത്തണമെന്ന് മുഖ്യമന്ത്രിയോടും സർക്കാരിനോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്. 1981-ലെ പ്രതിസന്ധി ഘട്ടത്തിൽ ഒരു ബദൽ മന്ത്രിസഭ അധികാരത്തിൽ വരുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചയാളാണ് ജനതാ (ജി) യും ഗോപാലനും 1982-ലെ തെരഞ്ഞെടുപ്പിൽ ജനാധിപത്യം വീണ്ടെടുക്കുന്നതിനും ഐക്യജനാധിപത്യമുന്നണിക്ക് രൂപം കൊടുക്കാനും, ഒരു സൽഭരണം കാഴ്ച വയ്ക്കാനും ആത്മാർത്ഥമായി പ്രവർത്തിച്ച; അതിനുവേണ്ടി മുൻകൈ എടുത്ത ഒരു പാർട്ടിയാണ് ജനതാ (ജി). ജനതാ (ജി) യുടെ ടിക്കററിൽ മൽസരിക്കുകയും എം. എൽ. എ. ആകുകയും മന്ത്രി ആകുകയും ചെയ്ത ശ്രീമതി കമലം സ്വന്തം പാർട്ടിയെ വഞ്ചിച്ച് ഒരു പുതിയ പാർട്ടി രൂപീകരിച്ച് മന്ത്രിക്കസേരയിൽ ചടഞ്ഞുകൂടുകയാണ്. അത് രാഷ്ട്രീയ കൊലപാതകവും ധാർമ്മികമൂല്യങ്ങറക്ക് നിരക്കാത്തതുമാണെന്ന് കുററപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. സ്വന്തം താൽപര്യങ്ങറ സംരക്ഷിക്കുന്നതിന് കാലുമാററവും കൂറുമാററവും ഒരു തരത്തിലും പ്രോത്സാഹിപ്പിച്ചുകൂടാ. ഈ പ്രേരണക്കെതിരായി മുന്നണിസർക്കാർ മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മുന്നണിസർക്കാരിൽനിന്ന് ജനതാ (ജി)ക്ക് അനുഭവിക്കേണ്ടി വന്ന ചിററമ്മ നയത്തിൽ അതീവ ദുഃഖമുണ്ട്. മന്ത്രിസഭക്ക് ഒരു ശുദ്ധീകരണം വേണമെന്ന് ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയാണ്. സഹകരണ, സാമൂഹ്യവകുപ്പുകളിൽ നോമിനേററ് ചെയ്ത അംഗങ്ങളെ തന്നോടൊപ്പം നിൽക്കുന്നില്ല എന്ന പേരിൽ ടെലിപ്രിൻറർ മെസ്സേജ് കൊടുത്തുകൊണ്ട് നീക്കം ചെയ്യുന്ന ദുഷിച്ച പ്രവണത മുന്നണി സർക്കാരിനും ജനാധിപത്യത്തിനും ഭൂഷണമല്ല. സർക്കാർ മെഷിനറി ഉപയോഗപ്പെടുത്തി സ്വന്തം പാർശ്വവർത്തികളെ പ്രീതിപ്പെടുത്തി അധികാരം ദുർവിനിയോഗം ചെയ്യുന്ന മന്ത്രി കമലത്തിൻെറ വകുപ്പ് ഉറക്കൊള്ളുന്ന ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ മനഃപ്രയാസം ഉണ്ടെങ്കിലും ഞാൻ അനുകൂലിക്കുകയാണ്. പാർട്ടിക്കാർക്ക് പ്രാമുഖ്യവും പ്രാധാന്യവും നൽകുകയും അവർക്കെതിരായി ശബ്ദിക്കുന്ന ജനതാ (ജി) യുടെ വികാരങ്ങറക്ക് വിഘാതം നിൽക്കുകയും ചെയ്യുന്ന സർക്കാരിൻെറ സമീപനത്തിൽ പ്രതിഷേധമുണ്ട്. ഇക്കാര്യത്തിൽ ജനത (ജി) യുടേയും എൻെറയും പ്രതിഷേധവും അമർഷവും രേഖപ്പെടുത്തുന്നതിന് വേണ്ടി ഞങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങറക്ക് പരിഹാരം ഉണ്ടാക്കുന്നതുവരെ ഈ നിയമസഭാസമ്മേളനം ഞാൻ ബഹിഷ്ക്കരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ തന്ന എല്ലാ സൗഹൃദത്തിനും നന്ദി.

ശ്രീ. സിറിയക് ജോൺ : സർ, ബഹുമാനപ്പെട്ട സീതിഹാജി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഞാൻ അവിടെ ക്രിസ്ത്യൻ–മുസ്ലീം സംഘർഷത്തിന് ഇടയാക്കുന്ന തരത്തിൽ എന്തോ പ്രവർത്തിച്ചുവെന്ന് പറയുകയുണ്ടായി. അവിടെ എൻെറ പാർട്ടിയുടെ ഒരു കൺവെൻഷൻ അന്ന് ഏർപ്പാട് ചെയ്തുവെന്നുള്ളത് ശരിയാണ്. അവിടെ കുട്ടിമോൻഹാജി എന്നു പറയുന്ന ആളിൻെറ സ്ഥലത്ത് ആളുകറ കൈയേറി. സീതിഹാജി അങ്ങനെ പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. ഞാൻ ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്തിനു വേണ്ടി, മതസംഘട്ടനത്തിനുവേണ്ടി പ്രവർത്തിച്ചോയെന്ന് അദ്ദേഹം അദ്ദേഹത്തിൻെറ പാർട്ടിക്കാരോട് അന്വേഷിക്കണം. അങ്ങനെയൊരു പ്രസ്താവന സീതിഹാജി ചെയ്തത് വളരെ ദുഃഖകരമായിപ്പോയി. ഞാൻ അത് നിഷേധിക്കുകയാണ്.

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ബഹുമാന്യനായ ശ്രീ. ടി. കെ. അബ്ദു ഇവിടെ സംസാരിച്ച അവസരത്തിൽ ഡി. ആർ. ഡി. എ. കളിലേക്ക് എഞ്ചിനീയർമാരെ നിയമിച്ച കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞാനും എന്റെ പാർട്ടിയും ഓരോ ലക്ഷം രൂപവീതം വാങ്ങിച്ചെന്ന അടിസ്ഥാനരഹിതമായ, ദുരുദ്ദേശത്തോടുകൂടിയ ഒരു ആരോപണം ഉന്നയിച്ചു. ഞാൻ അതിനെ ശക്തിയായി നിഷേധിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ബഹുമാന്യരായ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള പല മെമ്പർമാരും പ്രസംഗിച്ചപ്പോൾ ഇവിടെ നിയമസമാധാനനിലയെപ്പററിയുള്ള പരാമർശനം ഉണ്ടായി സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ആർ.എസ്.എസുകാർ നടത്തിയിട്ടുള്ള അക്രമങ്ങളെപ്പററിയും രണ്ടു ദിവസം മുമ്പ് പെരിഞ്ഞനത്ത് ഉണ്ടായ നിർഭാഗ്യകരമായ സംഭവത്തെപ്പററിയും ഇവിടെ പറഞ്ഞു. രാവിലെ പ്രതിപക്ഷനേതാക്കൻമാർ ഇറങ്ങിപ്പോകുന്നതിനു മുമ്പ് ചില പരാമർശനങ്ങൾ തെററിദ്ധാരണ ഉളവാകത്തക്ക വിധത്തിൽ ഇവിടെ നടത്തുകയുണ്ടായി. ഈ കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. പെരിഞ്ഞനത്ത് അവിടത്തെ മാർക്സിസ്ററ് പാർട്ടിയുടെ പ്രധാന പ്രവർത്തകനായ ഗോപാലനെ പട്ടാപ്പകൽ കുത്തി കൊലപ്പെടുത്തുകയുണ്ടായി. മാർക്സിസ്ററ് പാർട്ടിക്കാർ മാത്രമല്ല ആ പ്രദേശത്തുള്ള ആളുകളെല്ലാം ആ ശവസംസ്ക്കാര ചടങ്ങിൽ പങ്കെടുത്തു. ആർ.എസ്.എസുകാരുടെ ആക്രമണം അവിടെ മാത്രമല്ല, കൊല്ലം, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ട്. ഗവൺമെൻറ് ഇതിനെ വളരെയധികം ഗൗരവത്തോടുകൂടി വീക്ഷിക്കുന്നുവെന്നു മാത്രമല്ല ഇങ്ങനെ നിയമം കൈയിലെടുത്തുകൊണ്ട് അക്രമം അഴിച്ചു വിടാൻ നടത്തുന്ന ശ്രമങ്ങളെ കർശനമായി നിയന്ത്രിക്കാനും അമർച്ച ചെയ്യാനുമുള്ള നിർദ്ദേശമാണ് ഗവൺമെൻറ് പോലീസിന് നൽകിയിട്ടുള്ളത്. യാതൊരു വിധമായ ദാക്ഷിണ്യവും കൂടാതെ ഈ നടപടിയെ അമർച്ച ചെയ്യുകയും പ്രതികളെ അറസ്ററ് ചെയ്യുകയും ചെയ്യുമെന്നു മാത്രമല്ല നിയമം കൈയിലെടുക്കാനുള്ള വാസനയെ വച്ചു പൊറുപ്പിക്കാൻ ഗവൺമെൻറ് അനുവദിക്കുകയില്ലെന്നു കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു പോലീസ് ഇതുപോലുള്ള പല സംഭവങ്ങളിലും നടപടി നടത്തിയിട്ടുണ്ട്; എന്നാൽ പോലീസിനു പരാതി കിട്ടി പോലീസ് നടപടി ഉണ്ടായതിനു ശേഷവും ആർ.എസ്.എസ്. അക്രമം ഉണ്ടായതായ സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് ഇടപെടൽ ഉണ്ടായതിനുശേഷവും അക്രമം നടക്കുന്നത് ഗൂഡാലോചനയുടെ ഫലമായി കരുതിക്കൂട്ടി നടത്തുന്നതാണെന്നാണ് ഗവൺമെൻറ് കണക്കാക്കുന്നത്. ആ അടിസ്ഥാനത്തിൽത്തന്നെ ആ കാര്യത്തിൽ ഗവൺമെൻറ് കർശനമായ നിർദ്ദേശം ഗവൺമെൻറിൽ നിന്ന് ആവർത്തിച്ച് കൊടുത്തിട്ടുണ്ട്. പോലീസുണ്ടെങ്കിലും നിയമം കൈയിലെടുത്തു കൊണ്ട് തങ്ങളുടേതായ ഇഷ്ടങ്ങൾ നടത്താനും കൊലപ്പെടുത്താനും കഴിയുമെന്ന വ്യാമോഹം ആർ.എസ്.എസുകാർ വച്ചു പുലർത്താൻ ഈ ഗവൺമെൻറ് താൽപ്പര്യപ്പെടുന്നില്ല. ആ വ്യാമോഹം ഇല്ലാതാക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. അതനുസരിച്ചുള്ള നടപടികളാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്. ആ കാര്യത്തിൽ യാതൊരു വിധമായ വിട്ടുവീഴ്ചയുമില്ലെന്നു പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. എം. അബൂബേക്കർ: ശ്രീ. ഗോപാലന്റെ വീട് പോലീസ് റെയിഡ് ചെയ്തതെന്തിനാണ്? അദ്ദേഹത്തിന്റെ ഭാര്യയെ അറസ്ററ് ചെയ്തതെന്തിനാണ്?

ശ്രീ. വയലാർ രവി: ഗോപാലന്റെ വീട്ടിൽ പോലീസ് പോയില്ല. ഇന്നലെ വൈകുന്നേരം ഷാജിയെന്നുള്ള വിദ്യാർത്ഥിയെ പിടിച്ചെന്നുള്ളത് ശരിയാണ്. ആ കുട്ടിയുടെ അമ്മ പോലീസ് സ്റേറഷനിൽപ്പോയി ആ കുട്ടിക്ക് ഇന്ന് പരീക്ഷയാണെന്നു പറഞ്ഞപ്പോൾ രാവിലെ 8.30 ന് തന്നെ ആ കുട്ടിയെ വിട്ടു. (ബഹളം) ..

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇപ്പോൾ പറഞ്ഞത് ശ്രീ. ഗോപാലന്റെ വീട് സർച്ച് ചെയ്തിട്ടില്ലെന്നാണ്. അതിനെപ്പററി ഒന്നുകൂടി അന്വേഷിക്കാമോ? 9-ാം സ്ററാൻഡേർഡിൽ പഠിക്കുന്ന ഷാജിയെന്ന ഗോപാലന്റെ ബന്ധുവിനെ അറസ്ററ് ചെയ്ത് ഒരു ദിവസം ലോക്കപ്പിൽ വയ്ക്കാനുള്ള കാരണമെന്താണ്? ഒരാൾ മരിച്ചതും പോര എന്നിട്ടും അയാളുടെ ബന്ധുക്കളെ അറസ്ററ് ചെയ്യുകയാണ് ചെയ്യുന്നത്. 9-ാം സ്ററാൻഡേർഡിൽ പഠിക്കുന്ന കുട്ടിയെ അറസ്ററ് ചെയ്തതിനെ നിങ്ങൾ ന്യായീകരിക്കുകയാണോ? അല്ലെങ്കിൽ പോലീസിന്റെ ആ നടപടിയെപ്പററി അന്വേഷിച്ച് ആ പോലീസുകാരന്റെ പേരിൽ നടപടി നടത്താൻ തയ്യാറാകുമോ?

ശ്രീ. വയലാർ രവി: ആ കുട്ടിയെ ഇന്നലെ വൈകുന്നേരം പിടിച്ചു. ഇന്ന് വിട്ടുവെന്നുള്ളതാണ് എനിക്ക് കിട്ടിയ വിവരം. അതാണ് ഞാൻ ഇവിടെ പറഞ്ഞത്. (ബഹളം) .. .. .. .. ..

ഇതിന്റെ പ്രതികാര നടപടിയെന്നോണം ഇന്നലെ അവിടെ തീവയ്പുണ്ടായി. (ബഹളം) .. .. .. .. .. ഇന്നലെയുണ്ടായ തീവയ്പിനു ശേഷം അവിടെ സംഘർഷമുണ്ടാകുന്നത് ഒഴിവാക്കാൻ വേണ്ടിയാണ് അറസ്ററ് ചെയ്തത്. നൂറോളം ആർ. എസ്. എസുകാരെ ചോദ്യം ചെയ്യാൻ വേണ്ടി കസ്ററഡിയിൽ എടുത്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ തീവയ്പുണ്ടായ സ്ഥലത്ത്. സ്ഥിതിഗതികൾ കൂടുതൽ വഷളാകാതിരിക്കാൻ വേണ്ടി മാർക്സിസ്ററ് പാർട്ടിയുടെ പല ആളുകളേയും കസ്ററഡിയിൽ എടുത്തിട്ടുണ്ട്. ആ കൂട്ടത്തിലാണ് ശ്രീ. ഷാജിയേയും അറസ്ററ് ചെയ്തിട്ടുള്ളത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അക്രമം പടർന്നു പിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത് സ്വീകരിക്കുമ്പോൾ രണ്ട് പക്ഷത്തുള്ള ആളുകളെയും പിടിക്കേണ്ടി വരും.

ശ്രീ. സി. വാസുദേവമേനോൻ പാലക്കാട്ടെ സംഭവം പറഞ്ഞു. എനിക്കു അദ്ദേഹത്തോടപേക്ഷിക്കാനുള്ളത് ശ്രീ. ഗോപിനാഥിന്റെ പഞ്ചായത്തിലുണ്ടായ സംഭവത്തെപ്പററി അദ്ദേഹം തന്നെ നേരിട്ടന്വേഷിക്കണമെന്നാണ്. അവിടെ അഞ്ച് കോൺഗ്രസുകാരുടെ വീട്ടിന് നേരെ ബോംബെറിഞ്ഞതല്ലാതെ പ്രതികാര നടപടിയൊന്നും ഉണ്ടായിട്ടില്ല. പാലക്കാട്ട് മരുതുംറോഡ് പഞ്ചായത്തിൽ ഉണ്ടായ സംഭവത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞു. അവിടത്തെ കോൺഗ്രസ് പാർട്ടിയുടെ മണ്ഡലം പ്രസിഡന്റിനെ മാരകമായി വെട്ടി പരിക്കേൽപ്പിച്ച് കോയമ്പത്തൂർ മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുപോയിരിക്കുകയാണ്. ശ്രീ. ഗോപിയുടെ പഞ്ചായത്തിൽ അഞ്ചാറ് വീടുകൾക്ക് ബോംബേറുണ്ടായിയെന്നുള്ളതല്ലാതെ മററ് സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. ബേബി ജോൺ: 9-ാം ക്ലാസിൽ പഠിക്കുന്ന കുട്ടിയെ അറസ്ററ് ചെയ്തതെന്തിനാണ്?

ശ്രീ. ഇ. കെ. നായനാർ: കൊല ചെയ്യപ്പെട്ട ഗോപാലന്റെ അനിയന്റെ മകനെ അറസ്ററ് ചെയ്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി നടത്താൻ തയ്യാറാകുമോ?

മി. സ്പീക്കർ: അറസ്ററ് ചെയ്ത സാഹചര്യത്തെപ്പററി ഇവിടെ പറഞ്ഞു. (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1984-85 വർഷത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് പാസാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇതിനെക്കുറിച്ച് സഭയുടെ എല്ലാ ഭാഗത്തു നിന്നും പല നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. (ബഹളം)......

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, സി. കെ. ചക്രപാണി ഈ ആക്ഷേപമുന്നയിച്ചതുകൊണ്ട് ഉടനെ അന്വേഷിച്ചപ്പോൾ കിട്ടിയ വിവരമാണ് ഞാൻ ഇവിടെ പറഞ്ഞത്. പിന്നെ അറസ്റ്റിനെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം. (ബഹളം) .. .. .. .. ..

മി. സ്പീക്കർ : ചെയറിൽനിന്നും എഴുന്നേററു നിൽക്കുമ്പോൾ അംഗങ്ങൾ ഇരിക്കണമെന്നുള്ളതാണ് മര്യാദ. ആ കുട്ടിയെ അറസ്ററ് ചെയ്തതിനെക്കുറിച്ച് മന്ത്രി പറഞ്ഞു. അദ്ദേഹം പറഞ്ഞത്, ഈ കൊലപാതകം നടന്നതിനുശേഷം അതിൻെറ പ്രതികാരമെന്ന രീതിയിൽ വീണ്ടും ഒരു തീവയ്പ് നടന്നു. (ബഹളം) .. .. .. .. .. ഇതിൻെറ പേരിൽ ആർ.എസ്. എസുകാരിൽ കുറെപ്പേരെ പിടിച്ചിട്ടുണ്ട്. കൊലപാതകം നടത്തിയതിൻെറ പ്രതികാരം എന്ന രീതിയിൽ കുറെ ആളുകൾ തീവയ്പ് നടത്തി. അവരിൽ കുറെ ആളുകളേയും പിടിച്ചിട്ടുണ്ട്. അങ്ങനെ രണ്ടു കൂട്ടരേയും പിടിച്ച കൂട്ടത്തിൽ ഈ കുട്ടിയും ഉൾപ്പെട്ടു. ആ കുട്ടിയെ ഇന്നു രാവിലെ വിട്ടു. അങ്ങനെ പിടിച്ചതിൽ എന്തെങ്കിലും തെററുണ്ടെങ്കിൽ അന്വേഷിക്കാമെന്ന് പറഞ്ഞല്ലോ? പിന്നെന്തിനാണ് ഈ ബഹളം .. .. . ..

ശ്രീ. കെ. എം. മാണി : സർ, 1984-85-ലേക്കുള്ള 4 മാസത്തെ വോട്ട് ഓൺ അക്കൗണ്ട് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അടുത്ത വർഷം മൊത്തമായിട്ട് 1710 കോടിരൂപയാണ് ചെലവ് വരുന്നത്. അതിൽ 570 കോടി രൂപയാണ് 4 മാസത്തെ ചെലവിനുവേണ്ടി ചോദിച്ചിട്ടുള്ളത്. ദയവായി ഇത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. (ബഹളം) .......... 1550 കോടി രൂപയുടെ പദ്ധതിയിൽ (ബഹളം) ........... 355 കോടി രൂപയുടെ ഒരു പദ്ധതി നമുക്ക് അംഗീകരിപ്പിക്കുവാൻ കഴിഞ്ഞത് വലിയ നേട്ടമായി കരുതുകയാണ്. അതുപോലെ തന്നെ പദ്ധതിയുടെ കേന്ദ്രസഹായം 1980-81 ൽ 78 കോടിയും 1981-82 ൽ 104 കോടിയും 1982-83 ൽ 86 കോടിയും 1983-84-ൽ 85 കോടിയും ഉൾപ്പെടെ 354 കോടി രൂപയാണ് കഴിഞ്ഞ 4 വർഷം ചെലവഴിച്ചത്. ബാലൻസ് 76 കോടി രൂപയാണെങ്കിലും കേന്ദ്രവിഹിതം 430 കോടിയിൽ 384 കോടി കഴിച്ച് ബാക്കി 76 കോടി രൂപ മാത്രമേ സെൻട്രൽ അസിസ്ററൻസ് ആയി കിട്ടാനുണ്ടായിരുന്നുള്ളു എങ്കിലും 111 കോടി കേന്ദ്രത്തിൽ നിന്നും ലഭിച്ചു. അതൊരു വലിയ നേട്ടമായി കരുതുകയാണ്. .. .. (ബഹളം) ..........

ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചൊക്കെ എനിക്ക് മറുപടി പറയണം. മറുപടി പറയുന്നത് കേൾക്കണം. മറുപടി പറയുന്നത് കേൾക്കാതിരിക്കാൻ ഒക്കുകയില്ല. .. .. .. (ബഹളം) ..........

ഇവിടെ ചർച്ച നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട പല മെമ്പറൻമാരും ഗവൺമെൻറിൻെറ നടപടികളെ സംബന്ധിച്ച് വിമർശനാത്മകമായി ചില കാര്യങ്ങൾ പറയുകയുണ്ടായി. അത് അടിസ്ഥാനരഹിതമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ..... (ബഹളം) ..........

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് ഗുണ്ടായിസമാണ്. ഗവൺമെൻറ് ഭാഗത്തു നിന്നും പറയാനുള്ളത് കേൾക്കണം. കേൾക്കാതിരിക്കാൻ ഒക്കുകയില്ല. അത് ഭീരുത്വമാണ്. ഗവൺമെൻറിൻെറ ഭാഗത്തുനിന്നും പറയുവാനുള്ളത് കേൾക്കാതെ ബഹളം ഉണ്ടാക്കുന്നത് ഭീരുത്വമാണ്. ........ (ബഹളം) ............

മി. സ്പീക്കർ: ഇതെല്ലാം ജനങ്ങൾ കാണുന്നുണ്ട്, ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. .......... (ബഹളം) ..........

ശ്രീ. കെ.എം. മാണി: ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതിന് മറുപടി പറയാൻ അങ്ങ് പിന്നീട് എനിക്ക് സമയം തന്നാൽ മതി. ... (ബഹളം).....

മി. സ്പീക്കർ: നിങ്ങളുടെ തൊണ്ട അടയ്ക്കുമ്പോൾ ശബ്ദം നിൽക്കും. അപ്പോൾ ശ്രീ. മാണി തുടങ്ങും ........ (ബഹളം) ..........

ശ്രീ. ഇ. കെ. നായനാർ: തൃശ്ശൂരിൽ ഒരു കുട്ടിയെ അറസ്ററ് ചെയ്തതിന് എന്തു നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ പ്രവണത ശരിയല്ല. നിർഭാഗ്യകരമായ സംഭവമാണ്. ഒരാളെ കൊല ചെയ്യുക എന്നുള്ളത്. അത് ഏതു പാർട്ടിയായാലും ശരി വേദനാജനകമായ സംഗതിയാണ്. ആ കാര്യം ഇവിടെ പറഞ്ഞു. ആ കൊലപാതകത്തിനിടയാക്കിയ സാഹചര്യത്തെക്കുറിച്ച് ശക്തമായ നടപടി ഗവൺമെൻറ് സ്വീകരിക്കാമെന്നു പറഞ്ഞു. ആ കൊലപാതകത്തെ തുടർന്ന് നിർഭാഗ്യകരമായ മററ് സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചും അന്വേഷിക്കാമെന്നു പറഞ്ഞു. അന്വേഷിക്കുന്നത്, വെറുതെ അന്വേഷിക്കാനല്ല, അന്വേഷണത്തെ സംബന്ധിച്ച് അറസ്ററ് ചെയ്തത് ശരിയാണോ, തെററായിട്ടാണോ? തെററായിട്ടാണ് അറസ്ററ് ചെയ്തതെങ്കിൽ അതിനുള്ള നടപടി ഉണ്ടാകും. പക്ഷേ ഈ ഗവൺമെൻറിനെ മറുപടി പറയിക്കാതെ ബഹളം ഉണ്ടാക്കുന്ന ഈ സമീപനം സഭയ്ക്കു യോജിച്ചതല്ല. ഒരു മനുഷ്യൻെറ ജീവൻ അദ്ദേഹം ഏതു പാർട്ടിയോ ആകട്ടെ, വളരെ വിലപ്പെട്ടതാണ്. ആ ജീവൻ നഷ്ടപ്പെടുത്തിയതിൽ വേദനയുണ്ട്. ....(ബഹളം)....

ശ്രീ. ഗോപാലൻെറ മരണത്തിൽ പ്രതിപക്ഷത്തിനു മാത്രമല്ല, മനുഷ്യസ്നേഹികൾക്കെല്ലാം വേദനയുണ്ട്. ഗവൺമെൻറിന് കൂടുതൽ വേദനയുണ്ട്. പക്ഷേ അതേയവസരത്തിൽ അതു സംബന്ധിച്ചുള്ള കാര്യങ്ങൾ നിഷ്പക്ഷമായി ഗവൺമെൻറ് അന്വേഷിക്കുന്നു, ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു. അതംഗീകരിച്ചുകൊണ്ട് മറുപടി കേൾക്കാൻ തയ്യാറാവുകയാണ് വേണ്ടത്. മറിച്ചുള്ള നടപടി നിർഭാഗ്യകരമാണ്. ഈ സഭ ഇന്നുകൊണ്ട് അവസാനിക്കുന്നില്ല. അതുകൊണ്ട് പ്രതിപക്ഷം സഹകരിക്കണം. ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ചെയ്യാവുന്നത് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു കഴിഞ്ഞു. പ്രതിപക്ഷം സഹകരിക്കണം. ഇത്തരം കുററവാളികളെ രക്ഷപ്പെടുത്താൻ ഗവൺമെൻറ് ഒരിക്കലും ആഗ്രഹിക്കുന്നില്ല. കുററവാളികളെ പുറത്തു കൊണ്ടുവരുന്ന കാര്യത്തിൽ ഗവൺമെൻറ് താൽപ്പര്യപൂർവ്വം പ്രവർത്തിച്ചു. എന്തിനാണ് സർ പിന്നെ ഇത്തരം പ്രകടനങ്ങൾ......... (ബഹളം).........

ശ്രീ. ഇ. കെ. നായനാർ: ഞങ്ങൾ ആവശ്യപ്പെട്ടത് കൊലചെയ്യപ്പെട്ട സഖാവ് ഗോപാലൻെറ സഹോദരൻെറ 9-ാം സ്ററാൻേറർഡിൽ പഠിക്കുന്ന കുട്ടി പിറേറന്ന് പരീക്ഷയ്ക്കു പോകേണ്ട കുട്ടിയെ അറസ്ററ് ചെയ്തു, തെററായ നടപടി കൈക്കൊണ്ട, ആ ആഫീസറുടെ പേരിൽ നടപടി എടുക്കണമെന്നാണ്. അതിന് ഒരക്ഷരം മറുപടി പറഞ്ഞിട്ടില്ല............... (ബഹളം).........

മി. സ്പീക്കർ: അതന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു കഴിഞ്ഞു. .......... (ബഹളം) ..........

ശ്രീ. കെ. കരുണാകരൻ: തെററായിട്ടാണോ ശരിയായിട്ടാണോ എന്നുള്ളത് അന്വേഷിക്കാം. തെററായിട്ടാണ് അറസ്ററു ചെയ്തതെങ്കിൽ നടപടി സ്വീകരിക്കുമെന്നുള്ള കാര്യം ഇവിടെ പ്രത്യേകം പറയേണ്ട കാര്യമില്ല. നടപടി സ്വീകരിക്കും. .... ..... (ബഹളം) ..........

ശ്രീ. ഇ. കെ. നായനാർ: അവിടെ ഒരൊററ കൊലയാളിയേയും അറസ്ററു ചെയ്തിട്ടില്ല. അതിനുപകരം സഖാവ് ഗോപാലൻെറ സുഹൃത്തുക്കളെയാണ് അറസ്ററു ചെയ്തത്. .......... (ബഹളം) ..........

മി. സ്പീക്കർ: തീർച്ചയായും അങ്ങനെ അനാവശ്യമായി അറസ്ററു ചെയ്തിട്ടുണ്ടെങ്കിൽ നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ശ്രീ. ബേബിജോൺ: അറസ്ററ് ചെയ്ത പിഞ്ചു കുഞ്ഞിനെ പരീക്ഷ എഴുതാൻ വിട്ടപ്പോഴം അത്ര ചെറിയ കാര്യത്തിനാണ് അറസ്ററ് ചെയ്തത് എന്ന് മനസിലായല്ലോ ?

മി. സ്പീക്കർ: പരീക്ഷ എഴുതാനാണ് വിട്ടത് എന്നാണ് പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: പരീക്ഷ എഴുതാൻ വിട്ടതും കുററമായോ ?

ശ്രീ. ബേബിജോൺ: പരീക്ഷ എഴുതാൻ വിട്ടത് കുററമാണെന്നല്ല പറയുന്നത്. അന്യായമായി നിയമവിരുദ്ധമായി ഒരു പിഞ്ചു കുഞ്ഞിനെ തടങ്കലിൽ വെച്ചതിന് നിങ്ങഠം സമാധാനം പറയണം, മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും സഭയിൽ മാപ്പു പറയണം—അതാണ് വേണ്ടത് .................. ........................ (ബഹളം) ....................

മി. സ്പീക്കർ: ഓർഡർ, ഓർഡർ ............ (ബഹളം) ............ അതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇനി എന്താണ് വേണ്ടത് ? അന്വേഷിക്കാതെ എന്തു ചെയ്യാൻ പററും ? അന്വേഷിക്കാതെ നടപടി എടുക്കാൻ പററുമോ ?.................... ........................ (ബഹളം)..................................

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: പട്ടാപ്പകൽ ഒരാളെ വെട്ടിക്കൊന്നിട്ട് അത് കണ്ടുപിടിക്കാൻ കഴിയാത്ത പോലീസ്, മരണപ്പെട്ട ഗോപാലൻെറ വീട് സർച്ച് ചെയ്ത് ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കുട്ടിയെ അറസ്ററ് ചെയ്ത നാണം കെട്ട പോലീസ്........................ (ബഹളം) ....................

മി. സ്പീക്കർ: രണ്ട് വിഭാഗങ്ങളിൽ നിന്നും അറസ്ററ് ചെയ്തിട്ടുണ്ടെന്നാണ് മന്ത്രി പറഞ്ഞത്. ഏതായാലും ............(ബഹളം)........ ഓർഡർ. ഓർഡർ. നിങ്ങളുടെ വികാരം മനസിലായി. ഇതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആവശ്യമില്ലാതെയാണ് ആ കുട്ടിയെ അറസ്ററ് ചെയ്തിട്ടുള്ളതെങ്കിൽ തീർച്ചയായിട്ടും നടപടി ഉണ്ടാകുമെന്ന് പറഞ്ഞു. ഇന്നലെ രാത്രി അവിടെ നടന്ന സംഗതികളെപ്പററി അന്വേഷിക്കാതെ പറയാൻ പററുകയില്ല. ഇവിടെ കിട്ടിയ ഇൻഫർമേഷൻ അനുസരിച്ച് ഹോം മിനിസ്ററർ പറഞ്ഞു. ബഹുമാനപ്പെട്ട ചക്രപാണി ചെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അതിനെക്കുറിച്ച് ഉടനെ അന്വേഷിച്ചു. ആദ്യം കിട്ടിയ വിവരം ഇവിടെ പറഞ്ഞു. എന്നാൽ നിങ്ങളുടെ വികാരം മാനിച്ചുകൊണ്ടാണ് മുഖ്യമന്ത്രി പറഞ്ഞത്. അതിൽ എന്തെങ്കിലും തെററ് ഉണ്ടെങ്കിൽ നടപടി ഉണ്ടാകും. അതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് പറഞ്ഞു. ഇതിൽ കൂടുതൽ എന്ത് ചെയ്യാൻ പററുമെന്ന് ബഹുമാനപ്പെട്ട നേതാക്കൻമാരോട് ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് അടുത്ത നടപടിയിലേക്ക് പോകാം. ദയവ് ചെയ്ത് നിങ്ങൾ ഇരിക്കണം .................. ഓർഡർ, ഓർഡർ ........................ (ബഹളം) ........................

ശ്രീ. കെ. പി. പ്രഭാകരൻ : പകൽ നടന്ന ഈ കൊലപാതകത്തിൽ ഒരൊറ്റ പ്രതിയേയും അറസ്ററ് ചെയ്തിട്ടില്ല.

മി. സ്പീക്കർ : രണ്ട് വിഭാഗങ്ങളിലുള്ള ആളുകളേയും അറസ്ററ് ചെയ്തു. ........................ (ബഹളം) ........................

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട താമരാക്ഷൻ ഈ ഗവൺമെൻറിനെ രോഗശയ്യയിൽ കിടക്കുന്ന രോഗിയോട് ഉപമിക്കുകയുണ്ടായി. ഈ ഗവൺമെൻറിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയാണെന്നുണ്ടെങ്കിൽ .............................. (ബഹളം) ......................
നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമമായ താൽപ്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഗവൺമെൻറ് വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ............
.............................. (ബഹളം) ..............................
ആ നിലയിൽ നോക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു കാലഘട്ടത്തിലും ഇത്രമാത്രം ഇൻവെസ്ററ്മെൻറ് നമ്മുടെ കേരള സംസ്ഥാനത്തിൽ ഉണ്ടായിട്ടില്ല എന്നുള്ളത് പ്രസ്താവയോഗ്യമായിട്ടുള്ള ഒരു കാര്യമാണ്. അതുപോലെതന്നെ 1978-79-ലും 1979-80-ലും 1980-81-ലും 1981-82-ലും ഈ സംസ്ഥാനത്തുണ്ടായിട്ടുള്ള വിലയിരുത്തലുകൾ ........ (ബഹളം) .........
സർ, എനിക്ക് മറുപടി പറയാതിരിക്കുവാൻ പററുകയില്ല ....................
............ (ബഹളം) .............. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ നിഷേധിച്ചിരിക്കുന്നു. അതെല്ലാം അടിസ്ഥാനരഹിതമാണ്, അവാസ്തവമാണ്. നാളെ എനിക്ക് പേഴ്സണൽ എക്സ്പ്ലനേഷന് സമയം തരണം ...................... (ബഹളം) ......................

The cut motions moved by Shri T. P. Peethambaran Master was put and lost.

The cut motions moved by Shri N. A. Mammu Haji was put and lost.

The question that the motion regarding the Demands for Grants on account for or towards defraying the charges during the first four months of the financial year 1984-85, moved by the Minister for Finance and Law be adopted, was put and carried.

**Shri Baby John :** Sir, I demand a poll.

A poll was taken when the House divided as follows :

LIBRARY ARCHIVES Kerala Legislative Assembly

AYES—71

| | | | | | |
|---|---|---|---|---|---|
| 1 | Shri | E. Ahamed | 36 | Shri | P. A. Mohammed Kannu |
| 2 | ,, | C. T. Ahammed Ali | 37 | ,, | T. H. Musthafa |
| 3 | ,, | Korambayil Ahammed Haji | 38 | ,, | K. S. Narayanan Namboodiri |
| 4 | ,, | K. Avukaderkutty Naha | 39 | ,, | K. K. Nair |
| 5 | ,, | R. Balakrishna Pillai | 40 | ,, | K. P. Noordin |
| 6 | ,, | Thennala G. Balakrishna Pillai | 41 | ,, | Oommen Chandy |
| | | | 42 | ,, | C. V. Padmarajan |
| 7 | ,, | P. K. K. Bava | 43 | ,, | Thachady Prabhakaran |
| 8 | ,, | U. A. Beeran | 44 | ,, | K. Raghavan Master |
| 9 | ,, | Benny Behanan | 45 | ,, | Raghavan Pozhakadavil |
| 10 | ,, | V. Dinakaran | 46 | ,, | K.K. Ramachandran Master |
| 11 | ,, | M. P. Gangadharan | 47 | ,, | K. P. Ramachandran Nair |
| 12 | ,, | A. George | 48 | ,, | S. Ramachandran Pillai |
| 13 | ,, | P. C. George | 49 | ,, | Therambil Ramakrishnan |
| 14 | ,, | K. M. Hamsakunju | 50 | ,, | Ramesh Chennithala |
| 15 | ,, | M. M. Hassan | 51 | ,, | Thoppil Ravi |
| 16 | ,, | A. L. Jacob | 52 | ,, | Vayalar Ravi |
| 17 | ,, | T. M. Jacob | 53 | ,, | P. Seethi Haji |
| 18 | ,, | C. G. Janardhanan | 54 | ,, | Sidharthan Kattungal |
| 19 | ,, | T. S. John | 55 | ,, | Kadavoor Sivadasan |
| 20 | ,, | K. C. Joseph | 56 | ,, | Nalakath Soopy |
| 21 | Dr. | K. C. Joseph | 57 | ,, | K. K. Sreenivasan |
| 22 | Shri | P. J. Joseph | 58 | ,, | N. Srinivasan |
| 23 | ,, | V. V. Joseph | 59 | ,, | Pandalam Sudhakaran |
| 24 | Smt. | M. Kamalam | 60 | ,, | V. M. Sudheeran |
| 25 | Shri | G. Karthikeyan | 61 | ,, | Kottakuzhi Sukumaran |
| 26 | ,, | K. G. R. Kartha | 62 | ,, | C. M. Sundaram |
| 27 | ,, | K. Karunakaran | 63 | ,, | N. Sundaran Nadar |
| 28 | ,, | P. K. Kunhalikutty | 64 | ,, | P. P. Thankachan |
| 29 | ,, | Manimangalath Kuttialy | 65 | ,, | C. F. Thomas |
| 30 | ,, | E. J. Lukose | 66 | ,, | K. K. Thomas |
| 31 | ,, | K. P. A. Majeed | 67 | ,, | P. C. Thomas (Thiruvalla) |
| 32 | ,, | K. M. Mani | 68 | ,, | Thomas Kallampally |
| 33 | ,, | M. V. Mani | 69 | ,, | P. K. Velayudhan |
| 34 | ,, | P. V. Muhammed | 70 | ,, | T. V. Vijayarajan |
| 35 | ,, | K. Mohammed Ali | 71 | ,, | Stephen Padua |

2/4713/L.

LIBRARY ARCHIVES Kerala Legislative Assembly

NOES—65

1 Shri T. K. Abdu
2 ,, A. V. Abdurahiman Hajee
3 ,, P. M. Abubacker
4 ,, K. P. Aravindakshan
5 ,, T. K. Arumughan
6 ,, Baby John
7 ,, Kodiyeri Balakrishnan
8 ,, K. K. Balakrishnan
9 ,, O. Bharathan
10 Smt. Bhargavi Thankappan
11 Shri C. K. Chakrapani
12 ,, K. R. Chandra Mohanan
13 ,, K. Chandrasekharan
14 ,, N. Chandrasekhara Kurup
15 ,, Cyriac John
16 ,, V. S. Chandrasekharan Pillai
17 ,, K. J. George
18 Smt. P. Devooty
19 ,, K. R. Gouri
20 Shri S. Govindakurup
21 ,, T. K. Hamza
22 ,, K. E. Ismail
23 ,, M. Jinadevan
24 ,, Jose Kuttiani
25 ,, V. C. Kabeer
26 ,, K. T. Kanaran
27 ,, M. K. Kesavan
28 ,, V. Kesavan
29 ,, C. T. Krishnan
30 ,, K. Krishnankutty
31 ,, Koliyakode N. Krishnan Nair
32 ,, K. T. Kumaran
33 Shri P Kumaran
34 ,, P. V. Kunhikannan
35 ,, M. Kunhiraman Nambiar
36 ,, Lonappan Nambadan
37 ,, N. A. Mammu Haji
38 ,, K. Moosakutty
39 ,, C. P. Moosankutty
40 ,, E. K. Nayanar
41 ,, E. Padmanabhan
42 ,, A. K. Padmanabhan
43 ,, K. Pankajakshan
44 ,, T. P. Peethambaran Master
45 ,, K. P. Prabhakaran
46 ,, Varkala Radhakrishnan
47 ,, M. V. Raghavan
48 ,, V. K. Rajan
49 ,, Kanam Rajendran
50 ,, K. P. Raman
51 ,, N. Sakthan Nadar
52 ,, K. Sankaranarayana Pillai
53 ,, A. K. Saseendran
54 ,, A. C. Shanmughadas
55 ,, Sunny Panavelil
56 Dr. Subba Rao
57 Shri K. V. Surendranath
58 ,, A. V. Thamarakshan
59 ,, C. K. Thankappan
60 ,, V. J. Thankappan
61 ,, S. R. Thankaraj
62 ,, P. C. Thomas (Kaduthuruthy)
63 ,, R. S. Unni
64 ,, G. Varadan
65 ,, C Vasudeva Menon

NEUTRALS—NIL

| | | |
|---|---|---|
| For the motion | — | 71 |
| Against | — | 65 |
| Neutrals | — | Nil |

The motion was declared adopted.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1984 മാർച്ച് 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



## അനുബന്ധം I

### നക്ഷത്രചിഹ്നമിട്ട ചോദ്യം (241) കാണുക

| | | യു.ടി.യു.സി. | ഐ.എൻ.ടി.യു.സി. | സി.ഐ.ടി.യു. | എ.ഐ.ടി.യു.സി. | എച്ച്.എം.എസ്. | സി.പി.ഐ.എം.(എൽ) | എസ്.ടി.യു. | കെ.ടി.യു.സി | എൻ.എൽ.ഒ. | ഐ.എൻ.ടി.യു.സി.(എസ്) | കെ.ടി.യു.സി. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | പ്ലാന്റേഷൻ ലേബർ കമ്മററി | 2 | 7 | 4 | 2 | 1 | .. | 2 | 1 | 1 | 1 | .. |
| 2. | ടെക്സ്റ്റയിൽ വ്യവസായ ബന്ധ സമിതി | 1 | 1 | 2 | 2 | .. | .. | .. | .. | .. | 1 | .. |
| 3. | കയർ വ്യവസായ ബന്ധ സമിതി | 1 | 4 | 3 | 2 | .. | .. | .. | .. | .. | .. | .. |
| 4. | ആലപ്പുഴ തുറമുഖ വ്യവസായ ബന്ധ സമിതി | 2 | 3 | 2 | 3 | .. | .. | 1 | .. | .. | .. | .. |
| 5. | ഇടമലയാർ പ്രോജക്റ്റ് ഏരിയാ വ്യവസായ ബന്ധ സമിതി | 1 | 2 | 1 | 1 | .. | 1 | .. | 1 | .. | .. | 2 |

## അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം (254) കാണുക

മുനിസിപ്പാലിററികളുടെയും കോർപ്പറേഷനുകളുടെയും വിസ്തീർണ്ണവും മററും കാണിക്കുന്ന പട്ടിക

| മുനിസിപ്പാലിററിയുടെ പേര് | | വിസ്തൃതി ച: കിലോമീററർ | ജനസംഖ്യ |
|---|---|---|---|
| | (1) | (2) | (3) |
| 1. | കാസർകോട് | 16.68 | 43.137 |
| 2. | കണ്ണൂർ | 11.03 | 60.904 |
| 3. | തലശ്ശേരി | 15.35 | 75.561 |
| 4. | വടകര | 21.34 | 64.174 |
| 5. | മഞ്ചേരി | 53.06 | 53.959 |
| 6. | മലപ്പുറം | 33.60 | 39.786 |
| 7 | തിരൂർ | 16.59 | 40,803 |
| 8. | പൊന്നാനി | 9.32 | 43.226 |
| 9. | പാലക്കാട് | 26.60 | 1,11 245 |
| 10. | ഷൊർണ്ണൂർ | 32.28 | 33.120 |
| 11. | ചിററൂർ തത്തമംഗലം | 14.71 | 30.407 |
| 12. | ചാവക്കാട് | 12.41 | 33.344 |
| 13. | കുന്നംകുളം | 6.96 | 19 440 |
| 14. | തൃശ്ശൂർ | 12.65 | 77 923 |
| 15. | കൊടുങ്ങല്ലൂർ | 17.30 | 28.334 |
| 16. | ഇരിങ്ങാലക്കുട | 11.24 | 26.096 |
| 17. | ചാലക്കുടി | 25.23 | 41.894 |
| 18. | പറവൂർ | 9.03 | 26.288 |
| 19. | അങ്കമാലി | 24.05 | 28 307 |
| 20. | ആലുവ | 7.18 | 25.278 |
| 21. | പെരുമ്പാവൂർ | 13.59 | 23.064 |
| 22. | കോതമംഗലം | 37.45 | 33.122 |
| 23. | മൂവാററുപുഴ | 13.18 | 25.313 |
| 24. | തൃപ്പൂണിത്തുറ | 18.69 | 43.646 |
| 25. | തൊടുപുഴ | 35.43 | 35.743 |
| 26. | വൈക്കം | 8.73 | 21.097 |
| 27. | പാലാ | 15.93 | 21.624 |
| 28. | കോട്ടയം | 15.55 | 64 431 |
| 29. | ചങ്ങനാശ്ശേരി | 13 50 | 51.955 |
| 30. | ചേർത്തല | 16.19 | 40 492 |
| 31. | ആലപ്പുഴ | 46.77 | 1,69 940 |
| 32. | തിരുവല്ല | 14.47 | 29 225 |
| 33. | ചെങ്ങന്നൂർ | 13.00 | 24.862 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | | (2) | (3) |
|---|---|---|---|
| 34. | കായംകുളം | 21.79 | 61.327 |
| 35. | മാവേലിക്കര | 12.65 | 26.598 |
| 36. | പത്തനംതിട്ട | 23.50 | 32.967 |
| 37. | പുനലൂർ | 34.60 | 43.039 |
| 38. | കൊല്ലം | 18.48 | 1,37.943 |
| 39. | വർക്കല | 15.42 | 34.009 |
| 40. | ആററിങ്ങൽ | 14.18 | 29.645 |
| 41. | നെടുമങ്ങാട് | 32.52 | 43.989 |
| 42. | നെയ്യാററിൻകര | 9.70 | 27.993 |
| **കോർപ്പറേഷനുകൾ** | | | |
| 1. | കോഴിക്കോട് | 82.67 | 3,94.447 |
| 2. | കൊച്ചി | 94.88 | 5,13.249 |
| 3. | തിരുവനന്തപുരം | 74.93 | 4,83.086 |

അനുബന്ധം III

നക്ഷത്രചിഹ്നമിട്ടചോദ്യം (747) 427 കാണുക

(SCHEME FOR TRAINING PROGRAMME UNDER TRYSEM)

| | Name of Industries/Services/Business/Trade Sector | Duration of the training course |
|---|---|---|
| | (1) | (2) |
| 1. | Blacksmithy | 1 year |
| 2. | Carpentry | 1 ,, |
| 3. | Furniture making | 1 ,, |
| 4. | Cabinet making including ornamental furniture | 1 ,, |
| 5. | Welding | 3 months |
| 6. | General Engineering(Lathe Work) | 1 year |
| 7. | Bakery, biscuits, confectionery | 3 months |
| 8. | Handloom, powerloom (Spinning, winding, weaving, sizing, warping etc.) | 1 year |
| 9. | Automobile repairing and servicing | 1 ,, |
| 10. | Tractor, Triller mechanic | 1 ,, |
| 11. | Electroplating | 6 months |
| 12. | Spray painting | 3 ,, |
| 13. | Carving and engraving | 1 year |
| 14. | Lapidery | 6 months |
| 15. | Bellmetal works | 6 ,, |
| 16. | Ratton, Bamboo and cane works | 6 ,, |
| 17. | Upholstery and plastic welding | 6 ,, |
| 18. | Injection moulding | 6 ,, |

LIBRARY ARCHIVES Kerala Legislative Assembly

| | (1) | (2) |
|---|---|---|
| 19. | Manufacturing and Aluminium Utensils | 1 year |
| 20. | Hand printing of cloths | 1 ,, |
| 21. | Tinkering | 3 months |
| 22. | Block making and photocopying | 1 year |
| 23. | Wood sawing (Hand saw work and Band saw work) | 6 months |
| 24. | Laterite cutting and dressing | 6 ,, |
| 25. | Coir mats and mattings (all aspects) | 1 year |
| 26. | Granite cutting and Marbile cutting, polishing, engraving etc. | 6 months |
| 27. | Pottery, Bricks, Tiles | 6 ,, |
| 28. | Masala grinding (wet and dry grindings) | 3 ,, |
| 29. | Warnish, Polish, Ink etc. manufacturing (all processes) | 6 ,, |
| 30. | All items coming under khadi & village industries | 1 year |
| 31. | Lime kiln (all processes including modern) | 6 months |
| 32. | Photo-framing and glass cutting | 6 ,, |
| 33. | Leather and rubber works (chappals, shoe, bags etc.) | 6 ,, |
| 34. | Tanning of skins and hides | 6 ,, |
| 35. | Composing, Printing, Proof-reading | 1 year |
| 36. | Book-binding | 6 months |
| 37. | Tailoring and garment making | 1 year |
| 38. | Motor winding, Battery charging and repairs | 1 ,, |
| 39. | Auto electric works | 1 ,, |
| 40. | Fish processing and canning | 6 months |
| 41. | Fish-net making | 6 ,, |
| 42. | Country craft making, Boat repairing etc. | 6 ,, |
| 43. | Marine Engine servicing and repairs | 1 year |
| 44. | Mat making and Basket making (screwpine, kora and palm leaves) | 6 months |
| 45. | Aerated waters and Soft drinks | 3 ,, |
| 46. | Laundry works including dry cleaning | 6 ,, |
| 47. | Watch and clock repairing | 1 year |
| 48. | Plumbing and Sanitory fittings | 6 months |
| 49. | Masonry | 6 ,, |
| 50. | Photography | 1 year |
| 51. | Blue printing (Mono and Lino) | 1 ,, |
| 52. | Amplifier with sound and light system-repairs and servicing | 6 months |
| 53. | Light and Power wiring | 6 ,, |
| 54. | Air conditioning & Refrigeration (including repairs and service) | 1 year |
| 55. | Repairing and servicing of household electrical applicances | 6 months |
| 56. | Hair dressing works (Hair cutting, Styling etc.) | 6 ,, |
| 57. | Mosaic polishing | 6 ,, |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 58. Spray painting | 6 months |
| 59. Tyre retreading, valcenising rebuttoning | 6 ,, |
| 60. Field Survey | 6 ,, |
| 61. Draftsman | 1 year |
| 62. Foundry works | 6 months |
| 63. Soap making | 3 ,, |
| 64. Match making | 6 ,, |
| 65. Entrepreneurial training | 3 ,, |
| 66. Chutney, pickles, fruits (Preservation) | 6 ,, |
| 67. Cutlery and catering service | 1 year |
| 68. Sheet metal works | 6 months |
| 69. Agricultural implements (repairing&servicing) | 6 ,, |
| 70. Gobar gas plant making | 6 ,, |
| 71. Driving (Autorikshaw/Cars etc.) | 3 ,, |
| 72. } Omitted | |
| 73. | |
| 74. | |
| 75. | |
| 76. Lemongrass and sandalwood distilling | 3 months |
| 77. Repairs of pumpsets, sprayers, dusters etc. | 6 ,, |
| 78 Cycle servicing and repairs | 6 ,, |
| 79. Accountancy and Book-keeping | 1 year |
| 80. Telephone operator | 3 months |
| 81. Spectacle frames and optical works | 6 ,, |
| 82. Turner course | 6 ,, |
| 83. Umbrella (Assembly&repairs) | 6 ,, |
| 84. Ceramic refractory items(colouring and printing) | 6 ,, |
| 85. Glass beads and bangles | 1 year |
| 86. Radio repair and servicing | 1 ,, |
| 87. Forging | 6 months |
| 88. Mould making | 6 ,, |
| 89. Repairing, servicing and assembling of electronic items | 1 year |
| 90. Cultery | 6 months |
| 91. Handcarts, Trycycle, Bullock carts (servicing and repairing) | 3 ,, |
| 92. Brush-making (Irso and Braz) | 6 ,, |
| 93. Conch sheel craft | 6 ,, |
| 94. Wooden toys | 6 ,, |
| 95. Paper machine | 6 ,, |
| 96. Rubber-band threads | 3 ,, |
| 97. Plastic buttons, hooks, pins, buckles etc. | 6 ,, |
| 98. Pre-stressed concrete items (Pipes, poles, meter-box, pots etc.) | 3 ,, |
| 99. Beams, balance, weights and measures | 6 ,, |
| 100 Crankshaft grinding | 1 year |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

നക്ഷത്രചിഹ്നമിടാത്ത ചോദ്യം (774) കാണുക

PHED—DROUGHT RELIEF PROGRAMME PHYSICAL ACHIEVEMENT UPTO 30-9-1985

| Sl. No- | Name of District | Total No. of Tube Wells Drilled | Number of sucessful tube wells | Number of extensions completed | No. of improvements completed. | Total length of Pipe line laid under tube wells & Extension | Total number of taps provided |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. | Trivandrum | 28 | 25 | 30 | 4 | 390.24 | 1350 |
| 2. | Quilon | 23 | 15 | 39 | 4 | 317.08 | 1553 |
| 3. | Alleppey | 20 | 19 | 116 | 2 | 393.31 | 1705 |
| 4. | Kottayam | 48 | 34 | 59 | 6 | 236.32 | 636 |
| 5. | Idukki | 20 | 20 | 4 | 1 | 27.65 | 55 |
| 6. | Ernakulam | 78 | 64 | 154 | 6 | 418.47 | 902 |
| 7. | Trichur | 141 | 108 | 61 | 14 | 424.01 | 1983 |
| 8. | Palghat | 89 | 74 | 10 | 12 | 153.91 | 466 |
| 9. | Malappuram | 90 | 66 | 166 | 28 | 238.53 | 1106 |
| 10. | Calicut | 48 | 39 | 40 | 24 | 167.24 | 520 |
| 11. | Wynad | 8 | 7 | 20 | 14 | 98.65 | 376 |
| 12. | Cannanore | 67 | 59 | 126 | 11 | 154.97 | 564 |
| | Total | 660 | 530 | 825 | 126 | 3020.38 | 11216 |